# PRABHANTHA MALIKA

1711

BY

VIDWAN VERGHESE THALAKATTY.

---

# പ്രബന്ധമാലിക

പ്രസാധകൻ :

വിദ്വാൻ വർഗ്ഗീസ്സ് തലക്കെട്ടി.

1937

വില 12 ണ.]

[*Rights Reserved.*

# പ്രസ്താവന.

ആധുനികരുചിയ്ക്കു് അനുസരിച്ച വിധത്തിൽ ഉള്ള ആഖ്യാനാദിസാഹിത്യവിഭാഗങ്ങൾക്കും, വിവിധ രീതികൾക്കും മാതൃകകളായിരിക്കത്തക്കവയാണു് ഈ "പ്രബന്ധമാലിക"യിലെ ഗദ്യപാഠങ്ങളും പദ്യപാഠങ്ങളുമെന്നു കാണാം. പാഠവിഷയം ഗ്രഹിക്കുവാൻ എളുപ്പം കൂട്ടുക, നിരീക്ഷണശക്തി, അനുകരണശക്തി മുതലായവയെ വികസിപ്പിക്കുക, കാവ്യരസാസ്വാദനത്തിനുള്ള അഭിരുചിയെ വർദ്ധിപ്പിക്കുക, നിർദ്ദിഷ്ടമായ വ്യാകരണപാഠങ്ങളനുസരിച്ചുള്ള ഗദ്യരചനയിൽ പാടവം കൈവരുത്തുക മുതലാവയാണു് പാഠശേഷമുള്ള കുറിപ്പുകളുടെ ഉദ്ദേശ്യം. വിദ്യാർത്ഥികളുടെ സാമാന്യജ്ഞാനത്തെ വിപുലമാക്കുന്നതിനു് ഏതേതു കാര്യങ്ങൾകൂടെ വിവരണപരിപാടിയിൽ ഉൾപ്പെടുത്തണമെന്നതിനു് ആവശ്യമായ സൂചനകളേയും ആ കുറിപ്പുകൾ നൽകുമെന്നും, അതു് അദ്ധ്യാപകരുടെ അവകാശത്തിൽ ചെയ്യു കയ്യേറ്റമായി കരുതപ്പെടുകയില്ലെന്നും വിശ്വസിക്കുന്നു.

ഇത്തരം കുറിപ്പുകൾ ഇതരഭാഷകളിലെ പാഠ്യപുസ്തകങ്ങളിൽ സാധാരണമാണു്. കഴിഞ്ഞ കൊല്ലം ഞാൻ പ്രസാധനം ചെയ്യ സാഹിത്യദീപികയുടെ മൂന്നു ഭാഗങ്ങളിലും ഇത്തരം കുറിപ്പുകൾ ചേർത്തിരുന്നു. മലയാള പാഠപുസ്തകങ്ങളെ സംബന്ധിച്ചിടത്തോളം നവീനമായ ആ സമ്പ്രദായത്തെ അഭിനന്ദിച്ചു് പഴക്കവും

പ്രാപ്തിയുമുള്ള പലേ അദ്ധ്യാപകമുഖ്യരും, മററു വിദ്യാഭ്യാസപ്രവത്തകരും എഴുതുകയുണ്ടായി. അതുകൊണ്ടു് ഈ പ്രബന്ധമാലികയിലും ആ സമ്പ്രദായം സ്വീകരിച്ചിരിക്കുന്നു. കൂടുതൽ നിർദ്ദേശങ്ങൾ നന്ദിപൂർവ്വം സ്വീകരിക്കുന്നതാണു്.

വിദ്യാത്ഥികളുടെ നന്മയെ ഉദ്ദേശിച്ചുള്ള ഈ ഉദ്യമത്തിൽ സ്വപ്രബന്ധംകൊണ്ടു് ഭാഗഭാക്ത്വം വഹിച്ച സാഹിത്യപ്രണയികളുടെ നേക്കുള്ള നന്ദിയേയും പ്രകാശിപ്പിച്ചുകൊള്ളുന്നു.

പ്രസാധകൻ.

# വിഷയവിവരം.

1. പാഠകം 1
കേരളവൎമ്മ അമ്മാമൻതമ്പുരാൻ, ബി.എ., ബി.എൽ.

2. കാറകണ്ട കൎഷകൻ 12
വള്ളത്തോൾ.

3. മാംസപേശികൾ 17
മൂക്കോത്തു കുമാരൻ.

4. ഹേമന്തം 25
ചെറുശ്ശേരി.

5. നാരദൻ 28
പി. കെ. നാരായണപിള്ള, ബി.എ., ബി.എൽ.

6. സന്ധ്യാവിലാസം 41
കല്ലേക്കുളങ്ങര രാഘവ പിഷാരോടി.

7. സ്ഥൈൎയ്യപ്രസ്ഥാനം 43
എം. എൻ. ശിവരാമൻ നായർ, ബി.എ., ബി.എൽ.

8. ഒരു വീരമാതാവു് 56
ഉള്ളൂർ.

9. വിദ്യുദ്വാൎത്താ വിതരണം 63
"കേരളം."

10. തിരുനാവ 72
ജി. ശങ്കരക്കുറുപ്പ്.

11. രോഷാകുലനായ കലാവിദഗ്ദ്ധൻ 76
ടി. ജെ. ജോസേഫ്.

12. ഒരു സത്യം 84
കുട്ടമത്ത് കുഞ്ഞികൃഷ്ണക്കുറുപ്പ്.

13. വ്യവസായ വിദ്യാഭ്യാസം 92
പുത്തേഴത്തു ഗോവിന്ദമേനോൻ, ബി. എ.

14. പാന്ഥവാൎത്ത 100
കുഞ്ചൻ നമ്പ്യാർ.

15. എന്റെ ജാപ്പാൻ യാത്ര 106
(പ്രിൻസിപ്പാാം എ വി. കുട്ടികൃഷ്ണമേനോന്റെ യാത്രാവിവരണം. കേ. പ.)

16. പ്രതികാരപ്രേരണം 116
ഒരു പ്രാചീനകൃതി.

17. നാളത്തെ പരിഷ്കാരം 121
ജോസേഫ് മുണ്ടശ്ശേരി, എം. എ.

18. സൂൎയ്യോദയം 129
കുമാരനാശാൻ.

19. പെരുമ്പടപ്പുമൂപ്പിലെ പൊൻകിരീടം 132
കെ. വി. എം.

20. തത്വോപദേശം 142
എഴുത്തച്ഛൻ.

21. കുഞ്ചൻനമ്പ്യാർ 148
വൎഗ്ഗീസ് തലക്കെട്ടി.

22. ഒരു വിലാപം 161
വി. സി. ബാലകൃഷ്ണപ്പണിക്കർ.

23. തേന്മാവ് 170
കെ. ജെ. ജോസേഫ്, എം. എ.

24. ഇരുട്ടിലെ വെളിച്ചം 180
കുററിപ്പുറത്തു കേശവൻ നായർ.

# 1. പാഠകം.

പാഠകത്തെപ്പററി കേഠംക്കാത്തവരോ, എന്നു വേണ്ട പാഠകംതന്നെ കേഠംക്കാത്തവരോ കേരളീയരിൽ വളരെപ്പേരുണ്ടാകുമെന്നു തോന്നുന്നില്ല. പാഠകത്തിൻെറ പ്രചാരം അത്ര പ്രചുരവും പ്രബലവുമായിത്തീൎന്നിരിക്കുന്നു. ദേവാലയങ്ങളിലെ ഉത്സവാദ്യാഘോഷങ്ങളിൽ ഇതു നടത്താറുണ്ട്. അല്ലാതെകണ്ടും ഭഗവൽഭജനമായിട്ടോ നേൎച്ചയായിട്ടോ ദേവാലയങ്ങളിലും മററു സ്ഥലങ്ങളിലും പാഠകം പറയുക സാധാരണമാണ്. സാഹിത്യപരമായിട്ടും ഏതാണ്ടു ദൃശ്യപരമായിട്ടും അതിന്നുള്ള മാന്യസ്ഥാനംകൊണ്ട്, പരിഷത്തുകളിലും വിദ്യാലയങ്ങളിലും 'പാഠകപ്രദൎശനം' പതിവായിട്ടു വന്നിട്ടില്ലെങ്കിലും, കടന്നുകൂടി ക്രമത്തിൽ കൈകേറിവരുന്നുണ്ടെന്നും പറയാം. പാഠകമെന്ന പദംകൊണ്ടു വിവക്ഷിക്കുന്നതെന്തു്? അതിൻെറ ഇന്നത്തെ പ്രവൎത്തനസമ്പ്രദായം എങ്ങിനെ? ആഗമികദൃഷ്ട്യാ അതിൻെറ ഉല്പത്തി, പോഷണം, ഗതി എന്നിതെല്ലാം എപ്രകാരം?—ഇത്യാദി അതിനെക്കുറിച്ചു ഒരു ചെറുചൎച്ചയാണ് ഈ ലേഖനത്തിൻെറ ഉദ്ദേശ്യവും വിഷയവും.

ഗുണ്ടർട്ടു സായ്പിൻെറ നിഘണ്ടുവിൽ 'പാഠകം' എന്ന പദത്തിനു 'പ്രസംഗം' എന്നും 'നാടകത്തിലെ

ഒരു പാത്രത്തിന്റെ കൃത്യ'മെന്നും അത്ഥം കൊടുത്തു കാണുന്നു. പ്രസ്തുത കലയെ സംബന്ധിച്ചിടത്തോളം, പാഠകമൊരു പ്രസംഗമല്ലെന്നു പറകവയ്യ ; എങ്കിലും, അതു ഒരു വെറും പ്രസംഗമാണ് എന്നു പറയുന്നതും ശരിയല്ല. രണ്ടാമത്തെ അത്ഥം അതിനു ചേരുമോ എന്നു വളരെ സംശയമാണ്. 'ശബ്ദതാരാവലി'യിൽ 'പാഠകം' എന്നാൽ 'കഥ' എന്നും 'പാഠകനെ'ന്നാൽ 'കഥ പറയുന്നവൻ' എന്നും 'പാഠകക്കാരനെ'ന്നാൽ 'നല്ല വസ്ത്രം ഉടുത്തു തലയിൽകെട്ടി ജനമദ്ധ്യേ നിന്നു ശ്ലോകംചൊല്ലി കഥ പറയുന്നവൻ' എന്നുമാണ് പറഞ്ഞിട്ടുള്ളതു്. പാഠകക്കാരൻ പറയുന്നതു കഥയാണ്; ജനമദ്ധ്യേ നിന്നു ശ്ലോകം ചൊല്ലീട്ടാണ് പറയുന്നതു്; പാഠകക്കാരൻ തലയിൽ കെട്ടുകയുമുണ്ട്. എന്നാൽ ഇത്രയൊക്കെയായാൽ പാഠകം പറയുകയായി എന്നൊ പാഠകത്തിനു മാത്രമേ ഇതൊക്കെയുള്ളുവെന്നൊ പറയുന്നതു ശരിയല്ല. അതായതു് ഈ ലക്ഷണത്തിൽ അവ്യാപ്തി അതിവ്യാപ്തി എന്ന രണ്ടു ദോഷവുമുണ്ട്.

പണ്ട് ഇതിഹാസപുരാണാദിഗായകന്മാർ, സാങ്കേതിക ഭാഷയിൽ പറയുന്നതായാൽ 'കഥകന്മാർ' രണ്ടു തരത്തിലായി വിഭജിക്കപ്പെട്ടിരുന്നു. ഒരു കൂട്ടർ ആ ഗ്രന്ഥങ്ങളിലെ പദ്യങ്ങൾ ക്രമപ്രകാരം സ്വരിച്ചു ചൊല്ലുകമാത്രം ചെയ്യും. അവരാണ് 'പാഠകന്മാർ' മററവർ 'ധാരകന്മാർ.' അവരാവട്ടെ പണ്ഡിതപാമരസമ്മിളിതമായ സമാജത്തിൽ പാഠകന്മാർ ചൊല്ലുന്ന ഓരോ പദ്യവും ദേശീയഭാഷയിൽ ലളിതമായി പ്രതിവാദിച്ചു

അതിൻെറ അൎത്ഥവും സാരസ്യവും എല്ലാവൎക്കും ഒരു പോലെ സുഗ്രഹമാക്കിത്തീൎത്തുപോന്നു. ഇങ്ങിനെ പാഠകന്മാരെന്നും ധാരകന്മാരെന്നും രണ്ടു തരക്കാരായിത്തിരിഞ്ഞ കഥകന്മാരുടെ രണ്ടു വൃത്തിയും ഒന്നിച്ചുചേൎന്ന്, ഇന്നു നമ്മുടെ പാഠകക്കാരിൽ കാണുന്നതുകൊണ്ടും ചരിത്രദൃഷ്ട്യാ പാഠകത്തിൻെറ ഉല്പത്തിയും ഉയൎച്ചയും ഊഹിക്കുന്നതായാലും ഈ വിഷയത്തിൽ പൂൎവ്വാപരവിരുദ്ധമല്ലാത്തതോ യുക്തിക്കു അബദ്ധമല്ലാത്തതോ ആയ ഊഹമല്ലാതെ തെളിച്ചുത്തു വന്നിരിക്കുന്ന രേഖകൾ ആസ്പദമാക്കി മറെറാരു തീൎപ്പും കല്പിക്കുവാൻ സാധിക്കുന്നതല്ല. ഈ പാഠകന്മാരാണ് ഇന്നത്തെ പാഠകന്മാരുടെ പൂൎവ്വഗാമികളെന്നു പറയാനാണ് വഴി കാണുന്നതു്.

പാഠകം ആദ്യമുണ്ടായതു് എന്നാണെന്നു ഖണ്ഡിച്ചു പറയുവാൻ തെളിവുകൾ പോരാ. പാഠകക്കാരുടെ വേഷം — അതായതു് ചുവപ്പു തുണി തലയിൽ കെട്ടുക, ഉടുത്തിരിക്കുന്ന മുണ്ടിനുമീതെ ചുവന്ന വസ്ത്രം ചുററുക, പളുങ്കുമാല ധരിക്കുക മുതലായതു് — കണ്ടാൽ പാഠകം സംഘക്കളി (ചാത്രക്കളി) യിൽനിന്നുണ്ടായതാണെന്നു തോന്നും. കഥാകഥനത്തിൻെറ ഇന്നത്തെ രീതികണ്ടാൽ അതു ചാക്യാർക്കൂത്തിൻെറ ഒരു അനുകരണമാണെന്നും പറയാം. അതായതു കൂത്തു് അമ്പലത്തിൽവെച്ചുമാത്രമേ നടത്താവൂ എന്നും അതുതന്നെ ചാക്യാർജാതിക്കു മാത്രമേ പാടുള്ളുവെന്നുമുള്ള നിബന്ധനയാലും, എന്നാൽ ഈ കലയെക്കുറിച്ചു ജനങ്ങൾക്കുള്ള പ്രതിപത്തിയും ആൎത്തിയും സീമാതീതമായി വൎദ്ധിച്ചുവന്നതിനാലും, ആ കല

പോലെ 'ഏതാണ്ടൊന്നു്' ഉണ്ടായിത്തീന്നിരിക്കണം. അതാണ് പാഠകം. പാഠകം ഈശ്വരകഥ പറയുകയായതുകൊണ്ടു് അതിനു ദൈവികത്വം വേണം. എന്നാൽ കൂത്തിൻേറടത്തോളം വയ്യ എന്നു വയ്ക്കാനാണ് വഴി. തന്മൂലം വേഷത്തിൽ പാഠകം യാത്രക്കളിയെ അനുസരിക്കണമെന്നു വന്നിരിക്കണം. അക്കാരണത്താൽത്തന്നെ പാഠകം പറയുന്നതു് ആദ്യം വെറുംഭാഷയിലായിരിക്കാനേ വഴിയുള്ളു. ക്രമേണ പരിഷ്കരിച്ചു പരിഷ്കരിച്ചു ഏതാണ്ടു കൂത്തിലെ കഥ പറയുന്നതുപോലെയുള്ള മട്ടു മുഴുവനും സ്വീകരിച്ചതായിരിക്കണം. എന്തെന്നാൽ തുടക്കത്തിൽ ഇതു കൂത്തിനു കൊട്ടുന്ന നമ്പ്യാരുടെ അവകാശമായിരുന്നു എന്നു പൂർവ്വചരിത്രം വെളിപ്പെടുത്തുന്നുണ്ടു്. കൂടിയാട്ടത്തിൽ നങ്ങ്യാരുടെ വേഷം വേണ്ടതുകൊണ്ടു ആ ആവശ്യത്തിനും അതോടുകൂടി നങ്ങ്യാൎക്കു സ്വത്വപ്രാഭവവും, തദ്വാരാ പ്രോത്സാഹനവും നല്കുവാൻ നങ്ങ്യാരുകൂത്തുണ്ടായതുപോലെ വെറും മിഴാവുകൊട്ടുന്ന നമ്പ്യാൎക്കും എന്തെങ്കിലും ഒരു പ്രാമാണ്യത്തിനു ഒരു വഴിയായി പാഠകം എന്ന ഏൎപ്പാടു തുടങ്ങിയെന്നു ഊഹിക്കുന്നതിൽ വലിയ തെറെറാ അസാംഗത്യമൊ ഇല്ലെന്നു തോന്നുന്നു. പിന്നീടു ഈ പാഠകം തൊഴിലായി മററു അമ്പലവാസികളും സ്വീകരിക്കുകയും അതിനുശേഷം ഇപ്പോഠം ബ്രാഹ്മണരും പാഠകം പറയുവാൻ തുടങ്ങുകയും ചെയ്യുതാണ്. 'ചാക്യാരുടെ ക്ഷേത്ര'മായ തളിപ്പറമ്പുതന്നെയാണല്ലൊ പാഠകക്കാൎക്കും മുഖ്യവും പരീക്ഷയ്ക്കുള്ളതുമായ സ്ഥലം. അവിടന്നാണ് പരീക്ഷയിൽ

വിജയികളാകുന്നവക്കു മുടി കെട്ടുന്നതു്. മുടി കൊടുക്കു ന്നതു് അവിടെ നമ്പൂതിരി ബ്രാഹ്മണരുമാണു്. ആ സ്ഥിതിക്കു പാഠകത്തിനു ജനനത്തിൽത്തന്നെ സംസ്കൃത ശ്ലോകം ചൊല്ലി ഭാഷയിൽ അത്ഥം പറയുക എന്ന ക്രമം ഉണ്ടായിട്ടുണ്ടാവില്ല. എന്തെന്നാൽ ആ അധി കാരം ബ്രാഹ്മണർ അബ്രാഹ്മണരായ അമ്പലവാസി കൾക്കു അനുവദിച്ചുകൊടുത്തുവെന്നു വിശ്വസിക്കാൻ തരമില്ലല്ലൊ.

അതുകൊണ്ടു് പ്രവേശത്തിൽ പാഠകം ഭാഷയിൽ വെറും കഥ പറയുക മാത്രമായിരുന്നിരിക്കണം. എന്നാൽ അതിൽ ഗദ്യംപോലെ പദ്യം ഉണ്ടായിരുന്നോ എന്നും, ഇന്നത്തെ ഭാഷാചമ്പുക്കൾ ആ ആവശ്യത്തിലേക്കായി രചിക്കപ്പെട്ടവയാണൊ എന്നുമുള്ള ചോദ്യത്തിനു നിശ്ചി തമായ ഒരു മറുപടി കാണുന്നില്ല. ശ്രീമാൻ ആററൂർ കൃഷ്ണപ്പിഷാരൊടിയുടെ അഭിപ്രായത്തിൽ ഭാഷാചമ്പു ക്കൾ പാഠകത്തിനായിട്ടുണ്ടായതാണെന്നാണു്. ആ മത ത്തിനോടു പണ്ഡിതൻ കുന്നേഴത്തു പരമേശ്വരമേനോൻ യോജിക്കുന്നില്ല. സാഹിത്യത്തിൽ വിനോദത്തിനായി വിഹരിച്ച കേരള സഹൃദയാഗ്രണികളുടെ പ്രതിഭാഫല മായി സംസ്കൃതത്തിൽ ഭോജചമ്പു, ഭാരതചമ്പു എന്നി വപോലെ കൈരളിയിലും ഭാഷാചമ്പുവെന്നൊരു പ്ര സ്ഥാവമുണ്ടായെന്നാണ മേനോൻെറ പക്ഷം. മേനോൻെറ അഭിപ്രായമാണു് സ്വീകാൎയ്യമായിത്തോന്നുന്നതു്. കൈര ളിയിൽ ആദ്യത്തെ ചമ്പു പുനത്തിൻെറ രാമായണച മ്പുവാണെന്നാണല്ലൊ ഇപ്പോൾ കിട്ടിയിടത്തോളമുള്ള

ചമ്പൂക്കളിൽനിന്നു കാണുന്നതു്. പുനത്തിൻെറ കാലത്തു അമ്പലവാസികൾക്കു സംസ്കൃതം പഠിക്കാൻ വിരോധമുണ്ടായിരുന്നില്ല. എന്നുമാത്രമല്ല, നാണപ്പപ്പിഷാരടിയെപ്പോലെ അതി വിദ്വാന്മാരുണ്ടായിരുന്നുതാനും. ആ സ്ഥിതിക്കു ഒരുപക്ഷെ അതിനുശേഷമാണു് പാഠകമുണ്ടായതെന്നൊ, അഥവാ, അതുവരെ പാഠകം ഏതുവിധത്തിലായിരുന്നാലും അന്നുതൊട്ടു പാഠകത്തിനു ഭാഷാചമ്പുക്കളുപയോഗിച്ചു തുടങ്ങിയെന്നൊ പറയേണ്ടിവരും. എന്നാൽ പിന്നീടു എന്തുകൊണ്ടു പാഠകം പറയുവാൻ സംസ്കൃത പ്രബന്ധങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയെന്നൊ,

"ഭാഷാകവിനിവഹോയം
ദോഷാകരപദ്ധതിഭാതി ഭുവനതലേ
പ്രായേണ വൃത്തഹീനഃ
സൂക്ഷ്മാലോകേ നിരസ്തഗോപ്രസരഃ"

എന്നു ഭാഷാകവിയായ പുനത്തിനെ 'അരക്കവി'എന്നും പറഞ്ഞു അവഹേളിക്കത്തക്കവണ്ണം കൈരളിയുടെ നേരെ അത്ര പുച്ഛമുണ്ടായിരുന്ന അക്കാലത്തു് എന്തുകൊണ്ടു പാഠകക്കാർ പണ്ടത്തെ മട്ടുവിട്ടു സംസ്കൃതമല്ലാതെ മലയാളം സ്വീകരിച്ചുവെന്നൊ ഉള്ള ചോദ്യങ്ങൾക്കു ശരിയായ ഉത്തരമില്ല.

എല്ലാംകൂടി ആലോചിക്കുമ്പോൾ പാഠകം ആദിയിൽ വെറും നാടോടിഭാഷയിൽ പുരാണകഥ പറയുകയായിരുന്നുവെന്നും പിന്നീടു ഇത്തരത്തിലായതാണെന്നും

ഊഹിക്കാനാണ് വഴി. പാഠകമുണ്ടായതു കൂത്തിൻെറ ശേഷമാണെങ്കിലും കൂത്തിൻേറതുപോലെ ഇതിൻെറ ആദിയും അവിദിതമാണ്. ആദ്യത്തെ കഥ പറയുന്ന രീതി എന്തായിരുന്നു? പാഠകം ഉത്ഭവിച്ചപ്പോൾത്തന്നെ വേഷം ഇങ്ങനെയായിരുന്നോ? എന്നും മററുമുള്ള സംഗതികൾ ഇന്നു അജ്ഞാനാന്ധ്യത്തിലാണ്ടു് അറിയാതെ കിടക്കുന്നു. ഗവേഷണം ഇക്കാൎയ്യത്തിലും വളരെ നടത്തേണ്ടതായിട്ടുണ്ടു്.

ഇന്നത്തെ രീതി ഇപ്രകാരമാണ്: കൂത്തിലെപ്പോലെ പൊങ്ങിയ തറയോ, വാദ്യമോ, പാഠകക്കാരൻെറ നൃത്തമൊ ഒന്നുമില്ല. സാമാജികന്മാരും പാഠകക്കാരനും സമനിലത്തുതന്നെ. സാമാജികന്മാർ ഇരിക്കും; പാഠകക്കാരൻ നിന്നാണ് പാഠകം പറയുക; ചാക്യാക്കുളളതുപോലെ ഇരിക്കുവാൻ പീഠമില്ല. പാഠകക്കാരൻെറ മുമ്പിൽ ഒരു നിലവിളക്കുവേണം; എന്നാൽ അതിൽ മൂന്നു തിരി വേണമെന്നില്ല. പാഠകക്കാരൻ വേഷംകെട്ടി വിളക്കിൻെറ നേരെവന്നു ഇഷ്ടദേവതയെ ധ്യാനിച്ചു വന്ദനശ്ലോകം ചൊല്ലിത്തൊഴുതു കഥ പറയുന്നതിനായി ഒരു അവതാരിക തുടങ്ങും.

പാഠകത്തിൻെറ അവതാരിക — (വേഷം കെട്ടി അരങ്ങത്തു വന്നു വിഷ്ണുവിൻെറ അവതാര കഥകളിലെ ഏതെങ്കിലുമാണ് പറവാൻ പോകുന്നതെങ്കിൽ) 'ഘോരാണാം . . . . . . പത്മനാഭം ഭജേഥാഃ' എന്നു തൊഴുതുകൊണ്ടു ചൊല്ലുന്നു. ശിവകഥയാണ് പറവാൻ ഭാവിക്കുന്നതെങ്കിൽ

"നാലാമ്നായൈകമൂലം നതജനദിവിഷൽ
പാദപം നേത്രവഹ്നി-
ജ്വാലാനിർദ്ദഗ്ദ്ധമീനധ്വജമചലസുതാ-
ശ്രദ്ധവാമാങ്കഭാഗം
കാലാരാതിം കപർദ്ദോദര കബളിതമ-
ന്ദാകിനീമാനനീയം
കൈലാസാവാസലോലം കനിവൊടുമനമേ
ചന്ദ്രചൂഡം ഭജേഥാഃ"

എന്ന ശ്ലോകമാണ് ചൊല്ലുക. ഈ രണ്ടു ശ്ലോകങ്ങളും ഭാഷാചമ്പുക്കളിൽ ഉൾപ്പെട്ടവയാണെന്നുകൂടി സന്ദർഭവശാൽ പറഞ്ഞുകൊള്ളുന്നു. പിന്നെ 'പുരുഷാർത്ഥ ചതുഷ്ടയത്തെ സാധിപ്പിപ്പാനായിക്കൊണ്ടു് സകല ജഗദാധാരഭൂതനായി സച്ചിദാനന്ദ സ്വരൂപനായിരിക്കുന്ന ഭഗവാൻ ശ്രീനാരായണന്റെ (ശ്രീ പരമേശ്വരന്റെ) ശ്രീമൽ പാദാരവിന്ദങ്ങളെ സർവ്വകാലവും ഹൃദയകർണ്ണികാമദ്ധ്യത്തിങ്കലാമ്മാറവെച്ചു നിശ്ചലഭക്തിപുരസ്സരമാകുംവണ്ണം ഉപാസിച്ചുകൊള്ളണം. ആയതിനു ശേഷം വേണം എല്ലാ ജനങ്ങളും എല്ലാ സമയത്തുങ്കലും പ്രയത്നം ചെയ്യാൻ. ഈശ്വരനെ സേവിക്ക എന്നു വരുന്ന സമയത്തുങ്കൽ തൽസേവാ മാർഗ്ഗങ്ങളും പല പ്രകാരേണയുമുണ്ടു്. പ്രദക്ഷിണം, പ്രതിമാർച്ചനം, സ്വരൂപദ്ധ്യാനം, നാമസങ്കീർത്തനം, കഥാശ്രവണം, കഥാപ്രസംഗം എന്നിവയിൽവെച്ചു കലിയുഗത്തുങ്കൽ, അനായാസേന മോക്ഷത്തെ സാധിപ്പാൻ കഥാപ്രസംഗ

ത്തോളം നല്ലതല്ലതേ മററൊന്നും. കഥ പറയുക എന്നു വരുന്ന സമയത്തുങ്കൽ വാക്കിന്നു മാധുര്യാദിഗുണങ്ങളുടെ പരിപൂൎണ്ണതയുണ്ടായിരിക്കണം. 'മാധുൎയ്യമക്ഷരവ്യക്തിഃ പദവ്യക്തിശ്ച സുസ്വരഃ സ്ഥൈൎയ്യം ലാഘുതമത്വംചഷ സേതേവചസോഗുണാഃ' (ഇതിൻെറ അൎത്ഥം പറയുക). ആയതിലൊന്നിൻെറയെങ്കിലും ലവലേശംപോലുമില്ലായെങ്കിലും ഉഭയകുല പരിശുദ്ധന്മാരായി വേദജ്ഞരായി ശാസ്ത്രജ്ഞന്മാരായിരിക്കുന്ന ബ്രാഹ്മണോത്തമന്മാരെക്കൊണ്ടു നിറയപ്പെട്ട സഭാമദ്ധ്യത്തെ പ്രാപിച്ചു പഠിച്ചവണ്ണം പ്രസംഗിക്കുക എന്നു വരുന്ന സമയങ്കത്തുൽ 'ഈശ്വരാ ഇവൻെറ ബുദ്ധി ഈശ്വരകഥയിങ്കലല്ലൊ ലയിച്ചതു്. ആയതു ഹേതുവായിട്ടു ഇവനു മേലിൽ ഗുണോൽക്കഷം വൎദ്ധിക്കട്ടെ' എന്നിപ്രകാരം ബ്രാഹ്മണോത്തമന്മാരുടെ അനുഗ്രഹമുണ്ടാകുമെന്നത്രെ മൽഗുരുഭൂതൻെറ നിയോഗം. 'ഗുരുകാരുണ്യ ലക്ഷ്മീനിയോഗാൽ' അംഗദദൂതാണു് കഥയെന്നു വിചാരിക്കുക. അതിനുള്ള പ്രത്യേക അവതാരിക തുടങ്ങുകയാണു് അടുത്ത ചടങ്ങു്. 'എങ്കിലൊ പണ്ടു സൂൎയ്യവംശാലങ്കാരഭൂതനായി ദശരഥപുത്രനായിരിക്കുന്ന ഭഗവാൻ ശ്രീരാമചന്ദ്രൻ അനുജനായിരിക്കുന്ന ലക്ഷ്മണനോടും സുഗ്രീവാദി വാനരന്മാരോടുംകൂടെ ദക്ഷിണസമുദ്രതീരത്തെ പ്രാപിച്ചു സമുദ്രത്താൽ ദത്തമാൎഗ്ഗനായി നളനെക്കൊണ്ടു സമുദ്രത്തിൽ സേതു ബന്ധിപ്പിച്ചു തൽസേതുവിലൂടെ കടന്നു ലങ്കാനഗരത്തെ പ്രാപിച്ചു്, ഉത്തരഗോപുര ദ്വാരത്തിങ്കൽ പടവീടും കെട്ടി ആയവിടെ അധിവസിപ്പുതും ചെയ്തു. ആയതിനുശേഷം

ഭഗവാൻ ശ്രീരാമൻ സുഗ്രീവനുമൊരുമിച്ച ഇപ്രകാരം അരുളിച്ചെയ്തു. 'ദൂതോഗച്ഛതു ബുദ്ധിസാഗര . . . . . .' ഇത്യാദി ശ്ലോകം. അങ്ങിനെ കഥയിലേക്കു കടക്കുക യായി. കഥ പറയുന്നതു ഇപ്പോഠം കൂത്തിൽ പതിവുള്ള പോലെതന്നെയാണ്.

കഥയുടെ ഉദ്ദിഷ്ടഭാഗമെത്തി കഥ അവസാനി ച്ചാൽ അന്നത്തെ പാഠകവും കലാശിച്ചു. കലാശിക്കു മ്പോഠം കൂത്തു മുടിക്കുന്നതുപോലെ സഭാവാസികഠം കൈ കൊട്ടുകയില്ല. കഴിഞ്ഞാൽ പാഠകക്കാരൻ തൊഴുതു പിന്മടങ്ങും; അതാണ് അതിന്റെ ലക്ഷണം. കൈകൊ ട്ടുകയില്ലാത്തതുകൊണ്ട്, സാമാജികന്മാർ ബ്രാഹ്മണർ മാത്രമായിരിക്കണമെന്നില്ലെന്നു വരുന്നു. അതുകൊണ്ടും അമ്പലത്തിലല്ലാതെ എവിടെവെച്ചും പാഠകം നടത്താ മെന്നുള്ളതുകൊണ്ടുമായിരിക്കണം പാഠകത്തിനു കൂത്തി നോളം ഇടിവു തട്ടാതിരിക്കുന്നത്. എന്നാലും കേരളക ലകഠംക്കെല്ലാത്തിനും കാണുന്ന അധഃപതനം ഇതിനു മുണ്ട്. കാലംകൊണ്ടു കേരളീയക്കു രാഷ്ട്രാഭിമാനവും സ്വകീയസ്വത്തു സൂക്ഷിക്കുന്നതിൽ അഭിനിവേശവും പുഷ്ടമയിട്ടു വരുമ്പോഠം പാഠകത്തിനും മുക്തിയുണ്ടാകു മെന്നു സമാധാനിക്കാം.

1. പാഠകത്തെപ്പററിയുള്ള നിർവ്വചനം സ്വന്ത വാക്യങ്ങളിൽ സംഗ്രഹിക്കുക.

2. പാഠകത്തിനും കൂത്തിനും തമ്മിലുള്ള പ്രധാന വ്യത്യാസ ങ്ങളെന്തെല്ലാം?

3. കേരളത്തിലെ പുരാതന ദൃശ്യകലകളെപ്പററി ഒരുപന്യാസമെഴുതുക.

4. അരക്കവി, ഭാഷാചമ്പുക്കൾ, പുരാണം, ചാക്യാന്മാർ— ഇവയെപ്പററി ഓരോ ചെറുവിവരണങ്ങൾ എഴുതുക.

5. ഒരേ ആശയത്തെ പലേ വാക്യരൂപത്തിൽ പ്രകാശിപ്പിക്കാവുന്നതാണല്ലോ. ഉദാ:—

ഫലം അവനെ തൃപ്തിപ്പെടുത്തി.

ഫലംകൊണ്ടു അവൻ തൃപ്തിപ്പെട്ടു.

ഫലം അവന്നു തൃപ്തികരമായി.

താഴെ കാണുന്ന വാക്യത്തിലെ ആശയത്തെ നിങ്ങൾക്കു കഴിയുന്നത്ര വ്യത്യസ്തവാക്യരൂപങ്ങളിൽ എഴുതുക:—

പുത്രദർശനത്താൽ ദേവേന്ദ്രൻ സന്തുഷ്ടനായി.

6. മതം, സംസാരം, ഉത്തരം ഇവയുടെ നാനാത്ഥങ്ങളെ വിവരിക്കുമാറു് പ്രത്യേകം ഓരോ വാക്യങ്ങളിൽ ഉപയോഗിക്കുക.

# 2. കാറുകണ്ട കൎഷകൻ.

---

നിദാഘസന്ധ്യാൎക്കമയൂഖമായ
നീർമിക്കതുംവററിയതോടുകൂടി
ആകാശമാം വാപിയിലംബുവാഹ
മങ്ങിങ്ങുപൊങ്ങീചെളിയെന്നപോലെ.

ഭൂചക്രപാത്രത്തിലുരത്ത വെയ്‌ലാം
ചെന്തീചിരാൽ കത്തിയടങ്ങിയപ്പോൾ
കാർമേഘമാകും മഷി കൈവളൎന്നു
കാണായ് നഭസ്സായ മുകൾച്ചെരാതികൾ.

ഇളാതലം നല്ലൊരിളംതുടുപ്പാൽ
തിളങ്ങിനീർകൊണ്ടൽ മുതിൎന്നനേരം
പ്രാണാധിനാഥൻെറ സമാഗമത്തിൽ
നവോഢതൻ പൂങ്കവിളെന്നപോലെ.

കവോഷ്ണസൂൎയ്യാംശു സുവൎണ്ണനീരിൽ
കുളിച്ചുസന്ധ്യാംഗന ചന്തമോടെ
അഴിച്ചുചിക്കീടിന കേശപാശ
മാകാമണിക്കൊണ്ടലിതംബരാന്തേ.

ളുമിന്നലാം കേസരിതന്നിരിമ്പു
കൂടാകുവോന്നീയസിതാഭ്രകൂടം ;
ഇടയ്ക്കതിൻമേനി വെളിക്കു കാണായ്
ഗഭീരമാം ഗജ്ജിതവും മുഴങ്ങി.

ഭൂഭാഗശാലയ്ക്കൊരു നീലമേലാ-
പ്പാ,കാശവാടിക്കു തമാലജാലം
തടിന്നദിക്കിന്നു മണിക്കളിത്ത
ട്ടേവംലസിച്ചു ജലദപ്രതാനം.

വേഴാമ്പൽപോലുന്മുഖനായി നില്ക്കും
കൃഷീവലന്നേറെ വിടൎന്ന കണ്ണിൽ
സുഖാഞ്ജനസ്സത്തെഴുതിച്ചു മേഘം
സൌദാമിനീരൂപ്യശലാകയാലേ.

പുത്തൻ പയോദങ്ങളിൽനിന്നിടയ്ക്കു
പുറപ്പെടും പേലവഗജ്ജിതത്താൽ
അവന്റെ കൎണ്ണദ്വയമാസ്വദിച്ചി
തഭംഗമംഗല്യമൃദംഗനാദം.

അബ്ദങ്ങൾ വാനത്തു ചരിപ്പതീക്ഷി
ച്ചവന്നൊരാഹ്ലാദരസം വളൎന്നു ;
മേയുന്നിതോ, മേനിമിനുത്തിരുണ്ടു
മെച്ചപ്പെടും പോത്തുകൾ പുൽപ്പറമ്പിൽ ?

സന്ധ്യാരുണാംശുൽക്കരമായ നെൽത്ത
ണ്ടൊക്കെപ്പറിച്ചിട്ടുഴുതൊപ്പമാക്കി

വളത്തിനായ് ചാണകമിട്ടതാരോ
വാനായ പാടത്തണിവാരിദത്താൽ.

ജൃംഭിയ്ക്കജൃംഭിയ്ക്കകടുത്തചൂടേ !
സംപ്രാപ്തമായ് നിൻതലപോംമുഹൂർത്തം
മുകിൽക്കരിന്തോലുറയിങ്കൽനിന്നു
ണ്ടൂരുന്നു മിന്നൽത്തെളിവാൾ മഹേന്ദ്രൻ.

ധരിത്രീ, പോരും പരിതാപമമ്മേ !
ദുഃഖങ്ങൾ സൌഖ്യത്തിനകമ്പടിക്കാർ
ഇതാനമുക്കായമൃതംനിറച്ച
നീലാശ്മകുംഭങ്ങൾ നിരന്നുവാനിൽ.

വിദ്യുന്മഹാലക്ഷ്മി പുലന്നമെയ്യിൽ
വലാരിവില്ലാംവനമാലചാർത്തി
താപാർത്തരക്ഷയ്ക്കെഴുനള്ളിനിൽപ്പൂ
താപിഞ്ഛവർണ്ണം തടവുന്നദേവൻ.

ആമോദഭ്രമാവുയരുംവിധംനീ
രാടിക്കുമിന്നങ്ങയെ നീരദങ്ങൾ ;
നാളെസ്വയം, നിൻതിരുമാറിൽഞാനെൻ
നെൽവിത്തിനാൽ പൊന്നണിമാലചാർത്തും.

അന്തർജ്ജനംപോലറയിൽക്കിടക്കും
വിത്തേ, നിനക്കീയിരുൾവിട്ടുനാളെ
അമ്മയ്ക്കുടുപ്പാനഴകുററ പച്ച
പ്പൂമ്പട്ടുനെയ്യുന്ന പണിയ്ക്കിറങ്ങാം.

ധാത്രീപ്രസാദാൽ പുനരെത്രയെത്ര
സിദ്ധിക്കുകില്ലഭ്യുദയം ക്രമാൽത്തേ ?
സ്വമാതൃസേവാവിധിതാൻ മഹത്വ
സ്വൎഗ്ഗത്തിലേക്കുള്ള വിമാനയാനം.

ഈമാതിരിക്കുള്ള മനോരഥത്തി
ലേറിക്കൃഷിക്കാരനവൻചരിക്കേ,
ക്ഷണാലതിൻ ഭാസ്വരമായിരുന്ന
മാൎഗ്ഗത്തിലെല്ലാമിരുൾവന്നുയൎന്നു.

കയൎത്തുകൊണ്ടാടിയടുത്തുചീറും
കാററിൻെറകല്ലേറ പൊറാഞ്ഞയാലേ,
മേച്ചിൽപ്പുറംവിട്ടു കുതിക്കയായീ
വാനത്തവൻകണ്ട "കരിമ്പുറ"ങ്ങൾ.

പ്രാരംഭമൊന്നും ഫലിയാതെജന്മം
പാഴായ്കലാശിച്ചവലാഹകങ്ങൾ
ഏഴെട്ടുബാഷ്പോദകബിന്ദു മന്നിൽ
വീഴിച്ചുടൻ പോയിമറഞ്ഞിതെങ്ങോ ?

കുലച്ചപുത്തൻ നവരത്നവില്ലു
മേന്തിപ്പുറപ്പെട്ട കരുത്തർപോലും
ശരംവിടാനിങ്ങിടകിട്ടിടാതെ
തോൽക്കുന്നുഹാ, ജീവിതസംഗരത്തിൽ !

തന്മേനികാട്ടാൻ തടവററമൂലം
താരങ്ങളേ, നിങ്ങൾചിരിച്ചിടുന്നു

ദരിദ്രർതൻ ജീവനഭംഗദുഃഖം
ഗണിക്കുമോ തുംഗപദസ്ഥർനിങ്ങൾ ?

ഈവണ്ണമായ്പ്രകൃതിദേവി പെരുത്തുതങ്ക
നാണ്യംപരത്തിയ നഭഃസ്ഥലിതൻചുവട്ടിൽ
ഹാ കഷ്ട,മെത്രജനമുണ്ടൊരു ചെമ്പുതുട്ടും
കാണാതെപട്ടിണികിടന്നു പുലന്നിടുന്നു !

1. കഷകൻെറ വിലാപങ്ങളെ സ്വന്ത വാക്യങ്ങളിൽ വിവരിക്കുക.

2. നിങ്ങൾക്കു ഏററവും രസകരങ്ങളായി തോന്നിയ രണ്ടു പദ്യങ്ങൾ ഉദ്ധരിച്ചു അവയ്ക്കുള്ള വിശേഷങ്ങളെന്തെല്ലാമെന്നു വിശദമാക്കുക.

3. ശബ്ദാലങ്കാരം, അൎത്ഥാലങ്കാരം—ഇവയെ വിവരിക്കുകയും, ഈ കവിതയിൽനിന്നു ഉദാഹരിക്കുകയും ചെയ്യുക.

4. "ഭൂചക്രപാത്രത്തിലുരത്തവെയ്ലാം" എന്നു തുടങ്ങുന്ന പദ്യത്തിലെ രൂപകസാരസ്യത്തെ വിശദമാക്കുക.

5. "അന്തർജ്ജനംപോലറയിൽകിടക്കും" എന്നു തുടങ്ങുന്ന പദ്യത്തിലെ ആശയം വിശദമാക്കുക

6. മേഘത്തിൻെറ നാലു പൎയ്യായങ്ങൾ ഓരോന്നും ഭിന്നവിഭക്തി രൂപങ്ങളിലാക്കി ഓരോ വാക്യത്തിൽ ഉപയോഗിക്കുക.

# 3. മാംസപേശികൾ.

ഇരിക്കാനും നില്ക്കാനും നടക്കാനും, ശരീരത്തേയും അവയവങ്ങളേയും പല വിധത്തിൽ ചലിപ്പിക്കാനും നമ്മെ സഹായിക്കുന്നതു പേശികളാകുന്നു. ശരീരത്തിനു അത്യാവശ്യമായ ഊഷ്മാവിനെ ജനിപ്പിക്കുന്നതും പേശികൾതന്നെ.

സാധാരണ ഭാഷയിൽ മാംസം എന്നു പറയുന്നതു തന്നെയാണ് പേശി; അതിനു മാംസപേശിയെന്നും പറയും. അതു രജ്ജുവെന്നു പറയാവുന്ന ഉപാസ്ഥികളാൽ ഇരുതലയും എല്ലിനോടു ബന്ധിക്കപ്പെട്ടു്, ആയെല്ലിനെ പൊതിഞ്ഞ നിലയിൽ ഇരിക്കും. ഓരോ മാംസപേശിയും എടുത്തു നോക്കിയാൽ അതു മാർദ്ദവമുള്ള അനവധി മാംസതന്തുക്കൾ കൂടിച്ചേർന്നുണ്ടായതാണെന്നും മദ്ധ്യം തടിച്ചു അററങ്ങൾ ചെറുതായി ഏകദേശം വാഴക്കായയുടെ ആകൃതിയിലുള്ളതാണെന്നു കാണാം. ആ തന്തുക്കൾക്കു 'സ്ഥിതിഗമ്യത' എന്ന ഗുണമുണ്ടു്; അതു കൊണ്ടു് പിടിച്ചുവലിച്ചു നീട്ടിയാൽ നീളുകയും പിടിവിട്ടാൽ വീണ്ടും ചുരുങ്ങി യഥാസ്ഥിതിയിലാകുകയും ചെയ്യും.

മാംസപേശികൾ രണ്ടുവിധമുണ്ടു്. ചിലതു നമ്മുടെ അറിവു കൂടാതെ പ്രവൎത്തിച്ചുകൊണ്ടിരിക്കും; മററുള്ളവ

നമ്മുടെ ഇച്ഛാനുസരണമേ പ്രവൃത്തിക്കുകയുള്ളൂ. ആദ്യത്തേതിനു ഇച്ഛാനനുവത്തിപേശികളെന്നും, രണ്ടാമത്തേതിന് ഇച്ഛാനുവത്തിപേശികളെന്നും പേരുകളാകുന്നു.

നാം അവയവങ്ങളെ പേശികളുടെ സഹായത്താൽ എങ്ങിനെ പ്രവത്തിപ്പിക്കുന്നുവെന്നു നോക്കുക. ഭുജത്തെ ഉദാഹരണമായി സങ്കല്പിക്കാം. ഭുജത്തിനു മൂന്നു ഭാഗങ്ങളാണല്ലൊ ഉള്ളതു്. അവക്കു പ്രഗണ്ഡം, പ്രകോഷ്ഠം, കരഭം എന്നു പേരുകളാകുന്നു. ഭുജത്തെ ഒട്ടാകെ കക്ഷസ്ഥാനത്തുവെച്ചു ചുററിത്തിരിക്കാൻ സാധിക്കും. പ്രകോഷ്ഠത്തെയാകട്ടെ, കൂപ്പരസ്ഥാനത്തുവെച്ച് ഒരു പേനക്കത്തിപോലെ മടക്കുകയും നിവത്തുകയും ചെയ്യാൻമാത്രമേ സാധിക്കുകയുള്ളൂ. ഈ വ്യത്യാസത്തിനു എന്താണ് കാരണം ? ആ രണ്ടു സ്ഥാനങ്ങളുടേയും സന്ധികളുടെ ഘടനക്കുള്ള വ്യത്യാസമാണ് ഇതിനു ഹേതു. കൂപ്പരസ്ഥാനത്തുള്ള സന്ധി ഒരു 'വിശാഗരി' പോലെയാണ്. ആയതുകൊണ്ടു ആവക സന്ധികൾക്കു വിശാഗരിസന്ധികളെന്നു പറയുന്നു. കക്ഷസ്ഥാനത്തെ സന്ധി അങ്ങിനെയല്ല. പ്രഗണ്ഡാസ്ഥിയുടെ മേലെ അററം ഉണ്ടപോലെ ഉള്ളതാകുന്നു. അതു ചുമലിന്റെ പിൻഭാഗത്തുള്ള അംസഫലകത്തിന്റെ കോപ്പപോലുള്ള കുഴിയിൽ കുടുങ്ങിച്ചേരുകയാണ് ചെയ്യുന്നതു്. അതുകൊണ്ടു് ആ സന്ധികൾക്ക് 'കുമിളത്തടസന്ധി' എന്നു പറയാം. അതിന്റെ ആ വിധം ഘടനനിമിത്തം ഭുജത്തെ ഒരു ഉരലിന്നകത്തു നിത്തിവച്ച ഉലക്കപോലെ ഏതുഭാഗത്തേക്കും തിരിക്കാം. കഴുത്തും തലയും ചേരുന്ന ദിക്കിലെ

സന്ധിയുടെ ഘടന മറെറാരു വിധത്തിലാകുന്നു. ഇങ്ങനെയുള്ള സന്ധികളിൽവെച്ച് അസ്ഥികൾ ചലിക്കുകയും തിരിയുകയും മടങ്ങുകയും നിവരുകയും മററും ചെയ്യുന്നതു പേശികളുടെ സഹായത്താലാണെന്നാണ് നമ്മൾ അറിഞ്ഞിരിക്കേണ്ടതു്.

പ്രകോഷ്ഠത്തെ മടക്കുകയും നിവൎത്തുകയും ചെയ്യുന്നതു നമ്മൾ ഇച്ഛാനുസരണം ചെയ്യുന്ന പ്രവൎത്തിയാണല്ലൊ. അതുപോലെതന്നെ കാലും, കഴുത്തും മററു ചില അംഗങ്ങളും നമ്മൾ ആഗ്രഹിക്കുമ്പോലേയും, നമ്മുടെ ആവശ്യമനുസരിച്ചും മാത്രമേ പ്രവൎത്തിക്കുകയുള്ളു. അതുകൊണ്ടാണ് അവയെ പ്രവൎത്തിപ്പിക്കുന്ന പേശികൾക്കു ഇച്ഛാനുവൎത്തി പേശികൾ എന്നു പറയുന്നതു്. എന്നാൽ നമ്മുടെ ഹൃദയം സ്പന്ദിച്ചുകൊണ്ടിരിക്കുന്നതും, കണ്ണിമകൾ അടഞ്ഞും തുറന്നുംകൊണ്ടിരിക്കുന്നതും നമ്മുടെ ആവശ്യത്തിന്നനുസരിച്ചും ആവശ്യമുള്ളപ്പോഴും മാത്രമാണോ? അല്ല. അങ്ങിനെ നമ്മുടെ ഇച്ഛയ്ക്കു അനുസരിച്ചല്ലാതെ പ്രവൃത്തിക്കുന്ന പേശികൾക്കു ഇച്ഛാനനുവൎത്തിപേശികൾ എന്നു പറയുന്നു.

മനുഷ്യന്റെ തലച്ചോറിൽനിന്നും അതിന്റെ തുടൎച്ചയായി നട്ടെല്ലിനുള്ളിലുള്ള കശേരുനാഡിയിൽനിന്നും പുറപ്പെട്ടു ശരീരത്തിന്റെ നാനാഭാഗങ്ങളിലേക്കും സൂചികുത്താൻപോലും ഇടതടവില്ലാത്തവിധം മജ്ജാതന്തുക്കൾ വ്യാപിച്ചുകിടക്കുന്നു. വല്ല അവയവത്തേയും ചലിപ്പിക്കുവാൻ നാം ഇച്ഛിക്കുമ്പോൾ, തലച്ചോർ ആ വിവരം ഒരു പ്രത്യേക അവയവത്തെ നിയന്ത്രിക്കുന്ന

മജ്ജാതന്തുക്കൾ വഴിയായി, ആ അവയവത്തെ സംബന്ധിച്ച പേശിയെ അറിയിക്കുകയും, ആ മാംസപേശി നീളുകയൊ ചുരുങ്ങുകയൊ, എന്താണ് വേണ്ടതെന്നാൽ അതു ചെയ്യുകയും അതനുസരിച്ച ആ പേശിയാൽ ബന്ധിക്കപ്പെട്ട അസ്ഥി പൊങ്ങുകയൊ താഴുകയൊ വേറെവിധത്തിൽ ചലിക്കുകയൊ ചെയ്യുകയും ചെയ്യുന്നു.

പേശികളിലെ തന്തുക്കൾക്കു ചുരുങ്ങുവാനും നീളുവാനുമുള്ള ശക്തിയുണ്ടെന്നും ഈ ശക്തിക്കു പ്രേരകമാകുന്നതു് മജ്ജാതന്തുക്കൾ വഴിയായി തലച്ചോറിന്റെ പ്രവൎത്തിയാണെന്നും കണ്ടുവല്ലൊ. എന്നാൽ ഒരു കാൎയ്യം നമ്മൾ പ്രത്യേകം ഓൎമ്മിച്ചിരിക്കണം. മജ്ജാതന്തുക്കൾ മാംസപേശിതന്തുക്കൾക്കു ഈ ശക്തി സൃഷ്ടിച്ച കൊടുക്കുകയല്ല ചെയ്യുന്നതു്. പേശിയിൽത്തന്നെ അന്തൎഭവിച്ച കിടക്കുന്ന ശക്തി പ്രവൎത്തിക്കാൻ അതിനു പ്രേരകമായി ത്തീരുകയാണ് ചെയ്യുന്നതു്. ഇതു് ഒരു ഉദാഹരണം കൊണ്ടു വ്യക്തമാക്കാം. വെടിമരുന്നിൽ, പെട്ടെന്നു കത്തിജ്വലിക്കുവാനുള്ള ശക്തിയുണ്ടല്ലൊ. എന്നാൽ അതു തനിയെ കത്തുകയില്ല ; തീ വെക്കണം. വെടിമരുന്നിൽ കത്തിജ്വലിക്കുവാനുള്ള ശക്തി അടങ്ങിയിരിക്കുന്നതിനു് അഗ്നി ഒരു പ്രേരകമായിരിക്കുന്നു. അങ്ങിനെയുള്ള ശക്തി അന്തൎഭവിച്ച കിടക്കാത്ത മണലിൽ തീ വച്ചാൽ അതു കത്തി ജ്വലിക്കുന്നില്ലല്ലൊ. പേശികളിൽ പ്രവൎത്തിക്കാനുള്ള ശക്തി അന്തൎഭവിച്ച കിടക്കുന്നു ; മജ്ജാതന്തു ആ ശക്തിക്കു പ്രവൎത്തിക്കാൻ പ്രേരകമായി അതിനെ ഉണൎത്തുന്നു. പേശി ചുരുങ്ങുന്ന ഓരോ അവസരത്തിലും

അതിൽനിന്നു അല്പം ഊഷ്മാവു് ജനിക്കും. നമ്മഠം വല്ല വ്യായാമവും ചെയ്യുമ്പോഠം ശരീരത്തിൽ ചൂടു വദ്ധിക്കുന്നതു് എല്ലാവക്കും അനുഭവമാണല്ലൊ. അങ്ങിനെ സംഭവിക്കുന്നതു വ്യായാമം ചെയ്യുമ്പോഠം മാംസപേശി ചുരുങ്ങുകയും നിവരുകയും ചെയ്തുകൊണ്ടിരിക്കയും അപ്പോഴൊക്കെ ഊഷ്മാവു് ജ്വലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതിനാലാകുന്നു.

ശീതബാധയുണ്ടാകുമ്പോഠം ശരീരം വിറക്കുന്നു. എന്താണതിൻെറ അത്ഥം? ശരീരത്തിൽ ചൂടു വേണം. അതു ഉണ്ടാക്കിക്കൊടുപ്പാൻ പ്രകൃതി ശ്രമിക്കുന്നു. അതിന്നായി മാംസപേശികഠം ചെയ്യുന്ന ശ്രമമാണു് വിറയൽ എന്നതു്. നമ്മളുടെ അറിവു കൂടാതെതന്നെ ശരീരത്തിലെ മാംസപേശികളിൽ ചെറിയ നിലയിലുള്ള ചലനം, അഥവാ വിറയൽ, അനവരതം ഉണ്ടായികൊണ്ടിരിക്കുന്നു. അതു നിമിത്തമാണു്, പേശിയിൽ അടങ്ങിയ ചൈതന്യശക്തി ഊഷ്മാവിൻെറ രൂപത്തിൽ പ്രത്യക്ഷപ്പെടുകയും ശരീരത്തിനു അത്യാവശ്യമായ ചൂടിൻെറ പരിമാണം കുറവുവരാത്ത വിധത്തിൽ സംരക്ഷിക്കപ്പെടുകയും ചെയ്യുന്നതു്. ഈ ചൈതന്യശക്തി പേശികഠംക്കു സിദ്ധിക്കുന്നതു്, ഭക്ഷണം വഴിയായിട്ടാകുന്നു. ഭക്ഷണം ദഹിച്ചു കഴിഞ്ഞശേഷം അതിൻെറ സാരാംശം പേശികളിലേക്കു എത്തിക്കുന്നതു് ശരീരത്തിൽ എങ്ങും എന്നും പരിലസിച്ചുകൊണ്ടിരിക്കുന്ന രക്തമാണു്.

വിശ്രമിക്കാനൊ പുതുതായി പോഷകാംശം സ്വീ

കരിക്കാനൊ ഉള്ള അവസരം നൽകാതെ വല്ല പേശിയേയും നിത്യം പ്രവൎത്തിച്ചുകൊണ്ടിരുന്നാൽ അതു ക്ഷീണിക്കുകയും ക്രമേണ പ്രവൎത്തി ചെയ്യുവാൻ കഴിവില്ലാതായിത്തീരുകയും ചെയ്യും.

അടുപ്പിൽ വിറകു കത്തിച്ചാൽ അതിൽ കരിയും വെണ്ണീറും ബാക്കി നില്ക്കുന്നതായി കാണുന്നില്ലയോ? അതുപോലെ മാംസപേശിയിൽ ജനിക്കുന്ന ചൂടിന്റെ ഫലമായി, എന്നുവെച്ചാൽ മാംസപേശി പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നതിന്റെ ഫലമായി കുറെ കരടുകൾ ഉണ്ടാകുന്നു. അവയെ നീക്കംചെയ്യില്ലെങ്കിൽ മാംസപേശി മാലിന്യം നിറഞ്ഞു ഉപയോഗശൂന്യമായിത്തീരും. ഈ കരടുകളെ ശരീരത്തിൽനിന്നു ബഹിഷ്കരിക്കുന്ന പ്രവൎത്തി ചെയ്യുന്നതും രക്തമത്രെ.

കൈ പൊക്കുകയൊ കാലെടുത്തു വയ്ക്കുകയൊ ചെയ്യുന്നതു് ഒരൊററ ചലനത്താൽ സാധിച്ചതാണെന്നല്ലയൊ നമ്മൾ ധരിക്കുന്നതു്? എന്നാൽ അവ മാംസപേശികളുടെ അനേക ചലനങ്ങളുടെ ഫലമാണെന്നു കാണാം. ഒരു പേശി ചലിക്കേണമെങ്കിൽ, അതിന്നു മജ്ജാതന്തുക്കൾമാൎഗ്ഗം അനേകം പ്രേരകങ്ങൾ ഒന്നിനെ തുടൎന്നു മറെറാന്നായി അതിശീഘ്രം കിട്ടിക്കൊണ്ടിരിക്കണം. മാംസപേശി അല്പാല്പമായിട്ടേ ചലിക്കുകയുള്ളു; പക്ഷെ തുടൎച്ചയായി അനേക ചലനങ്ങൾ അതിശീഘ്രം ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ അവയെല്ലാം കൂടി ഒററച്ചലനമായിട്ടു നമ്മുടെ ദൃഷ്ടിക്കു ഗോചരമായി അനുഭവപ്പെടുന്നുവെന്നേയുള്ളു.

ശവം തണുത്തിരിക്കുന്നത് എന്തുകൊണ്ടാണെന്നു നിങ്ങൾക്കു ഇപ്പോൾ ഏകദേശം മനസ്സിലായിരിക്കും. ജീവനുള്ള ശരീരത്തിനു ചൂടു അത്യാവശ്യമാകുന്നു. ചൂടു ജനിക്കണമെങ്കിൽ മാംസപേശികൾ ചലിച്ചുകൊണ്ടിരിക്കണം. മാംസപേശികൾ ചലിക്കണമെങ്കിൽ ശരീരംകൊണ്ടു പ്രവൃത്തി ചെയ്യണം; വ്യായാമം വേണം. വ്യായാമംചെയ്താൽ ചലിച്ചുകൊണ്ടിരിക്കുന്ന പേശികൾ ക്ഷീണിക്കും; അതിനാൽ ആവശ്യമുള്ള ഭക്ഷണം കഴിക്കണം. ഭക്ഷണത്തിൻെറ സാരാംശം മാംസപേശിയിൽ എത്തേണമെങ്കിൽ രക്തസഞ്ചാരം തടവില്ലാതെ ഉണ്ടായിരിക്കണം. അതിനും വ്യായാമം ആവശ്യമാണ്. ചലിച്ചുകൊണ്ടിരിക്കുന്ന മാംസപേശികളിൽ കരടുകൾ പററിനില്ക്കും. അവയെ ബഹിഷ്കരിക്കുവാനുംവേണം തടവില്ലാത്ത രക്തസഞ്ചാരം. അതിനും വ്യായാമം അത്യാവശ്യമത്രെ. ശീതബാധയുണ്ടായി ശരീരം വിറക്കുമ്പോൾ പുതപ്പുമൂടി കിടക്കുകയല്ല വേണ്ടതു്. മാംസപേശികൾ ചലിക്കാൻ ചെയ്യുന്ന ശ്രമത്തെ പ്രോത്സാഹിപ്പിച്ചു് അധികം ചലിക്കാൻ ഇടവരത്തക്കവണ്ണം വല്ല പ്രവൃത്തിയും ചെയ്കയാണ്.

1. കണ്ണിമ, വെണ്ണീറു്, ഒററച്ചലനം, ബഹിഷ്കരിക്കുക — ഇവയെ വിഗ്രഹിച്ചു സന്ധിസമാസങ്ങൾ വിവരിക്കുക.

2. ഗോചരം, ദൃഷ്ടിപാതം, സ്ഥിതിഗമ്യത, അനവരതം — ഇവ ഓരോന്നും ഇഷ്ടമായ രൂപത്തിൽ ഓരോ വാക്യത്തിൽ ഉപയോഗിക്കുക.

3. അവൻ കാരണം ഈ ആപത്തു വന്നു അതിൻെറ കാരണം ആണു് അറിയേണ്ടതു്. അനുസരണം ഒരു നല്ല ഗുണമാണു്. അവൻ വാഗ്ദാനാനുസരണം പ്രവൎത്തിച്ചു.

കീഴ്‌വരയിട്ട പദങ്ങൾക്കു് ഓരോ വാക്യത്തിലുമുള്ള പ്രയോഗ വിശേഷങ്ങളെ വിവരിക്കുക.

4. (1) മാംസപേശികൾ ശരീരത്തിൽ ഊഷ്മാവിനെ ജനിപ്പിക്കുന്നതെങ്ങിനെ? (2) കൂൎപ്പരത്തിനു് ഇതരസന്ധികളെ അപേക്ഷിച്ചുള്ള വിശേഷമെന്തു്? (3) മാംസപേശികളുടെ പ്രവൎത്തിക്കു പ്രേരകമായിരിക്കുന്നതെന്തു്? (4) ഇച്ഛാനനുവൎത്തികളായ പേശികൾ എവിടെയെല്ലാമാണുള്ളതു്?

5. വ്യായാമത്തിൻെറ ആവശ്യകതയെ വിവരിച്ചു് ഏതാനും ഖണ്ഡികകൾ എഴുതുക.

# 4. ഹേമന്തം.

ശീതംതഴച്ചോരു ഹേമന്തകാലവും
ആമന്ദംപോന്നിങ്ങുവന്നുതപ്പോൾ.
പാലാഴിത്തൂവെള്ളം തൂകുന്നപോലെനൽ
പ്രാലേയംതൂകിത്തുടങ്ങിതെങ്ങും.
ചണ്ഡനായുള്ളോരു പങ്കജനാഥന്തൻ
മണ്ഡലം മങ്ങിച്ചുമഞ്ഞുകൂടി;
കെല്പില്ലയാതോൎക്കുമൊട്ടുണ്ടായ്വരികിൽ
കെല്പരേവെന്നിടാമെന്നേയുള്ളു.
വാരുററകാന്തികലൎന്നൊരുവാരിജ-
മോരോന്നേ മങ്ങീമയങ്ങീതപ്പോൾ;
കാന്തനുകാന്തികുറഞ്ഞതുകാണുമ്പോൾ
കാന്തമാർകാന്തിയും മങ്ങുമല്ലോ.
ചീൎത്തുനിന്നുള്ളോരു ശീതത്തെപ്പൂണ്ടുനി-
ന്നാൎത്തന്മാരായിച്ചമഞ്ഞെല്ലാരും
കൈത്തലംകൊണ്ടുതൻ മാറത്തുനന്നായി
സ്വസ്തികബന്ധംതുടങ്ങിനാരേ.
വായ്പാൻനിന്നുള്ള കാൎപ്പാസംകൊണ്ടോരോ
കൂൎപ്പാസംമേനിയിൽചേൎച്ചുപുക്കൾ.
ആദിത്യസേവയും പാവകസേവയു-
മായിത്തുടങ്ങിപലൎക്കുമപ്പോൾ.

ഉദ്യാനംതന്നിൽകുളിപ്പതിനാക്കുമ-
ങ്ങുദ്യോഗമേതുമെഴുന്നീലപ്പോൾ.
വാതായനങ്ങളും വീതങ്ങളായിതേ;
വാരീവിഹാരവുമവ്വണ്ണമേ.
ചന്ദനലേപവും മന്ദമായ് വന്നുതെ;
ചന്ദ്രികസേവയോ പിന്നെയല്ലൊ.
സുന്ദരമായുള്ള ചന്ദ്രശിലാതലം
ഒന്നുമേവേണ്ടീതില്ലാക്കുമപ്പോൾ.
മേനിൽനിറഞ്ഞങ്ങു മീതെവഴിഞ്ഞൊരു
ശീതംപൊറുക്കരുതാഞ്ഞപോലെ.
ആശകളെല്ലാമെ നീഹാരമായൊരു
നീശാരംപൂണ്ടങ്ങു നിന്നുതെങ്ങും
കോകങ്ങളെല്ലാംപുലന്നുതുടങ്ങിനാൽ
മാഴ് കുന്നുപിന്നെയുമൊട്ടുനേരം
ഊരകംപൂകിന സൂകരമൊന്നുമേ
പോകുന്നതില്ലപുലന്നുതെന്നാൽ.
ശീതത്തെത്തൂകുന്ന ഹേമന്തകാലമാം
ഭൂതത്തിൻകോമരമെന്നപോലെ
ഭൂതലംതന്നിലേ മാലോകരെല്ലാരും
ചാലെവിറച്ചുതുടങ്ങിതപ്പോൾ
ദന്തങ്ങളെക്കൊണ്ടു താളംപിടിച്ചിട്ടു
സന്ധ്യയെവന്ദിച്ചിതന്തണരും.
വെള്ളമെന്നിങ്ങനെ ചൊല്ലിത്തുടങ്ങുമ്പോൾ
തുള്ളിത്തുടങ്ങിവിറച്ചെല്ലാരും
തീർത്ഥംതന്നുള്ളിലേ തോന്നിത്തുടങ്ങീതേ
തീക്കായവേണമെനിക്കുമെന്ന്

തള്ളിയെഴുന്നോരു ശീതത്തെയേതുമേ
എള്ളോളംകൊള്ളാതെയുള്ളിലെങ്ങും
വെള്ളത്തിൽനിന്നുജപിച്ചുതുടങ്ങിനാ-
രുള്ളംതെളിഞ്ഞുള്ള മാമുനിമാർ.

1. കവിയെപ്പററി അറിയാവുന്നതെഴുതുക.

2. ഈ വൃത്തത്തിൽ കൃഷ്ണപ്പാട്ട് എഴുതിയതിനെ സംബന്ധിച്ചുള്ള ഐതിഹ്യമെന്ത് ?

3. ഇന്നു നടപ്പില്ലാത്ത പദങ്ങളും പ്രയോഗങ്ങളും മററും കൃഷ്ണഗാഥയിൽ ധാരാളമുണ്ട്. ഈ പാഠത്തിൽ അപ്രകാരം വല്ലതും കാണുന്നുണ്ടോ എന്നു നോക്കുക.

4. ഹേമന്തകാലത്തെ പ്രകൃത്യവസ്ഥകളെ വർണ്ണിക്കുക.

5. വാക്യം മിതമാക്കുക:—

"ചീർത്തുനിന്നുള്ളോരു ശീതത്തെപ്പൂണ്ടനി
ന്നാർത്തന്മാരായിച്ചമഞ്ഞെല്ലാരും."
"വാഴ്യാൻനിന്നുള്ള കാർപ്പാസംകൊണ്ടോരോ
കൂർപ്പാസംമേനിയിൽ ചേർച്ചപൂക്കു."
"ഉദ്യാനംതന്നിൽകളിപ്പതിന്നാക്കുമ
ങ്ങുദ്യോഗമേതുമെഴുന്നീലപ്പോൾ"
"തള്ളിയെഴുന്നോരു ശീതത്തെയേതുമേ
യെള്ളോളംകൊള്ളാതെയുള്ളിലെങ്ങും."

6. അനുരാഗം, ഭക്തി, വാത്സല്യം, അനുകമ്പ, വ്യസനം, പശ്ചാത്താപം ഇവയ്ക്കു വിവരണമെഴുതുകയും ഓരോന്നും ഓരോ വാക്യത്തിൽ ഉപയോഗിക്കുകയും ചെയ്യുക.

# 5. നാരദൻ.

കലഹലതയെ കൃഷിചെയ്തു സഫലമാക്കുന്നതിനു് അഗ്രഗണ്യമായ കൈപ്പുണ്യം ആൎക്കെന്നുള്ള ചോദ്യത്തിനു ക്ലേശലേശംകൂടാതെ പണ്ഡിതന്മാരും പാമരന്മാരും ഒരുപോലെ നാരദന്റെ നാമധേയത്തെ ഉൽഘോഷിക്കുമെന്നുള്ളതിനു തൎക്കമില്ല. ഏഷണിക്കാരനെന്ന പരിഷയുടെ ഉടമസ്ഥനും, കുലഗുരുവുമായ പ്രസ്തുത മഹൎഷിയുടെ നാമധേയം സംജ്ഞാനാമമെന്ന നിലയെ വിട്ടു മിക്കവാറും സാമാന്യനാമമായി പരിണമിച്ചിട്ടുണ്ടെന്നു പറയാം. ഏഷണിക്കാരെയെല്ലാം നാരദൻ എന്നു പറയാമൊ എന്നു വല്ലവൎക്കും ന്യായരഹിതമായ വല്ല ശങ്കയും അങ്കുരിക്കുന്നുണ്ടെങ്കിൽ തക്കതായ പ്രമാണംകൊണ്ടു സന്ദേഹത്തിന്റെ ശിരശ്ഛേദം ചെയ്യാവുന്നതാണു്.

"ഏഷണിക്കാരനെന്നെന്നെപ്പറയുന്നു
ശേഷമുള്ളാളുകൾ എന്നുവരികിലും
ഏഷണികൂട്ടുവാനല്ലിങ്ങുവന്നത-
ദ്ദോഷംപറഞ്ഞുകളവാൻ വരുന്നുഞാൻ.

. . . . . . . . . . .

ഇന്നതെന്നില്ല കലഹങ്ങൾകാണുവാൻ
പിന്നെയുംപിന്നെയുമുണ്ടിനിക്കാഗ്രഹം.

എന്നതുകാരണം നാരദൻനാരദ-
നെന്നപേരേഷണിക്കാക്കുമകപ്പെട്ടും."

എന്നു സുന്ദോപസുന്ദോപാഖ്യാനം തുള്ളക്കഥയിൽ നാരദൻതന്നെ മുക്തകണ്ഠമായി സമ്മതിച്ചിരിക്കുന്നസ്ഥിതിക്കു സംശയാലുക്കളായ മൂഢന്മാർ മൂകീഭവിക്കുമെന്നു വിശ്വസിക്കുന്നു.

നാരദൻെറ സ്വരൂപനിരൂപണത്തിൽ പൌരാണികന്മാരും കവികളും അദ്ദേഹത്തിൽ സഞ്ചയിച്ചിട്ടുള്ള ഗുണഗണങ്ങൾ വിസ്മരിച്ചുകൂട്ടുന്നതല്ല. അദ്ദേഹത്തിൻെറ വംശം നോക്കുന്നതാണെങ്കിൽ അതു സകല വൎഗ്ഗത്തിലും വച്ചു ശ്രേഷ്ഠമായ ദേവൎഷി വൎഗ്ഗമാണ്. 'നാരദാദ്യാസ്സുരൎഷയഃ' എന്നു പറയുന്ന അമരസിംഹൻ, ഒരുപക്ഷേ, ആ കുലത്തിൽ നാരദനെത്തന്നെ അഗ്രഗണ്യനായി ഗണിക്കുന്നതായും തോന്നുന്നു. നാരദൻെറ പിതാവാകട്ടെ, ലോകപിതാമഹനായ ബ്രഹ്മാവാകുന്നു. നാരദൻെറ ഭഗവൽഭക്തിയും, ജ്ഞാനവൈരാഗ്യങ്ങളും അനതിശയിതമാണ്. സംഗീതസംഗതിയിൽ അദ്ദേഹത്തിൻെറ അഗ്രിമസ്ഥാനവും, വീണാവിഷയമായ പ്രവീണതയും വിസ്മയകരമത്രെ. ഇതിനൊക്കയും പുറമെ ദയോദയംകൊണ്ടു സദാ വികസ്വരമായ അദ്ദേഹത്തിൻെറ ഹൃദയോൽപലം ലോകാനുഗ്രഹലോലുപമായിരിക്കുന്ന സംഗതിയും പ്രസ്താവയോഗ്യമാകുന്നു. ഇങ്ങിനെയുള്ള ഗുണങ്ങളുടെ കൂട്ടത്തിൽ കലഹരസവും, അതിനടുത്ത ചില ചപലതകളും മാത്രമേ ദോഷമായി ആരോപിപ്പാനുള്ളു. എങ്കിലും ദോഷം ഗുണമണ്ഡലത്തെ ഗ്ര

സിച്ച പ്രബലീവഭിച്ച്, നാരദശബ്ദംകൊണ്ടു് ഗുണത്തേക്കാൾ ദോഷം പ്രതീയമാനമായി വന്നതോക്കുമ്പോൾ

"ഏകോഹിദോഷോഗുണസന്നിപാതേ
നിമജ്ജതീന്ദോഃകിരണേഷ്വിവാംകഃ"

എന്നു പറഞ്ഞ കവി സാവ്വഭൌമനെക്കൂടി നാരദൻ ചെണ്ട കൊട്ടിച്ചു എന്നു പറയേണ്ടിയിരിക്കുന്നു. സൂക്ഷ്മമായി നോക്കിയാൽ നാരദൻെറ സ്വഭാവവിശേഷം അന്യാദൃശംതന്നെയാണ്. അദ്ദേഹം മഹാ മഹഷിയാണെങ്കിലും, മഹഷിമാക്കു സഹജമായ ചില വിശേഷഭാവങ്ങൾ അദ്ദേഹത്തിൽ ഉദ്ദീപിച്ചുകാണുന്നില്ല. സാധാരണ മഹഷിശബ്ദത്താൽ ദ്യോതിക്കുന്ന ബോധം ആകൂട്ടർ, തപോമയമായ വിദ്യുച്ഛക്തി സാന്ദ്രമായി ശേഖരിച്ചിരിക്കുന്ന ബാററി യന്ത്രങ്ങൾ എന്നൊ, സംസാരസമുദ്രത്തിൽ ജീവധാരണരണത്തിൽ കിടന്നുഴലുന്ന ജീവജാലങ്ങളായ യാനപാത്രങ്ങൾ അറിയാതെ ചെന്നുകൂട്ടിമുട്ടിയാൽ അവററയെ പൊടിക്കുന്നതിനു നിമീലിതനേത്രങ്ങളായി സ്ഥാപിക്കപ്പെട്ടിരിക്കുന്നതും മൈൻ എന്നു ഇംഗ്ലീഷിലും നശീകരണയന്ത്രം എന്നു ഈയ്യിടെ മലയാളത്തിലും പറയപ്പെടുന്ന യന്ത്രവിശേഷങ്ങൾ എന്നൊ ആകുന്നു. ഏതെങ്കിലും സ്വത്തിന്മേൽ സ്വതപഃശ്ശക്തിയെ സംക്രമിപ്പിച്ചു നശിപ്പിച്ചാൽ വീണ്ടും ചിരകാലശ്രമംകൊണ്ടു തപസ്സുചെയ്തു മഹഷിയന്ത്രങ്ങൾ ആപൂരണം ചെയ്യപ്പെടുന്നു. പരപീഡയ്ക്കായി പ്രയോഗിക്കപ്പെടുന്ന യന്ത്രങ്ങളുടെ രന്ധ്രങ്ങൾപോലും തകൻുപോകുന്നതുപോലെ അവിവേകമായി ശാപത്രപത്തിൽ തീക്കുടുക്കകൾ

തട്ടിവിടുന്ന മഹഷിമാക്കും സ്വയംകൃതാനത്ഥങ്ങൾ നേരി ടാറുണ്ട്. ഉദാഹരണത്തിനു താടകാദികളെ രാക്ഷസി കളാക്കിത്തീത്ത അഗസ്ത്യാദികൾ അവർ തങ്ങളുടെ നേക്കു തിരിഞ്ഞുപാഞ്ഞു ഭക്ഷിക്കാതിരിക്കാൻപെട്ടപാടും അംബരീഷനോടു കയത്ത ദുവ്വാസാവിനു നേരിട്ട പരു ങ്ങലും എത്ര ദയനീയമായിരിക്കുന്നു എന്നു നോക്കുക! ഇപ്രകാരമുള്ള മഹഷിമാരിൽനിന്നു എത്ര ഭിന്നനാണു് നാരദൻ! അദ്ദേഹം മററുള്ളവരെ ശപിക്കതന്നെ അധി കമുണ്ടായിട്ടില്ല. നളകൂബരനേയും, മണിഗ്രീവനേയും അദ്ദേഹം ഒരിക്കൽ ശപിച്ചതായി കാണുന്നുണ്ടു്. എ ന്നാൽ പരോപദ്രവം ഉണ്ടാകാതെ കേവലം അവർ വൃക്ഷങ്ങളായി നിന്നു അന്യന്മാർ കോടാലികൊണ്ടും മററും വരുത്തുന്ന സങ്കടം അവക്കു തട്ടട്ടെ എന്നായിരുന്നു ശാപപ്രകാരം. വിശ്വാമിത്രവസിഷ്ഠന്മാരെപ്പോലെ പര സ്പരം കലഹത്തിനൊ മററൊ അദ്ദേഹം ഒരുങ്ങുന്നകൂട്ടത്തി ലല്ല. ഒരുത്തനെ കുടുക്കിലാക്കണമെന്നു തോന്നിയാൽ മററൊരുത്തനെ ആയുധമാക്കി ബുദ്ധിശക്തിപ്രയോഗം കൊണ്ടാണു നാരദൻെറ കാൎയ്യസിദ്ധി. മാതാപിതാക്കളെ വിട്ടു അശരണനായി കരഞ്ഞുകൊണ്ടു പുറപ്പെട്ട ധ്രുവനും, ദേവേന്ദ്രൻ നഗരോപദ്രവത്തിൽ പിടിച്ചുകൊണ്ടുതിരിച്ച കയാധുവിനെ, അതായതു പ്രഹ്ലാദമാതാവിനെ പിടി വിടുത്തി അവൾക്കും ജ്ഞാനോപദേശം ചെയ്തതും മററാ രുമല്ല. വാത്മീകിക്കു രാമായണോപദേശവും വ്യാസനു ഭാഗവതോപദേശവും ചെയ്തതു് അദ്ദേഹമാകുന്നു. എന്നു തന്നെയല്ല, തരുണീരൂപിണിയായ ഭക്തിയേയും, പുത്ര

രായ ജ്ഞാനവൈരാഗ്യങ്ങളേയുംകൂടി വിഷാദത്തിൽ നിന്നു ആശ്വസിപ്പിക്കാൻ നാരദൻ ശ്രമിച്ചതായി പത്മ പുരാണത്തിൽ കാണുന്നു.

ഇത്ര വിശിഷ്ടനായ മഹഷിപുംഗവനു കലഹം ഉണ്ടാക്കുന്നതിലും ഉണ്ടാകുന്നതിലും ഒരു രസം സംഭവി ച്ചതിന്നു് എന്തു വ്യാഖ്യാനമാണുള്ളതു്; ബാലരാമായണം നാടകത്തിൽ രാജശേഖരകവി നാരദന്റെ കലഹരസത്തെ വണ്ണിക്കുന്ന കൂട്ടത്തിൽ, ബ്രഹ്മാവും വിഷ്ണുവും തമ്മിലുണ്ടായ കലിമുഖത്തിൽനിന്നു നാരദൻ ജനിച്ചതു നിമിത്തം അദ്ദേഹം യുദ്ധങ്ങളിൽ ബദ്ധരസനായിത്തീ ന്നതാണെന്നു പറയുന്നു. ജനനകാലത്തെ ഗ്രഹനക്ഷത്രാദി സ്ഥിതികളുടെ ഫലങ്ങഠംപോലും ജാതനിൽ പ്രതിഫലിക്കുമെന്നു വിശ്വസിക്കുന്നവക്കു പ്രസ്തുത വ്യാഖ്യാനം അസ്വീകാൎയ്യമായിരിക്കയില്ല.

സാധാരണ രീതിയിൽനിന്നു വിലക്ഷണങ്ങളും, ന്യൂനാതിരിക്തങ്ങളുമായ മനഃശരീരാവസ്ഥകഠംനിമിത്തം അവശമായി ജനങ്ങഠം അപഥത്തിൽ വൎത്തിക്കുന്നതാണെന്നും അല്ലാതെ സ്വാതന്ത്ര്യബുദ്ധിയോടുകൂടെ അല്ലെന്നും ലോം, ബ്രോസൊ മുതലായ മഹാന്മാർ വാദിക്കുന്നു. അതു ശരിയാണെങ്കിൽ, നാരദന്റെ പൈശുന്യത്തിനു കാരണമായി അദ്ദേഹത്തിന്റെ മനഃശരീരസ്ഥിതികളിൽ വല്ല വിശേഷവുമുണ്ടൊ എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. നാരദന്റെ സ്വരൂപത്തെപ്പററിയുള്ള പൂണ്ണവിവരങ്ങഠം സിദ്ധിക്കുന്നതിനു മാൎഗ്ഗമില്ല. മാഘകാവ്യാരംഭത്തിലെ വണ്ണനകൊണ്ടു അദ്ദേഹം നന്നേ വെളുത്ത ആളായിരുന്നു എന്നും സ്വണ്ണവണ്ണമായ ജടകളും, അഞ്ജ

നവൎണ്ണമായ മാൻതോലും, പ്രകാശമുള്ള സ്ഫടികാക്ഷമാലയും അദ്ദേഹം ധരിച്ചിരുന്നു എന്നും തന്റെ വകമഹതി എന്ന വീണ വായിക്കുന്നതിൽ അസാമാന്യമായ താല്പൎയ്യം അദ്ദേഹത്തിനുണ്ടായിരുന്നു എന്നും മററും കാണുന്നു. പക്ഷെ മാഘകവി നാരദനെ കണ്ടിട്ടുള്ളതായി തെളിവില്ലാതെയും, കവിതാവിത്തായ മനോധൎമ്മംകൂടി മുൻപറഞ്ഞ വൎണ്ണനയിൽ കലൎന്നിരിക്കാൻ ഇടയുള്ളതായും ഇരിക്കകൊണ്ടു ആ വിവരണം മുഴുവനും അംഗീകരിക്കാൻ നിൎവ്വാഹമില്ല. എന്നുതന്നെയുമല്ല, നാരദനെ കണ്ടിട്ടുള്ളതായി പറയുന്ന വേദവ്യാസൻ അദ്ദേഹത്തെ വൎണ്ണിച്ചിരിക്കുന്നതു് മാഘരീതിയിൽനിന്നു അസാരം ഭിന്നമായിട്ടാണെന്നും പ്രസ്താവിക്കേണ്ടിയിരിക്കുന്നു. മഹാഭാരതം ആദിപൎവ്വം സുന്ദോപസുന്ദോപാഖ്യാനാരംഭത്തിൽ നാരദനെ വൎണ്ണിച്ചിരിക്കുന്നതിൽ മാഘൻ പറയുന്ന "അച്ഛസ്ഫടികാക്ഷമാല" ഉണ്ടായിരുന്നതായി കാണുന്നില്ലെന്നുതന്നെയല്ല, മാഘൻ പറയുന്ന ജടകൾ പകരം നാരദനു മിനുസമുള്ള കുടുമ്മയും ഉടുക്കുന്നതിൻ അഞ്ജനാദ്യുതിയായ മാൻതോലിനു പകരം വെളുത്തതും, നേരിയതുമായ മനോഹരവസ്ത്രങ്ങളും, കാതിൽ ഇടുന്നതിനു ദീപ്രമായ കടുക്കനും, പിടിക്കുന്നതിനു വെള്ളിക്കുടയും ഉള്ളതായും അറിയുന്നു. ഇതിനുംപുറമെ അദ്ദേഹത്തിന്റെ ദേഹം നിവൎന്നതും കിളൎന്നതും (ഉയൎന്നതും) ആണെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. മല്ലിനാഥന്റെ വ്യാഖ്യാനത്തിൽ കാണുന്നതുപോലെ "സ്ഫടികോമമോക്ഷദഃപരഃ" എന്ന ന്യായേന മോക്ഷാൎത്ഥിതാത്തെകാണിക്കാൻ

വേണ്ടി മനോധൎമ്മത്തെ അനുസരിച്ച മാഘൻ മേപ്പടി സ്ഫടികാക്ഷമാലകൂടി ചേൎത്തതായിരിക്കുമോ? ലോകത്തിൽ പ്രസിദ്ധി സിദ്ധിച്ചവർ പ്രായേണ പ്രാംശുക്കളൊ, ഹ്രസ്വന്മാരൊ ആണെന്നുള്ള കാൎയ്യവും സ്മരണീയമാകുന്നു. ശരീരരൂപാനുരൂപമായി മനസ്സു പ്രവൎത്തിക്കുന്ന പക്ഷം "ഋജുരാരോഹവാൻ" എന്നിങ്ങനെ വൎണ്ണിക്കുന്ന ഋഷിപുംഗവനു ഹൃദയത്തിൽ വക്രതയില്ലാതേയും, അദ്ദേഹത്തിൽ പൈശുന്യം ശൂന്യമായും ഇരിക്കേണ്ടതായിരുന്നു. ഒരുപക്ഷേ, ശരീരവും മനസ്സും വിപരീതരീതിയിൽ കാണപ്പെട്ടുകയില്ലെന്നു പറയാവുന്നതുമല്ല.

നാരദനു രാജ്യതന്ത്രത്തിലും, നിയമത്തിലുമുള്ള അസാമാന്യ നൈപുണ്യത്തെപ്പററിയും പറയേണ്ടതുണ്ടു്. സഭാപൎവ്വാരംഭത്തിൽ യുധിഷ്ഠിരനോടു കുശലപ്രശ്നപൂൎവ്വമായി നാരദൻ ചെയ്യുന്ന സംഭാഷണം 'കച്ചിദദ്ധ്യായ' സംജ്ഞിതമായ ഒരദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നതിൽനിന്നു രാജ്യതന്ത്രവിഷയമായി അദ്ദേഹത്തിൻെറ ആശയങ്ങളുടെ അനതിവ്യക്തമായ ഒരു പ്രതിധ്വനി നമുക്കു ലഭിക്കുന്നുണ്ടു്. ആ ഭാഗത്തെ 'കച്ചിദദ്ധ്യായോക്തിചൊല്ലുവാനത്ഥവും — നിശ്ചയിച്ചീടുവാൻ വേലയുണ്ടേതുയും' എന്നുമാത്രം പറഞ്ഞു കിളിപ്പാട്ടിൽ എഴുത്തഛൻ ശ്ലോകത്തിൽ കഴിച്ചുകൂട്ടിക്കളഞ്ഞു. പ്രസ്തുതാദ്ധ്യായത്തിൽ രാജാവു വിദ്വാന്മാരായ മന്ത്രിമാരേയും, വിശ്വസ്തരായ ദൂതരേയും നിയമിക്കേണ്ടതും, അവർ ശരിയായി കാൎയ്യങ്ങൾ നടത്തുന്നുണ്ടോ എന്നു മേലന്വേഷണം വഹിക്കേണ്ടതും, കൃഷിക്കാൎക്കും മററും സങ്കടങ്ങൾ നേരിടാതെ

നോക്കേണ്ടതും, തടാകാദികരം ശരിയാക്കി കൃഷിമരാമത്തുകരം നിർവ്വഹിക്കേണ്ടതും, രാജാലോചനകരം ചോൎന്നു പോകാതെ സഫലമാക്കേണ്ടതും, പൂൎവ്വാചാരപരിപാലനം ചെയ്യേണ്ടതും മററും ഉപദേശിക്കപ്പെട്ടിരിക്കുന്നു. കോൺസ്റ്റിററ്യൂഷനെ (Constitution) അനാദരിച്ച രാജാക്കന്മാർ തോന്നിയവാസം കാണിക്കുന്നതിൽ നാരദൻ വിപ്രതിപത്തിയുള്ള കൂട്ടത്തിലാണ്. പുരാതന ഹിന്ദുരാജ്യത്തിൻെറ സംസ്ഥാനരീതി, ശുക്രനീതി മുതലായ ഗ്രന്ഥങ്ങളിൽനിന്നു ഏറക്കുറെ ഗ്രഹിക്കാവുന്നതാണ്. രാജ്യരക്ഷാവിഷയത്തിൽ രാജാവിനെ സഹായിക്കാനും നിയന്ത്രണം ചെയ്യാനും സാധാരണയായി ഒരമാത്യസഭയുണ്ടായിരിക്കും. ഇതിൽ അഗ്രാസനം രാജാവിനൊ, അദ്ദേഹത്തിൻെറ പ്രതിനിധിക്കൊ ആയിരിക്കും. ഈ സഭയിൽ സചിവൻ (Minister of war) മന്ത്രി (Minister of foreign affairs) ധൎമ്മാധികാരികളായ പ്രാഡ്വിപാകൻ (Chief Justice) നിയമപണ്ഡിതൻ ഇവരും ചിലപ്പോരം പുരോഹിതനും (Ecclesiastical Head) അംഗങ്ങളാകുന്നു. ഇതിൽ നീതി തെററാതെ ഉപദേശിക്കേണ്ട കൃത്യവും, കേസുകരം തീരുമാനിക്കേണ്ടവിധവും പ്രാഡ്വിപാകനെ സംബന്ധിച്ചതാകുന്നു. പ്രാഡ്വിപാകൻ രാജാവിൻെറ മന്ത്രിമാരിൽ ഒരാളാകയാൽ അയാളുടെ അഭിപ്രായത്തെ നിരാകരിക്കുന്നതിനു രാജാവിനു അധികാരമുണ്ടെന്നു ആൎക്കും തോന്നിപ്പോകും. പക്ഷേ,

'ധൎമ്മശാസ്ത്രംപുരസ്കൃത്യ പ്രാഡ്വിപാകമതേസ്ഥിതഃ
സമാഹിതമതിഃപശ്യേൽ വ്യവഹാരാനനുക്രമാൽ.'

എന്നു നാരദൻ പറയുന്നതിൽനിന്നു രാജാവു് ചീഫ് ജസ്റ്റീസിൻെറ അഭിപ്രായമനുസരിച്ചു മാത്രമേ വിധി ക്കാവൂ എന്നു അദ്ദേഹം നിഷ്കർഷിക്കുന്നു. രാജാക്കന്മാരുടെ സ്വാതന്ത്ര്യനാട്യങ്ങൾക്കു് ഇതു എത്ര ബലവത്തായ അങ്കുശമായിരിക്കുന്നു എന്നു നോക്കുക.

ധർമ്മശാസ്ത്രം അഥവാ നിയമം സംബന്ധിച്ചു നാരദനുള്ള ഉൽക്കർഷം നാരദസ്മൃതിയുടെ പ്രാധാന്യംകൊണ്ടു തന്നെ കാണാവുന്നതാണു്. ഇതിൽ വ്യവഹാരരീതികളും, തെളിവും, തെളിവുഭാരവും, പീനൽകോഡും ക്രിമനൽ നടപടിയും എല്ലാം അന്തർഭവിച്ചിരിക്കുന്നു. യാജ്ഞവല്ക്യസ്മൃതിയുടെ വ്യാഖ്യാനമായ മിതാക്ഷരയിൽ അസ്വാമിവിക്രയം, ക്രീതാനുശയം, ദത്താപ്രദാനം മുതലായ വ്യവഹാരങ്ങളുടെ വിവരണങ്ങൾ എല്ലാം നാരദസ്മൃതിയിൽനിന്നു ഉദ്ധരിച്ചിരിക്കുന്നു.

ഇത്രമാത്രം പൂജ്യതയും, യോഗ്യതയുമുള്ള മഹർഷി എത്രയോ കലഹങ്ങൾ ഉണ്ടാക്കി രസിച്ചിട്ടും, അദ്ദേഹത്തിൻെറ പേരിൽ യാതൊരു കേസും ഉണ്ടായിട്ടില്ലെന്നു തന്നെയല്ല, അദ്ദേഹത്തെ ഒരു സാക്ഷിയായിട്ടുപോലും വിസ്തരിച്ചിട്ടുള്ളതായി അറിയുന്നില്ലെന്നോക്കുമ്പോൾ സ്വല്പം വിസ്മയം ആക്കുമുണ്ടാകുന്നതാണു്. എന്നാൽ അതിനും ചില സമാധാനങ്ങൾ ഉണ്ടു്. ഒന്നാമതായി നാരദനെ സാക്ഷിയാക്കി വിസ്തരിക്കുവാൻ സാധിക്കയില്ല. നാരദസ്മൃതിപ്രകാരം,

'ശ്രേണീഷുശ്രേണിപുരുഷാഃ
സ്വേഷുവർഗ്ഗേഷുവർഗ്ഗിണഃ

ബഹിർവ്വാസിഷുബാഹ്യാസ്യുഃ
സ്ത്രീയഃസ്ത്രീഷുചസാക്ഷിണഃ'

എന്നു വിധിയുള്ള സ്ഥിതിക്കു സാക്ഷിക്കും കക്ഷിക്കും സ്ഥിതിസാമ്യം ഉണ്ടായിരിക്കേണ്ടതാകയാൽ, ദേവൎഷിമാർ തമ്മിലുള്ള വല്ല വഴക്കിലുമല്ലാതെ നാരദനെ സാക്ഷിയാക്കാൻ തരമില്ല. പിന്നെയും 'നശ്രോത്രിയോനലിംഗസ്ഥോന സംഗേഭ്യോവിനിൎഗ്ഗതഃ' എന്നു മനുസ്മൃതിയുള്ള സ്ഥിതിക്കു സൎവ്വസംഗമുക്തനായ നാരദനു സാക്ഷിക്കൂട്ടിൽനിന്നു മോചനം ലഭിച്ചിട്ടുള്ളതു നിയമപ്രകാരമാണെന്നും വന്നുകൂടുന്നു. നാരദൻെറ പേരിൽ കേസുകൾ ഉണ്ടാകാതിരിക്കുന്നതിലേക്കു രക്ഷയെന്തെന്നാലോചിച്ചാൽ അവിടേയുംനിന്നു പിഴക്കുന്നതിനു വഴികളുണ്ടു്. സ്വയം അദ്ദേഹം ഒരു കുററവും ചെയ്തിട്ടില്ല. കൂടിയാൽ പീനൽകോഡിലെ 'ഉത്സാഹിപ്പിക്ക' എന്ന കുററമല്ലാതെ അദ്ദേഹത്തിൽ ചുമത്താവുന്നതല്ല.

'പ്രോത്സാഹകസ്സഹായശ്ച തഥാമാൎഗ്ഗാനുദേശകഃ
ആശ്രയഃശസ്ത്രദാതാച ഭക്തദാതാവികൎമ്മിണാം
ഉപേക്ഷകശ്ശക്തിയാംശ്ചേൽ ദോഷവക്താനുമോദകഃ
അകാൎയ്യകാരിണസ്സേൎവഷാ പ്രായശ്ചിത്തംപ്രകല്പയേൽ'

എന്നു പൈഠീനസിയും

'യുദ്ധോപദേശകശ്ചൈവ തദ്വിനാശപ്രവൎത്തകഃ
ഉപേക്ഷാകാൎയ്യയുക്തശ്ച ദോഷവക്താനുമോദകഃ'

എന്നു കാത്യായനനും പറഞ്ഞിട്ടുള്ളതിൽനിന്നു യുദ്ധത്തിനും മററും പ്രോത്സാഹിക്കുന്നവൎക്കു കുററം ഉണ്ടെന്നു സ്പഷ്ട

മാകുന്നു. അനേകം പേർ തമ്മിൽ യുദ്ധത്തിനും അടി പിടിക്കും നാരദൻ പ്രോത്സാഹിപ്പിച്ചിരിക്കുമെന്നും നിശ്ച യംതന്നെ. പക്ഷെ, അദ്ദേഹത്തെ ശിക്ഷിക്കുന്നതിനു യാതൊരു മാൎഗ്ഗവുമില്ലാത്തവിധത്തിലാണ് സ്മൃതികളുടെ നില. വിവാഹം ചെയ്യാതിരിക്കുന്നവനേയും, രോഗാ ൎത്തനേയും, യാഗംചെയ്യാൻ ആഗ്രഹിക്കുന്നവനേയും, വ്യസനത്തിലിരിക്കുന്നവനേയും, മററൊരുത്തനാൽ വ്യ വഹരിക്കപ്പെട്ടിരിക്കുന്നവനേയും, രാജ്യകാൎയ്യമായി പോ കുന്നവനേയും, പശു മേയ്ക്കുമ്പോൾ ഇടയനേയും, കൊ യ്ത്തുകാലത്തു കൃഷിക്കാരനേയും, വേല ചെയ്യുമ്പോൾ ശില്പിയേയും, യുദ്ധത്തിൽ ഏപ്പെട്ട യോദ്ധാവിനേയും, വ്യവഹാരപരിചയമില്ലാത്തവനേയും, ദൂതനേയും, ദാനം കൊടുക്കാൻ തയ്യാറായവനേയും, വ്രതമുള്ളവനേയും സ്മൃതിപ്രകാരം തടവിൽ വയ്ക്കാൻ പാടില്ല. അവരെ കോടതിയിൽ ഹാജരാകുവാൻ ആജ്ഞാപിക്കുന്നതിനും പാടില്ലാത്തതാകുന്നു. വിശാലമായ ഒരു വ്യത്യസ്തപര മ്പരയുടെ ഉള്ളിൽ ഒളിച്ചുനിന്നു രക്ഷപ്പെടാൻ നാരദനു ധാരാളം അവകാശമുണ്ട്. അദ്ദേഹത്തിനു വ്രതങ്ങൾ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്നതിന്നിടയുള്ളതുകൊ ണ്ടു തടവിൽ പാൎപ്പിക്കുന്നതിനുള്ള മാൎഗ്ഗം ഊൎദ്ധ്വമാണെ ന്നു കണ്ടുകൊള്ളേണ്ടതാകുന്നു. ചാതുർവൎണ്ണ്യത്തെ ഉദ്ദേ ശിച്ചു രചിട്ടുള്ള സ്മൃതികൾക്കു ദേവൎഷിയായ നാരദനെ സംബന്ധിച്ചു വ്യാപ്തിയുണ്ടോ എന്നൊരു ചോദ്യത്തിനും അവകാശമുണ്ട്. തടവിൻെറ കാൎയ്യം ഇപ്രകാരം കലാ ശിക്കാനിടയുള്ള സ്ഥിതിക്കു, പിഴയിട്ടു വല്ലതുമീടാക്കാമൊ

എന്നു വിചാരിച്ചാൽ അതിനും വഴി കാണുന്നില്ല. നാരദന്റെ സ്വത്തായി 'മഹതി' എന്ന വീണയല്ലാതെ മററു വല്ലതുമുണ്ടോ എന്നു നിശ്ചയമില്ല. അചരസ്ഫടികാക്ഷമാലയുടെ കാര്യം മുമ്പുതന്നെ പറഞ്ഞല്ലോ. മുണ്ടും കട്ടകണ്ടും കുടയും ഉണ്ടെന്നു മുമ്പു പറഞ്ഞതിൽ മുണ്ടു ദേവേന്ദ്രദത്തമാണെന്നും സ്പഷ്ടമാകുന്നു. കുടയും കട്ടക്കണ്ടും മററുള്ളവരുടെ പക്കൽനിന്നും തല്ക്കാലത്തേക്കു വാങ്ങിയതായിരിക്കുമോ ?

'വേശ്യാസ്ത്രീണാമലങ്കാരാൽ വാദ്യാതോദ്യാദിതദ്വിദാം
യസ്യയച്ചോപകരണംയേനജ്ജീവന്തികാരുകാഃ
സർവ്വസ്വഹരണേവ്യേതൻ നരാജാഹർത്തുമർഹതി'

എന്നു നാരദസ്മൃതിയിലുള്ള സ്മൃതിക്കു സർവ്വസ്വഹരണം വിധിക്കേണ്ടിടത്തുപോലും, വേശ്യാസ്ത്രീകളുടെ അലങ്കാരങ്ങളും, സംഗീതവിദ്വാന്മാരുടെ വീണാദികളായ ഉപകരണങ്ങളുംമററും അപഹരിക്കത്തക്കതല്ലെന്നുള്ളതിനാൽ നാരദന്റെ മഹതിയെ കൈക്കലാക്കാൻ തരമില്ല. ഇപ്രകാരം കുട്ടകകളിലൊന്നുമകപ്പെടാതെ ഭദ്രമായി നില്ക്കുന്നതിന്നു, നാരദനു യാതൊരു വൈഷമ്യവുമില്ല.

1. സംജ്ഞാനാമം സാമാന്യനാമമായും, സാമാന്യനാമം സർവ്വനാമംപോലെയും വരുന്നതിനെ ഉദാഹരിച്ചു ഓരോ വാക്യം എഴുതുക.

2. നാരദന്റെ വിശേഷഗുണങ്ങളെ സംഗ്രഹിച്ചെഴുതുക.

3. (1) മഹർഷിമാരുടെ തപശ്ശക്തിയെ എന്തിനോടെല്ലാം ഉപമിച്ചിരിക്കുന്നു ? (2) നാരദൻ രാജ്യതന്ത്രവിദഗ്ദ്ധനായിരുന്നുവെന്നു എങ്ങിനെ മനസ്സിലാക്കാം ? (3) പുരാതന ഭാരതത്തിലെ രാജധർമ്മ

നില ഏതുവിധത്തിലായിരുന്നു ? (4) സ്മൃതിപ്രകാരം ബന്ധനാർഹന്മാരല്ലാത്തവർ ആരെല്ലാം ?

4. ആകൃതിയ്ക്കും പ്രകൃതിയ്ക്കും തമ്മിൽ സാമ്യമുണ്ടാകുമോ ? നിങ്ങളുടെ അഭിപ്രായം കഴിയുന്നതും ഉദാഹരണപൂൎവ്വം സ്ഥാപിക്കുക.

5. താഴെ കാണുന്ന വാക്യത്തെ ചൂൎണ്ണികകൾ മാത്രമുപയോഗിച്ചു ലളിതതരമാക്കുക:—

"ദോഷം ഗുണമണ്ഡലത്തെ ഗ്രസിച്ചു പ്രബലീഭവിച്ച്, നാരദശബ്ദംകൊണ്ടു ഗുണത്തേക്കാൾ ദോഷം പ്രതീയമാനമായി വന്നതോൎക്കുമ്പോൾ, "ഏകോഹിദോഷോഗുണസന്നിപാതേ നിമജ്ജതീന്ദോഃകിരണേഷ്വിവാങ്കഃ" എന്നു പറഞ്ഞ കവിസാൎവ്വഭൌമനെക്കൂടി നാരദൻ ചെണ്ട കൊട്ടിച്ചുവെന്നു പറയേണ്ടിയിരിക്കുന്നു.

# 6. സന്ധ്യാവിലാസം.

അസ്തമിച്ചു ദിനനാഥനുമന്നേര-
മുൾത്തുന്നരാഗേണസന്ധ്യയുംഖേദിച്ചു ;
പത്മിനീപത്രേ ശയിപ്പാനൊരുമ്പെട്ടു
പത്മങ്ങളുംസനിദ്രങ്ങളായീസദാ ;
കുണ്ഠതപൂണ്ടു ദിഗന്തങ്ങളിൽസദാ
വണ്ടുകൾപാഞ്ഞുനടക്കുന്നതുകണ്ടു.
സന്ധ്യവിതയ്ക്കുമിരുട്ടിന്റെവിത്തെന്ന-
തന്തമ്മുദൈവജനങ്ങളുമൂഹിച്ചു.
തൽക്ഷണേവന്നുനിറഞ്ഞുതിമിരവു-
മീക്ഷണങ്ങൾക്കുള്ള രന്ധ്രവുംനഷ്ടമായ്
ആകാശമഞ്ജനംകൊണ്ടാശ്ശുതേയ്ക്കയോ
കോകശോകാഗ്നിധൂമംതാൻ നിറകയോ ?
രാത്രിയാംനാരീ തലമുടിഭാരമോ ?
പേർത്തേവമൂഹിച്ചുകണ്ടജനംതദാ.
നീലാംബുജങ്ങളോ, ഭൃംഗപടലിയോ
നീലകണ്ഠങ്ങളോ, ലോകംമുഴുക്കവാൻ
ഉദ്യമംപൂണ്ടുതുനിയുന്നതെന്നാശു
വിദഗ്ദ്ധജനങ്ങളോരോതരംകല്പിച്ചു
തദ്ദശായാംശംഭുകോടീരമണ്ഡനൻ
വിദ്യോതിതാശേഷലോകൻനിശാകരൻ
ദോഷാവരോരുകർപ്പൂരവിശേഷകൻ

ഘോഷിച്ചുദിച്ചുയന്നു പൂർവ്വദിങ്മുഖേ
ദിക്കാന്തമാർ കേളീദർപ്പണമായ്നിശാ-
മുക്താലതാലങ്കരണമായന്നൊഹം
കന്ദർപ്പമന്നവൻെറസിതഛത്രമാ-
മിന്ദുഘോഷിച്ചുയന്നു പൂർവ്വദിങ്മുഖേ.
നന്നായ്നടന്നുള്ള ദിവ്യപുഷ്പങ്ങളിൽ
ചെന്നുകളിച്ചൊട്ടിരുന്നു നളിനിയിൽ
സുന്ദരമാമ്മാറു മന്ദപവനനും
മന്ദമന്ദംനടമാടിതദന്തരെ.

1. പ്രഭാതത്തിൽ സൌമ്യമനോഹരനായിരുന്ന സൂര്യൻ ഉയരുന്തോറും ഉഗ്രകിരണനായി തീരുന്നു; കാററിൻെറ പ്രേരണയനുസരിച്ചു ചെന്നു പർവ്വതത്താടേററുമുട്ടി മേഘം വർഷിച്ചു നശിക്കുന്നു; ഘോരകിരണനായിരുന്ന സൂര്യൻ അസ്തമനഘട്ടത്തിൽ ദർശനീയനായി പരിണമിക്കുന്നു — ഇവയോരോന്നും കാണുമ്പോഠ എന്തെന്തു സംഗതികളാണു് നിങ്ങളുടെ ഓർമ്മയിൽ വരുന്നതു് ?

2. "തദ്ദശായാംശംഭു" എന്നതുമുതൽ "പൂർവ്വദിങ്മുഖേ" എന്നതുവരെയുള്ള എട്ടു വരികഠ പരാവർത്തനം ചെയ്യുക.

3. സന്ധ്യാസമയത്തെ പ്രകൃത്യവസ്ഥകളെ വർണ്ണിച്ചു് ഒരു ഖണ്ഡികയെഴുതുക.

4. ദിക്കാന്തമാർ, ദിങ്മുഖം, ദിഗന്താ, തദ്ദശ, അന്തർമ്മുദാ, വിദഗ്ദ്ധജനം, പേർത്തവം — ഇവയിലെ സന്ധികാര്യങ്ങഠ വിവരിക്കുക.

5 നാടകമോ, സിനിമയോ നിങ്ങഠക്കിഷ്ടം ? കാരണങ്ങഠ വിശദമാക്കി സ്ഥാപിക്കുക.

6. കീഴ്വരയിട്ടവയുടെ ക്രിയാനാമരൂപം ഉപയോഗിച്ചു വാക്യരൂപം മാററുക:— 1. കാളിയൻ കാളിന്ദിയിൽ വസിച്ചിരുന്നു. 2. കാര്യം നിവർത്തിച്ചിട്ടേ കളിക്കാനും ചിരിക്കാനും പാടുള്ളു. 3. അവൻ അവിടെ പോയിട്ടു ഗുണം ലഭിച്ചില്ല എന്നു പറയാൻ പാടില്ല. 4 രാമൻ ശ്രദ്ധിച്ചിരുന്നെങ്കിൽ ഈവിധം സംഭവിക്കയില്ലായിരുന്നു.

# 7. സ്കൌട്ടുപ്രസ്ഥാനം.

അടുത്തകാലത്തു് ഇംഗ്ലണ്ടിൽ ബക്കൻഹെഡ് എന്ന സ്ഥലത്തു ബ്രിട്ടീഷ് സാമ്രാജ്യത്തിലെ മുപ്പതുരാജ്യങ്ങളിൽനിന്നും അതിനു പുറമെയുള്ള നാല്പത്തിരണ്ടു രാജ്യങ്ങളിൽനിന്നുമായി അൻപതിനായിരത്തിൽപരം സ്കൌട്ടുകൾ (ധർമ്മഭടർ) ഒന്നുചേന്നു കുറെ ദിവസങ്ങൾ കഴിച്ചുകൂട്ടിയ കഥ ആരും വിസ്മരിക്കയില്ലല്ലൊ. ഒരു വിശ്വമഹാകുടുംബത്തിലെ അംഗങ്ങളെന്ന നിലയിൽ ഏകോദരസഹോദരഭാവത്തോടെ ആ ദിവസങ്ങൾ കഴിച്ചുകൂട്ടിയ അവർ ലോകരുടെ ബലമായ ശ്രദ്ധയെ ബലാദാകർഷിച്ചതിൽ അത്ഭുതപ്പെടാനില്ലതന്നെ. ബ്രിട്ടീഷ് ചക്രവത്തിയുടെ വാത്സല്യപുത്രനും കിരീടാവകാശിയുമായ വെയിൽസു രാജകുമാരനും സ്കൌട്ടുപ്രസ്ഥാന ജനയിതാവും നേതാവുമായ ബേഡൻപവ്വലും ഈ ദിവസങ്ങളിൽ ധർമ്മഭടരുടെകൂടെ അവരെപ്പോലെതന്നെ ജീവിച്ചിരുന്നു. ഈ സ്കൌട്ടു വിശ്വമഹാസമ്മേളനകാലത്തു് ചക്രവത്തി തിരുമനസ്സുകൊണ്ടു ബേഡൻപവ്വലിനു പ്രഭുസ്ഥാനം നൽകി. മോർട്ടിമർസ്കിഫ് എന്ന ഒരമേരിക്കൻ കോടീശ്വരൻ ലോകത്തിലെ യുവജനങ്ങളുടെ ഇടയിൽ സാഹോദയ്യം വദ്ധിപ്പിക്കുന്നതിനായി പതിനായിരം പവൻ പവ്വലിനെ ഏല്പിച്ചു. ലോകത്തിൻെറ വിഭി

ന്നഭാഗങ്ങളിൽനിന്നായി നിരവധി മാന്യന്മാർ പല വിധ സാധനങ്ങളും, പവ്വലിനു നൽകി. ഇതെല്ലാം ഓക്കുമ്പോഠ ഈ 'ധർമ്മഭട'പ്രസ്ഥാനത്തിനു ജനതാമദ്ധ്യത്തിൽ അഗണ്യമല്ലാത്ത ഒരു നിലയും വിലയുമുണ്ടെന്നു സമ്മതിക്കാതെ നിവ്വാഹമില്ല.

1907 ൽ വെറും 25 പേർ തങ്ങളുടെ നവീനാശയ സാദ്ധ്യത്തിനായി ഒന്നുചേന്നു രൂപീകരിച്ച ഒരു സംഘമാണ് ഈ സ്കൌട്ടുപ്രസ്ഥാനത്തിൻെറ പ്രാരംഭം. ക്രമപ്രവൃദ്ധമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ പ്രസ്ഥാനത്തിൽ ഇന്നു ആണും പെണ്ണും ഉഠപ്പെടെ ഇരുപത്തഞ്ചു ലക്ഷത്തിൽപരം അംഗങ്ങളുണ്ടു്. ഇതിൻെറ വളച്ച ദൈനംദിനം വർദ്ധമാനമായുമിരിക്കുന്നു. ഈ പ്രസ്ഥാനം ഇത്ര ത്വരിതമായി പ്രചരിക്കുന്നതിൻെറ കാരണമെന്തായിരിക്കാം? അതിൻെറ കാരണം നാം ദൂരെയെങ്ങും തേടേണ്ട. പ്രസ്ഥാനത്തിൻെറ ആദശ്വൈശിഷ്ട്യവും ആകഷകത്വവും തന്നെയാണ് ഇതിൻെറ പ്രചുരപ്രചാരത്തിനു നിദാനം. ബാലികാബാലന്മാർ സ്വതേ ഉന്മേഷശീലന്മാരാണ്. ചൊടിയും ചുണയും ആവശ്യമുള്ള ഏതു പ്രവൎത്തിയും ചെയ്യാൻ ജന്മനാ അവക്ക് ഔത്സുക്യമുണ്ടു്. ഇതിനും പുറമെ തങ്ങഠ ചെയ്യുന്നതു ശരിയാണെന്ന ഒരു വിചാരവും എന്തും ശരിയായി ചെയ്യാൻ സാധിക്കുമെന്ന ഒരു ബോധവും അവർക്കുണ്ടു്. ഒററതിരിഞ്ഞിരിക്കുന്നതു കുട്ടികഠക്കു പ്രാണസങ്കടമാണ്. ചങ്ങാതിമാരുമൊന്നിച്ചു കൂട്ടുകൂടി ഓടി നടക്കുകയാണ് അവക്കിഷ്ടം. കഴിയുന്നിടത്തോളം കൂട്ടുകാരുമൊന്നിച്ചേ കുട്ടി

കഠം ജീവിക്കുകയുള്ളൂ. ഈ സ്വഭാവങ്ങഠം സൂക്ഷ്മമായി നിരീക്ഷിച്ചറിഞ്ഞ ശേഷമാണ് ഈ പ്രസ്ഥാനം രൂപീകരിച്ചിരിക്കുന്നതു്. സഖാക്കളോടുള്ള നിസ്വാത്ഥസ്നേഹവും, എന്തു സാഹസവും ചെയ്യാനുള്ള സന്നദ്ധതയും, സീമാതീതമായ ശീലാലോലുപത്വവും, നേതാവിനെ അനുസരിക്കുവാനും അനുകരിക്കുവാനുമുള്ള സന്തോഷവും ബാല്യകാലത്തിൻെറ പ്രത്യേക സമ്പത്താണ്. ഈ ഗുണങ്ങഠംതന്നെയാണ് സ്കൌട്ടുപ്രസ്ഥാനത്തിൽ ചേരുന്ന ബാലികാബാലകന്മാരിൽനിന്നു പ്രതീക്ഷിക്കുന്നതും. അങ്ങിനെ കുട്ടികളുടെ പ്രത്യേക സ്വഭാവവിശേഷങ്ങഠംക്കു യോജിച്ചതായതുകൊണ്ടു സ്കൌട്ടുപ്രസ്ഥാനം അവരെ അത്യധികം ആകഷിച്ചു കഴിഞ്ഞിരിക്കുന്നു. ലോകത്തിൽ സവ്വസാഹോദയ്യം പ്രചരിപ്പിക്കുവാൻ അത്യാഗ്രഹമുള്ളവരാണ് ഒരു വലിയപക്ഷം ജനങ്ങഠം. സ്കൌട്ടുപ്രസ്ഥാനം അവരുടെ ആഗ്രഹസാദ്ധ്യത്തിനു് സഹായമായിത്തീരുമെന്നുള്ള പ്രതീക്ഷയോടെ അവരെല്ലാം അതിനെ സഹായിക്കുന്നു. ജാതിമതരാഷ്ട്രഭിന്നതകളെ അവഗണിച്ചു മനുഷ്യസമുദായത്തിൻെറ പൊതുവായ ഉൽഗതിക്കുവേണ്ടി പരിശ്രമിക്കാൻ സന്നദ്ധമാണ് ഈ സംരംഭം. അക്കായ്യത്തിൽ സവ്വദേശീയസമാജ (League of Nations) ത്തേക്കാഠം കൂടുതൽ പ്രവത്തിക്കാൻ ഈ പ്രസ്ഥാനത്തിനു സാധിച്ചിട്ടുണ്ടെന്നാണു പലരുടേയും അഭിപ്രായം.

വിപുലമായ സ്കൌട്ടുപ്രസ്ഥാനത്തിനു പ്രധാനമായി രണ്ടു ശാഖകളാണുള്ളതു്. ഒന്നു് പുരുഷന്മാക്കായുള്ള 'ധമ്മഭട'പ്രസ്ഥാനവും മറേറതു് സ്ത്രീകഠംക്കായുള്ള 'കന്യാജന

മാൎഗ്ഗദൎശി' (Girl guide) പ്രസ്ഥാനവുമാണ്. കന്യാജന മാൎഗ്ഗദൎശിപ്രസ്ഥാനംകൊണ്ടുണ്ടാകുന്ന ഗുണത്തെപ്പററി തിരുവിതാംകൂർ മൂന്നാംമുറ രാജകുമാരി കാൎത്തികതിരുനാറം തമ്പുരാട്ടി ഒരു സന്ദേശത്തിൽ ഇപ്രകാരം പറയുന്നു: 'രാജ്യത്തിൻേറയും സമുദായത്തിൻേറയും സേവനത്തിനുള്ള പരിശീലനം നൽകുന്നതിനും കന്യകാമാൎഗ്ഗദൎശിനികളുടെ ഒരു വിശിഷ്ടഗുണമായ സംയുക്തപ്രവൎത്തനശീലത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനും നമ്മുടെ പ്രസ്ഥാനം ഏററവും പററിയതാണ്.'

'സ്കൌട്ട്' എന്ന ഇംഗ്ലീഷുവാക്കിനു മുന്നറിവു നൽകുന്നവൻ, ചാരൻ എന്നൊക്കെയാണൎത്ഥം. അതനുസരിച്ചു നോക്കുന്നപക്ഷം ആവശ്യമായ സംഗതികളിലൊക്കെ ഇതരൎക്കു മുന്നറിവു നൽകുന്ന മാൎഗ്ഗദൎശിയാണ് സ്കൌട്ടെന്നു മനസ്സിലാക്കാം. ഒരു ധൎമ്മഭടനെ ഇതരൎക്കു അനുകരണീയമായ മാതൃകയാക്കിത്തീൎക്കണമെന്നാണ് പ്രസ്ഥാനത്തിൻെറ ഉദ്ദേശവും. ഇതിലെ അംഗങ്ങളെ പ്രായവ്യത്യാസമനുസരിച്ചു മൂന്നു തരമായി തിരിച്ചിരിക്കുന്നു. ഏഴു മുതൽ പതിനൊന്നുവരെ വയസ്സു പ്രായമുള്ളവർ ചെന്നായ്കുട്ടികഠം (Cub), പതിനൊന്നു മുതൽ പതിനേഴ വയസ്സുവരെ പ്രായമുള്ളവർ യഥാൎത്ഥ ധൎമ്മഭടന്മാർ, പതിനേഴ വയസ്സിനു മേലുള്ളവർ സഞ്ചാരികഠം എന്നിങ്ങനെയാണ് വിഭജിച്ചിരിക്കുന്നതു്. ഈ മൂന്നു തരക്കാൎക്കും അവരുടെ പ്രായത്തിനും മനഃകായങ്ങഠംക്കും യോജിച്ച രീതിയിലാണ് പരിശീലനം നിശ്ചയിച്ചിരിക്കുന്നതു്. ഇവരിൽ ഏഴുമുതൽ പതിനൊന്നുവരെ വയ

സ്സുള്ള കുട്ടികൾക്കു നിശ്ചയിച്ചിരിക്കുന്ന പേരുതന്നെ വളരെ അത്ഥവത്താണ്. ചെന്നായ്ക്കളിലും കുട്ടികളിലു മുള്ള പല ഗുണങ്ങളും വളരെ ഐകരൂപ്യമുള്ളവയായി രിക്കുന്നു. ചെന്നായ് കൂട്ടം കൂടിയേ നടക്കൂ; എപ്പോഴും തകർത്തുതിമിർത്തു സഞ്ചരിക്കും; എവിടേയും സ്വച്ഛന്ദം സവാരിചെയ്യും; നായകനെ കൃത്യമായി അനുസരിക്കും. ഇതൊക്കെത്തന്നെയാണ് ബാലകരുടെ സമ്പ്രദായങ്ങ ളും. ഈ പേരു ബാലകരിൽ അന്തർല്ലീനമായിരിക്കുന്ന പരാക്രമത്തെ ഉണർത്തുന്നതിനും വളരെ സഹായിക്കു ന്നുണ്ട്. ബാലോചിതമായ കളികൾ, നേരംപോക്കു കൾ, വിനോദങ്ങൾ എന്നിവകൊണ്ടാണ് ഈ ചെറുകു ട്ടികളെ ആകർഷിക്കുന്നതു്.

അടുത്ത തരക്കാരായ പതിനൊന്നുമുതൽ പതിനേഴു വരെ പ്രായമുള്ള കുമാരന്മാർക്കുള്ള പരിശീലനം അവരെ ധർമ്മഭടരാക്കിത്തീർക്കാൻ പര്യാപ്തമായിട്ടുള്ളതാണ്. പ രോപകാരതല്പരത, സഹോദരസ്നേഹം, മിതവ്യയം അനുസരണം, ആത്മാഭിമാനം, പ്രസന്നത എന്നിവ കുമാരന്മാരിൽ ദൃഢമൂലമാക്കുന്നതിനുള്ള പരിശീലനമാ ണ് അവർക്കു ആദ്യമായി ലഭിക്കുന്നതു്. ധർമ്മഭടരുടെ നിത്യസഖാവായ ദണ്ഡുകൊണ്ടുള്ള പ്രയോഗവും, അതു പ്രയോഗിക്കേണ്ട രീതിയും, അതുകൊണ്ടുള്ള സംജ്ഞകളും മററും കുമാരന്മാരെ അഭ്യസിപ്പിക്കുന്നു. സ്വരാഷ്ട്രത്തി ൻെറ അഭിമാനനികേതനമായ പതാകയെപ്പററിയും കുമാരനു വേണ്ട അറിവു നൽകുന്നു. ഈ പ്രഥമപാഠ ങ്ങൾക്കുശേഷം കുമാരൻ ധർമ്മഭടനായി അഭിഷിക്ത

നാകും. തൻെറ ഗുരുഭ്രതൻേറയും, തന്നെ സ്വീകരിക്കാൻ തയാറായി അണിനിരന്നു നില്ക്കുന്ന ധമ്മഭടസംഘത്തിൻേറയും മുന്നിൽ നിന്നുകൊണ്ടു ധർമ്മഭടനാകാൻ പോകുന്ന കുമാരൻ പരിപാവനമായ മൂന്നു പ്രതിജ്ഞകഠം ചെയ്യേണ്ടതായിട്ടുണ്ടു്.

1) ദൈവത്തിനോടും, രാജാവിനോടും (രാജ്യത്തിനോടും) എനിക്കുള്ള കത്തവ്യങ്ങഠം ഞാൻ നിവ്വഹിച്ചുകൊള്ളാം.

2) എല്ലാ സമയത്തും മററുള്ളവരെ സഹായിക്കാൻ ഞാൻ അത്യദ്ധ്വാനം ചെയ്തുകൊള്ളാം.

3) സ്കൗട്ടുനിയമങ്ങളെ ഞാൻ അനുസരിച്ചുകൊള്ളാം.

എന്നു് എൻെറ മാന്യതയെ സാക്ഷിയാക്കി ഞാൻ സത്യംചെയ്യുന്നു. ഈശ്വരൻെറ നാമം ഉച്ചരിക്കുന്നതിനു വിരോധമുള്ള ബുദ്ധമതക്കാർ ഒന്നാമത്തെ പ്രതിജ്ഞയിൽ "ദൈവത്തിനോടു്" എന്നതിനു പകരം "മതത്തിനോടു്" എന്നു ചേത്തു പ്രതിജ്ഞചെയ്യാൽ മതി. മൂന്നാമത്തെ വകുപ്പിൽ ധർമ്മഭടർ അനുസരിക്കാമെന്നു പ്രതിജ്ഞചെയ്യു സ്കൗട്ടുനിയമങ്ങഠം ഇവയാണു്.

1) ധമ്മഭടൻെറ മാന്യത വിശ്വസിക്കപ്പെടേണ്ടതാണു്.

2) തൻെറ രാജാവു്, തൻെറ രാജ്യം, സംഘം ഉദ്യോഗസ്ഥന്മാർ, മാതാപിതാക്കന്മാർ, മേലധികാരികഠം, അനുയായികഠം എന്നിവരോടെല്ലാം ധർമ്മഭടനു സ്നേഹാദരങ്ങളുണ്ടായിരിക്കും.

3) അന്യൎക്കു പ്രയോജനപ്പെടുക — അന്യരെ സഹായിക്കുക — ഇതാണു് ധൎമ്മഭടന്റെ കൃത്യം.

4) ധൎമ്മഭടൻ സകലരുടേയും മിത്രവും, മററു ഏതു ധൎമ്മഭടന്റേയും— അയാളുടെ സമുദായികനില എന്തുമാകട്ടെ — സഹോദരനുമാകുന്നു.

5) ഒരു ധൎമ്മഭടൻ വിനയാന്വിതനാണു്.

6) സകല ജീവികളുടേയും മിത്രമാണു് ധൎമ്മഭടൻ.

7) മാതാപിതാക്കൾ, മാൎഗ്ഗണസംഘ (Patrol) നേതാവു്, സ്കൌട്ടുമാസ്റ്റർ എന്നിവരുടെ ആജ്ഞകളെ ധൎമ്മഭടർ യാതൊരെതിർശബ്ദവും പുറപ്പെടുവിക്കാതെ അനുസരിക്കുന്നു.

8) ഏതു വിഷമാവസ്ഥയിലും ധൎമ്മഭടൻ സുസ്മേരവദനനായിത്തന്നെ ഇരിക്കുന്നു.

9) ധൎമ്മഭടൻ മിതവ്യയം ശീലിക്കുന്നു.

10) ധൎമ്മഭടൻ മനസാവാചാകൎമ്മണാ പരിശുദ്ധനാണു്. ധൎമ്മഭടസംഘത്തിൽ ആദ്യമായി ചേരുന്ന ഒരാളുടെ സ്ഥാനം 'മൃദുപാദ'നെന്നാണു്. അവിടെനിന്നു സാമൎത്ഥ്യംകൊണ്ടും, പരിശ്രമംകൊണ്ടും ഓരോ പടികളായി ഉയരണം. പരോപകാരം ഈ ധൎമ്മഭടന്റെ അതിപ്രധാനമായ കൃത്യമാണല്ലൊ. അതിനാൽ ആ കൃത്യനിൎവ്വഹണത്തിനു വേണ്ടതെല്ലാം ധൎമ്മഭടൻ ഈ അവസരത്തിൽ അഭ്യസിക്കുന്നു. ആപത്തിൽ അകപ്പെട്ടവരെ ഇതരസഹായം വന്നുചേരുന്നതിനുമുമ്പു പരിചരിക്കുന്നതിനുവേണ്ട പ്രഥമസഹായങ്ങളും മററും മനസ്സിലാക്കുന്നതു് ഈ അവസരത്തിലാണു്. മൃദുപാദന്റെ സ്ഥാനം

കഴിഞ്ഞു അതിന്നടുത്ത പടിയിലേക്കു കടക്കുമ്പോഠം ധർമ്മഭടൻ, ശിഷ്യൻ എന്ന നിലവിട്ടു സ്വതന്ത്രനാകുന്നു. തന്നെത്താൻ പഠിക്കുക മാത്രമല്ല മററുള്ളവരെ പഠിപ്പിക്കുകയുംകൂടി അയാഠം ഇപ്പോഠം ചെയ്യേണ്ടിയിരിക്കുന്നു. ധർമ്മഭടന്മാരിൽ അന്തല്ലീനമായിരിക്കുന്ന ഭക്തിവിശേഷങ്ങളെ ഉജ്ജീവിപ്പിക്കുന്നതിന്നായി സാമർത്ഥ്യപ്രകടനങ്ങഠംക്കൊക്കെ ബഹുമതിമുദ്രകഠം നൽകാറുണ്ട്. ഓരോ യുവാവിന്നും ഓരോ കാര്യത്തിലെങ്കിലും അഭിരുചിയും സാമർത്ഥ്യവും ഉണ്ടാകാതെ വരികയില്ല. ആ സാമർത്ഥ്യവിശേഷങ്ങഠം കണ്ടുപിടിച്ച് ഉത്തേജിപ്പിക്കുന്നതിന്ന് ഈ ബഹുമതിമുദ്രകഠം വളരെ സഹായിക്കുന്നുണ്ട്. മൃദുപാദന്റെ സ്ഥാനത്തുനിന്നു രണ്ടാംക്ലാസ് ഭടനായി ഉയരുന്നു. പിന്നീടു സാമർത്ഥ്യമനുസരിച്ചു താമസമെന്യേ ഒന്നാംക്ലാസ് ധർമ്മഭടനുമായിത്തീരുന്നു. ഒന്നാംക്ലാസ് ധർമ്മഭടനാകണമെങ്കിൽ ഉപയോഗപ്രദമായ നിരവധി സംഗതികഠം അഭ്യസിച്ചിരിക്കണം. പെട്ടെന്നുണ്ടാകുന്ന ആവശ്യത്തിന്നു പ്രതിവിധിചെയ്യാൻ സാമർത്ഥ്യംവേണം. മുങ്ങിച്ചാവാൻ പോകുന്നവരെ രക്ഷിക്കാൻ ചുണവേണം; തുമ്പാകിളക്കാനും കോടാലി വെട്ടാനുമറിയണം ; ദൂരവും പൊക്കവും നിർണ്ണയിക്കാൻ കഴിയണം. ഇങ്ങിനെ പലതും സാധിച്ചാലേ ഒന്നാംക്ലാസ് ധർമ്മഭടനായി അഭിമാനിക്കാവൂ. കുറഞ്ഞപക്ഷം നാലു പരോപകാരകൃത്യങ്ങളിൽ പ്രാഗത്ഭ്യം പ്രദർശിപ്പിച്ചാൽ രാജധർമ്മഭടനാകും.

പതിനേഴൊ പതിനെട്ടൊ വയസ്സിൽ കൂടുതൽ പ്രായമുള്ളവരാണ് മൂന്നാമത്തെ വകുപ്പുകാർ. ഇവരെ

സഞ്ചാരികളെന്നാണ് വിളിക്കുന്നതു്. ലോകത്തിനു പ്രയോജനകരങ്ങളായ കൃത്യങ്ങളെ ചെയ്യാനാണ് ചെന്നായ്കുട്ടികളേയും, ധർമ്മഭടരേയും പരിശീലിപ്പിക്കുന്നതു്. ഈ പരിശീലനം ഫലപ്രദമാകുന്നതു് സഞ്ചാരികളിലാണ്. പൊതുജനാരോഗ്യരക്ഷ, ഗ്രാമഭരണം, ബാങ്കുപ്രവർത്തനം മുതലായവയാണ് സഞ്ചാരികളുടെ പ്രവർത്തനമണ്ഡലം. നാടുതോറും സഞ്ചരിച്ചു അശരണക്കും, അഗതികൾക്കും വേണ്ട സഹായങ്ങൾ ചെയ്യുകയാണ് ഇവരുടെ പ്രധാനകൃത്യം.

ധർമ്മഭടന്മാരുടെ ഏററവും ചെറിയ സംഘം ആറൊ ഏഴൊ എട്ടൊ അംഗങ്ങളടങ്ങിയ മാർഗ്ഗണസംഘം (Patrol) ആകുന്നു. ഇവരിൽ ഒരാളെത്തന്നെ ഇവരുടെ നായകനായും നിശ്ചയിക്കുന്നു. വയസ്സല്ല, സാമർത്ഥ്യമാണ് ഈ സ്ഥാനത്തിനുള്ള യോഗ്യത. സംഘത്തിലെ കഴിയുന്നിടത്തോളം കൂടുതൽ അംഗങ്ങൾക്ക് ഓരോ ചുമതലകൾ കൊടുത്തു് അവരിൽ ചുമതലബോധം ഉണ്ടാക്കുകയാണ് ഇതിൻെറ ഉദ്ദേശം. ഓരോ മാർഗ്ഗണസംഘത്തിൻേറയും പേർ, ഏതെങ്കിലും ഒരു പക്ഷിയുടേതൊ മൃഗത്തിൻേറതൊ ആയിരിക്കും. ആ പക്ഷിയുടേയൊ മൃഗത്തിൻേറയൊ ശബ്ദംപോലെ ശബ്ദിക്കാൻ ആ സംഘത്തിലെ അംഗങ്ങൾക്കൊക്കെ സാധിക്കണം. രാത്രിയിലൊ മറെറാ ഒരേ മാർഗ്ഗണസംഘത്തിലെ അംഗങ്ങൾ തമ്മിൽ ദൂരെ വച്ചുതന്നെ തിരിച്ചറിവാനുള്ള ഒരു മാർഗ്ഗമാണിതു്. തൻേറതല്ലാതെ അന്യമാർഗ്ഗണസംഘങ്ങളുടെ 'വിളി'കൾ അനുസരിക്കാൻ ആക്കും ആവശ്യമില്ല. മാർഗ്ഗണസംഘ

നേതാക്കന്മാക്കെല്ലാം ഓരോ സഹായികഠം കൂടെയുണ്ട്. ഇങ്ങിനെയുള്ള അഞ്ചോ ആറൊ മാഗ്ഗണസംഘങ്ങഠം കൂട്ടുന്നതാണ് ഒരു കുപ്പിണി (Troop). ഒരു കുപ്പിണിയുടെ നേതാവാണ് ധർമ്മഭടോപദേശകൻ (Scout Master). ധർമ്മഭടോപദേശകന്മാരുടെ മേലധികാരിയാണ് 'കമ്മീഷണർ.' ഓരോ കുപ്പിണിക്കും അതിൻെറ നാടിൻെറ പേരാണ് സാധാരണ നൽകാറുള്ളത്.

മുൻപറഞ്ഞ പ്രതിജ്ഞകഠം പാലിക്കുന്നതിനും നിയമങ്ങഠം അനുഷ്ഠിക്കുന്നതിനും ഭടരെ സഹായിക്കത്തക്കവണ്ണമാണ് അവരുടെ അഭ്യാസവിഷയങ്ങഠം ക്രമീകരിച്ചിരിക്കുന്നത്. സ്വഭാവസംസ്കരണം, കൈത്തൊഴിൽ പരിശീലനം, സമുദായസേവനം, ആരോഗ്യപരിപാലനം എന്നിവയ്ക്കാണ് അവയിൽ പ്രാമാണ്യം. അഗ്നിബാധ, ജലവിപത്ത് മുതലായവ സംഭവിക്കുമ്പോഠം ആവശ്യമായ ജീവരക്ഷോപായങ്ങഠം മനസ്സിലാക്കിയിരിക്കുക, ആത്മത്രാണത്തിനു ബദ്ധപരികരനായിരിക്കുക, പക്ഷിമൃഗാദികളുടെ സ്വഭാവവിശേഷങ്ങഠം സൂക്ഷിച്ചിരിക്കുക, ശീതോഷ്ണബാധയെന്യേ തുറന്ന സ്ഥലങ്ങളിൽ താമസിക്കാൻ കഴിയുക, രാജ്യത്തിനുവേണ്ടി എന്തുംചെയ്യാൻ സന്നദ്ധനായിരിക്കുക ഇവയ്ക്കെല്ലാംവേണ്ടി ആരോഗ്യം സമ്പാദിക്കുക എന്നിവ ധർമ്മഭടനു ഒഴിച്ചുകൂട്ടുവാൻവയ്യാത്ത സംഗതികളാണ്. 'സദാ സന്നദ്ധനായിരിക്കുക' എന്നത്രെ ധർമ്മഭടൻെറ മുദ്രാവാക്യം. 'പിന്നെയാവട്ടെ' എന്നൊരാലോചനപോലും ഒരു ധർമ്മഭടനെ ഒരിക്കലും തീണ്ടരുത്. ഏതു വിഷമാവസ്ഥയിലും 'ചന്ദ്രി

കാസുന്ദരമന്ദസ്മിത'ത്തോടെ പ്രവൃത്തിചെയ്ക എന്നതു് ധർമ്മഭടൻെറ ഒരു പ്രത്യേക സ്വഭാവമാകുന്നു. അവർ പ്രധാനമായി അദ്ധ്യയനം നടത്തുന്നതു വിശാലമായ പ്രകൃതിയിൽ നിന്നാണു്. സാധാരണ വിദ്യാലയങ്ങളിലെപ്പോലെ ചില നീണ്ട വാക്കുകഠം ഉരുക്കഴിക്കുകയും കാണാതെ പഠിക്കുകയുമല്ല അവർ ചെയ്യുന്നതു്. ആവശ്യമായ സംഗതികഠം കണ്ടും കേട്ടും തന്നെത്താനെ ചെയ്യുമാണു് അവർ അഭ്യസിക്കുന്നതു്. പ്രായോഗിക പരിപാലനമാണു് അവർക്കാവശ്യം. ധർമ്മഭടോപദേശകനൊ, മാർഗ്ഗണസംഘനേതാവൊ ധർമ്മഭടരെ പഠിപ്പിക്കാറില്ല. അവക്കാവശ്യമുള്ളതു പറഞ്ഞുകൊടുക്കുകയും, സംശയങ്ങഠം നിവാരണം ചെയ്യുകയും അവരോടൊത്തു പ്രവത്തിക്കുകയും മാത്രമാണു് ചെയ്യാറുള്ളതു്. ധർമ്മഭടരെ ഉന്തിത്തള്ളിക്കൊണ്ടു പോകാറില്ല. അവരെ നയിക്കുക മാത്രമേ ചെയ്യാറുള്ളു.

വിദ്യാഭ്യാസത്തിൻെറ ഒരു വകഭേദം തന്നെയാണിതു്. ഒരു ബാലൻേറയൊ ബാലികയുടേയൊ ഉള്ളിൽ ലീനമായിക്കിടക്കുന്ന ശക്തികഠം പുറത്തു കൊണ്ടുവന്നു് അതു ജനസാമാന്യത്തിനു് ഉപയോഗപ്രദമാക്കിത്തീക്കയാണു് ഇതിൻെറ ഉദ്ദേശം. മനുഷ്യർ സ്വാത്ഥത്തിനായിത്തന്നെ ജീവിക്കാതെ പരോപകാരതല്പരരായി ജീവിക്കുന്നതിൻെറ ഗുണഗണങ്ങളെപ്പററി അഭിപ്രായവ്യത്യാസത്തിനു വഴിയില്ലല്ലൊ. യുവജനങ്ങഠം നിസ്വാത്ഥമായി സാധുജനസംരക്ഷണം സമാരംഭിക്കുന്നപക്ഷം ലോകത്തിനുണ്ടാകുന്ന ഉൽഗതിയും ഊഹാതീതമാണു്.

ഇന്നു ഈ ഭൂമുഖത്തെ സന്തുഷ്ടിപൂൎണ്ണമാക്കുന്ന ഒരു പ്രധാനസംഗതി വൎഗ്ഗീയവാദവും ഇടുങ്ങിയ സ്വരാജ്യാഭിമാനവുമാണ്. സ്വരാജ്യവും സ്വജനങ്ങളും നന്നാകുന്നതിന്ന് ആൎക്കും ആഗ്രഹിക്കാം; ആരും ആഗ്രഹിക്കണം. എന്നാൽ അതോടുകൂടി അന്യർ നശിക്കണമെന്നാഗ്രഹിക്കുന്നതു് ഒരിക്കലും ക്ഷന്തവ്യമല്ല. ഈ ഇടുങ്ങിയ മനഃസ്ഥിതി ദൂരവൽക്കരിച്ച് വിശാലമായ ഒരു മനോഭാവം കൈക്കൊള്ളാൻ മാലോകരെ പ്രേരിപ്പിക്കാൻ ഈ പ്രസ്ഥാനം പൎയ്യാപ്തമാകുന്നപക്ഷം ഇതിൽ കൂടുതലായി ഈ പ്രസ്ഥാനം ഒന്നും ചെയ്യാനില്ല. ഇതു് ഒരു രാഷ്ട്രത്തിൻേറയൊ മതത്തിൻേറയൊ അല്ലെന്നുള്ള പൂൎണ്ണബോധത്തോടുകൂടി സാൎവ്വലൌകികമായ സാഹോദൎയ്യം പുലൎത്താൻ ഈ പ്രസ്ഥാനത്തിൻെറ പ്രണേതാക്കൾ ചെയ്യുന്ന പ്രയത്നം വിജയിക്കട്ടെ.

1. സ്കൌട്ടുപ്രസ്ഥാനത്തിന്ന് ഇത്ര മഹനീയമായ നിലയും വിലയും സിദ്ധിക്കുവാനുള്ള കാരണമെന്തെല്ലാം?

2. സ്കൌട്ടുപ്രസ്ഥാനംകൊണ്ടുളവാകാവുന്ന നന്മകളെ വിവരിക്കുക.

3. ഒരു ധൎമ്മഭടൻെറ അഭ്യാസപരിപാടിയെ ചുരുക്കത്തിൽ വിവരിക്കുക.

4. സവ്രാജ്യസമിതിയെപ്പററി അറിയാവുന്നതു് എഴുതുക.

5. താഴെ കാണുന്ന പദങ്ങളോരോന്നും ഓരോ വാക്യത്തിൽ ഉപയോഗിക്കുക:— സംയുക്തപ്രവൎത്തനശീലം, അന്തൎല്ലീനം, പ്രവൎത്തനമണ്ഡലം, ഭാസുരം, ബദ്ധപരികരത്വം, ദൈനന്ദിനം, പുരോഗമനം, വിഭിന്നവിഭാഗം.

6. തത്ഭവപദങ്ങൾ എങ്ങിനെയുണ്ടായിത്തീരുന്നു? വിവരിക്കുക.

7. താഴെ കാണുന്ന കുറിപ്പുകളെ അടിസ്ഥാനമാക്കി ഒരഗ്നിബാധയെ വർണ്ണിക്കുക:—

സാധുക്കളായ അധഃകൃതജനങ്ങൾ താമസിക്കുന്ന ഒരു സ്ഥലം; തൊട്ടുതൊട്ടു സ്ഥിതിചെയ്യുന്ന ചെറുകുടിലുകൾ; ചെറുകുട്ടികളൊഴികെ മുതിർന്നവർ എല്ലാം പണിക്കു പോയിരിക്കുന്നു; നട്ടുച്ചനേരത്തെ എരിവെയിൽ; വീടുകളിലൊന്നിനു തീ പിടിച്ചു; സാധുക്കുട്ടികളുടെ ആക്രന്ദനങ്ങൾ; തീ പടർന്നു പിടിക്കുകയായി; ഏതാനും സ്കൗട്ടുകുട്ടികൾ എത്തിച്ചേർന്നു; കത്തുന്ന പുരകളിൽനിന്നു സാധനങ്ങളേയും കുട്ടികളേയും മററു വീടുകളേയും രക്ഷപ്പെടുത്താൻ ചെയ്യു ശ്രമങ്ങൾ.

# 8. ഒരു വീരമാതാവു്.

പെരുമ്പടപ്പാഴി പടന്നിരുന്ന
പെരുമ്പടപ്പൂഴിയിൽ മുമ്പൊരിക്കൽ
കോയിക്കലുച്ചയ്ക്കമറേത്തിനായ്ച്ചെ-
ന്നിരുന്നു രാജന്യകുമാരനേകൻ.

അടക്കളെംതേടിനൊരഗ്രജക്കു
ള്ളനന്തരോദന്തമറിഞ്ഞിടാതെ
പൊന്നുണ്ണിതൻ പൂങ്കവിൾവിട്ടിരുന്നു
താരുണ്യമപ്പിച്ച ചുമപ്പുചായം.

ദുരന്തചിന്താവിഷമജ്വരത്താൽ
ദൂതൻ നൃപന്നപ്പൊളടിക്കലെത്തിൽ
കായംകുറെ കൈക്രിയകാട്ടിയാലും
പ്രാണൻ രണക്ഷോണിയിലായിരുന്നു.

മനസ്വിനീ മൌക്തികമാലയായ
മാടക്ഷമാമണ്ഡലഭാഗ്യലക്ഷ്മി
തൻതൈക്കിടാവികലണച്ചിരുന്നു
താല്പര്യവിസ്താരിതദൃഷ്ടിപാതം.

ഓടിക്കിതച്ചെത്തിന ദൂതനേക-
ന്നൊരോലയപ്പോൾത്തിരുമുമ്പിൽവച്ചു

അവൻെറകണ്ണീരിൽ നനഞ്ഞൊരക്ക-
ത്തച്ഛപ്രകാശാക്ഷരമായിരുന്നു.

ഒററക്കരം സ്വല്പമൊരന്നഗോളം ;
മറേറക്കരം മമ്മഗപത്രബാണം ;
ഇമ്മട്ടിലേന്തും പ്രഭുവിൻവയസ്സ-
ന്നേറെക്കവിഞ്ഞാൽപ്പതിനെട്ടുമാത്രം ;

സ്വദുർല്ലലാടാക്ഷരമാലതൻെറ
സൂക്ഷ്മപ്രതിച്ഛന്ദകമെന്നപോലെ
കാണായൊരപ്പത്രമെടുത്തുനോക്കി
കരഠത്തുടിപ്പേറിന കാശ്യപീന്ദ്ര.

"പകച്ചിറങ്ങിപ്പടവെട്ടിയെൻെറ
രണ്ടേട്ടരും പെട്ടരുളിക്കഴിഞ്ഞു ;
അങ്കംനടക്കുന്നു മുറയ്ക്കു,തായേ !
ഞാനെന്തുവേണ്ട,മതോതിയാലും."

എന്നോതിവീപ്പേറിയിടയ്ക്കുവാക്കു
തട്ടിത്തടഞ്ഞൊരു കഴുത്തുയത്തി
തപ്താശ്രുതങ്ങും മിഴിരണ്ടുമോമൽ
ത്തങ്കക്കുടം തായുടെനേക്കയച്ചു.

സന്ധ്യാംബരംപോലെ മകൻെറനോട്ടം
ശങ്കാതമിസ്രാങ്കമിയന്നുകാൺകെ
തണ്ടാർതളന്നാമ്പൽ വിരിഞ്ഞിടാത്ത
വാപിക്കുനേരായ് ജനനിക്കുവക്ത്രം.

ആ വീരമാതാവിനതേവരയ്ക്കു
മപത്യവാത്സല്യമനോരമങ്ങൾ
ആലോക്കിൽനേത്രങ്ങൾ പകൎന്നകാണാ-
യാക്ഷേപത്രൂക്ഷേക്ഷണദക്ഷിണങ്ങൾ.

വളഞ്ഞചില്ലിക്കൊടി ചൊവ്വിൽവച്ചും
വഹ്നിസ്ഫുലിംഗംമിഴികൊണ്ടുതിൎത്തും
മകന്റെനേൎക്കമ്മ വലിച്ചുവിട്ടാൾ
വാഗ്രൂപമായുള്ളൊരു വജ്രബാണം.

"എന്തോതിഎന്മകനേ, മരിച്ചൂ
രണ്ടേട്ടരും; ഞാനിനിയെന്തുവേണം?"
എന്നോനിനക്കമ്മയെ—യെന്നെ—നോക്കി-
ച്ചോദിക്കുവാൻതോന്നിയ ചോദ്യമിപ്പോൾ?

ആദ്യംകുലോദ്ധാരകരാകുവാൻര-
ണ്ടാണ്മക്കളുണ്ടായ്ച്ചരിതാൎത്ഥയാംഞാൻ
തദൃഷ്ടിദോഷം മറവാനൊടുക്കം
പെൺപെട്ടയെപ്പെററൊരു പൊട്ടിയായി.

കാഴ്ചയ്ക്കുതൂംപൂരുഷനെന്നുതോന്നി;
കാൎയ്യംവരുമ്പോളൊരു ഭീരുമാത്രം;
തങ്കത്തിനും പൂച്ചിനുമുള്ളഭേദം
ശാണോപലാന്ദോളനവേലകാട്ടി!

അന്തഃപുരത്തിന്നകമക്കിടാവു
കണ്ണുംനിറച്ചിന്നു കരഞ്ഞിടട്ടെ;

അല്ലാതെയെന്തെൻരസനയ്ക്കുരയ്ക്കാം ?
അവീരയാംഞാനസഹായയല്ലോ.

'ഞങ്ങൾക്കുമാനം കുലദൈവ'മെന്നു
ള്ളാദർശവാക്യം പൊരുളുള്ളതാക്കി
മാടക്ഷമാനാഥരിതേവരയ്ക്കും
വാണാർ ; അതയ്യോനിഗദോക്തിമേലിൽ !

തട്ടത്തനിൻജ്യേഷ്ഠരെ വെട്ടിവീഴ്ത്തി-
സാമൂതിരിപ്പാടടരാടിടുമ്പോൾ
കണ്ണുംമിഴിച്ചിങ്ങിനെ നില്ക്കയെന്നോ
കർത്തവ്യമൌഢ്യാന്ധരിലഗ്രഗൻനീ.

തേജോധനം ക്ഷത്രിയജന്മമാണു
ജഗത്തിൽനീയിന്നു ചരിപ്പതെങ്കിൽ
എൻപൈതലേ ! നിൻകരളിന്നിതല്ല
സന്ദേഹദോലാവിഹൃതിക്കുകാലം.

ദൂരത്തിലെങ്ങോ പടപോലു,മിങ്ങു
പൊക്കുന്നുവെള്ളക്കൊടി നിൻകപോലം !
ഇത്താളിലോ മാററലർനിൻകുലത്തിൻ
കീർത്തികൊലച്ചീട്ടുകുറിച്ചിടേണ്ടു ?

ഈ മാടരാജാന്വയ,മെൻെറകുക്ഷി,
മരിച്ചൊരേട്ടൻ്റെ സഗർഭ്യഭാവം,
നിൻജന്മ,മിച്ചൊന്നതിനൊക്കെമേന്മ-
യേകുന്നഘലണ്ടാപഥമേകമല്ലോ.

ശ്വാസംവിട്ടും ശുഷ്കശവങ്ങളെത്ര
മണ്ണോടുമണ്ണായ് മറവാന്നിടാതെ
പെററമ്മയാം പാരിനുമാലണയ്പ്പൂ
ഭൂയിഷ്ഠദുർഗ്ഗന്ധമലീമസങ്ങൾ!

അഖണ്ഡചൈതന്യജനുസ്സമൂല
മക്ഷയ്യസൽക്കീർത്തിവപുസ്സുനേടി
കാലാഞ്ജലംഘിച്ചവരേറെയില്ല
കല്യാണധാമാക്കൾ മൃകണ്ഡുപുത്രർ.

ശ്വസിച്ചുചാകുന്നതിലെത്രമെച്ചം
മരിച്ചുജീവിപ്പതു മന്നിടത്തിൽ!
അതോർത്തുനീചെയ്യുക നിൻെറധർമ്മം;
അങ്ങേപ്പുറത്തേക്കധികാരിദൈവം.

മാടക്ഷിതിദ്രൗപതിതൻപുകൾപ്പ-
ട്ടരാതിദുശ്ശാസനനാരഴിക്കും?
അസ്സ്വാദ്ധ്യ്ജിതന്നാത്തനിനാദമെത്തി
പൂർണ്ണത്രയീശശ്രുതിമണ്ഡലത്തിൽ.

ആദ്യത്തിൽനിന്ദാരസതിക്തമായ-
മനന്തരം വത്സലരുച്യമായും
തൻമാതൃവാഗാമലകീഫലത്തെ
മന്നൻെറകണ്ണും സുഖമായ്ഭുജിച്ചു.

അടിക്കലംവിട്ടെഴുനേററശീഘ്രം
കൈവരറകൂട്ടിക്കുഴകാതെമന്നൻ

തൻവാൾവലിച്ചൂരിയുലച്ചുകൊണ്ടു
സാംഗ്രാമികക്ഷോണിയിലേക്കുപാഞ്ഞു.

കണ്ണീർക്കണത്താൽ നനയാതിരുന്ന
കൈയക്കുമാരൻ രണഭൂവിലെത്തി
പ്രക്ഷാളനംചെയ്തു വിപക്ഷസേനാ
കണ്ഠസ്ഥലീഗൈരികനിർഝരത്തിൽ.

അടക്കളപ്പൊയ്കയിലുല്ലസിച്ചൊ-
രരാതിഭൂപാലയശോമൃണാളം
അന്നാൾബുഭിക്ഷുക്കുടിപെട്ടിരുന്നൊ-
രാരാജഹംസം വഴിപോലശിച്ചു.

രണാങ്കണത്തിങ്കലസുക്കളററു
വീണാൻനൃപൻ സാധിതപൂരുഷാർത്ഥൻ ;
കല്യാണമാല്യം ജയലക്ഷ്മിചാർത്തീ
വീരവ്രണംമിന്നിനതൻഗളത്തിൽ.

1. "സന്ധ്യാംബരംപോലെ മകൻെറ നോട്ടം" എന്നു തുടങ്ങുന്ന പദ്യത്തിലെ സാരസ്യവിശേഷങ്ങളെ വിശദമാക്കുക.

2. രാജകുമാരൻെറ മുഖത്തു പ്രത്യക്ഷമായ വൈവർണ്യം എന്തെല്ലാമായി സങ്കല്പിക്കപ്പെട്ടിരിക്കുന്നു ?

3. (1) സാമൂതിരി രാജാക്കന്മാരെപ്പററി നിങ്ങൾക്കെന്തറിയാം ? (2) ദൂതൻ കൊണ്ടുവന്ന ഓലക്കുറിപ്പിനെ എന്തായിട്ടാണ് സങ്കല്പിച്ചിരിക്കുന്നത്. ? (3) പൂർണ്ണത്രയീശൻ ആര് ? (4) "നിഗദോക്തിമേലിൽ" ഏതു് ? എന്തുകൊണ്ട് ?

4. രാജമാതാവിൻെറ വാക്കുകളെ രസഭംഗംവരാതെ സംഗ്രഹിച്ചെഴുതുക.

5. രൂപകസമാസത്തിന് ഈ പാഠത്തിൽനിന്നും ഏതാനും ഉദാഹരണങ്ങൾ പറയുക.

6. ഒരു സ്കൂളിൽ നടന്ന വിനോദവേഷമത്സരത്തെ സംബന്ധിച്ച ഒരു റിപ്പോർട്ടു തയ്യാറാക്കുക. ചിലരുടെ വസ്ത്രധാരണവിശേഷം, തന്മയത്വമേറിയ ഭാവം മുതലായവയെ സംബന്ധിച്ച വർണ്ണനകൾക്കു പ്രാധാന്യം നൽകിയിരിക്കണം.

7. "ശപിച്ചുചാകുന്നതിലെത്രമെച്ചം
മരിച്ചുജീവിപ്പതുമന്നിടത്തിൽ"

ഇതിനെ വിപുലനം ചെയ്യുക.

8. മാതാവിനെക്കണ്ടതിനാൽ പ്രസന്നമായ ശിശുവദനം, കോപാവിഷ്ടനായ ഒരുവൻെറ നേത്രം, സുഖദുഃഖങ്ങൾ ഇടകലർന്നു വിഷമമായ ലോകജീവിതം — ഇവയ്ക്കു ഉപമാനങ്ങൾ കണ്ടുപിടിക്കുക.

# 9. വിദ്യുദ്വാർത്താവിതരണം.

## (BROADCASTING)

അമേയമായ ശക്തി, സൌന്ദര്യം, ക്രമം, എന്നിവയുടെ ഒരു പ്രപഞ്ചനമാണു് പ്രപഞ്ചമെന്നും അതിൻെറ ഒരു പരമാണുവെപ്പററിയുള്ള ജ്ഞാനം മതി മനുഷ്യനെ വിസ്മിതനാക്കുവാനെന്നും സെർ ഒലിവർ ലോഡ്ജ് പ്രസ്താവിക്കുന്നു. അദ്ദേഹത്തിൻെറ അഭിപ്രായം എത്ര അത്ഥവത്താണു് ! നോക്കുക. വിദ്യുച്ഛക്തി പ്രകൃതിയിൽ ഗോപനം ചെയ്യപ്പെട്ടിരിക്കുന്ന അസംഖ്യം ശക്ത്യംശങ്ങളിൽ ഒന്നു മാത്രമാണല്ലോ. ഇതിൻെറ പ്രയോഗത്തിൽനിന്നുണ്ടായതാണു് കമ്പിത്തപാൽ. കമ്പിത്തപാൽ കണ്ടുപ്പോരം എത്രകണ്ടത്ഭുതാധീനരായി ! കിഞ്ചിജ്ഞരായ പലരും ആ ഏപ്പാടിനെ പിശാചകർമ്മമായിപ്പോലും വ്യാഖ്യാനിച്ചു. ഇപ്പോരം കമ്പിത്തപാലിനേയും സുകരം അതിശയിക്കുന്ന ഒരു പ്രവൃത്തിയാകുന്നു വിദ്യുദ്വാർത്താവിതരണം അഥവാ 'ബ്രോഡ്കാസ്റ്റിങ്'. ഒരു ദിക്കിൽ പ്രസിദ്ധീകൃതമാക്കുന്ന വൃത്താന്തങ്ങളും നടത്തപ്പെടുത്തുന്ന സംഗീതാലാപനങ്ങളും പ്രസംഗങ്ങളും അതേസമയംതന്നെ ലോകത്തിലെവിടെയും കേരംപ്പിക്കുവാൻ ഈ പുതിയ ഏപ്പാടിനു കഴിയും. ഇതു് അനുഭവഗോചരമായാൽ ചിലക്കൊക്കെ അത്ഭുതപൂവ്വമായ വി

സ്മയം തോന്നും നിശ്ചയം. അതുസ്സുണ്ടതിൻെറ 'മറിമായ ങ്ങൾ.' ചക്രവത്തി തിരുമനസ്സുകൊണ്ടു ചെയ്ത പാർലി മെൻറപ്രസംഗം 'ബ്രോഡ്കാസ്റ്റ്' ചെയ്യപ്പെട്ടുവെന്നുള്ള വാത്താശകലം പത്രങ്ങളിൽ വായിച്ചപ്പോൾ ഒരാൾ 'എന്തു്? ഇതൊക്കെ ഒരുതരം ചെകുത്താൻ സേവയുടെ ഫലമായിരിക്കും' എന്നഭിപ്രായപ്പെട്ടതു ഞാനിപ്പോഴും ഓക്കുന്നുണ്ടു്. വാസ്തവത്തിൽ ഈ അഭിനവവാത്താനി വേദനപദ്ധതിയും വിദ്യുച്ഛക്തിയുടെ—പ്രകൃതിനിക്ഷിപ്ത ങ്ങളായ ശക്ത്യംശങ്ങളിലൊന്നിൻെറ— പ്രവത്തനഫലം തന്നെയാണ്. സാധാരണ മനുഷ്യൻെറ ജ്ഞാനസീമ കൾ ഉല്ലംഘിച്ചുള്ള പ്രവത്തനങ്ങൾ അവനെ ദശ്നമാത്ര യിൽ അമ്പരപ്പിക്കുന്നു എന്നേയുള്ളു.

ഒരുവൻെറ സംസാരം മററൊരുവൻെറ കണ്ണങ്ങളി ലെത്തുന്നതു ശബ്ദവീചികൾ (Sound Waves) വഴിയ്ക്കാണ്. ശബ്ദവീചികൾ വായുവിലൂടെ ഒരു സെക്കണ്ടിൽ 350 ൽ പരം വാര ദൂരെ സഞ്ചരിക്കുന്നു. എന്നാൽ അവക്കും യാത്രാക്ലേശമെന്നൊന്നുണ്ടു്. കുറെ ദൂരം മേല്പറഞ്ഞ വേഗ ത്തിൽ യാത്രചെയ്താൽ പിന്നെ അവ ക്ഷീണിച്ച പ്രയാ ണക്ഷമങ്ങളല്ലാതായിത്തീരും. അതുകൊണ്ടു് ആ അതിത്തി ക്കപ്പുറം സ്ഥിതിചെയ്യുന്നവർക്കു നല്ല സംസാരം ശ്രവി ക്കുവാൻ നിവത്തിയില്ല. ശബ്ദവീചികളുടെ ഈ ശക്തി ക്ഷയംനിമിത്തമുണ്ടാകുന്ന ഞെരുക്കം പരിഹരിപ്പാൻ പയ്യാപ്തമായ ഒരു വിദ്യയുണ്ടു്. അതു സ്വരതരംഗങ്ങളെ ഒരുതരം വിദ്യുദ്വീചികളാക്കി രൂപാന്തരപ്പെടുത്തുകതന്നെ യാണ്. വിദ്യുത്തരംഗങ്ങൾക്കു അതീവത്വരിതഗമന

ത്തിനുള്ള സാമത്ഥ്യമുണ്ട്. അവ ഒരു സെക്കണ്ടിൽ 186000 നാഴിക ദൂരം പോകുമത്രെ. സ്വരതരംഗങ്ങളുടെ ഗതിവേഗവും അതും തമ്മിലുള്ള വ്യത്യാസം ചില്ലറയാണൊ? അതിനു പുറമെ അവയ്ക്കു (വിദ്യുത്തരംഗങ്ങൾക്കു) വായുമണ്ഡലമെന്നല്ല കരുത്തേറിയ കോട്ടകളും അംബരചുംബികളായ വൃക്ഷങ്ങളാൽ പരികീണ്ണമായ വനാന്തരങ്ങളും ഭീമശൈലങ്ങളും ഭേദിച്ചു എവിടേയ്ക്കും പാഞ്ഞെത്തുവാനുള്ള വൈദഗ്ദ്ധ്യംകൂടിയുണ്ട്. അതിനാൽ ഈ വിദ്യുത്തരംഗവാഹനങ്ങൾ വഴിയായി ശബ്ദവീചികൾക്കു ഭൂമുഖത്തെവിടേയും എളുപ്പത്തിലെത്തിച്ചേരാം. ഇതാണ് ബ്രോഡ്കാസ്റ്റിംഗിൻെറ ആദിമതത്വം. വിദ്യുദ്വീചികൾക്ക് ഒരേ സമയത്തു നാനാഭാഗങ്ങളിലേക്കും യാത്രചെയ്യാൻ കഴിയും. ഒരു ജലശേഖരത്തിൽ ഒരു കല്ലെടുത്തെറിഞ്ഞു എന്നു സങ്കല്പിക്കുക. ഉടനെ എന്തുണ്ടാകുന്നു? വൃത്താകാരത്തിൽ ജലതരംഗങ്ങൾ ഉണ്ടായി ഒന്നിനു പിമ്പിൽ മററൊന്നായി കാണപ്പെടുന്നു. ശിലാഖണ്ഡത്തിൻെറ നിപാതത്താൽ ജലത്തിനുണ്ടാകുന്ന അനുഭവം നാനാഭാഗത്തേയ്ക്കും സംവഹിക്കപ്പെടുന്നു. ഇതാണ് വിദ്യുത്തരംഗങ്ങളുടേയും പ്രയാണസ്വഭാവം.

ശബ്ദതരംഗങ്ങൾ ഗ്രഹിക്കുവാൻ നമ്മുടെ ശ്രോത്രേന്ദ്രിയങ്ങൾ മതിയല്ലൊ. എത്ര ഗംഭീരാശയസമൃദ്ധവും കഠിനപദനിബദ്ധവുമായ പ്രസംഗമായിക്കൊള്ളട്ടെ ഇതിൽനിന്നു നിഗ്ഗമിക്കുന്ന സ്വനകല്ലോലങ്ങൾ നമ്മുടെ കണ്ണരന്ധ്രങ്ങളിൽ ചെന്നു കയറിക്കൊള്ളും. അത്ഥഗ്രഹണത്തിൽമാത്രമേ നമുക്കല്പം വൈഷമ്യം നേരിടുന്നുള്ളു.

വിദ്യുത്തരംഗങ്ങളുടെ സ്വഭാവം ഇതിനു വിപരീതമാണ്. അന്തരീക്ഷത്തിൽ അവ സന്നിഹിതങ്ങളാണൊ അല്ലയൊ എന്നു വ്യവച്ഛേദിക്കുവാൻതന്നെ മനുഷ്യകൎണ്ണങ്ങൾക്കു ശക്തിയില്ല. ആ പ്രവൃത്തി നിൎണ്ണയിക്കുവാൻ ഒരു വിശേഷയന്ത്രത്തിൻെറ സഹായം കൂടിയേ കഴിയൂ.

മുകളിലെഴുതപ്പെട്ട ഖണ്ഡികകളിൽനിന്നു വിദ്യുദ്ഭാഷാവിതരണം സാധിക്കുന്നതിനു കാരണഭൂതങ്ങളായ തത്വങ്ങൾ വെളിപ്പെട്ടിരിക്കുമല്ലൊ. ആ പ്രസ്ഥാനത്തിന്നാവശ്യമായ ഉപകരണങ്ങളെ സംബന്ധിച്ചാവാം ഉപരിവിചയനം. ബ്രോഡ്കാസ്റ്റിംഗേപ്പാടിലെ സൎവ്വപ്രധാനമായ ഉപകരണം ശബ്ദതരംഗങ്ങളെ വിദ്യുത്തരംഗങ്ങളാക്കി പകൎത്തിവിടുന്നതിനുള്ള യന്ത്രമാണ്. ഇംഗ്ലീഷിൽ അതിനു ട്രാൻസ്മീററർ (Transmitter) എന്നു പറയും. വേണമെങ്കിൽ മലയാളത്തിൽ അതിനു 'തരംഗവിസൎജ്ജിനി' എന്നു പേർ കൊടുക്കാം. തരംഗവിസൎജ്ജിനിയിൽ ഏകദേശം അൎദ്ധമദ്ദളാകൃതിയിലുള്ള ഒരു കുഴലും ഒരു വിദ്യുൽസ്രോതസ്സും (a source of Electricity) ഉണ്ടാകും. കുഴലിൻെറ പ്രവൃത്തി ശബ്ദാദാനമാണ്. തൻെറ മുമ്പിൽവച്ചു പ്രസംഗങ്ങളൊ സംഗീതാലാപനങ്ങളൊ നടത്തപ്പെട്ടാൽ അവയിൽനിന്നും പുറപ്പെടുന്ന ശബ്ദവീചികളെ എല്ലാം പിടിച്ചു 'ബന്തവസ്സിൽ' വയ്ക്കുന്നതിനുവേണ്ട അധികാരവും, സാമൎത്ഥ്യവും കുഴലിനുണ്ട്. 'അങ്ങിനെ കുഴൽക്കീഴിൽ' പെടുന്ന ശബ്ദകല്ലോലങ്ങൾ വിദ്യുൽസ്രവണത്തിൻെറ സഹായത്താൽ

വിദ്യുത്തരംഗങ്ങളായി മാറുന്നു. ഈ വിദ്യുദവീചികൾക്കു അനന്തരനിമിഷത്തിൽ ഒരു കമ്പിയിലൂടെ പ്രയാണം ചെയ്തു മറെറാരു ലഘുയന്ത്രത്തിൽ പ്രവേശിക്കേണ്ടതുണ്ട്. ഒന്നൊ ഒന്നിലധികമൊ കമ്പിക്കഷണങ്ങൾ തമ്മിൽ കൂട്ടിയിണക്കി ഉണ്ടാക്കാവുന്നതാണ് പ്രസ്തുത യന്ത്രം. അതിൻെറ കത്തവ്യം, തന്നിൽ വന്നഭയം പ്രാപിക്കുന്ന ശബ്ദവാഹികളായ വിദ്യുത്തരംഗങ്ങളെ സവ്വഭാഗങ്ങളിലേക്കുമായി പ്രേഷണം ചെയ്യുകയാകുന്നു.

ഒരു ദിക്കിൽനിന്നു ഉൽസജ്ജനം ചെയ്യപ്പെടുന്ന വിദ്യുത്തരംഗങ്ങളെ മറെറാരു ദിക്കിൽ സ്വീകരിച്ചാദരിക്കണമെങ്കിൽ മറെറാരു വിശേഷയന്ത്രം കൂടിയേ കഴിയൂ എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ആ യന്ത്രത്തിലുമുണ്ട് രണ്ടു വിഭിന്നസാമഗ്രികൾ. ഒന്നു വിദ്യുത്തരംഗഗ്രാഹി, മറെറാന്ന് ആ തരംഗങ്ങളെ ശബ്ദവീചികളാക്കി രൂപാന്തരപ്പെടുത്തുവാനുള്ള ഉപകരണം. ഒരു ദൂരശ്രവണയന്ത്രം (Telephone) ആ യന്ത്രത്തോടു ഘടിപ്പിച്ചാൽ ശബ്ദപരമ്പരകൾ നമ്മുടെ കണ്ണേന്ദ്രിയങ്ങൾക്കു ഗോചരീഭവിക്കുകയായി.

വിദ്യുത്തരംഗങ്ങളുടെ 'തരംഗവ്യാസ'ത്തെപ്പററി (Wave-length) ഈ ഘട്ടത്തിൽ അല്പം പറയേണ്ടതുണ്ട്. തരംഗവ്യാസത്തിന് ഏററക്കുറച്ചിലുണ്ടാകുക സാധാരണയാണ്. ഒരു ദിക്കിൽനിന്നു വിസജ്ജനം ചെയ്യുന്ന വിദ്യുത്തരംഗങ്ങളുടെ വ്യാസമായിരിക്കയില്ല മറെറാരു ദിക്കിൽനിന്നു പുറപ്പെടുന്നവയുടെ വ്യാസം. അതുകൊണ്ടു തരംഗസ്വീകരണത്തിനു നിയുക്തമാകുന്ന യന്ത്രം

വ്യാസവിപൎയ്യയങ്ങഠം അറിഞ്ഞനുവൎത്തിക്കുവാൻ പൎയ്യാപ്തമായിരിക്കണം. അതിഥികളുടെ 'മാററം മാനവും' അനുസരിച്ചായിരിക്കണമല്ലൊ സൽകാരകൻെറ പെരുമാററങ്ങഠം. ഇപ്പോഠം നടപ്പിൽ വന്നിരിക്കുന്ന തരംഗവാഹീയന്ത്രങ്ങളുടെ നിൎമ്മാണം ഈ തത്വം അടിസ്ഥാനപ്പെടുത്തിത്തന്നെയാണു്. അങ്ങിനെയല്ലെങ്കിൽ, പല വ്യാപൃതിസീമകളോടുകൂടി പല ദിക്കിൽനിന്നു വരുന്ന വിദ്യുത്തരംഗപരമ്പരകളെ നമുക്കു വേണ്ടവിധത്തിൽ തിരഞ്ഞെടുത്തുപയോഗിക്കാൻ കഴികയില്ല.

അദ്യതനലോകത്തിൽ ഏററവും ഫലപ്രദവും സൌകൎയ്യപ്രദവുമായി കാണപ്പെടുന്ന തരംഗസ്വീകരണോപകരണം ഏകദേശം വിദ്യുദ്ദീപത്തിൻേറതുപോലെയുള്ള ഒരു സ്ഫടികബുൽബുദമാണു് (Bulb). ശാസ്ത്രദൃഷ്ട്യാ ശൂന്യശൂന്യമായ അതിന്നുള്ളിൽ 'ടംഗ്സ്റ്റൺ' (Tungsten) കൊണ്ടുള്ള ഒരു നേരിയ കമ്പിയും അതിനെ ആവരണംചെയ്യുന്ന ഒരു കമ്പിച്ചുരുളും ഒരു ഫലകഖണ്ഡവും ഉണ്ടായിരിക്കും. സ്ഫടികബുൽബുദത്തോടു ഒരു വിദ്യുൽസ്രോതസ്സ് സംഘടിതമായിരിക്കയും ചെയ്യും. പ്രയാണമദ്ധ്യേ ആകൎഷിക്കപ്പെടുന്ന വിദ്യുദ്വീചികഠം ആ ബുൽബുദത്തിന്നുള്ളിൽ പ്രവേശിക്കുമ്പോഠം ശബ്ദതരംഗങ്ങളായി മാറും. ഒരു ടെലിഫോൺ വെച്ചാൽ മതി അവ നമുക്കു കൎണ്ണഗോചരമാകുവാൻ.

തരംഗഗ്രഹണത്തിനുള്ള യന്ത്രം പലമാതിരിയിലുണ്ടു്. വേണമെങ്കിൽ കോട്ടിൻകീശയിൽ നിക്ഷേപിക്കപ്പെടാവുന്ന വലുപ്പത്തിൽ അതു നിൎമ്മിക്കാം. ആവ

ശ്യമുള്ളപ്പോഠം അതെടുത്തുപയോഗിച്ചാൽ ദൂരസ്ഥലങ്ങളിൽ നടക്കുന്ന പ്രസംഗങ്ങളും ഗാനാലാപങ്ങളും നമുക്കു നിഷ്പ്രയാസം ശ്രവിക്കാം. നമ്മിൽ പലരും മോതിരവാച്ചു (Ring watches) കളെപ്പററി കേട്ടിരിക്കുമല്ലൊ. ഈയിടെ തരംഗഗ്രാഹിയന്ത്രവും സ്ഥാപിക്കപ്പെട്ടിട്ടുള്ള മോതിരങ്ങഠംപോലും പ്രചരിച്ചു തുടങ്ങിയിട്ടുണ്ട്.

യൂറോപ്പിൽ ബ്രോഡ്കാസ്റ്റിംഗിനു വന്നുകൂടിയിട്ടുള്ള പ്രചാരം അസാമാന്യമാണ്. മികച്ച കമ്പനിക്കാർ വലിയ പ്രതിഫലംനൽകി പ്രസിദ്ധന്മാരായ ഗായകന്മാർ, പ്രാസംഗികന്മാർ മുതലായവരെക്കൊണ്ടു സംഗീതലാപങ്ങളും പ്രസംഗങ്ങളും നടത്തിച്ച് അവയെല്ലാം ബ്രോഡ്കാസ്റ്റ് ചെയ്യുവരുന്നുണ്ട്. യൂറോപ്പിൻെറ ഇതരഭാഗങ്ങളിലും അമേരിക്കയിലും മററും ആ കമ്പനിക്കാർ സ്ഥാപിച്ചിട്ടുള്ള തരംഗഗ്രാഹികഠം മുഖേന ആ പ്രസംഗങ്ങളും പാട്ടുകളും നിശ്ചിതഫീസ് കൊടുത്താൽ ആക്കും ശ്രവിക്കാം. ഈ പുതിയ ഏപ്പ്ാടു സിനിമയും നാടകവുംപോലെ പല വമ്പിച്ച കമ്പനികളുടേയും ധനാഗമമാർഗ്ഗങ്ങളിൽ ഒന്നായിത്തീന്നിട്ടുണ്ട്. ഈ കമ്പനിക്കു ഒരു 'വ്യാസ'ത്തിൽ മാത്രമേ വിദ്യുത്തരംഗങ്ങഠം അയക്കുവാൻ പാടുള്ളു. അതിനു പോസ്റ്റൽ ഡിപ്പാർട്ടുമെൻറകാർ പ്രത്യേകം നിയമങ്ങഠം നിമ്മിച്ചിട്ടുണ്ട്. കാലാന്തരത്തിൽ വിദ്യുദപാത്താവിതരണത്തിനുള്ള ചിലവു് ഇപ്പോഴുള്ളതിൽനിന്നു വളരെ കുറഞ്ഞുപോയേക്കും. അന്നു നമ്മുടെ നാടൻസിനിമക്കാരും ബ്രോഡ്കാസ്റ്റിംഗുകാരായി രൂപാന്തരപ്പെടുകയില്ലെന്നു വരുമോ ?

ഇത്ര പ്രതീക്ഷാപൂൎണ്ണമായ ഈ നൂതനവിദ്യയുടെ ജനയിതാവാരാണെന്നറിവാൻ വായനക്കാൎക്ക ആഗ്രഹമുണ്ടായിരിക്കും. എന്നാൽ ആ പ്രശ്നത്തിനു ഒററ വാക്കിൽ ഉത്തരം പറയുക സാദ്ധ്യമല്ല. വിദ്യുദ്വാൎത്താവിതരണത്തിന്റെ വിജയത്തിനുവേണ്ടി പല ശാസ്ത്രജ്ഞന്മാരും പല കാലങ്ങളായി പരിശ്രമിച്ചിട്ടുണ്ട്. അവരെല്ലാവരുംതന്നെ തജ്ജനയിതാക്കളായി ഗണിക്കപ്പെടണം. ഇററാലിയൻ ശാസ്ത്രകാരന്മാരിൽ ഒരുവനായ മാൎക്കണി (Marconi) യാണ് പൂൎവ്വസൂരികളുടെ നിദേശങ്ങളനുസരിച്ച് ഒടുവിൽ വാൎത്താവിതരണം നിൎവ്വഹിച്ചത്. പക്ഷെ അതുകൊണ്ടു അദ്ദേഹമാണ പ്രസ്തുത വിദ്യയുടെ സാക്ഷാദവതാരകനെന്നു വിചാരിക്കുക വയ്യ.

1. ബ്രോഡ്കാസ്റ്റ് ചെയ്യുന്ന വിധം, ശബ്ദഗതി — എന്നിവയെ വെവ്വേറെ വിവരിക്കുക.

2. കമ്പിത്തപാലിനും, വിദ്യുദ്വാൎത്താവിതരണത്തിനും തമ്മിലുള്ള വ്യത്യാസങ്ങളെ വിശദമാക്കുക.

3 (1) ബ്രോഡ്കാസ്റ്റിങ്ങിന് എന്തെല്ലാം യന്ത്രോപകരണങ്ങൾ ആവശ്യമാകുന്നു? (2) പോസ്റ്റാഫീസുകാർ വിദ്യുദ്വാൎത്താവിതരണമേൎപ്പാടിനെ നിയന്ത്രിക്കുന്നതെന്തുകൊണ്ട്? (3) മാൎക്കോണിയെപ്പററി എന്തറിയാം? (4) വിദ്യുദ്വീചികൾ, സ്ഫടികബുൽബ്ബദങ്ങൾ എന്നിവ എന്ത്?

4. ടോക്കി സിനിമയുടെ മേന്മയെ, ആ ഏൎപ്പാടിനെപ്പററ ഒരാൾ പറയുന്നതായി ചില കുററങ്ങൾ സങ്കല്പിച്ച്, അതിനു സമാധാനം പറയുന്ന രീതിയിൽ വിവരിക്കുക.

5. തിരമാലയുടെ പൎയ്യായങ്ങളേതെല്ലാം? ഓരോന്നും ഓരോ വാക്യത്തിൽ ഉപയോഗിക്കുക.

6. തത്സമപദങ്ങൾ ഭാഷയിൽ എത്രത്തോളം സ്വീകാൎയ്യമാണ്? നിരൂപണം ചെയ്യുക.

7. കീഴ്വരയിട്ട പദങ്ങളിലെ ദോഷമെന്തെന്നു കാണിച്ചു തിരുത്തുക:— (1) അവനു ഓൎമ്മതയോ, ബുദ്ധികൂൎമ്മതയോ ഇല്ല. (2) ഇത്തരം സഭകൾ ഐക്യതയെ വളൎത്തുകതന്നെ ചെയ്യും. (3) ദരിദ്ര്യത നരകത്തിന്റെ പൎയ്യായമാണെന്നു ചിലർ പറയുന്നു. (4) എല്ലാ ദാരിദ്ര്യന്മാരും യാചകരായി എന്നു വരുന്നതല്ല. (5) അസത്യം പറയുന്നതു് ആത്മാഭിമാനമില്ലായ്മയുടെ ലക്ഷണവും അപമാനക്കേടുമാണ്.

# 10. തിരുനാവ.

ഈമണൽത്തിട്ടിൽച്ചവിട്ടുന്നതിൻമുൻപു
നാമതിന്നൊന്നുനമോവാകമോതുക.
പോരാളുമീനിലം പണ്ടുകണ്ടിട്ടുള്ള
പേരാർവിചാരമന്ദീകൃതോത്സാഹയായ്
സഞ്ചരിച്ചീടുന്നു നാനാവികാരങ്ങൾ
നെഞ്ചകത്തോരോ തിരയിളക്കീടവേ,
കാലംജയിപ്പൂദുർവ്വാരംയദീയേന്ദ്ര
ജാലംനിമേഷനേരത്താൽ നിരങ്കുശം
ഏതത്ഭുതക്രിയചെയ്യീല ? വന്മരു
ഭൂതലംകാണാമമരാവതിയായി ;
ചെററുകഴിഞ്ഞാലമരാവതിയേയും
മാററംമരുവായ് വിചിത്രക്രിയാപടു !
ആമഹാശക്തിതൻ പാദപാതത്തിനാൽ
ശ്രീമദുന്നമ്രസാമ്രാജ്യമകുടികൾ
വൃക്ഷഫലങ്ങൾപോലെത്ര കൊഴിഞ്ഞതി
ല്ലക്ഷയമെന്നുമെന്നോർത്തു പുളച്ചവെ ?
നാലഞ്ചുയന്ത്രങ്ങൾ കണ്ടുപിടിയ്ക്കുക
യാലടിപെട്ടുപോയ് കാലമെന്നിങ്ങനെ
നാമഭിമാനിപ്പൂ ; രണ്ടടിനീന്തിയാൽ
ഭീമസമുദ്രംകടന്നെന്നു നാട്യമായ് !

ഏതിപ്രദേശമെന്നോ ഹാ ! മലയാള
ഭൂതിലകായിതയാം തിരുനാവയെ
മാമാങ്കനന്ദിതാശേഷഭുവനയെ
സീമാതിരിക്താപദാനസമൂഹയെ
നാമറിയാതായ ജയ്യകാലപ്രഭു
നാമാവശേഷിത സർവ്വമാഹാത്മ്യയെ
ഹീരപ്പതക്കം ധരണിക്കു ; രകല്ലു
വീരരത്നങ്ങൾക്കു ; ചന്ദ്രികകണ്ണിനു.
കോമളക്ഷൌമവിരിപ്പു ചെന്താമര
ത്താർമകൾക്കന്നു നടനത്തിനീനിലം ;
സ്ഥാരീഭവൽപ്പുരുവാണിജ്യലക്ഷ്മിയായ്
ദൂരികൃതാപരദേശാഭിമാനയായ്
വീരലക്ഷ്മിക്കുവളർത്തമ്മയായ്, കീർത്തി
ഭാരംപരത്തിജ്ജയിച്ചപണ്ടീസ്ഥലി.
മാനത്തുമിന്നലിളകെപ്പുരാതന
വാൾത്തിളക്കത്തെയോപ്പതില്ലല്ലിനീ ?
കല്ലോലജാലംമറക്കാതെ പണ്ടത്തെ
മല്ലോഗ്രയുദ്ധമനുകരിക്കുന്നിതോ ?
കുന്നലക്കോനുനിലപാടുനില്ക്കലാ
മുന്നതസ്ഥാനമധീനമാക്കീടുവാൻ
ഓരോമുറിവും സ്വയംസ്വാമിഭക്തിയെ
നേരോടൊഴുക്കവേയേകയുവഭടൻ
ഭീകരഗാത്രവസേനയെ വാഴപോ-
ലാകവേവെട്ടിക്കടന്ന പഴങ്കഥ
ഈ മണൽത്തട്ടിലുള്ളോരോ തരിയേയും

കോൾമയിർക്കൊള്ളിപ്പതുണ്ടായിരിക്കണം.
സ്വാതന്ത്ര്യശീതളച്ഛായയിൽക്കേരള
മാത,ന്യനാടിന്നസൂയയായ് വാഴവേ
ഓമൽപ്രജാധിപത്യച്ഛത്രപൈതലി
ന്നീമണൽതിട്ട കളിക്കൊട്ടിലായ് ചിരം
വീരരക്തത്തിനാൽ കുങ്കുമംതൊട്ടണി
ക്ഷീരഗൌരപ്രഭാഭാരദുകൂലയായ്
സാരമാം ലോകപ്രശംസയാൽ നിർമ്മല
ഹാരമണഞ്ഞനുരാഗതരളയായ്
ഈ രമണീയമഞ്ചത്തിലെത്തിഗ്ഗുണോ
ദാരയാം ഭാർഗ്ഗവരാമകുമാരിക
ഭാരതം മോദത്തിരയാലിളകവേ
സ്വൈരംപെരുമാളെ വേൾക്കും മഹോത്സവം
പാരംതിരക്കിയിരുന്നുകണ്ടു വെള്ളി
നീരദ വ്യോമയാനങ്ങളിൽദ്ദേവിമാർ
കാലച്ചിറകിന്നടിയിൽപ്പറന്നിതാ
ശ്രീലസ്ഥിതിപര ; മൈശ്വര്യമസ്ഥിരം.

1. A. സങ്കീർണ്ണവാക്യമായും, മഹാവാക്യമായും മാറ്റുക:—
"അസത്യപ്രസ്താവന നിന്റെ മരണത്തിനു ഹേതുവാകും."

B. ചൂർണ്ണികയും സങ്കീർണ്ണകവുമാക്കുക:—
"അവനു സുഖമുണ്ടായിരുന്നില്ല; അതുകൊണ്ടവൻ വന്നില്ല."

C. മഹാവാക്യവും ചൂർണ്ണികയുമാക്കുക:—
"അദ്ദേഹം വന്നപ്പോൾ എല്ലാവരും നിശ്ശബ്ദരായി."

D. മഹാവാക്യമാക്കുക:—
"സുമന്ത്രർ തേർ തയ്യാറാക്കി നിറുത്തിയ ഉടനെ രാമാദികൾ ഗുരുജനങ്ങളെ നമസ്കരിച്ചുകൊണ്ടു രഥത്തിലേറിയ

പ്പോഠം, പ്രജാവലിയിൽനിന്നുമുയന്ന വിലാപസ്വരത്താൽ അവിടം മുഖരിതമായി.''

2. കേരളത്തിലുണ്ടായിരുന്ന പ്രജാധിപത്യഭരണസമ്പ്രദായത്തെ വിവരിക്കുക.

3. ''ഭാഗ്യവരാമകുമാരിക'' എന്നതിനാൽ സൂചിതമായ ഐതിഹ്യത്തെ ചുരുക്കിയെഴുതുക.

4. 1. തിരുനാവയെ കവി എങ്ങിനെയെല്ലാം ഉല്ലേഖനം ചെയ്യുന്നു? 2. പേരാർ ഉന്മേഷരഹിതയായി കാണപ്പെട്ടന്നതെന്തുകൊണ്ടെന്നാണ് കവി പറയുന്നതു്? 3. കാലം ഏതെല്ലാംതരത്തിലുള്ള മാററങ്ങഠം വരുത്താം? 4. തിരുനാവ എവിടെയാണ്? അതിൻെറ പ്രസിദ്ധിക്കുണ്ടായ കാരണങ്ങളെ വിവരിക്കുക.

# 11. രോഷാകുലനായ കലാവിദഗ്ദ്ധൻ.

സുകുമാരകലകളിൽ പ്രതിപത്തിയുള്ളവരെ ആനന്ദപരവശരാക്കുന്ന വിശിഷ്ട കലാവസ്തുക്കൾ വളരെ ചുരുക്കമാണ്. ഇവയിൽ പുരാതന ഗ്രീസിലെ വാസനാപടുക്കളായ പ്രതിമാനിർമ്മാതാക്കളുടെ കൃതികളെപ്പോലെ പ്രാധാന്യമുള്ളവ വേറെ അധികം കാണുകയില്ല. ഗ്രീസിലെ മാർബിൾസൃഷ്ടികൾ കഴിഞ്ഞാൽ കലാലോകത്തിനു ലഭിച്ചിട്ടുള്ള പ്രതിമകളിൽ ശ്രേഷ്ഠസ്ഥാനം വഹിക്കുന്നതു മൈക്കൾ ആഞ്ചലോയുടെ ക്രിയാപരിചയത്തേയും വാസനാബലത്തേയും തികച്ചും പ്രത്യക്ഷമാക്കുന്ന ഒരു മനോഹരബിംബസമൂഹമാണ്. ലോകപരിത്രാതാവായ യേശുക്രിസ്തുവിൻെറ ദിവ്യശരീരം ക്രൂശിൽ നിന്നിറക്കുന്നതിനെ ലക്ഷ്യമാക്കി നിർമ്മിച്ചിട്ടുള്ള ഈ മനോഹരവിഗ്രഹം അതിൻെറ പരിപൂർണ്ണതയിൽ ലോകസമക്ഷം പ്രത്യക്ഷപ്പെട്ടില്ലെന്നുള്ളതു് എത്ര സങ്കടകരമായിരിക്കുന്നു. എങ്കിലും ഫ്ലോറൻസ് നഗരത്തിലെ ഒരു ദേവാലയത്തിനുള്ളിൽ സ്ഥാപിച്ചിട്ടുള്ള ഈ പ്രതിമ കലാപരിപൂർണ്ണതയുടെ സങ്കേതമെന്നപോലെ തൽകർത്താവിൻെറ

ഉത്തമാദർശങ്ങളുടേയും, ആദർശങ്ങൾ കരഗതമാകാഞ്ഞതിനാലുണ്ടായ ഭയങ്കര നൈരാശ്യത്തിന്റേയും അക്ഷയമായ ചരിത്രരേഖകൂടിയാണ്.

അഗാധവും വിശാലവുമായ സമുദ്രത്തെ പ്രഥമതോ വീക്ഷിക്കുന്ന ഒരുവനുണ്ടാകാവുന്ന അപരിജ്ഞേയമനോവിഭ്രാന്തിപോലെ മഹനീയമായ ഒരു ചിത്രത്തിന്റെ ആദ്യദർശനത്തിൽ, അല്ലെങ്കിൽ ഹൃദയസ്പൃക്കായ ഒരു രാഗാലാപത്തിന്റെ പ്രഥമശ്രവണത്തിൽ സൌന്ദര്യമർമ്മജ്ഞരായ കലാപ്രിയന്മാൎക്കു സംഭ്രമജനകമായ ഹൃദയസ്പന്ദനം ഉളവാകുമെന്നുള്ളതു നിസ്സംശയമാണ്. ശ്രീയേശുവിന്റെ അത്യുൽക്കടമായ കഷ്ടാനുഭവവും, സന്താപവും, വേദനയും പ്രസ്ഫുടമാക്കുന്ന പല്ലവകോമളമായ ഒരു ശിലാരൂപവും അതേവിധം സ്തോഭജനകമായ ഒന്നുതന്നെ. അതിന്റെ മുമ്പിൽ നിന്നുകൊണ്ട് അനേകം പ്രസിദ്ധകലാവിദഗ്ദ്ധന്മാർ തങ്ങൾ നിർമ്മിച്ചിട്ടുള്ള പ്രതിമാകീടങ്ങളെപ്പററി ചിന്തിച്ചു ലജ്ജിതരായി തലതാഴ്ത്തിപ്പോയിരിക്കുന്നു.

പ്രശസ്തമായ ഈ ശിലാബിംബത്തിന്റെ നിർമ്മാണകാലാരംഭത്തിൽത്തന്നെ ഏതൽകർത്താവു് വാൎദ്ധക്യദശ പ്രാപിച്ചിരുന്നു. ചിത്രങ്ങളായും പ്രതിമകളായും നിരവധി ശില്പസന്താനങ്ങളെ അദ്ദേഹം ലോകത്തിനു സംഭാവന ചെയ്തിരുന്നു. അവയിൽ ഒടുവിൽ പൂൎത്തിയാക്കിയവയെല്ലാം ഭാവനാശക്തിയിലും കർമ്മകൌശല്യത്തിലും പൂൎവ്വസൃഷ്ടികളെ യഥാക്രമം അതിശയിക്കുന്നവയാണ്. പ്രതിഭയുടെ നിരങ്കുശമായ പ്രസ്ഫുരണത്താൽ നിർദ്ദേശിക്ക

പ്പെട്ടന്നവയെല്ലാം യഥാവിധി പ്രവൎത്തിരൂപത്തിൽ പകൎത്തുന്നതിനു വാൎദ്ധക്യകാലത്തുപോലും അദ്ദേഹത്തിൻെറ കരനേത്രങ്ങൾ ചെയ്യ സ്തുത്യൎഹമായ ശ്രമങ്ങൾ എപ്പോഴും സഫലമായിട്ടേ പരിണമിച്ചിട്ടുള്ളു. എങ്കിലും അത്യുജ്ജ്വലമായ മാനസികശക്തി ക്രമേണ ശാരീരികക്ലേശങ്ങൾക്കധീനമായി തൻെറ കൃതികളിലെ നിസൎഗ്ഗസൌന്ദൎയ്യത്തെ മ്ലാനമാക്കുന്നതുപോലെ അദ്ദേഹത്തിനു തോന്നിത്തുടങ്ങി. അപ്പോൾ തൻെറ ചരമകാലം സമാഗതമായെന്നു ബോധമാകയാൽ ജീവിതകാലസ്മരണയെ നിലനിൎത്തുന്നതിനുതകുന്ന ഒരു മഹായത്നം സമ്പൂൎണ്ണശില്പചാതുരിയോടുകൂടി അദ്ദേഹം ആരംഭിച്ചു. വെണ്മയും തിളക്കവും ചേൎന്ന മാർബിൾശിലകൾ തിരഞ്ഞെടുത്തു് ആ വാൎദ്ധക്യദാസൻ യൌവ്വനപ്രഭാവത്തോടെ പ്രവൎത്തിയ്ക്കൊരുങ്ങി. ശിഷ്ടായുസ്സിൻെറ ഹ്രസ്വതയെക്കുറിച്ചുള്ള ഭയം അവിശ്രാന്തപരിശ്രമത്തിനു് അദ്ദേഹത്തെ പ്രേരിപ്പിച്ചു. രാത്രിസമയത്തിൽപോലും ഉറക്കമിളച്ചു ദീപപ്രകാശത്തിൻെറ സഹായത്താൽ പ്രതിമയുടെ ഓരോ ഭാഗവും ചെത്തി മിനുക്കി അതിൽ അഭൌമമായ തേജസ്സും അചിന്ത്യമായ സൌന്ദൎയ്യവും അനവദ്യമായ പരിപൂൎണ്ണതയും കൈവരുത്തുന്നതിനു് അദ്ദേഹം ചെയ്യ ശ്രമം ആരേയും വിസ്മയിപ്പിക്കുന്നതായിരുന്നു.

ആകെ നാലു മനുഷ്യാരൂപങ്ങളുള്ള ആ പ്രതിമാക്കൂടത്തിൽ ഏതു മററതിനെ അപേക്ഷിച്ചു ശ്ലാഘ്യമായിരിക്കുന്നുവെന്നു നിൎണ്ണയിക്കാൻ സാധിക്കാത്തവിധം, അനിതരസാധാരണമായ ചൈതന്യവും സ്വാഭാവികതയും,

വ്യക്തിതയും എല്ലാററിലും സവിശേഷം. വിളങ്ങുന്നുണ്ട്. ഏശുക്രീസ്തുവിൻെറ തിരുമേനി താങ്ങിക്കൊണ്ടു പുറകിൽ നില്ക്കുന്ന നിക്കോദമൂസിൻെറ ഹൃദയത്തിൽ സ്ഫുരിക്കുന്ന ഹൃദയഭേദകമായ ശോകരസം വർണ്ണനാതീതമെന്നേ പറയേണ്ടതുള്ളൂ. വൃദ്ധനും സന്തപ്തചിത്തനുമായ പ്രതിമാകാരൻെറ സ്വന്തം ഛായതന്നെയാണ് നിക്കോദമൂസിൽ പ്രശോഭിക്കുന്നതെന്ന് ആൎക്കും തോന്നിപ്പോകും. ക്രീസ്തുവിൻെറ മൃതശരീരം കാൽമുട്ടുകൾ മടിഞ്ഞും ശിരസ്സ് ഇടത്തോട്ടു ചരിഞ്ഞും തളൎന്നു കിടക്കുന്നതായി കാണപ്പെടുന്നു. ആ പുണ്യശിരസ്സിൻെറ ദിവ്യഭാരം തോളിലും, കരളലിക്കുന്ന ആ കഠിനസംഭവത്താലുണ്ടായ കദനഭാരം ഹൃദയത്തിലും വഹിച്ചു ദൈവമാതാവും സമീപത്തിൽത്തന്നെ നിലകൊള്ളുന്നു. അതീവഗുണോല്ക്കഷത്താൽ പ്രോല്ലസിക്കുന്ന ഈ പ്രതിമാകൂടത്തിൽ സംഘടിതമായിരിക്കുന്ന ഓരോ രൂപത്തേയുംപററിയുള്ള വിമൎശനം വെറും സാഹസമാകയാൽ അതിനുദ്യമിക്കുന്നില്ല. പ്രസ്തുത പ്രതിമാനിൎമ്മാണ സന്ദൎഭത്തിൽ തൽകൎത്താവായ വൃദ്ധശില്പിയുടെ ആത്മാവുതന്നെയും ആ ശിലാഖണ്ഡത്തിൽ പ്രവേശിച്ച് അതിൽ ലയിച്ചുപോയെന്നു ആൎക്കും തോന്നുന്നതാണ്. എന്നിരുന്നാലും ദൃഢമായ വാസനാബലത്തിൻേറയും ചിരാൎജ്ജിതമായ പ്രയോഗസാമൎത്ഥ്യത്തിൻേറയും സംയുക്തഫലമായ ആ ശിലാരൂപം — അനേകനാളത്തെ അശ്രാന്തപരിശ്രമത്തിൻെറ പരിപക്വഫലം — ചൈതന്യസമ്പൂൎണ്ണമായ സൌന്ദൎയ്യവും വ്യക്തിതയും തന്മയത്വവും സമ്മേളിച്ചിരുന്ന സുക

മാരകലാമാതൃക — അതിന്റെ നിർമ്മാതാവിന്റെ ദുർദ്ദശാവിപാകത്തിലുണ്ടായ നിരാശയാലും കോപാവേശത്താലും ലോകത്തിന് ഒരു അപരിഹാര്യനഷ്ടമായി ഭവിച്ചു. ആ കലാമർമ്മജ്ഞൻ തന്റെ സാമർത്ഥ്യത്തിൽ ശങ്കിച്ചു പെട്ടെന്നുണ്ടായ മനഃക്ഷോഭത്തിന് വശംഗതനായി ആ മനോഹര ശിലാപ്രതിമയെ അടിച്ചുടച്ചു കഷണങ്ങളാക്കിക്കളഞ്ഞു. ദുർവ്വിധി വരുത്തിയ നാശം കലാരസികന്മാരുടെ ഭാഗ്യാതിരേകത്താൽ അതിലധികമായിരുന്നില്ലെന്നേ പറയാനുള്ളു. അമൂല്യങ്ങളായ ആ ശിലാശകലങ്ങളെ മൈക്കേൽ ആഞ്ചലോയുടെ ഒരു ഭൃത്യൻ അദ്ദേഹത്തോടു യാചിച്ചു വാങ്ങി. അയാളിൽ നിന്നു ആഞ്ചലോയുടെ ഒരു ശിഷ്യൻ വില കൊടുത്തു വാങ്ങി. ആ കലാഭിക്ഷു യഥാസ്ഥാനം ക്രമപ്പെടുത്തി വച്ചിട്ടുള്ള മാർബിൾക്കൽകഷണങ്ങളാണ് ഇപ്പോൾ ലോകത്തെ ആനന്ദപുളകിതമാക്കി നിസ്തുലമനോജ്ഞതയോടെ പരിലസിക്കുന്ന പ്രതിമ.

ഇപ്പോഴും ലോകോത്തരമായി വിളങ്ങുന്നതും കലാവിമർശകന്മാരുടെ ഐകകണ്ഠ്യേനയുള്ള പ്രശംസ സമ്പാദിച്ചിരിക്കുന്നതുമായ ആ ശിലാബിംബ സമൂഹത്തിൽ നിന്നു പ്രവഹിക്കുന്ന മഹാസാത്വികതയുടെ ദിവ്യപ്രഭ ആരേയും ആത്മികവും ഭൌമികവുമായ ആനന്ദത്തിൽ നിമഗ്നമാക്കുമെന്നുള്ളതിനു തർക്കമില്ല. ആ പ്രതിമകളുടെ വദനങ്ങളിൽ പ്രകാശിക്കുന്ന ചൈതന്യവും ഭക്തിദ്യോതകങ്ങളായ ഭാവങ്ങളും പരമസാത്വിക തേജസ്സോടു കൂടിയ സൌന്ദര്യപാരമ്യവും കണ്ടിട്ട്, ആ പ്രതിമയോടു

തൽകർത്താവു കാണിച്ച കഠിനകൃത്യത്തിന് പ്രേരകമായ മനോഭാവം പലക്കും ദുർജ്ഞേയമായിരിക്കുന്നു. അദ്ദേഹം ഭ്രാന്തചിത്തനല്ലായിരുന്നു എങ്കിലും പ്രതിമകളിൽ പ്രകാശിക്കേണ്ട സ്വാഭാവികഭംഗിയുടെ പാരമ്യത്തെക്കുറിച്ചുള്ള ബോധം അദ്ദേഹത്തിൻെറ സങ്കല്പശക്തിക്കു ഉത്തമമായ ഒരാദശ്ശത്തെ നൽകി. ധവളവും കഠിനവുമായ മാർബിൾ ശിലകൾക്കുള്ളിൽ തൻെറ സങ്കല്പനിർമ്മിതമായ രൂപങ്ങളെ മനോനേത്രങ്ങൾകൊണ്ടു ദശിച്ച് അവയെ ആച്ഛാദനം ചെയ്തിരുന്നു. ശിലാവരണത്തെ നീക്കി ഭാവനാസൃഷ്ടിക്കനുസരിച്ച് അവയെ ബഹുജനസമക്ഷം അവതരിപ്പിക്കുന്നതിനുള്ള ആകാംക്ഷ അദ്ദേഹത്തെ ബോധരഹിതനാക്കിത്തീക്കത്തക്കവണ്ണം ശക്തിമത്തായിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ മഹനീയ ഭാവനയിൽ ദൃശ്യമായിരുന്ന സൌന്ദയ്യപൂത്തിയും ഭാവസ്ഫൂത്തിയും ആ വിഗ്രഹത്തിൽ പ്രതിഫലിച്ചിട്ടില്ലെന്ന് അദ്ദേഹത്തിനു തോന്നിപ്പോയി. അപ്പോഴും അദ്ദേഹത്തിൻെറ കരനേത്രങ്ങൾക്കു ക്രിയാസാമത്ഥ്യം കുറഞ്ഞിരുന്നില്ല. എങ്കിലും അദ്ദേഹത്തിൻെറ സങ്കല്പശക്തിയുടെ മാഹാത്മ്യം സാകല്യേന സ്പഷ്ടമാക്കുക, പരിചയവും പ്രാവീണ്യവുമുള്ള ആ കരങ്ങൾക്കുപോലും സുസാധമല്ലായിരുന്നു. കലാസൃഷ്ടികളെ ആരാധിക്കുന്ന ഏതൊരുവനേയും ധന്യനും കൃതാത്ഥനുമാക്കുന്നതിന് പോരുമായിരുന്ന ആ സൌന്ദയ്യധാമം അതിൻെറ പ്രണേതാവിൻെറ ഹൃദയത്തിൽ ഒരു നാരകീയ നൈരാശ്യത്തെ സംജാതമാക്കി. എന്നിട്ടും ചാഞ്ചല്യത്തോടുകൂടി അദ്ദേഹം ജോലി തുടന്നു. ഒരു

മദ്ധ്യവയസ്കനുചേന്ന പ്രസരിപ്പം ഊൎജ്ജസ്വലതയും നിശ്ചയദാർഢ്യവും പ്രത്യക്ഷമാക്കിക്കൊണ്ടു്, വിശ്രമചിന്ത കൂടാതെ, അഭ്യുദയകാംക്ഷികൾക്കു് അദ്ദേഹത്തിന്റെ മനഃശരീരസ്ഥിതികളെക്കുറിച്ചു ജനിച്ച ന്യായമായ ആശങ്കയേയും ഭീതിയേയും അവഗണിച്ചു്, ദിനരാത്രവ്യത്യാസമില്ലാതെ അദ്ദേഹം പ്രവൃത്തി ചെയ്തു. പ്രതിമകളിൽ അങ്ങിങ്ങായി ഉളികൊണ്ടു് ആകൃതി ശരിപ്പെടുത്തി, ആയുധത്തെ ചിലപ്പോൾ മൃദുവായി ചലിപ്പിച്ചു് അവിടവിടെ കാണപ്പെട്ട കാഠിന്യത്തെക്കുറച്ചു്, അനാവശ്യമായ നിമ്നോന്നതസ്ഥിതികളെ നശിപ്പിച്ചു; നിൎജ്ജീവശസ്ത്രങ്ങളുടെ ലഘുവായ ഉരസൽകൊണ്ടു് ആ നിശ്ചേഷ്ടശിലയെ വികാരദ്യോതകമാക്കിത്തീൎത്തു്, അതിനു സാക്ഷാല്കാരം നൽകി; അങ്ങിനെ ഭാവനാദൃഷ്ടമായ ആ മഹദ്രൂപത്തെ ശിലയിൽ പകൎത്തിക്കൊണ്ടിരുന്നു. എങ്കിലും ഇച്ഛാസാഫല്യമുണ്ടാകയില്ലെന്നുള്ള ആശങ്ക താമസിയാതെതന്നെ അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഉദിച്ചുറച്ചു. അദ്ദേഹം നൈരാശ്യസമ്പൂൎണ്ണനായി, വ്യസനാക്രാന്തനായി, രോഷാകുലനായി, തനിക്കു സകല യശസ്സും നൽകുമായിരുന്ന ആ ശിലയുടെനേരെ ചുററികയുയൎത്തി. ബലിഷ്ഠമായ കരങ്ങൾ വഹിക്കുന്ന ആ കഠോരായുധം വിഗ്രഹത്തിന്മേൽ ശക്തിയായി പതിച്ചു; പലപ്രാവശ്യവും നിൎദ്ദയമായി പതിച്ചു. ഹാ! അതിഹൃദ്യമായിരുന്ന ആ മാർബിൾശില വിച്ഛിന്നമായിപ്പോയി!!!

ഈ പാഠത്തിലെ വർണ്ണനകളും, വാക്യരീതികളും പ്രത്യേകം മനസ്സിരുത്തി വായിക്കേണ്ടതും അനുകരിക്കാൻ ശ്രമിക്കേണ്ടതുമാണ്:

1. സൂര്യാസ്തമനകാലത്തെ ആകാശത്തെ വർണ്ണിച്ചുകൊണ്ട് ഒരു ഖണ്ഡിക എഴുതുക.

2. താഴെ കാണുന്ന വാക്യം ലളിതതരമാക്കുക:—

"പ്രതിഭയുടെ നിരങ്കുശമായ പ്രസ്ഫുരണത്താൽ നിർദ്ദേശിക്കപ്പെട്ടുന്നവയെല്ലാം യഥാവിധം പ്രവൃത്തിരൂപത്തിൽ പകർത്തുന്നതിനു വാർദ്ധക്യകാലത്തുപോലും അദ്ദേഹത്തിന്റെ കരനേത്രങ്ങൾ ചെയ്ത സോത്സാഹമായ ശ്രമങ്ങൾ എപ്പോഴും സഫലമായിട്ടേ പരിണമിച്ചിട്ടുള്ളു."

3. ആഞ്ചലോയുടെ പ്രസ്തുത പ്രതിമാകൂടത്തെപ്പററി ഒരു വിവരണം സ്വവാക്യങ്ങളിലെഴുതുക.

4. (1) പുരാതന ഗ്രീക്കുകാരെപ്പററി എന്തറിയാം? (2) എന്തു പ്രത്യേകോദ്ദേശത്തോടെയാണ് ആഞ്ചലോ പ്രസ്തുത പ്രതിമാനിർമ്മാണത്തിനു മുതിർന്നതു്? (3) അതു പൊട്ടിച്ചുകളവാനുണ്ടായ കാരണമെന്തു്? (4) ആ പ്രതിമയുടെ ഇപ്പോഴത്തെ അവസ്ഥയെന്തു്?

5. കീഴ്‌വരയുള്ളവയുടെ ക്രിയാരൂപം ഉപയോഗിച്ചു വാക്യരൂപം മാററുക:— 1. സമസൃഷ്ടികൾക്കു <u>ദ്രോഹം</u> ചെയ്യരുതു്. 2. ഗൃഹഭരണകാര്യങ്ങളിൽ സ്ത്രീകൾക്കു കൂടുതൽ <u>ശ്രദ്ധയും</u> <u>അന്വേഷണവും</u> വേണം. 3. ധനമോഹം നിമിത്തം പലക്കും <u>നാശം</u> ഉണ്ടായിട്ടുണ്ട്. 4. അവനെ കണ്ടാൽ ആക്കും <u>സംശയവും</u> <u>വെറപ്പു</u>മുണ്ടാകും.

# 12. ഒരു സത്യം.

പെരുമപലതിയലിന 'കടാങ്കോട്ട്' വീടതിൽ
പെൺപൈതലില്ലാഞ്ഞു ദുഃഖിച്ചുവീട്ടുകാർ,
സഹജരവരൊരു മരുമകളവീക്ഷിക്കുവാൻ
സൽക്കർമ്മമോരോന്നു സാദരംചെയ്യുപോൽ ;
മതിമുഖികൾമകുടമണി 'മാക്കം'ത്തിനുണ്ടായി
മാംഗല്യകർമ്മഫലോദയം ദൌഹൃദം ;
പുന,രരിയപൊഴുതിലവൾപെററപെൺപൈതലെ
പ്പൂമങ്കയെപ്പണ്ടു പാലാഴിപോലവേ ;
കുളിരുമകതളിരൊടഥ കുട്ടിയെക്കാണുവാൻ
കൂട്ടമായ് കൂട്ടമായ് കൂടിനാർനാട്ടുകാർ ;
കനിവൊടനവധിമുതലു കുട്ടിയെക്കാണ്മോക്ക്
കാന്തനുംജ്യേഷ്ഠരും കോരിക്കൊടുത്തുതേ
കളികളൊട്ടുമവരുടയ കണ്ണുകവർന്നങ്ങു
കൈകാലിളക്കിക്കിടന്നിതു ബാലികാ ;
ഇളനളിനദളമിഴിയു,മിളകുമളകാഭയും,
ഇന്ദുബിംബാനന ഭംഗിയുംതിങ്ങിടും,
മരുമകളെയമിതതരവാത്സല്യപൂർവ്വമായ്
മാതുലന്മാർമുത്തി, ലാളിപ്പതുകണ്ടു,

ചതിപെരുകുമതികുടിലമാരാം പതിനൊന്നു
ചേട്ടത്തിയമ്മമാക്കീഷ്യമുഴക്കിലും,
പുറമെയവർ,ശുഭമതി 'പുരാണി'യെപ്പോലവേ
പുഞ്ചിരിപ്പൂശലാൽ സൌഹൃദംകാട്ടിനാർ
പതികളൊടുപലതവണ, സുമതി'മാക്ക'ത്തിനെ-
പ്പററി'ത്തലേണമന്ത്രം' പ്രയോഗിക്കിലും
പഴതതിനുപതികളൊരു ലേശംകൊടുത്തീല
പാവനശീലരാണപ്പുമാന്മാർസ്വതേ ;
നലമൊടവർ, നിജഭഗിനിതൻപുത്രിയാളുടെ
നാമകരണം കഴിപ്പാനൊരുങ്ങിനാർ.
ബഹുവിഭവസഹിത,മഥ സദ്യകഴിക്കുവാൻ
ബന്ധുക്കളോടൊത്തു ചിന്തിച്ചൊരുങ്ങിനാർ ;
സഹജരുടെരമണികൾ 'പുരാണി'യൊഴിഞ്ഞുതു
സവ്വരുംകണ്ടു സഹിക്കാതെയായിതേ
സതി,രമണസഹജയുടെ സാധുശീലത്വവും,
സന്മാർഗ്ഗദൃഷ്ടിയും, സത്യൈകനിഷ്ഠയും,
സഹജരൊടു ബഹുവിനയഭക്തിയും, ചേച്ചയും,
ഇതിവിവിധഗുണനിരകൾ 'മാക്ക'ത്തിനായവർ
ഈഷ്യപെരുക്കയാൽ ദോഷങ്ങളാക്കിനാർ.
മഹിയി,ലതി തെളിവരുളുമക്കപ്രദീപ്തിയെ
മന്ദരാംമൂകങ്ങളെങ്ങുംപൊറുക്കുമോ ?
ഒരുദിവസ,മവർ രഹസിദൂഷണംചെയ്യുവാ-
നൊത്തൊരുമിച്ചു പുറപ്പെട്ടിതിങ്ങിനെ :—
മഹിയിലൊരുമഹിളയിഹ ഭാഗ്യത്തഴപ്പിനാൽ
'മാക്ക'ത്തിനൊത്തവളാരുണ്ടു നോക്കുവിൻ !

അമിതരസമവളുടയ ചൊൽപ്പടിക്കാരവർ,
ആങ്ങളമാർ പന്തിരണ്ടുപേരുംസദാ ;
ദയിതരെയു,മിവളെയുമൊരേമട്ടുസേവിച്ചു
ദാസിമാരായിങ്ങു താമസിക്കുന്നുനാം !
വലിയമുതൽവരവു തറവാട്ടിന്നിരിക്കവെ
വല്ലതും വല്ലഭരേകാൻതുനിയുകിൽ,
പട്ടുവികൃതി, ഇവളൊരുനിമിത്തമായല്ലയോ
പാടില്ലതെന്നു നിനക്കുന്നതുമവർ !
അതിലുമതിവിഷമ,മിവരു പെറവപെൺപൈതലേ,
ആങ്ങളമാക്കതിൽ തൃപ്തിദിനംപ്രതി ;
ചെറിയ മരുമകളൊരുവളിപ്പെണ്ണിനിങ്ങനെ
ചോറൂണിനായിട്ടു വട്ടമൊരുക്കിയാൽ,
നലമൊടിനിവരുമറിയകല്യാണഘോഷങ്ങരു
നാംകാണുമതേക്കാരു മരിക്കുന്നതുത്തമം'
അതുപൊഴുതി,ലവരിലതി മൂഖ്യയാംരാക്ഷസി,
ആത്തരോഷംപറഞ്ഞാരു —'നാം മരിക്കയോ ?
അതികുടിലമതി,കുലട 'മാക്ക'വും മക്കളും
അത്രനാംവാഴ്കവേ ജീവിച്ചിരിക്കയോ ?
ഇതിനൊളിവിലൊരുചതിയെട്ടക്കേണമിന്നുനാം
ഇല്ലദോഷം ശത്രുതന്നേയമത്തിയാൽ ;
ചതിയതിനു, ചതുരമതി, വെപ്പുകാക്കുത്തമൻ,
'ചാപ്പ'നെക്കൊണ്ടുനാം ചെയ്യിക്കണംദൃഢം.
അതിനുടനെ,യവനു തുകയൊപ്പിച്ചുകൊണ്ടുനാ-
മയ്യായിരംപണം കെട്ടിക്കൊട്ടുക്കണം'
സഭയി,ലവരിതിദുരിതകാര്യംസദാസത്വ-

സമ്മതമാക്കി, വിളിച്ചിതു 'ചാപ്പനെ'—
ചിലതവനു ചെവിയിലുപദേശിച്ചപോതവൻ
'ചെയ്യില്ലഞാ'നെന്നു ഖണ്ഡിച്ചുരക്കവേ,
അതിൽവിഷമ,മവരഥ വിചാരിച്ചു, പെങ്ങളി-
ലാങ്ങളമാക്കതിവൈരം ജനിക്കുവാൻ,
പരിചിനൊട്ടുമുടനെയൊരു സൂത്രംനിരൂപിച്ചു,
പിന്നെയും'ചാപ്പ'ൻെറ കണ്ണത്തിലോതിനാർ.
അനുസരണമൊഴി,യതിന്നതാവാം പണംപാതി-
യാദ്യമേകിട്ടേണ'മെന്നായി ചാപ്പനും.
സപദിപുനരവനു പണമെണ്ണിക്കൊടുത്തവർ
സന്തോഷപൂർവ്വം സമാജംപിരിഞ്ഞുതേ.
ബഹുമതിയൊ,ടവിടെയതി ദൂരത്തിരിക്കുന്ന
ബന്ധുക്കളുംവന്നു കൂടിത്തുടങ്ങിനാർ ;
ചെറുശിശുവെ, വടിവിലണിയിച്ചു, ഭുജിപ്പിച്ചു
'ചീരു'വെന്നുള്ളൊരു പേരുംവിളിച്ചുതേ
സപദിചെറുശിശുവിനുടെ ചോറുൺകഴിഞ്ഞിട്ടു
സദ്യക്കിലവെച്ചിരുന്നു ബന്ധുക്കളും
വിവിധതരവിഭവനിര വേണ്ടോളമാക്കുമേ
വെപ്പുകാർവന്നു വിളമ്പിത്തുടങ്ങിനാർ
ചതികരുതി,യതുപൊഴുതിലൊരുമുറിയിൽ വേറെയായ്
ചേട്ടത്തിയമ്മമാരെല്ലാമിരുന്നുതേ
ഖലകുശല,നവരൊട്ടു പറഞ്ഞൊത്തപോൽചോറു-
'ചാപ്പൻ' വിളമ്പിക്കൊടുത്താൻ തിടുക്കമായ്.
'ചടചടനെ'യിലയിലവനന്നം വിളമ്പവേ,
ചൂടോടുപൊങ്ങി വിഷജ്വാല, വിസ്മയം

നലമൊ,ടൊരുതരുണിയതു നോക്കിഭ്രമിച്ചതിൽ
നാട്യത്തോടും‌തള്ളി നാററിപ്പകച്ചടൻ,
പതിവിൽവരുമൊരുചെറിയ പൂച്ചയ്ക്കുനൽകവേ
പേടിച്ചപാച്ചിലാ,യസ്സാധുജീവിയും.
"ചതിയൊടൊരുസുദിനമതി,ലഹഹഹ ! വിഷംതന്നു
'ചാപ്പ'നീഞങ്ങളെക്കൊൽവാനൊരുങ്ങിനാൻ !"
ഇതിവിവശനിലവിളികൾ ഗൃഹിണികൾമുഴക്കിനാ-
രെന്തിതെന്നേവരും സംഭ്രമിച്ചീടിനാർ !
ഉടനുടനെ ലഹളയൊടുമോടിത്തുടങ്ങിനാ-
രുണ്ണിന്നിരുന്നോരു,മുണ്ണുന്നകൂട്ടരും !
കടുഗരളദാഹനകലിതാന്നം പരീക്ഷിച്ചു
കണ്ടവർ കണ്ടവർ വിസ്മയപ്പെട്ടുപോയ് !
സപദി,ബത ! സഹജരവർ പന്തിരണ്ടാളുമേ
സക്രോധരൂക്ഷം വിളിച്ചിതുചാപ്പനെ.
ചൊടിപെരുകി,യവർ മിഴിയുരുട്ടിച്ചുകപ്പിച്ചു
ചോദിച്ചി'തെന്തൊന്നു ചെയ്യുനീ, കശ്മല !'
പലമൊഴിയുമവനൊടു ഫലിക്കാഞ്ഞു,പാവിയെ-
പാരംപ്രഹരിക്കയാലവൻ ചൊല്ലിനാൻ:—
"കൊടിയവിഷമിലകളിലിവക്കു വിളമ്പിഞാൻ
കൊല്ലൊലാ, കൊല്ലൊലാ, പൊന്നെജമാനരെ !
മടയനിവരൊടുചെറുതു മരിശമരുതീവിഷം
'മാക്കം ചെറിയമ്മ'തന്നു കൊടുത്തുഞാൻ"
ഖരഗരളമതിലുമതി തീക്ഷ്ണതകൂടുമീ-
ക്കള്ളവാഗസ്ത്രം പ്രയോഗിച്ചു നിഷ്കൃപൻ.
കരളയിതു, കുലിശസമമേററതാക്കിലും

ക്കുസലുണ്ടായില്ല 'മാക്ക'ത്തിന്നേതുമേ.
'കുമതിജനകുടിലതയെ നന്നായ് തെളിയിച്ചു
കൊള്ളുംജഗത്സാക്ഷിയാം ദൈവ,മെങ്കിലും
സപദി,ജനസഭയിൽമമസത്യംമറയ്ക്കുകിൽ
സജ്ജനാശങ്കയ്ക്കവകാശമായ്വരും'
ത്വരിതമവളിതികരുതി മക്കളെക്കൈക്കൊണ്ടു
തിങ്ങിനിറഞ്ഞ സഭയിൽക്കടന്നഥ
പരിചിനൊട്ടുതനയരുടെ മൂദ്ധ്നികൈവെച്ചുടൻ
'പൊന്നുംപ്രദീപവും' നോക്കിപ്പറഞ്ഞുതേ:—
ഉലകുകളിൽമുഴുവനൊരു സത്യസ്വരൂപയായ്
ഉള്ളുംപുറത്തും നിറഞ്ഞഭഗവതീ !
കറകളയുവതിന്നു കനകംകണക്കിനെ
കാച്ചിപ്പഴുപ്പിച്ചുരുക്കുന്നിതെന്നെനീ
ഉചിതമിതുജനനി ! തവശാസനമൊക്കെയും
ഉത്തമാംഗംകൊണ്ടു കൈക്കൊണ്ടിടുന്നു ഞാൻ.
പിറവിമുതലിതുവരെയുമൊരുനിമിഷവേള,ഞാൻ
പാപമാം പന്ഥാവിലൂടെ നടക്കിലും,
ഭയവിനയനിലയുമതിഭക്തിയും ജ്യേഷ്ഠരിൽ
ഭാര്യമാരിങ്കലും ഞാൻവിട്ടുനിൽക്കിലും,
മമത,മമസുതരിവരിൽവെച്ചുമജ്ജ്യേഷ്ഠതൻ-
മക്കളെ വേറെയൊന്നാക്കിഞാൻവെക്കിലും,
മഹിതജനമിവരുടയമുമ്പിലെൻമക്കൾതൻ-
മൂദ്ധാവു പൊട്ടിത്തെറിക്കട്ടെ,യീശ്വരീ !
കടുനരകഫലമരുളുമിത്തൊഴിൽ ചെയ്യുവാൻ
കഷ്ടംകിനാവിലും ഞാനോത്തിരിക്കിലും,

മഹിതജനമിവരിവിടെ നോക്കിനില്ക്കേമമ-
മൂദ്ധ്രാവുപൊട്ടിത്തെറിക്കട്ടെയീശപരി !
മുകിൽപണിയുമണിചികുരയാഠം 'മാക്ക'മിങ്ങിനെ-
മൂന്നുവട്ടംചൊല്ലി, നിശ്വസിച്ചീടിനാഠം-
അതിഗഹനശപഥമൊഴികേട്ട, മഹാജന-
മാശ്ചയ്യ,മാശ്ചയ്യമെന്നോത്തിരിക്കവേ,
ചതിവചനനിശിതശരമെയ്യുള്ള 'ചാപ്പനും'
ചിത്തഭ്രമംപൂ,ണ്ടിളകിപ്പറഞ്ഞുതേ:—
പൊളിവചനമഖിലമതു നേരല്ല നേരല്ല,
പാപിഞാൻ, പാപിഞാ,നയ്യോ വരുന്നിതാ
മുടിയുമിവർ, മുടിയുമിവർ, എന്നോതിനിഷ്ഠരൻ
മൂദ്ധ്രാവുപൊട്ടിത്തെറിച്ചു മരിച്ചുതേ.
സതികഠംകുലമകുടമണി 'മാക്കം'പിടിച്ചോരീ-
സത്യംജയിച്ചുതേ ; സത്യംജയിച്ചുതേ !
സരസ,മഥകുലസതിയെനോക്കി, നിശ്ചഞ്ചലം
സജ്ജനംസാക്ഷാൽ സതിയെന്നുകണ്ടുതേ
സുകൃതമിതു ! സുകൃതമിതു ! നമ്മുടെ'കുള്ളിയെ'
സ്സൂദനാം 'ചാപ്പൻ' പറയാതെചത്തതും
സുകൃതമിതു ! സുകൃതമിതു ! നാംപ്രയോഗിച്ചോരി
സ്സൂത്രമാഗ്ഗേണ കായ്യംവരുമെന്നതും,
അതികലുഷമതികഠം, പതിനൊന്നുപേരമ്മമാർ
അപ്പോഴുമുള്ളുകൊണ്ടേവം രസിച്ചുതേ.

1. കഥയെ ചുരുക്കി എഴുതുക.

2. അതികലുഷമതികഠം, ''അപ്പൊഴുമുള്ളുകൊണ്ടേവം രസിച്ചുതേ'' ഇതിനെക്കുറിച്ചു നിങ്ങഠം എന്തുപറയുന്നു ?

3. മഹിയി, ലതിതെളിവരുളമക്ക്പ്രദീപ്തിയെ
മന്ദരാം മൂകങ്ങളെങ്ങും പൊറുക്കുമോ ?

ഇതു് ഏതു സംഗതിയെ ആണു് ദൃഷ്ടാന്തീകരിക്കുന്നതു് ?

4. ഒരു ഗൃഹപിശാചബാധിതമാണെന്നു പരക്കെ പ്രസ്താവമുണ്ടാകയാൽ താമസത്തിനു വന്നവർ എല്ലാവരും ഉപേക്ഷിച്ചുപോയി. ആ വീട്ടിനുള്ളിൽ പലരും പലതും കാണുകയും കേൾക്കുകയും ചെയ്തിട്ടുണ്ടത്രെ. ഈവകയിലൊക്കെ പൂർണ്ണവിശ്വാസമുള്ള ഒരുവനും, അതൊരു മൂഢവിശ്വാസമെന്നു കരുതുന്ന അയാളുടെ സ്നേഹിതനും തമ്മിൽ പ്രസ്തുത സംഗതി സംബന്ധിച്ചു നടന്നിരിക്കാവുന്ന ഒരു വ്യാഗ്വാദത്തെ സംഭാഷണരൂപത്തിൽ എഴുതുക.

5. കീഴ്‌വരയിട്ട പദത്തിനു പകരം ഒരുപവാക്യം ഉപയോഗിക്കുക:—

1. പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി.
2. ആ കാഴ്ച അവർണ്ണ്യമെന്നു ചുരുക്കിപ്പറയാനേ തരമുള്ളു.

---

# 13. വ്യവസായ വിദ്യാഭ്യാസം.

വ്യവസായം ഉല്പാദകമെന്നും പ്രസാരകമെന്നും രണ്ടു വിധമാകുന്നു. ഉല്പാദകമെന്നാൽ ഇഷ്ടസാധനങ്ങളെ ഉണ്ടാക്കുക; പ്രസാരകമെന്നാൽ ആ സാധനങ്ങളെ ആവശ്യക്കാർക്കു കഴിയുന്നതും എളുപ്പത്തിൽ സമ്പാദിക്കത്തക്ക നിലയിൽ വ്യാപാരം ചെയ്യുക. ഉദാഹരണത്തിനുവേണ്ടി ഘടനിർമ്മാണ വ്യവസായത്തെ എടുക്കാം. വ്യവസായത്തിൻെറ സാമാന്യഗുണങ്ങളായ ഉല്പാദകത്വവും പ്രസാരകത്വവും ഘടനിർമ്മാണത്തിലുണ്ടു്. മണ്ണിന്മേൽ കുശവൻ എടുക്കുന്ന വേലയുടെ ഫലമായി ഇഷ്ടസാധനങ്ങളായ കുടങ്ങൾ ഉണ്ടാകുന്നു. ആ കുടങ്ങളുടെ ക്രയവിക്രയങ്ങളെക്കൊണ്ടു് അവയ്ക്കു പ്രചാരവുമുണ്ടാകുന്നു. ആയതുകൊണ്ടു് വ്യവസായകവിദ്യാഭ്യാസം എന്നുവച്ചാൽ നിർമ്മാണത്തിനും വ്യാപാരത്തിനും ഉപയുക്തമായ വിദ്യാഭ്യാസം എന്നാണു് ധരിക്കേണ്ടതു്.

നിർമ്മാണവ്യാപാരങ്ങൾക്കു ഉപയുക്തമായ വിദ്യാഭ്യാസമെന്നാലെന്തു് ? മേല്പറഞ്ഞ കുശവൻെറ ഉദാഹരണത്തെത്തന്നെ എടുക്കാം. വയലുകളിൽ ആരും വകവയ്ക്കാതെ കിടക്കുന്ന മണ്ണിനെ കുടമാക്കിത്തീർക്കുന്നതിനു് അതിന്മേൽ എന്തെല്ലാം പണികൾ ചെയ്യണമൊ ആ

പണികളെ ശീലിക്കുകയാണ് നിർമ്മാണവിദ്യാഭ്യാസം. അപ്രകാരംതന്നെ ഉണ്ടാക്കുന്ന കുടങ്ങളെ പ്രയത്നക്കൂലി മുതലായവയേയും കാലദേശാവസ്ഥാദികൾ അനുസരിച്ചുതായ ലാഭത്തേയും മററും കണക്കാക്കി, ആവശ്യക്കാരെ അറിഞ്ഞു വില്ക്കുവാൻ ശീലിക്കുകയാകുന്നു വ്യാപാരവിദ്യാഭ്യാസം. ഈ രണ്ടുതരം വിദ്യാഭ്യാസവും നമ്മുടെ ഇടയിൽ പ്രായേണ ഇപ്പോൾ നടപ്പുള്ള വിദ്യാഭ്യാസത്തിൽനിന്നു വ്യത്യാസപ്പെട്ടതാണ്. നിർമ്മാണവിദ്യാഭ്യാസവും വ്യാപാരവിദ്യാഭ്യാസവും ഒരുതരം പ്രത്യേക വിദ്യാഭ്യാസങ്ങളാണ്. ഇന്ത്യാരാജ്യത്തിൻെറ അഭ്യുദയത്തിനും പ്രത്യേകിച്ചു കേരളത്തിൻെറ യോഗക്ഷേമത്തിനും വ്യവസായവിദ്യാഭ്യാസം അത്യാവശ്യമായിത്തീൎന്നിരിക്കുന്ന ഈ കാലത്തു കേരളീയരായ നാം ഈ ഉപന്യാസത്തിൻെറ വിഷയത്തെപ്പററി പൎയ്യാലോചന ചെയ്യേണ്ടതാണ്.

വ്യവസായത്തിൽ എന്നുവേണ്ട മനുഷ്യർ ഏൎപ്പെടുന്ന സകല പ്രവൃത്തികളിലും അതാതിന്നനുരൂപമായ ഒരു പ്രത്യേക പരിശീലനം ഉണ്ടെങ്കിൽ മാത്രമേ ആവക പ്രവൃത്തികൾ വെടിപ്പായി നടത്താൻ സാധിക്കുകയുള്ളു എന്നതു പ്രസിദ്ധമാണ്. ഇപ്പോഴത്തെ കാലാവസ്ഥകൊണ്ടും വ്യവസായവിഷയങ്ങളിൽ പ്രത്യേകപരിശീലനം അത്യാവശ്യമായിട്ടാണ് കാണുന്നതു്.

ആയതുകൊണ്ടു സകല വ്യവസായങ്ങളിലും സുശിക്ഷിതപട്ടത്വവും ശാസ്ത്രീയജ്ഞാനവും കൂടാതെ നിവൃത്തിയില്ലെന്നു മാത്രമല്ല ആവക പാടവവും ജ്ഞാനവും വൎദ്ധി

ക്കുന്തോറും വ്യവസായങ്ങൾ പൂൎണ്ണഫലപ്രദങ്ങളായിത്തീരുകയും ചെയ്യും. വ്യവസായങ്ങളുടെ പ്രധാനതത്വം ഇതാണ്. ഈ തത്വം യൂറോപ്പിലും അമേരിക്കയിലും നല്ലവണ്ണം ഗ്രഹിച്ചിട്ടുണ്ടെന്നുള്ളതിന്ന് ആ രാജ്യങ്ങളിൽ വ്യവസായവിദ്യാഭ്യാസത്തിന്നുവേണ്ട സകല ഏൎപ്പാടുകളും ആ നാട്ടുകാർതന്നെ ചെയ്തിട്ടുണ്ടെന്നും അവയെ അതാതു ഗവർമ്മെണ്ടു സഹായിക്കുന്നുണ്ടെന്നുമുള്ള സംഗതികൾ ലക്ഷ്യങ്ങളാകുന്നു. സ്വീഡനിലെ 'സ്ലോജൽ' എന്നു പറയുന്ന പ്രസിദ്ധ കരകൌശലവിദ്യാലയത്തിൽനിന്നും, അപ്രകാരംതന്നെ ബെൽജിയമിലെ 'അപ്രൻററിസേജ്' എന്ന വിദ്യാശാലയിൽനിന്നും, കൊളംബിയായിലെ ലോഹകരവിദ്യാലയത്തിൽനിന്നും, ഫ്രാൻസിലേയും ജർമ്മനിയിലേയും കലാശാലകളിൽനിന്നും ഓക്സ്ഫോർഡ്, ദക്ഷിണകെൻസിങ്ങ്ടൺ ഈ നഗരങ്ങളിലെ കരകൌശലപള്ളിക്കൂടത്തിൽനിന്നും പ്രതിവത്സരം എത്ര വിദ്യാൎത്ഥികളെയാണ് ഓരോ കലാവിദ്യകളിൽ പരിശീലിപ്പിച്ചയക്കുന്നതു്. ഈ വിദ്യാൎത്ഥികൾ പലതരക്കാരാണ്. ഈ നാട്ടിലെപ്പോലെ ഏതെങ്കിലും ഒരു പണി ഒരു ജാതിക്കാരനേ പഠിക്കാവൂ എന്നൊ, കലാവിദ്യകൾ അഭ്യസിക്കുന്നതു് നിന്ദ്യമാണെന്നൊ ഒരു അഭിപ്രായം ആ നാട്ടുകളിലില്ല. ഒരുവൻ ഏതൊരു തൊഴിലിൽ പ്രവേശിക്കുന്നുവോ അവന്നു ആ തൊഴിലിൽ ഉപയുക്തമായ ബുദ്ധിസാമൎത്ഥ്യം ഉണ്ടാക്കിക്കൊടുക്കുകയും തന്നിമിത്തം തനിക്കു താൻ പോന്നവനാണെന്നുള്ള ഒരു വിശ്വാസവും ധൈൎയ്യവും അവനിൽ ജനിപ്പിക്കുകയും

ആകുന്നു മേല്പറഞ്ഞ വിദ്യാലയങ്ങളിലെ പഠിപ്പുകൊണ്ടു ണ്ടാകുന്ന ഫലം. എവിടെയെങ്കിലും വേലചെയ്തു ദിവസം അര ഉറുപ്പിക സമ്പാദിച്ചുകൊള്ളാമെന്നു ധൈര്യമുള്ള വേലക്കാരൻ നമ്മുടെ രാജ്യത്തു നൂറിൽ ഒന്നൊ രണ്ടൊ. യൂറോപ്പിൽ നേരെമറിച്ചു അങ്ങിനെ ധൈര്യമില്ലാത്തവർ നൂറിൽ ഒന്നൊ രണ്ടൊ! കച്ചവടക്കാരൻ, ഹുണ്ടികക്കാരൻ, എൻജിനീയർ, ശില്പി എന്നിങ്ങനെയുള്ള ഓരോ വകക്കാരേയും അതാതാളുകളുടെ തൊഴിലുകളിൽ പരിചയിപ്പിക്കുക എന്നുവേണ്ട, ഓരോ തൊഴിലിൻേറയും തത്വങ്ങളേയും തന്ത്രങ്ങളേയും നിശ്ശേഷം അവരെ പഠിപ്പിച്ചുവിടുകയാകുന്നു മേല്പറഞ്ഞ വിദ്യാലയങ്ങളുടെ ധർമ്മം. ഇതുകൊണ്ടാണ് യൂറോപ്പിലും അമേരിക്കയിലും എവിടെ നോക്കിയാലും വ്യവസായിയെ രാജ്യക്ഷേമപദ്ധതിയിൽ പുരോഗാമിയായും അവിടെയുള്ള കച്ചവടക്കാരനെ വാണിജ്യലോകനിയന്താവായും കാണുന്നത്.

വ്യവസായത്തെ സംബന്ധിച്ച് ഇന്ത്യാരാജ്യത്തിലും പ്രത്യേകിച്ചു കേരളത്തിലും ചില അഭിപ്രായഭേദങ്ങൾ ഈയ്യിടയിൽ കണ്ടുതുടങ്ങിയിട്ടുള്ളതു് ശുഭസൂചകംതന്നെ. അങ്ങാടികളിൽ പൊതികെട്ടിക്കളയാറുള്ള ഉണക്ക വാഴപ്പോളകൾകൊണ്ടു മുണ്ടുകളും കുളങ്ങളുടെ വക്കുകളിൽ പാറാവുകാരായി നില്ക്കാനുള്ള സംഭാരപ്പുല്ലുകളെക്കൊണ്ടു ഒരുതരം തൈലവും ഉണ്ടാക്കുന്നതു നന്നെന്നു എപ്പോൾ നമ്മുടെ നാട്ടുകാരിൽ ഒരാൾക്കെങ്കിലും തോന്നിയൊ അപ്പോൾത്തന്നെ നമ്മുടെ രാജ്യത്തിനു നല്ലകാലം വന്നു

വെന്നു പറയാം. ഇപ്പോൾ കേവലം വെളുത്തേടന്മാരും നാട്ടുവൈദ്യന്മാരും മാത്രം ഉപയോഗിച്ചുപോരുന്ന 'അമരി' എന്ന ചെടിയിൽനിന്നു നീലം ഉണ്ടാക്കാൻ തുടങ്ങാത്തതും, അപ്രകാരംതന്നെ ഈ കേരളത്തിൽ പല ദിക്കുകളിൽനിന്നും 'അഭ്രം', 'അലൂമിനീയം' എന്നീ ലോഹങ്ങളെ ആരും എടുക്കാൻ ശ്രമിക്കാത്തതും എന്തൊരു കഷ്ടമാണ്. ഇപ്പോഴെങ്കിലും ആവക വിഷയങ്ങളിൽ ബഹുജനങ്ങൾക്കു ഒരു താല്പര്യം ജനിച്ചിട്ടുള്ളതിനെപ്പററി സന്തോഷിക്കേണ്ടതാണ്. എന്നാലും ജാപ്പാൻ മുതലായ രാജ്യങ്ങളിൽ ഓരോ വ്യവസായങ്ങൾ എത്രയോ ചുരുക്കകാലംകൊണ്ടുണ്ടാവുകയും പരിപൂൎത്തിയെ പ്രാപിക്കുകയും ചെയ്യുന്നതായി കാണുമ്പോൾ ദേശാഭിമാനംനിമിത്തം മനസ്സമാധാനമുണ്ടാകുന്നില്ല.

ഈയ്യിടെ ഇന്ത്യാരാജ്യത്തിന്റെ മിക്ക സംസ്ഥാനങ്ങളിലും വ്യവസായ വിദ്യാഭ്യാസത്തിനുവേണ്ട ഏൎപ്പാടുകളിൽ ചിലതെല്ലാം ചെയ്തിട്ടും, ചെയ്തുവരുന്നുമുണ്ട്. യന്ത്രകലാവിദ്യാലയങ്ങൾക്കും അശ്വവൈദ്യാലയങ്ങൾക്കും കാൎഷികവിദ്യാശാലകൾക്കും ശില്പവിദ്യാലയങ്ങൾക്കും പുറമെ, കരകൌശലവിദ്യാഭ്യാസത്തിനുതന്നെ അനവധി പള്ളിക്കൂടങ്ങളും ഇപ്പോളുണ്ട്. ബങ്കാളത്തു മിക്ക കോളേജുകളിലും ആലേഖ്യവിദ്യ പഠിപ്പിക്കുവാനുള്ള ഏൎപ്പാടുകളുണ്ട്. അപ്രകാരംതന്നെ സെൻട്രൽ പ്രോവിൻസുകളിലും; മതിരാശി സംസ്ഥാനത്തിൽ വ്യവസായം തനിച്ചും ഇതരവിഷയങ്ങളോടു ചേൎത്തും പഠിപ്പിച്ചുപോരുന്ന സ്കൂളുകൾ അനവധിയുണ്ട്. ഇതിനുപു

റമെ ആശാരിപ്പണി, ചൂരൽപ്പണി മുതലായവ പഠിപ്പിക്കാൻവേണ്ട ഏർപ്പാടുകൾ ചില ഹൈസ്കൂളുകളിൽ ചെയ്തിട്ടും ഉണ്ട്. ബോംബെയിൽ 'വിക്ടോറിയ ടെക്നിക്കൽ ഇൻസ്റ്റിട്യൂട്ടെ'ന്ന മഹാപ്രസിദ്ധമായ വിദ്യാലയത്തിനു പുറമെ വേറെയും അനേക വിദ്യാലയങ്ങളിൽ വ്യവസായവിദ്യാഭ്യാസം നടത്തിപ്പോരുന്നുണ്ട്.

ഇന്ത്യായിലെ മുപ്പതുകോടിയിൽപരം ജനങ്ങൾക്ക് ഇത്ര ചുരുക്കം പള്ളിക്കൂടങ്ങൾ മതിയാവുകയില്ല. ആയതുകൊണ്ട് വ്യവസായവിദ്യാഭ്യാസത്തിനു പാടുള്ളേടത്തോളം പ്രചാരം ഉണ്ടാക്കാൻ ശ്രമിക്കേണ്ടതു് ദേശാഭിമാനികളുടെ കർത്തവ്യകർമ്മമാണ്.

പ്രസാരകവ്യവസായത്തിനു ആവശ്യമായ വിദ്യാഭ്യാസത്തിൻെറ പ്രചാരം ഇതുവരെയായിട്ടും മതിയായിട്ടില്ല. ഈ കാർയ്യത്തിൽ മദ്രാസ് സംസ്ഥാനത്തിൻെറ കഥ വളരെ ഭേദമാണ്. പഞ്ചാബിൻെറ കഥയും ദോഷമില്ല. പ്രസാരകവ്യവസായം അല്ലെങ്കിൽ വാണിജ്യവ്യവസായം ഇന്ത്യയുടെ ഇപ്പോഴത്തെ തിടുക്കമായ ആവശ്യങ്ങളിലൊന്നാണെന്നുള്ളതിനു ആക്ഷേപമില്ല. രസതന്ത്രം മുതലായ ശാസ്ത്രങ്ങൾ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുള്ള ഈ കാലത്തു മററുള്ളവരോടു കിടപിടിക്കുവാൻ സകല വ്യാപാരങ്ങളിലും ശാസ്ത്രജ്ഞാനം അത്യാവശ്യമായിട്ടാണ് തീൎന്നിരിക്കുന്നതു്. ശാസ്ത്രജ്ഞാനത്തിൻെറ അപേക്ഷയില്ലാതെ നമ്മുടെ നാട്ടിലെ വണിക്കുകൾക്കും ശില്പികൾക്കും ക്ഷേമാഭിവൃദ്ധിക്കു മറെറന്താണ് ഗതി? വ്യവസായവിദ്യാഭ്യാസം തനിച്ചു പകുതിവഴി മാത്രമേ

പോകയുള്ളു. എന്നുതന്നെയല്ല വാണിജ്യവിദ്യാഭ്യാസത്തിൻെറ അഭാവത്തിൽ ചിലപ്പോൾ വ്യവസായവിദ്യാഭ്യാസം നിഷ്ഫലമായും തീരും. ശിക്ഷിതപടുത്വമുള്ള ശില്പികളും വണിക്കുകളും, ഇവർ രണ്ടുപേരും നൂലും സൂചിയും പോലെയിരിക്കണം. നൂലിനെ വേണ്ടവഴിക്കു സൂചി എങ്ങിനെ കൊണ്ടുപോകുന്നുവോ അപ്രകാരം തന്നെ ശില്പവിദ്യയെ വേണ്ടവഴിക്കു കൊണ്ടുപോകുന്നതു വാണിജ്യമാണ്. വണിക്കിനു ശാസ്ത്രജ്ഞാനത്തിനു പുറമെ വാണിജ്യത്തിലുള്ള ആധുനികസമ്പ്രദായങ്ങളിൽ പരിചയവും ബുദ്ധിവൈഭവവും കാര്യസ്ഥതയുമുണ്ടെങ്കിൽമാത്രമേ അവിടവിടെ പെട്ടുകിടക്കുന്ന വ്യവസായങ്ങളെ യോജിപ്പിക്കാനും തന്നിമിത്തം വിവിധങ്ങളായ കച്ചവടങ്ങളെ സംയോജിപ്പിക്കുവാനും ആകപ്പാടെ നാട്ടിനു ക്ഷേമത്തെ ഉണ്ടാക്കുവാനും സാധിക്കുകയുള്ളു. ഈ വിഷയത്തിൽ മററുള്ള തൊഴിൽക്കാർ, വക്കീലന്മാരാവട്ടെ ഉദ്യോഗസ്ഥന്മാരാകട്ടെ, എത്രതന്നെ മിടുക്കുള്ളവരായാലും, പ്രവേശിച്ചിട്ടു പ്രയോജനമില്ല. അവർ അവരുടെ കുട്ടികളെ ഈ വിഷയം അഭ്യസിപ്പിക്കുയൊ അല്ലാത്തപക്ഷം ഈ വിഷയം അഭ്യസിക്കുന്നതിനായി പള്ളിക്കൂടങ്ങൾ ഏൎപ്പെടുത്തുകയൊ ആവക പള്ളിക്കൂടങ്ങൾക്കു ധനസഹായം ചെയ്യുകയൊ ആകുന്നു വേണ്ടതു്. വ്യവസായങ്ങളുടെ അപേക്ഷയുള്ള സ്ഥലങ്ങളെ കണ്ടുപിടിക്കുന്നതും അവിടെ അതിനുവേണ്ട ഏൎപ്പാടുകൾ കാലതാമസം കൂടാതെ ചെയ്യുന്നതും തൻെറ പരിശ്രമശീലംകൊണ്ടു ക്രമേണ അതിനെ വൎദ്ധിപ്പിച്ചു തനിക്കും മററുള്ളവൎക്കും

പൂൎണ്ണോപകാരപ്രദമാക്കിത്തീൎക്കുന്നതും നമ്മുടെ വ്യവസായം തന്നെയാണു്.

1. ഒരേ പദം പ്രയോഗവിശേഷംകൊണ്ടു നാമമായും ഗതിയായും വരാവുള്ളതുപോലെ ചിലപ്പോൾ ഗതിയായും കൃതിയായും വരാറുണ്ടു്. താഴെ കാണുന്ന വാക്യങ്ങളിലെ കീഴ്‌വരയിട്ട പദങ്ങൾ ഓരോ സ്ഥലത്തും ഏതേതു ജാതിയിൽപ്പെട്ടവയെന്നു പറയുക.

രാമൻ അഛനോടുകൂടി ചന്തയിൽ പോയി.

അവൻ എന്നിട്ടും കൃഷ്ണന്റെ ഭാഗത്തുതന്നെ കൂടി.

കുട്ടി മാളികമുകളിൽനിന്നു വീണു.

കപ്പലിന്നു തീ പിടിച്ചിട്ടും അവൻ ഇളകാതെ നിന്നു.

അവനു അതു് ഉള്ളിൽ കൊണ്ടു.

വടികൊണ്ടു വളരെനേരം പ്രഹരിച്ചു.

2. പാശ്ചാത്യരാജ്യങ്ങളിലേയും നമ്മുടെ നാട്ടിലേയും വ്യവസായികളെ താരതമ്യപ്പെടുത്തുക.

3. വ്യവസായവിദ്യാഭ്യാസത്തെ എങ്ങിനെയെല്ലാം വിഭജിച്ചിരിക്കുന്നു? വിവരിക്കുക.

4. കേരളത്തിലെ പ്രധാനവ്യവസായങ്ങളെക്കുറിച്ചു ഒരു പ്രബന്ധമെഴുതുക.

(വ്യവസായദോഷങ്ങളെ വിവരിക്കുകയും പരിഷ്കാരമാൎഗ്ഗങ്ങളെ നിൎദ്ദേശിക്കുകയും ചെയ്യേണ്ടതാണു്.)

5. ജീവിതവിജയം ഒരു യാദൃശ്ചിക സംഭവമാണോ? ചിന്തിക്കുക. ഉദാഹരണങ്ങളെക്കൊണ്ടു പ്രസ്താവിക്കുന്ന സംഗതികൾ വിശദീകരിക്കണം.

# 14. പാന്ഥവാൎത്ത.

ഹസ്തിനപുരംതന്നിലതുകാലം വഴിപോക്കർ
അത്താഴത്തിനുവന്നു കൊട്ടിൽകേറിസ്ഥലംവെച്ചു
പട്ടന്മാർപരിഷ്കാർ മടപ്പള്ളി ദ്വിജന്മാരും
വട്ടങ്ങൾതെളിയിച്ചു വെളിയിലങ്ങിലവച്ചു
മൃഷ്ടഭോജനംനല്ല കറിയുംഭൂസുരന്മാൎക്ക-
ങ്ങിഷ്ടത്തിനൊത്തപോലെ വിളമ്പിഭുക്തിചെയ്യിച്ചു
അഷ്ടിയുംകഴിച്ചുകൊണ്ടലസാതെ വഴിപോക്കർ
കൊട്ടിലിൽതളംകേറി ഇരുന്നുവെററിലതിന്നു.
രെട്ടുംകമ്പിളിയെല്ലാം വിരിച്ചുപാളയുംപോട്ടു
പാട്ടുംപാടിയോരോന്നേ പറഞ്ഞുശയിക്കുമ്പോൾ
പാന്ഥന്മാരുടെപാട്ടും പരിഹാസങ്ങളുംകേട്ടു
താൻതന്നെപുറപ്പെട്ടു ധൃതരാഷ്ട്രാത്മജശ്രേഷ്ഠൻ
അമ്മാവൻശകുനിയും സഖിയാംകൎണ്ണനുംകൂടി
തന്മാൎഗ്ഗേപുറപ്പെട്ടു തരസാമൂവരുംകൂടി
ഗൂഢമായൊരുദിക്കിലിരുന്നുകൊണ്ടിരപാക്കും
മൂഢാത്മാക്കളെപ്പോലെ ശ്രുവിച്ചുപാന്ഥസംസാരം
തങ്ങളിൽപഥികന്മാർ പറയുന്നുപലവാക്യം
"എങ്ങുന്നുവരുന്നുതാൻ വഴിപോക്കദ്വിജ,ചൊല്ലു"
"ഇന്ദ്രപ്രസ്ഥമെന്നുള്ള നഗരംതന്നിൽനിന്നിപ്പോൾ

ഇന്നത്തെപ്രാതലൂണും കഴിച്ചിങ്ങുവരുന്നുഞാൻ.”
“ധൎമ്മനന്ദനൻതാനും സഹജന്മാരുമെല്ലാരും
സമ്മോദിച്ചവിടത്തിൽ വസിക്കുന്നില്ലയോവിപ്ര ?”
“ധൎമ്മത്തിനൊരുനാളും കുറവില്ലാത്തവൎക്കുണ്ടോ
സമ്മോദത്തിനുഹാനി വരുന്നുജീവനുള്ളപ്പോൾ ?”
“ഊട്ടുണ്ടോവഴിപോലെ വഴിപോക്കൎക്കവിടത്തിൽ ?”
ഊട്ടിൻെറവിധമെല്ലാമുരപ്പാൻ നേരമില്ലിപ്പോൾ
ഊട്ടുകോലാഹലമെല്ലാം കേട്ടുവെങ്കിൽഭവാൻതൻെറ
കെട്ടുമാറാപ്പുകൾ തോളിലിട്ടുകൊണ്ടുപുറപ്പെട്ടു
കൊട്ടിലേറിസ്ഥലംവയ്പാൻ ഒട്ടുമേതാമസിക്കില്ല.

*    *    *    *

നേരംപോക്കിനുവേണ്ട ആരംഭംപലതുണ്ട്
ഓരോദിക്കിലോരോരോ ഘോഷങ്ങളതുകാണാം.
പന്തുമാട്ടുകചിന്തുമാട്ടുക പകിടകളിചതുരംഗവും
ചന്തമേറിനചാക്കിയാരുടെ കൂത്തുമൊരുവകമേളവും
പാണ്ടിമേളമുരുട്ടുചെണ്ടകൾ കുറുംകുഴൽഇടിതാളവും
ആണ്ടിയാട്ടവുമായുധക്കളി പാഠകംപലചാട്ടവും
തിത്തിമദ്ദളവേണുവീണകൾ തിമിലതകിൽമുഖവീണയും
കുത്തിവെച്ചൊരു പാവകളികളുമഖിലദിശിബഹുവി
സ്മയം
ഇത്തരംബഹുഘോഷമെപ്പൊഴുമവനിപതിയുടെമന്ദിരെ
ചിത്തരംഗസുഖത്തിനുള്ളൊരു സരണിപലവിധമു
ണ്ടെടോ.
ഇപ്പറഞ്ഞതിലേററമിപ്പൊഴൊരത്ഭുതം പുനരത്ഭുതം
ശില്പിശാസ്ത്രവിദഗ്ദ്ധനായ മയാസുരൻബഹുബുദ്ധിമാൻ

അപ്പുരത്തിലിറങ്ങിവന്നു വിചിത്രമായസഭാസ്ഥലം
ശില്പമായ്പണിചെയ്യുനല്ലിയുധിഷ്ഠിരന്നതിവിസ്മയം
മുന്നമജ്ജുനനവനുവന്നൊരു സങ്കടത്തെയൊഴിച്ചപോൽ
എന്നതിന്നിഹപകരമുപകൃതിചെയ്യതിന്നിതുചെയ്യു
പോൽ
മന്നിടങ്ങളിലൊന്നിലും പുനരിപ്രകാരമൊരാലയം
പിന്നെമറ്റൊരുദിക്കിലില്ല തരിമ്പുസംശയമില്ലെടോ
അമരവരനുടെ നഗരമാമമരാവതിക്കു നിറംകെട്ടും
അമരുമതിനുടെ സമരമിതുബത കണ്ടുവെങ്കിലസംശയം
അമലമണിഗണകനകഘനതരരുചിരരുചിഭരശോഭനം
കമലയുടെകുലഭവനമതുബതജയതിശിവശിവശങ്കര!
സ്ഥായിയില്ലവിരിഞ്ചദേവനു നമ്മളിൽപൊളിയല്ലെടോ
ആയിരംനയനംനമുക്കു തരാഞ്ഞതെന്തുമഹാശഠൻ?
ആയതിന്ദ്രനുകൊണ്ടുചെന്നു കൊടുത്തതിനുവൃഥാഫലം
ആയവൻപുനരത്രവന്നിതു കാൺകയില്ലതിനീരസൻ
രണ്ടുകണ്ണുകൾകൊണ്ടുകണ്ടതുകൊണ്ടെനിക്കൊരുതൃപ്തിയി-
ല്ലുണ്ടർകോനൊടുചെന്നിരന്നതു കൈക്കലൊക്കുകുട്ടമോ?
രണ്ടുവാക്കുനമുക്കുനഹിനഹി പണ്ടുമിപ്പൊഴുമേഷഞാൻ
കണ്ടുകേട്ടറിയുന്നതില്ലിതുപോലെ മറെറാരുമന്ദിരം.
ഹസ്തിനംപുരമെത്രവിസ്മയമെന്നു ഭാവമിവൾക്കഹോ
വസ്തുബോധവിശേഷമില്ല സുയോധനാദികൾക്കൊററിനും
ഹസ്തിയുംപുനരാട്ടുമൊക്കുമിതെങ്കിലതുമിതുമൊരുവിധം
വിസ്തരിച്ചതുപോരുമിവരിതുകേട്ടുവെങ്കിലബദ്ധമാം
എന്തബദ്ധമിനിക്കൊരിത്തിരി പേടിയില്ലവരേസഖേ,

അന്തണൎക്കൊരുദിക്കിലും തടവില്ലവല്ലതുമോതുവാൻ
"എന്തുനിശ്ചയമിപ്പൊഴുള്ള പ്രഭുക്കടേതൊഴിലൊരുവിധം
ചിന്തയിൽക്കനിവില്ലവൎക്കിതു കരുതിനില്ക്കണമേവനും
എങ്കിലസ്തു സുയോധനൻമമവസ്തുവന്നുവിലക്കുമോ
ശങ്കിയാതജനത്തിനല്ലൽവരുത്തുവാൻ തടവില്ലെടൊ"
"എൻെറദിക്കിലവൻെറശക്തി നടക്കയില്ലമഹീസുര"
"ഏതുമാൎക്കുമറിഞ്ഞുകൂട മറിഞ്ഞുകാലമതോൎക്കണം"
ഇത്ഥമോരോവിശേഷങ്ങൾ പറഞ്ഞുപാന്ഥവിപ്രന്മാർ
അദ്ധരാത്രികഴിഞ്ഞപ്പോളുറക്കംവന്നുബാധിച്ചു.
ഒട്ടുകൂൎക്കംവലിച്ചുംകൊണ്ടുരിയാട്ടങ്ങളുംമാറി
കെട്ടുഭാണ്ഡംതലയ്ക്കുംവച്ചുറങ്ങിയൊക്കവേകൂടെ
മറഞ്ഞുകേട്ടിരിക്കുന്ന ധൃതരാഷ്ട്രാത്മജനുള്ളിൽ
നിറഞ്ഞുകോപവുമിത്ഥം പറഞ്ഞുമാതുലനോടെ:—
"അറിഞ്ഞോമാതുലാനമ്മെ ദൂഷിക്കുംദുഷ്ടപാന്ഥന്മാർ
പറഞ്ഞൊരക്ഷരമെല്ലാമബദ്ധം ശുദ്ധമേഭോഷ്കു
കറിയുംചോറുമാശ്ചൎയ്യം കളിയുംകൊട്ടുമാശ്ചൎയ്യം
അറയുംമച്ചുമാശ്ചൎയ്യം പറയുംവാക്കുമാശ്ചൎയ്യം.
ഒരുവസ്തുവശളായിട്ടില്ലപോലപ്പുരംതന്നിൽ
ഒരുകൂട്ടം ദുരാത്മാക്കൾക്കിന്നതേ നൽകുമെന്നില്ല
കൂറുകൊണ്ടുപറയുന്ന വാക്കിനെന്തുത്തരംവേണ്ടു,
ചോറുകൊണ്ടുസ്തുതിക്കുന്ന ചോഴിയബ്രാഹ്മണന്മാരെ
വാറുകൊണ്ടുതല്ലുകൂട്ടാനൊട്ടുമേ യോഗ്യമല്ലല്ലോ ;
ഏറുകൊണ്ടുമണ്ടുമിപ്പോൾ മറ്റൊരുത്തൻ പറഞ്ഞെങ്കിൽ
ചോറതിന്നമാനിവിടത്തിൽ കൂറുകുന്തീസുതന്മാരിൽ ;
ആറുകൂട്ടമപരാധം നമുക്കും സോദരന്മാൎക്കും ;

പോർകൾക്കങ്ങൊരുവാലും തലയുമില്ലതുകൊണ്ടി-
ങ്ങിറവന്നാലെന്തുചെയ്യാം അടങ്ങിപ്പാർക്കയേയുള്ളൂ."
പറഞ്ഞുമാതുലൻ:— "ഉണ്ണീകുറഞ്ഞൊന്നു ക്ഷമിച്ചാലും
മറഞ്ഞുകേട്ടവൃത്താന്തമറിഞ്ഞില്ലെന്നുവയ്ക്കേണം
തനിക്കാംപോന്നവർക്കെല്ലാം മനക്കാമ്പിൽസ്ഥിരംവേണം
അനങ്ങാതിരുന്നുംകൊണ്ടിനിക്കാര്യം വിചാരിക്കാം
മിനക്കേട്ട സഹിക്കാഞ്ഞാൽ കനക്കേട്ടുഭവിച്ചേക്കും
നിനക്കേതുമിതുകൊണ്ടു മനഃക്ലേശം വരാനില്ല.
എനിക്കത്രേ രിപുപ്രൗഢി നിനയ്ക്കുമ്പോൾ സഹിക്കാത്തു
പതുക്കെപ്പാണ്ഡവന്മാരെ ചതിക്കുന്നുണ്ടുഞാനുണ്ണി
കൊതിക്കുംവസ്തു സാധിപ്പാനതിക്ലേശം നമുക്കില്ലാ
ഉറക്കംവന്നുവെങ്കിൽ പോയുറങ്ങിക്കൊൾകനീയുണ്ണി
നിനക്കേട്ടുവരികില്ലെന്നുറച്ചുകൊൾകനീ വീരാ.
ഉറക്കത്തിൽപണിക്കത്തും തനിക്കുമില്ലിനിക്കുമി-
ല്ലുറക്കൊട്ടിലകംപുക്കാൽ നമ്മളെല്ലാമൊരുപോലെ"
ദുഷ്ടത്വംപെരുത്ത ദുര്യ്യോധനൻതൻപുരംപുക്കു
സുപ്രകാശംതല്പമേറിശ്ശയിച്ചു സമ്മദത്തോടെ
അന്തണന്മാർ പറഞ്ഞോരസ്സഭാസ്ഥാനപ്രഭാവത്തെ
ചിന്തചെയ്തങ്ങസൂയകൊണ്ടുറക്കവും വരുന്നില്ല.

1. എവിടെ, എന്നു്, ഏതു തരക്കാരുടെ ഇടയിൽ നടന്ന കഥയായാലും കുഞ്ചൻനമ്പ്യാർ അതിൽ സ്വപരിതഃസ്ഥിതികളെ പ്രതിബിംബിപ്പിക്കുമെന്നതിനു് ഈ പാഠത്തിൽനിന്നു ലക്ഷ്യങ്ങൾ കണ്ടുപിടിക്കുക.

2. "നിഷിദ്ധകൃത്യങ്ങൾ ചെയ്യുന്നവരെ കൊല്ലാക്കൊല ചെയ്യുന്നതു് നമ്പ്യാരുടെ ഫലിതത്തിന്റെ ഒരു പ്രത്യേകതയാണ്." അത്തരം ഫലിതം ഈ പാഠത്തിൽ എവിടെയെങ്കിലും കാണുന്നുണ്ടോ? വിശദമാക്കുക.

3. പാന്ഥവത്തമാനത്തെ സംഭാഷണരൂപത്തിൽ ചുരുക്കേണ്ടഘട്ടം ചുരുക്കി എഴുതുക.

4. നമ്പ്യാരുടെ കാലത്തും ബ്രാഹ്മണരുടെ നില എന്തായിരുന്നു എന്നു് ഈ പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

5. ശകുനി പറഞ്ഞ സമാധാനം സ്വന്തവാക്യങ്ങളിലെഴുതുക.

6. ഈ പാഠത്തിൽ വൃത്തവൈചിത്ര്യംകൊണ്ടു വണ്ണ്യത്തിനു വല്ല മേന്മയും സിദ്ധിക്കുന്നുണ്ടോ എന്നു നോക്കുക.

7. "അമരാവതിക്കു നിറംകെട്ടും, അമരുമതിന്റെ സമരമിതു കണ്ടുവെങ്കിലസംശയം" "കലയുടെ കലഭവനമിതു്" ഇവയുടെ അത്ഥം വിശദമാക്കുക.

---

# 15. എന്റെ ജാപ്പാൻ യാത്ര.

ഞാൻ ജാപ്പാനിലുണ്ടായിരുന്ന ദിവസങ്ങളിൽ അധികഭാഗവും ടോക്കിയോവിൽത്തന്നെയാണു കഴിച്ചതു്. അവിടെവച്ച് ആഗസ്റ്റ് അവസാനത്തെ ആഴ്ചയിലായിരുന്നു സർവ്വലോകവിദ്യാഭ്യാസകോൺഫറൻസ്. നവീനരീതിയിൽ പരിഷ്കാരമോടിയോടുകൂടി ഒന്നാംതരം കോൺക്രീററിൽ പണിചെയ്ത എട്ടുനിലക്കെട്ടിടങ്ങൾ ; ലവലേശം പൊടിപറക്കാതെ മിനുമിനുപ്പേറിയ റോഡുകൾ ; ഇരുവശത്തും ഉറപ്പുള്ള കല്ലുകൾ പതിച്ച ഭംഗിയാക്കിയ കാൽപ്പാതകൾ, പ്രശസ്തമായ എലക്ട്രിക്ക ഗതാഗത സർവ്വീസ്, ടാക്സിക്യാബുകൾ, ബസ്സുകൾ, യൂറോപ്യൻ രീതിയിലുള്ള ഹോട്ടലുകൾ, ഫാക്ടറികൾ, തിയേററുകൾ—ഇങ്ങിനെ ഒരു ഭാഗത്തു്; സമീക്ഷകരിൽ ഭക്ത്യാദരങ്ങളെ അങ്കുരിപ്പിക്കുന്ന ദേവാലയങ്ങളും പ്രാർത്ഥനാമന്ദിരങ്ങളും, മനോഹരങ്ങളായ പാർക്കുകളും ഉദ്യാനങ്ങളും പ്രകൃതിരമണീയങ്ങളായ ഭൂപ്രകൃതിദർശനങ്ങളും, മറെറാരു ഭാഗത്തു്—ഈ വിധത്തിൽ നവ്യയുഗത്തിലെ പുതുമോടികളും പഴമയുടെ പരിമളംവീശുന്ന കാഴ്ചകളും ഇടകലന്ന ടോക്കിയൊ കൌതുകാവഹമായ വൈരുദ്ധ്യങ്ങളുടെ മനോജ്ഞമായ ഒരു സങ്കലനമാണ്. പാശ്ചാത്യപരി

ഷ്ക്കാരത്തിന്റേയും പൌരസ്ത്യസംസ്കാരത്തിന്റേയും, ഈ കലപ്പ്, പുതുമോടിയോടുകൂടിയ ജീവിതഗതിയിലെ ആർഭാടവും തിക്കും തിരക്കും പ്രാചീനതയെ അനുസ്മരിപ്പിക്കുന്ന പ്രശാന്തശാന്തതയും കൂടിയുള്ള സമ്മേളനം, ടോക്കിയോവിൽ മാത്രമല്ല ജാപ്പാന്റെ ഏതുഭാഗത്തും പ്രസ്പഷ്ടമാകുന്നതാണ് ഒരു അപരിചിതസന്ദർശകന്റെ ദൃഷ്ടിയിൽ പ്രഥമവും പ്രധാനവുമായി പതിയുക.

ഉജ്ജ്വലമായ സ്വരാജ്യസ്നേഹം വഴിഞ്ഞൊഴുകുന്ന ജാപ്പാൻകാർ സ്വദേശത്തിന്റെ രാഷ്ട്രീയമായ മേന്മയിൽ മാത്രമല്ല അഭിമാനം കൊള്ളുന്നത്; അവിടത്തെ ഭൂപ്രകൃതിയുടെ സർവ്വാംഗീണമായ സൌന്ദര്യത്തിലും അവർ അത്യധികം അഭിമാനമുള്ളവരാണ്. ഒരു ജാപ്പാൻകാരൻ ആഗന്തുകനോട് ആദ്യമായി ചോദിക്കുന്നത് ഇതായിരിക്കും: 'നിങ്ങൾ ജാപ്പാനെപ്പററി എന്തു വിചാരിക്കുന്നു?' മനം കളിപ്പിക്കുന്ന പ്രകൃതിദർശനങ്ങളോടുകൂടിയ ഒരു മനോഹരരാജ്യമാണു ജാപ്പാനെന്നു പറഞ്ഞാൽ അവരുടെ കൃതാർത്ഥതയും സന്തോഷവും അളവില്ലാത്തതായിരിക്കും. ജാപ്പാനിൽ കാമനീയകം കലന്ന പന്ത്രണ്ടു പ്രത്യേക പ്രദേശങ്ങൾ നാഷനൽ പാക്കുകളായി പരിരക്ഷിക്കപ്പെടുന്നു. ഇവയിൽ നിക്കോ, ഫുജി, ഹാക്കോന, ഇൻലൻഡ്സി (ഉള്ളിലേക്കു തള്ളിനില്ക്കുന്ന കടൽ എന്നത്ഥം) തുടങ്ങിയ ചിലതെല്ലാം കാണുവാൻ എനിക്കവസരമുണ്ടായി. ഇതിൽ അവസാനം പറഞ്ഞതു പ്രകൃതിസൌന്ദര്യം കടഞ്ഞെടുത്ത ഒന്നാണെന്നുതന്നെ എനിക്കു തോന്നി. കടുംപച്ചയായ ആ ജലരാശിയിൽ

ഒരു ചെറുതായ ഓളംകൂടി കാണുകയില്ല. അത്ര പ്രശാന്തരമണീയമായി പരന്നു കിടക്കുന്നു. ഞാൻ കയറിയ ചെറിയ കപ്പൽ അതിലൂടെ ഗമനംചെയ്യുമ്പോഠം കടൽയാത്രചെയ്യയാണെന്നു ഒരു നിമിഷനേരമെങ്കിലും തോന്നിയില്ല. നാലുപുറവുമുള്ള കാഴ്ചകഠം ഓരോ നിമിഷവും മാറിക്കൊണ്ടിരുന്നു. ആകപ്പാടെ, അനുനിമിഷം മാറിമാറി ദൃഷ്ടിപഥത്തിൽ വരുന്ന ഒരു മനോജ്ഞമായ ചിത്രപരമ്പരതന്നെയായിരുന്നു അതു്. കരപ്രദേശത്തേയും കടലിലേയും ഇടക്കിടെയുള്ള ചെറുദ്വീപുകളിലേയും കാഴ്ചകഠം സിനിമയിലെന്നപോലെ മാറിവരുന്നതു കാണാം. എല്ലാംകൂടി, പ്രകാശവും നിഴലുംകൂടിയുള്ള ഒരു ഒളിച്ചുകളി.

അവരുടെ സാമാന്യമായ സ്വഭാവഗതിയിൽ എന്റെ ഭാവനയിൽ ഏററവുമധികം പതിഞ്ഞ പ്രത്യേകതയെന്താണെന്നു ചോദിച്ചാൽ ചക്രവത്തിയുടെപേരിൽ അവക്കുള്ള അവഗാഢവും അചഞ്ചലവുമായ ഭക്തിപ്രകഷമാണെന്നു ഞാൻ പറയും. ചക്രവത്തിയെ ജാപ്പാൻകാർ ഈശ്വരനിവ്വിശേഷം ആരാധിക്കുന്നു. ചക്രവത്തിയുടെ നാമധേയശ്രവണത്തിൽ ഒരു ജാപ്പാൻകാരന്റെ ഹൃദയം ഭയഭക്തികളാൽ പരവശമാകും. ജാപ്പാൻകാരിൽ ഇത്ര അത്ഭുതാവഹമായ ഒരു ഐക്യബന്ധം നിലനിത്തുന്നതും അച്ചടക്കബോധം വളത്തുന്നതും ഈ ഒരൊററ ഗുണമാണു്. അവരുടെ അക്ഷയമായ സ്വരാജ്യസ്നേഹം, എന്തെന്നില്ലാത്ത വിപദീധൈയ്യം, ആപൽസന്ധികളെ നേരിടുവാനുള്ള പ്രശാന്തമായ മനസ്സാന്നി

ഢ്യം എന്നീ വിശേഷങ്ങൾ ഒരു നിരീക്ഷകൻെറ ചിന്താ ഗതിയിൽ ശക്തിയോടെ പതിയുന്നതാണ്. സൈനി കോചിതമായ ഈ സ്വഭാവഗതികൾ പ്രോജ്വലമായി പ്രതിഭാസിക്കുന്നതിനോടൊപ്പം മററൊരു പ്രസ്താവ്യ മായ രസികത്വംകൂടി അവരിൽ സഹജമായിട്ടുണ്ട് — അ വരുടെ സൌന്ദൎയ്യാവബോധം. സുന്ദരവസ്തുക്കളിൽ അനു പമമായ അഭിനിവേശമുള്ളവരാണ് ജാപ്പാൻകാരേവരും. ഹിമാവൃതവും സിതാഭവുമായി പരിലസിക്കുന്ന ഫുജിമല യുടെ പ്രഭാവം കലൻ കമനീയതയെ ഓരോ ജാപ്പാൻ കാരനും സാദരമാരാധിക്കുന്നു. ധനാൎജ്ജനം ജീവിത ത്തിലെ ഏകോദ്ദേശമായി ജീവിക്കുന്ന വ്യാപാരികളും വ്യവസായികളുംകൂടി, കാഴ്ച കാണുവാൻ പോവുകയെ ന്നുവന്നാൽ അവരുടെ മററെല്ലാ 'കെടശാര'ങ്ങളും നിറു ത്തിവച്ച് നിങ്ങളുടെ ഒപ്പംവന്നു കാണേണ്ടതെല്ലാം സാവകാശമായി കാണിച്ചുതരും. മഹാധനികനായ ഒരു വൎത്തകപ്രമാണി എന്നെയും ജ്യേഷ്ഠനേയുംകൂടി അദ്ദേ ഹത്തിൻെറ കാറിൽ കയററി ടോക്കിയോവിലെ ചില ചേതസ്സമാകൎഷകങ്ങളായ കാഴ്ചകൾ കാണ്മാനായി ഒരു മിച്ചു കൊണ്ടുപോവുകയുണ്ടായി. അതും ഞങ്ങളുമായി പരിചയപ്പെട്ടിട്ടു അര മണിക്കൂർ കഴിഞ്ഞപ്പോഴേയ്ക്കു ഞ ങ്ങൾക്കതു് വലിയൊരു അത്ഭുതമായിരുന്നു. അദ്ദേഹ ത്തിൻെറ പിന്നത്തെ ലോഗ്യം ഞങ്ങളെ അതിലുമേറെ വിസ്മയപരതന്ത്രരാക്കി. സവാരിയും കഴിഞ്ഞു മടക്ക ത്തിൽ ആ കുബേരൻ ഞങ്ങളെ പരിഷ്കൃതമായ ഒരു ജാപ്പാനീസ് ഭക്ഷണശാലയിലേക്കു കൊണ്ടുപോയി അ

വിടെവച്ച രാജോചിതമായ ഒരു സദ്യകൊണ്ടു ഞങ്ങളെ സല്ക്കരിച്ചു.

അവർ ഏപ്പെടുന്ന സംഗതികളിലോരോന്നിനും എത്ര നിഷ്കൃഷ്ടയായും എത്രയേറെ അന്യൂനമായുമാണ് സജ്ജീകരണങ്ങൾ ചെയ്യുന്നതെന്നും എത്ര അത്ഭുതാവഹമായ അച്ചടക്കബോധമാണ് അവരുടെ എല്ലാ ഏപ്പാടുകളിലും പ്രദശിതമാവുന്നതെന്നും കോൺഫ്റൻസിനുള്ള ചിട്ടകൾ പ്രത്യക്ഷപ്പെടുത്തി. കശപിശയായി, ഭംഗികേടായി യാതൊന്നും കാണുക അവരുടെ സൌന്ദൎയ്യാവബോധത്തിനു സഹ്യമല്ല. തന്മൂലം എവിടേയും എന്തിലും കാണപ്പെടുന്ന ക്രമീകരണവും ശുചിത്വവും സവ്വഥാ സ്തുത്യഹമാണ്. റോഡിൽക്കൂടി നടന്നുപോകുന്ന ചെറുകുട്ടികൾകൂടി വഴിയിലെവിടെയെങ്കിലും വല്ല കടലാസുകഷണവും വീണുകിടക്കുന്നതു കണ്ടാൽ ഉടനെ അതു പെറുക്കിയെടുത്ത് അവിടവിടെ വഴിയരികിൽ വച്ചിരിക്കുന്ന 'ചവറുകൊട്ട'യിലിടുന്നതു എത്ര കൌതുകമുള്ള കാഴ്ചയാണെന്നോ! കുട്ടികളിൽകൂടി ഇത്തരത്തിലുള്ള ഔചിത്യബുദ്ധിയും കത്തവ്യബോധവും വിലസുമ്പോൾ പിന്നെ അങ്ങിനെയൊരു രാജ്യക്കാർ ലോകരാഷ്ട്രങ്ങളുടെ ഇടയിൽ ഒരഗ്രഗണ്യമായ പദവിയിലേക്കു ഉയന്നുവന്നു, ആ സമുന്നതമായ പ്രതാപത്തെ അഭംഗുരമായി പരിപാലിച്ചുവരുന്നതിൽ അതിശയിക്കുവാനെന്തുണ്ടു്!

പക്ഷെ അതിന്നെല്ലാമിടയിൽ ഒരു സംഗതി എന്നിൽ തെല്ലൊരു അമ്പരപ്പുളവാക്കുകതന്നെ ചെയ്തു. ദേശീയമായ ഏതൊന്നിനെപ്പററിയും അമിതമായ അഭി

മാനംകൊള്ളുന്ന ജാപ്പാൻകാർ ധരിക്കുവാൻ വളരെ സൌകയ്യവും, സുഖവുമുള്ള വിനീതസുന്ദരമായ അവരുടെ 'കിമോനോ' ഉപേക്ഷിച്ച യൂറോപ്യൻ രീതിയിലുള്ള ഉടുപ്പുസമ്പ്രദായം കൈക്കൊണ്ടതു എനിക്കു മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. അവരുടെ ദേശീയമായ വസ്ത്രധാരണസമ്പ്രദായത്തിൻെറ കൌതുകം ഒന്നു വേറെതന്നെയാണ്. ഏററം സൂട്ടം വളച്ചാൽ വളയാത്ത കോളറും ധരിച്ചു വന്നിരുന്ന്, ജാപ്പാൻകാർ നെല്ലരികൊണ്ടുള്ള ചോറു ഉരുട്ടിയുണ്ണുന്നതു രസകരമായ ഒരു കാഴ്ചതന്നെയാണെന്നു പറയാതെ കഴിയുകയില്ല.

വിദ്ദ്യാഭ്യാസത്തിൻെറ കായ്യത്തിൽ ജാപ്പാൻകാർ വളരെ മുന്നോട്ടു പോയിരിക്കുന്നു. പ്രാഥമികവിദ്ദ്യാഭ്യാസം സാവ്വത്രികമായി നിർബ്ബന്ധമാക്കിയിട്ടുള്ളതുകൊണ്ടു ജാപ്പാനിൽ അനക്ഷരജ്ഞതയെന്നതു കേവലം ഇല്ലെന്നുതന്നെ പറയാം. തന്മൂലം ജാപ്പാനിൽ ഒരേ ഒരു ഭാഷയ്ക്കു സവ്വപ്രധാനമായ പ്രചാരമുള്ളതായി കാണാം. മാസികകളും പത്രഗ്രന്ഥങ്ങളും ദിനപത്രങ്ങളും അവിടെ ലക്ഷക്കണക്കായി നാട്ടുപുറങ്ങളിൽ പ്രചരിക്കുന്നതിനു കണക്കില്ല. പക്ഷെ സ്ത്രീജനങ്ങറംക്കു ഉപരിവിദ്ദ്യാഭ്യാസം നൽകുന്ന കായ്യത്തിൽ ഇന്നും തെല്ലൊരു യാഥാസ്ഥിതികത്വം ജാപ്പാൻകാർ പ്രദശിപ്പിക്കുന്നതാണ് അതിശയകരമായി തോന്നുക. എന്നിരുന്നാലും സ്ത്രീസ്വാതന്ത്ര്യാദശം വളൎന്നുവരുന്നതിനു വേണ്ടതിലധികം തെളിവുണ്ട്. ഏതൊരു ജീവിതവൃത്തിയിലും സ്ത്രീജനങ്ങളെ സുലഭമായി ഇന്നു കാണ്മാനുണ്ട്. എന്നു

പറഞ്ഞാൽപോര പൌരസ്ത്യരാജ്യങ്ങളിൽ വേറെയൊരിടത്തും കാണപ്പെടാത്ത മാതിരി അത്രയധികം ഉണ്ടെന്നുകൂടി പറയണം. ടോക്കിയോവിലെ ബസ്സുകളിലും, ട്രാംകാറുകളിലും കണ്ടക്ടർസ്ഥാനങ്ങളിലധികവും തരുണികളെയാണു് കാണുക. ടോക്കിയോവിലെ ഏതൊരു വലിയ ആഫീസിൽപോയി നോക്കിയാലും സ്ത്രീകളായ ക്ലാൎക്കുമാരേയും, ടൈപ്പിസ്റ്ററുമാരേയും കണക്കില്ലാതെ കണ്ടെത്തും. അദ്ധ്യാപികമാർ, ഹോട്ടലുകളിൽ പരിചാരികമാർ, ഷാപ്പുപ്രവൎത്തിക്കാർ എന്നിവരെ തലസ്ഥാനനഗരിയിൽ ആയിരമായി എണ്ണുവാൻ സാധിക്കും.

സിനിമാ, റേഡിയൊ, സംഗീതം, സാഹിത്യം മുതലായവ ജാപ്പാൻകാരുടെ ജീവിതഗതിയിൽ എത്രയും പ്രാധാന്യം വഹിക്കുന്നതും പരിവൎത്തനം വരുത്തുന്നവയുമായ കലാവിഭാഗങ്ങളാണു്. വിദ്യാലയങ്ങളിലെ അദ്ധ്യയനപദ്ധതികളിൽത്തന്നെ റേഡിയൊ ബ്രോഡ്കാസ്റ്റിംഗ് ഏൎപ്പാടിനു പ്രാമുഖ്യം ലഭിച്ചുകഴിഞ്ഞിരിക്കുന്നു. പ്രാതഃകാലങ്ങളിൽ 'റേഡിയൊ ഫിസിക്കൽ ഡ്രിൽ' (കായിക സംസ്കരണപദ്ധതി) അവിടെ എത്രയധികം പ്രചുരമായിട്ടുള്ള ഏൎപ്പാടാണെന്നു അങ്ങിനെയുള്ള പരിശീലനസ്ഥലങ്ങളിലൊന്നിൽ പോയി നോക്കിയാലറിയാം. ഈ കായികപരിശീലനപദ്ധതി ഞാൻ കാണുകയുണ്ടായി. പാശ്ചാത്യരീതിയിലുള്ള സ്പോർട്ട്സിലും വിനോദങ്ങളിലും ജാപ്പാൻകാർ എന്തെന്നില്ലാത്ത ഔത്സുക്യം പ്രദൎശിപ്പിച്ചു തുടങ്ങിയിരിക്കുന്നു. ജാപ്പാനിലെ ദേശീയമായ 'വിനോദം' ഇന്നു 'ബെയ്സ്ബോൾ' ആണു്.

അവിടെ ചെന്നെത്തുന്ന വൈദേശികരായ യാത്രക്കാരും ജാപ്പാൻകാരും തമ്മിൽ മണമിണങ്ങിയ അടുത്തു പെരുമാററങ്ങൾക്കു ഭാഷാപ്രശ്നം നിർഭാഗ്യകരമായ ഒരു പ്രതിബന്ധമായിരിക്കുന്നു. ജാപ്പനീസ് ഭാഷയിൽ തെല്ലെങ്കിലുമൊരു പരിജ്ഞാനമില്ലെങ്കിൽ ഒരന്യദേശീയനു ജാപ്പാനിലെ താമസം വേണ്ടിടത്തോളം സുഖകരമായി അനുഭവപ്പെടുവാൻ പ്രയാസം. അതുകൊണ്ടു ജാപ്പാനിലേക്കു യാത്ര പോവാനുദ്ദേശിക്കുന്നവർ മുൻകൂട്ടി ജാപ്പാൻഭാഷയിൽ അത്യാവശ്യമൊരു സാമാന്യജ്ഞാനം സമ്പാദിച്ചുവെക്കുന്നതു നന്നായിരിക്കുമെന്നു എനിക്കു അഭിപ്രായമുണ്ട്. ഇംഗ്ലീഷ് അറിഞ്ഞതുകൊണ്ടു വലിയൊരു കാൎയ്യമൊന്നുമാവില്ല. ജാപ്പാൻകാരിൽ ഒരു വലിയ ഭാഗക്കാർ ഇംഗ്ലീഷ്ഭാഷ പഠിക്കുവാൻ അഭിരുചി പ്രദർശിപ്പിക്കുന്നുണ്ടെങ്കിലുംകൂടി വലിയൊരു ഫലമായിട്ടുണ്ടെന്നു പറഞ്ഞുകൂടാ.

ജാപ്പാൻകാർ ഇന്ത്യയെപ്പററി വലിയൊരു ഔത്സുക്യവും ജിജ്ഞാസയും ഉള്ളവരായി കാണപ്പെട്ടില്ല. ഇന്ത്യയിലെ ഭൂസ്ഥിതികളെപ്പററിയൊ സംഭവഗതികളെപ്പററിയോ അവൎക്കുള്ള അറിവു മഹാ പരുങ്ങലാണ്. മഹാത്മാഗാന്ധി, മഹാകവി ടാഗോർ ഇങ്ങിനെ രണ്ടു ഇന്ത്യാക്കാരെപ്പററി മാത്രമേ അവർ കാൎയ്യമായി കേട്ടിട്ടുള്ളു; മറക്കാതെ ഓൎമ്മിക്കുന്നുള്ളു. പൌരസ്ത്യരാജ്യങ്ങളിൽ ഏററവും മുന്നണിയിൽ നില്ക്കുന്നതായ ഇന്ത്യയെപ്പററി അടുത്തു പരിചയം ലഭിക്കുംവിധമുള്ള വിവരങ്ങളറിഞ്ഞിരിക്കേണ്ടതിന്റെ അത്യാവശ്യകതയെപ്പററി ജാപ്പാൻ

കാരെ മനസ്സിലാക്കേണ്ടതായിട്ടിരിക്കുന്നു. ഇന്ത്യയും ജാപ്പാനുംകൂടി പരസ്പരം ഇടപഴകുന്നതിന് ഇപ്പോഴുള്ള തിൽ വളരെയധികമായ അവസരങ്ങൾ ഉണ്ടാക്കിയേ കഴിയൂ. സ്വാമി വിവേകാനന്ദൻ ഒരവസരത്തിൽ പറയുകയുണ്ടായത്രെ, നമ്മുടെ ചെറുപ്പക്കാരെ, ധാരാളമായി പാശ്ചാത്യരാജ്യങ്ങളിലേക്കയക്കുന്നതിനു പകരം ജാപ്പാനിലേക്കയക്കുകയാണ് വേണ്ടതെന്നു്. അതു വളരെ ശരിയാണെന്നു എനിക്കു തോന്നുന്നു. ജാപ്പാനിലെ പ്രധാനതുറമുഖമായ കോബിൽ ഒരു നല്ല സംഖ്യ ഇന്ത്യാക്കാർ ഉണ്ടെന്നു കാണുന്നു. ഏതാണ്ടു അറുന്നൂറോളംവരുന്ന ഇന്ത്യാക്കാർ അവിടെ വ്യാപാരത്തിനായും വിദ്യാഭ്യാസത്തിനായും ചെന്നു താമസിക്കുന്നവരാണ്. ജാപ്പാൻകാൎക്കു ഇന്ത്യയെപ്പററി പരിജ്ഞാനം കുറയുമെന്നതു ശരി തന്നെ. പക്ഷെ ഇന്ത്യാക്കാരെന്നുവെച്ചാൽ ഒരു പുഛമോ വിരോധാഭിപ്രായമോ ഈൎഷ്യയൊ അവൎക്കൊട്ടുംതന്നെയില്ലെന്നുള്ളതു് സമാശ്വാസഹേതുകമായ ഒരു സംഗതിയാണ്.

1. പത്രവായനകൊണ്ടുള്ള നന്മകളെ വിവരിച്ചുകൊണ്ടു ഒരു പന്യാസമെഴുതുക.

2. താഴെ കാണുന്നവയ്ക്കു പാഠത്തിൽ ഉള്ള വിശേഷണങ്ങൾ തന്നെ സ്വവാചകങ്ങളിൽ ചേൎക്കുക:— ടോക്കിയോ, ചിത്രപരമ്പര, ഫുജിമല, ജാപ്പാൻകാർ.

3. ജാപ്പാൻകാരുടെ ഏതെല്ലാ വിശേഷങ്ങളാണ് ഒരു നിരീക്ഷകന്റെ ഹൃദയത്തിൽ പതിയുന്നതെന്നാണ് ഈ പാഠത്തിൽ പറയുന്നതു് ?

4. ജാപ്പാൻകാരുടെ സൌന്ദര്യാവബോധത്തെ വിവരിക്കുക.

5. ഒരു ചന്തയെപ്പററി ഒരു വിവരണമെഴുതുക. താഴെ പറയുന്ന സംഗതികളെ ഉള്ളടക്കിയിരിക്കേണ്ടതാണ്:— സാധനങ്ങൾ വിവിധമാർഗ്ഗേണ കൊണ്ടുവരുന്നതു്, വില്പനയ്ക്കു വെച്ചിരിക്കുന്നവിധം, പ്രധാനപ്പെട്ട ചില കച്ചവടസാധനങ്ങൾ, കച്ചവടസമ്പ്രദായം, കച്ചവടക്കാർ സാധനങ്ങളുടെ യഥാർത്ഥവില പറയാത്ത പതിവുനിമിത്തം നിങ്ങൾക്കു നേരിട്ട വിഷമതകൾ, ആ സമ്പ്രദായത്തെപ്പററി നിങ്ങൾക്കുള്ള അഭിപ്രായം, ജനബാഹുല്യം.

# 16. പ്രതികാരപ്രേരണം.

സൽഗുണംചേരുന്നോരു പാണ്ഡവരിതുകാലം
നൂററവരൊട്ടുചൂതു തോററുടൻ വനങ്ങളിൽ
പുക്കങ്ങുവസിക്കുംനാൾ മൈക്കണ്ണിപാഞ്ചാലിയും
കൊററവരാകുന്നൊരു നൂററവരോരോതരം
കുററങ്ങൾചെയ്യതെല്ലാം ഉററുടനകതാരിൽ
പററിനതാപത്തൊട്ടു ചെററകമഴിഞ്ഞുടൻ
മുററുന്നകോപമുഖം തെററിയങ്ങവളുടെ
പററലർകാലൻധർമ്മപുത്രരോട്ടരചെയ്തു:—
"കേൾക്കണംമഹീപതേ ! ഞാനിന്നുപറവതു
ചൊൽക്കൊള്ളുംസോമകുലം തന്നിലുള്ളവർപണ്ടു
മിക്കൊള്ളശത്രുക്കളെയൊക്കെയും ജയിച്ചിതു
ദിക്കെങ്ങുംപുകഴ്പെററ വാണിതുസുഖമോട്ടു.
അക്കുലംതന്നിൽത്തന്നെ നിങ്ങളുംപിറന്നിതു,
ഭോഷ്ക്കെന്നുതോന്നുന്നിപ്പോൾകോപ്പുകൾകാണുംതോറും
മുഷ്ക്കേറും ഗാന്ധാരിതൻ മക്കളോടിടരോട്ടും
ഇക്കാലംചൂതുതോററ നാട്ടുമന്നഗരിയും
ഒക്കവേകളഞ്ഞിങ്ങീ ഘോരകാനനങ്ങളിൽ
പുക്കങ്ങുവസിക്കുന്നതോക്കിലോ ശിവ ! ശിവ !
ദിക്കിങ്കലുള്ളജനമെന്തുതാൻപറയാതു !

ധിക്കരിച്ചീടുമല്ലോ തക്കതെല്ലാത്തതെല്ലാം ;
ഉൾക്കനെമില്ലയെങ്കിൽ നമ്മുടെബന്ധുക്കളും
ധമ്മവുംദാനങ്ങളും ഹോമവുംജപങ്ങളും
നമ്മുടെ ശത്രുക്കളെച്ചെന്നങ്ങുജയിക്കുമോ !
ചെമ്മേനീയോഗികൾക്കന്നവും കൊടുത്തുടൻ
വെണ്മയോടിരുന്നാലിങ്ങെന്തുള്ളതൊരുഫലം ?
ധമ്മവുംചെയ്യുന്നേകം സാഹസമുണ്ടാകിലോ
കമ്മവുംഫലിക്കുമേ ; ദൈവവുംതുണചെയ്യും ;
അല്പമാംജന്തുക്കളുമെപ്പൊഴും നടക്കിലോ
ദൂരമാംവഴിപോകുമെന്നതങ്ങറിഞ്ഞാലും.
കെല്പേറുംഗരുഡനും മന്ദമായിരിക്കിലോ
എപ്പോഴുമിരുന്നിടത്തങ്ങനേയിരുന്നുപോം.
രാജാവിന്നാവഗുണം ശക്തികളൊരുമൂന്നും
മററിനിയാവജാതി ഉള്ളോരുജനങ്ങളും
ഉററിട്ടുമാഗ്ഗമേഴും പററിയേകൈക്കൊണ്ടുടൻ
മാററാനെവെല്ലുന്നോനെ രാജാവെന്നറിഞ്ഞാലും.
ഇന്നുനീപടയോടു ചെന്നങ്ങുമടിയാതെ
മന്നവാ, നൂററുവരെക്കൊല്ലുകവിരവോടെ.
ദുഷ്ടരാമവർചെയ്യ ദുഷ്ടതമറന്നിതോ ?
നിങ്ങൾക്കുവിഷച്ചോറുതന്നതും, അരക്കറ
തന്നിലിട്ടുടൻചുട്ടു കൊല്ലുവാൻതുനിഞ്ഞതും
കൊററവാ, ദുശ്ശാസനനെന്നുടെ തലമുടി
ചുററിയേപിടിച്ചുടൻ ഭൂമിയിലിഴച്ചതും
ചുററുമമ്മഹാജനം നില്ക്കുന്നനേരത്തെൻെറ
ചുററിയ പുടവകളൊക്കവേയഴിച്ചതും

മന്നവാ,മറന്നിതോ ? ദൈവമേ ! വിധിയിതു ;
മക്കളുമില്ലെനിക്കു ; ദുഃഖവുംപെരുതായു ;
കാടുകൾതോറും നടന്നീടുകെന്നതുംവന്നു ;
ദൈവമേ ! ഗതിയെനിക്കെന്തിനി !" എന്നവളും
വാവിട്ടുമുറയിടുംനേരത്തു ഭീമസേനൻ
ഭാവവുംപകൎന്നുടനഗ്രജനോടുചൊന്നാൻ:—
"മന്നവമണേ ! നീയുമിന്നിവൾപറഞ്ഞതു
കേട്ടിനിപ്പടയോടും അസ്തിനപുരത്തിനിൽ
ചെന്നിനിന്തുറവരെക്കൊല്ലുക മടിയാതെ.
ദുഷ്ടനാംശകുനിയങ്ങിട്ടൊരു കള്ളച്ചൂതിൽ
ഒട്ടല്ലകഷ്ടമിതു, നാടുകൾ കളഞ്ഞിതു.
അഞ്ജസാ അടവിയിലിങ്ങനെവസിക്കേണം
അജ്ഞാതവാസമിരുന്നീടേണമൊരാണ്ടേതും.
എന്തൊരുഫലമിതിന്നുള്ളതു നിനക്കുമ്പോൾ ?
സത്യത്തെപ്പാൎത്തുപാൎത്തു കാലത്തെകളയുന്നു.
ദുഷ്ടരോടുണ്ടോസത്യം ചെയ്യീടുന്നൊരുത്തരും
പെണ്മണിയിവൾതാനും ദുഃഖിക്കുന്നതുംകഷ്ടം !
ഇങ്ങിനെയിരുന്നിരുന്നായുസ്സും കുറഞ്ഞുപോം ;
വൃദ്ധതവന്നാലൊട്ടു ശക്തിയുംക്ഷയിച്ചുപോം ;
യുദ്ധവുംചെയ്യുകൂടാ പിന്നെയെന്നറിഞ്ഞാലും."
ചിന്തിച്ചു ധൎമ്മപുത്രനീവണ്ണമുരചെയ്തു:—
"ഭീമനും പാഞ്ചാലിയും കേൾക്കഞൊൻപറവതു
കോപിച്ചാലൊരുഫലമെന്തിതിന്നുള്ളതിപ്പോൾ ?
ആപത്തുവരുംകാലം താപത്തെയടക്കേണം.
സത്യത്തെമറത്താലോ ദൈവവുംവെറുക്കുമേ

സത്യത്തെ മറന്നുനാമിപ്പൊഴങ്ങെതിർചെന്നാൽ
എന്നുമേജയിക്കാമോ നൂററവർനമ്മെമൂററം ?
സത്യങ്ങൾപിഴയാതെ മേവിനാലനന്തരം
ഈശ്വരനനുഗ്രഹിച്ചീടുമേ മടിയാതെ ;
ലോകരുംനമ്മെപ്രതി എത്രയുംസന്തോഷിക്കും.
താമരക്കണ്ണനുണ്ണിക്കൃഷ്ണനും പ്രസാദിക്കും
എന്നാലിപ്പടയോടുകൂടെനാം ചെന്നുപിന്നെ
നൂററവർനമ്മെ മുടിച്ചീടാമെന്നറിഞ്ഞാലും
ദ്രൌപതിക്കെന്തുപിന്നെ ദുഃഖങ്ങളുണ്ടായതു ?
സീതയാമവൾപണ്ടു രാമനോടൊരുമിച്ചു
കാനനംതന്നിൽ വസിച്ചീടുന്നകാലത്തുങ്കൽ
രാവണൻകട്ടുകൊണ്ടു ലങ്കയിൽവെച്ചശേഷം
വല്ലഭൻതന്നെപ്പിരിഞ്ഞല്ലലും മുഴുത്തവൾ
വല്ലാതെയിരുന്നേറെ വാവിട്ടുകരഞ്ഞതും
എന്തെന്നുപറവതു സങ്കടമവളുടെ !
ദൈവമേ ! നിനയ്ക്കുമ്പോളെങ്ങിനെപറയേണ്ടു !
നിങ്ങളിന്നഹങ്കരിച്ചിങ്ങിനെ പറഞ്ഞാലോ,
ശേഷിയില്ലതിനുഞാൻ നിങ്ങളോടിതുകാലം."

കൊററവർ (=രാജാക്കന്മാർ, ജയിച്ചുനില്ക്കുന്നവർ) മിക്കൊള്ള (=എല്ലാ, മുഴുവനുംതന്നെ) 'പററിയേ' ('ഏ' പാദപൂരകനിപാതം) മുതലായി ഈ കൃതിയിൽ കാണുന്ന പദങ്ങൾ ഇന്നു മിക്കവാറും ലുപ്തപ്രചാരങ്ങളാണ്. അലങ്കാരങ്ങൾകൊണ്ടുള്ള മോടി ഇതിലില്ലെങ്കിലും, അഭിപ്രായഗർഭിതമായ വാക്യങ്ങൾകൊണ്ടുള്ള പുഷ്ടിയും, സാരള്യവും, ശബ്ദഭംഗിയും ധാരാളമുണ്ടല്ലോ.

പ്രതികാരപ്രേരണത്തിൽ പാഞ്ചാലിയുടെ മുള്ളുവാക്കുകളും, പൌരുഷോത്തേജകമായ പരിഹാസവും, നയങ്ങളും, ന്യായവാദങ്ങളും, രാജനീതിതത്വങ്ങളും, ഇവയൊന്നും ഫലിക്കുന്നില്ലെന്നു കണ്ടപ്പോൾ ,,മക്കളുമില്ലെനിക്കേ''ന്നു പറഞ്ഞുകൊണ്ടുള്ള കരച്ചിലും, ഉത്ഥാനബുദ്ധിയായ ഭീമൻെറ കയൎക്കലും, ധൎമ്മപുത്രരുടെ സാമോക്തിസാന്ത്വനവും അത്യന്തം സ്വാഭാവികവും, സരസവുമായിട്ടുണ്ടെന്നു സൂക്ഷിച്ചു നോക്കിയാൽ കാണാം.

1. ആറു ഗുണങ്ങൾ, മൂന്നു ശക്തികൾ, ആറുജാതി ജനങ്ങൾ, ഏഴു മാൎഗ്ഗങ്ങൾ— ഇവയേതെല്ലാമാണ്?

2. ,,കേൾക്കേണം മഹീപതേ!'' എന്നതുമുതൽ ,,വാണിതു സുഖമോട്'' എന്നതുവരെയുള്ള ഭാഗം വ്യാകരിക്കുക.

3. ധൎമ്മപുത്രർ സീതയുടെ കഥ പ്രസ്താവിച്ചതിൻെറ ഔചിത്യം വിശദമാക്കുക.

4. ,,വല്ലഭൻതന്നെപ്പിരിഞ്ഞു'' എന്നതിനാൽ എന്തെന്തു പ്രത്യേകതത്വങ്ങളെയാണ് ധൎമ്മപുത്രർ സൂചിപ്പിക്കുന്നതു്?

5. ,,നിങ്ങളിന്നഹങ്കരിച്ചു്'' എന്നതിലടങ്ങിയിരിക്കുന്ന തത്വാവസ്ഥകളെ വിശദമാക്കുക.

6. മഹാഭാരതത്തിൽ ഈ കഥാഭാഗത്തു പാഞ്ചാലിയ്ക്കു 'പണ്ഡിത' എന്നൊരു വിശേഷണം നൽകിയിട്ടുണ്ട്. അതു് എത്രത്തോളം യോജിക്കുമെന്നു പരിശോധിക്കുക.

7. പൂകുക എന്ന ക്രിയയുടെ ഭൂതകാലരൂപങ്ങളേതെല്ലാം? അവയ്ക്കു വല്ല പ്രയോഗവിശേഷവും കല്പിപ്പാനുണ്ടോ?

# 17. നാളത്തെ പരിഷ്കാരം.

നാളത്തെ പരിഷ്കാരം! അതേ, ഇന്നത്തെ പരിവത്തനകോലാഹലം സാവധാനം അഭിവീക്ഷണംചെയ്യുന്നവക്കു പര്യാലോചനാഹമായ ഒന്നാണു നാളത്തെ പരിഷ്കാരം. പരസ്പരഭിന്നങ്ങളായ ആദശസംഹിതകളുടെ വ്യാസരംഗത്തിൽ ആ പരിഷ്കാരം അനിദ്ധാര്യസ്വരൂപമായിരിക്കുന്നു. പലരും അതിന്റെ സ്വരൂപം നിണ്ണയിക്കുവാൻ ക്ലേശിക്കുന്നുണ്ട്. ഒരു നിണ്ണയവും പൂണ്ണമല്ല. എന്നിരുന്നാലും തത്സംബന്ധമായി ഇതഃപര്യന്തം പ്രകടീഭവിച്ചിട്ടുള്ള അഭിപ്രായങ്ങളിൽ കുറെയൊക്കെ കേൾക്കത്തക്കവയാണു്.

പ്രകൃതിശക്തിഗവേഷണം അടിക്കടി വദ്ധിക്കുകയാണല്ലോ. പാശ്ചാത്യർ അതിൽ ബദ്ധനേത്രരും കൃതപ്രതിജ്ഞരുമായിരിക്കുന്നു. അതുകൊണ്ടു "കണ്ടുപിടിത്തങ്ങൾ" മേൽക്കുമേൽ ഉണ്ടായിക്കൊണ്ടിരിക്കുമെന്നു വേണം ഊഹിക്കുവാൻ. യത്നലഘൂകരണപ്രിയരായ മനുഷ്യരാകട്ടെ, യന്ത്രപ്രതീതമായ ജീവിതം അത്യാഹ്ലാദപൂർവ്വം ആശ്ലേഷിക്കാതിരിക്കയില്ല. തീവണ്ടി, കമ്പിയില്ലാക്കമ്പി, വിദ്യുദ്ദീപം ഇത്യാദി ഇപ്പോൾതന്നെ അനേകം രാജ്യങ്ങളിൽ കയറിപ്പററിയിരിക്കുന്നു. സാധാ

രണ്ണന്മാരുടെ ജീവിതപരിപാടിയിൽപ്പോലും അവ ദുസ്സ്യജങ്ങളായി തീരുവാൻ ഇനി അധികവിളംബം വേണ്ടിവരികയില്ല. അങ്ങിനെയിരിക്കെ നാളത്തെ പരിഷ്കാരം— പാശ്ചാത്യവും പൌരസ്ത്യവുമൊന്നുപോലെ — നവീനശാസ്ത്രനിബദ്ധമായിരിക്കുമെന്നുവേണ്ടയോ അനുമാനിക്കുവാൻ? മനുഷ്യൻെറ ഗവേഷണപ്രസക്തി ക്രമേണ മന്ദീഭവിക്കുമെന്നു കരുതാൻ കാരണമില്ല. അതു കടിഞ്ഞാൺ കൈവിട്ടു് ഓടിക്കൊണ്ടേയിരിക്കും. ഓട്ടത്തിൽ അതിൻെറ പദലാഞ്ഛനങ്ങൾ നമ്മുടെ ഭവിഷ്യജ്ജീവിതപദ്ധതിയിൽ പതിഞ്ഞേ തീരൂ. ഇതു സമഞ്ജസമായൊരു അഭിപ്രായംതന്നെ.

പക്ഷേ മഹാത്മാഗാന്ധിയുടേയും, താദൃശലോകജ്ഞാനികളുടേയും ശക്തിമത്തായ ഉൽബോധനം പിന്നെ എന്തിനു്? ബൌദ്ധം, ക്രൈസ്തവം, ഹൈന്ദവം, മഹമ്മദീയം എന്നിങ്ങനെ എല്ലാ പ്രധാനമതങ്ങൾക്കും പള്ളിപ്പിറപ്പരുളിയ പൌരസ്ത്യലോകത്തിൻെറ ധൎമ്മാവബോധത്തിനു് ഇനിയത്തെ പരിഷ്കാരത്തിൽ പങ്കില്ലെന്നോ? വിദ്വാന്മാർ സമ്മതിക്കുന്നു ഉണ്ടെന്നു്. ഇല്ലെങ്കിൽ സൎവ്വവും ധൂമാന്ധം; മനുഷ്യൻ ലോകവാസംതന്നെ വെറുക്കും. നോക്കുക, ഇപ്പൊഴേ വന്നിരിക്കുന്നു, ആ വെറുപ്പിന്നാധാരമായ സമാധാനക്ഷതി. യുദ്ധോപകരണസഞ്ചയനം ദിവസന്തോറും വൎദ്ധനമായി വരുന്നു. സയൻസു മനുഷ്യനു കടലും കരയും മാത്രമല്ല, അന്തരീക്ഷവും മത്സരരംഗമാക്കി തീൎക്കുന്നു. ലോകക്ഷേമത്തിനു് ഈശ്വരൻ കല്പിച്ചരുളിയ ശാസനാദശകം (The ten Commandments)

ഇന്നു നാശകരയത്നങ്ങൾക്കിടയിൽ സയൻസു കീശയിൽ നിക്ഷേപിച്ചിരിക്കയാണു്. മഹായുദ്ധവും, അനന്തരം സാമ്പത്തികാധഃപതനവും നേരിട്ടു സിരകളെല്ലാം തളൎന്നുപോയ ജനസഞ്ചയം, സയൻസിന്റെ ഹസ്താവലംബത്തോടുകൂടി ത്വരിതോൽഗമനംചെയ്യുന്ന നവീനപരിഷ്കാരത്തിന്റെ "ഗജവിക്രമങ്ങൾ" എങ്ങിനെയെങ്കിലും പ്രതിരോധിക്കണമെന്നു സിദ്ധാന്തിക്കുന്നു. യുദ്ധക്കടങ്ങൾ തല്ക്കാലം വീട്ടാൻ തരമില്ലെന്നുകണ്ടു്, ഇംഗ്ലണ്ടും മററും അക്കാൎയ്യം നീട്ടിവെക്കുകയാൽ, കടക്കാററി പിരിയാതെ ക്ലേശിക്കുന്ന അമേരിക്ക, യൂറോപ്യൻ ശക്തികളോടു പറയുന്നു, ആയുധസംഭരണം നിവൎത്തിക്കുറേശ്ശയായി കടം വീട്ടിത്തരണമെന്നു്. പക്ഷേ, ആ ഉപദേശം ഫ്രാൻസും ഇംഗ്ലണ്ടും മററും കേൾക്കുന്നതേയില്ല. സാമ്പത്തികാപകൎഷഘോഷണം മാത്രമേ അവക്കുള്ളു. ചിലർ, ആയുധബഹിഷ്കരണംകൊണ്ടുണ്ടാകുന്ന പണം, കൃഷിവാണിജ്യവ്യവസായങ്ങൾക്കായുപയോഗിച്ചു രാജ്യക്ഷേമം ഉദ്ധരിച്ചതിനുശേഷം യുദ്ധക്കടത്തിന്റെ കാൎയ്യം ആലോചിച്ചാൽ മതിയെന്നു മാദ്ധ്യസ്ഥ്യം പറയുന്നുണ്ടു്. അതും വനരോദനംതന്നെ. സൎവ്വത്ര കുഴപ്പമേയുള്ളു. എത്ര സൎവ്വരാജ്യസഖ്യങ്ങളും ആയുധബഹിഷ്കരണാലോചനകളും ഉണ്ടായാലും ജനങ്ങൾ തമ്മിലും, രാജ്യങ്ങൾ തമ്മിലും സൌഹാൎദ്ദമില്ലെങ്കിൽ എല്ലാ സമാധാനോദ്ധാരശ്രമങ്ങളും നിഷ്ഫലം. നിരായുധീകരണം, യുദ്ധക്കടം ഇത്യാദി ശബ്ദങ്ങളുടെ സ്ഥാനങ്ങൾ, വിശ്വാസം, പ്രത്യാശ, സ്നേഹം, യത്നം എന്നിവ കൈവശപ്പെ

ട്ടത്തിയാലേ സമാധാനം ഉണ്ടാകൂ എന്നത്രേ ബോാം ഡ്ഡിൻെറ ഉൽബോധനം. യാന്ത്രികപരിഷ്ക്കാരത്തിൻെറ നാശകരോദ്യമങ്ങൾക്കു പ്രതിവിധി അദ്ധ്യാത്മബോധം മാത്രം.

ഏഷ്യയുടെ ബ്രഹ്മാണ്ഡഭേദിയായ ധമ്മരോദനം അങ്ങിനെ അനന്തരകാലികർ കേൾക്കുമെന്നുവന്നാലും, ഇന്നത്തെ മട്ടിലായിരിക്കയില്ല ആ കേൾവി. ധമ്മത്തിൻെറ ശശാൽകോമളമായ വദനത്തിൽ കരിതേക്കുന്ന അനാചാരങ്ങളുടെ അട്ടഹാസം അവരുടെ കണ്ണുകളിൽ പതിക്കുകയില്ല. അകൃത്രിമസുന്ദരങ്ങളായ വേദസൂക്തങ്ങളിൽ എള്ളിലെണ്ണപോലെ അന്തല്ലയിച്ചിരിക്കുന്ന സാഹോദയ്യാധിഷ്ഠിതമായ സദ്ധമ്മമേ സനാതനമായിരിക്കയുള്ളൂ. നാളത്തെ പരിഷ്ക്കാരത്തിൻെറ ഭൌതികതയ്ക്കു നിയന്താവായിരിപ്പാൻ അതൊഴികെ മറെറാന്നും ശക്തമാകയില്ല.

സ്ത്രീവ്യക്തിയുടെ ഉന്നമനം ഭാവിപരിഷ്ക്കാരത്തിലെ മറെറാരു പ്രധാനാംശമാകുന്നു. യൂറോപ്പിലും അമേരിക്കയിലും പുംസ്ത്രീഭേദം പല കായ്യങ്ങളിലും ഇല്ലാതായിട്ടുണ്ട്. സ്ത്രീകളുടെ സംഖ്യ പുരുഷന്മാരുടേതിൽനിന്നു വളരെ കുറഞ്ഞിരിക്കുന്ന യൂറോപ്യൻ രാജ്യങ്ങളിൽ പ്രസൂതഭേദം നിശ്ശേഷം നശിക്കുമെന്നുവേണം കരുതാൻ. ഫ്രാൻസിൽ 20 ലക്ഷത്തിൽപരം സ്ത്രീകൾക്കു വിവാഹദ്വാരാ ജീവിതപ്രവേശം ലഭിക്കുന്നില്ല. അവർ കായബലാനപേക്ഷമായ ജോലികളിൽ പുരുഷന്മാരോടു മത്സരമാരംഭിച്ചിരിക്കുന്നു. ഈ അഭ്യുത്ഥാനം ഗാഹസ്ഥ്യം,

വിദ്യാഭ്യാസം ആദിയായവയ്ക്ക് എത്രകണ്ടു ബാധകമായേക്കുമെന്നു പറയേണ്ടതില്ലല്ലോ. പൌരസ്ത്യവനിതാമണ്ഡലത്തിലും ഉൽക്കർഷണത്തിന്റെ ലക്ഷണങ്ങൾ കാണാവുന്നതാണ്. ചൈനയിൽ ബാലികമാരുടെ പാദബന്ധനം നാമാവശേഷമായിരിക്കുന്നു. ടർക്കിയിൽ സ്ത്രീകളുടെ മൂടുപടം കീറിപ്പോയിരിക്കുന്നു. കേരളത്തിൽ അന്തർജ്ജനങ്ങൾ വട്ടക്കുടയും വൃഷലിയും തള്ളി ബഹിർജനങ്ങളായി പകർന്നിരിക്കുന്നു. ഇരുഭൂഖണ്ഡങ്ങളിലും ദ്രഷ്ടവ്യമായ നവ്യോത്ഥാനം താമസിയാതെ വിപൽകരമാവില്ലയോ എന്നു പലരും സംശയിക്കുന്നുണ്ട്. ധർമ്മത്തിന്റെ ചെങ്കോലിൻകീഴിൽ ഉൽപതിഷ്ണുത്വവും യാഥാസ്ഥിതികത്വവും തമ്മിലിണങ്ങിയാൽ ഫലം അഭിലഷണീയമായിരിക്കും. മേക്കും കിഴക്കും തമ്മിലല്ല, അടുക്കളയും കൂത്തമ്പലവും തമ്മിലാണ് ഇനി ഉണ്ടാകേണ്ട സന്ധി.

ആഗാമിയായ പരിഷ്കാരത്തിന്റെ വേറൊരു ഘടകം പാശ്ചാത്യന്റെ അധഃപതനമാണെന്ന് ഒരമേരിക്കൻ പണ്ഡിതൻ അഭിപ്രായപ്പെടുന്നു. പാശ്ചാത്യവും പൌരസ്ത്യവുമായ രണ്ടു വമ്പിച്ച ജനസമുദായങ്ങളുടെ വ്യാഘട്ടനം ദർശിക്കുന്ന മദ്ധ്യസ്ഥനായ ഒരുവന്റെ ചെറിയൊരു അഭിലാഷം മാത്രമാണതെന്നു ഗണിക്കുവാൻ വയ്യ. ഇരുപക്ഷങ്ങളിലേയും സന്നാഹങ്ങൾ സമവലോകനം ചെയ്തതിന്റെ ഫലമാകുന്നു അദ്ദേഹത്തിന്റെ പ്രസ്താവം. 16-ാം നൂററാണ്ടിൽ ഉത്ഥാപിതമായ പാശ്ചാത്യപ്രഭാവം കഴിഞ്ഞ ലോകമഹായുദ്ധംവരെ

പ്രവൃദ്ധമായിക്കൊണ്ടിരുന്നു. 1905-ൽ റഷ്യക്കാർ ജാപ്പാൻകാരോടെതിൎത്തു തോൽവിയടഞ്ഞു. അതായിരുന്നു അവൎണ്ണനിൽനിന്നു സവൎണ്ണനു പററിയ ഒന്നാമത്തെ പരാജയം. മഹായുദ്ധത്തിൽ സവൎണ്ണരായ പാശ്ചാത്യർതന്നെ തമ്മിൽതല്ലി സഹസ്രലക്ഷങ്ങൾക്കിന്നു അന്തരിക്കുകയും ഒടുവിൽ അവരുടെ രക്ഷയ്ക്കായി അവൎണ്ണർ കാടിയെത്തേണ്ടിവരികയും ചെയ്തു. യുദ്ധം അവസാനിച്ചതോടെ അവരുടെ ധനപ്പെരുപ്പവും അവസാനിച്ചു. ചൈനയിലെ അങ്ങാടികളിൽ റഷ്യക്കാർ—തനി വെള്ളക്കാർതന്നെ — ഭിക്ഷാടനം ചെയ്യുകയായി. ഇപ്പോൾ അവർ രണ്ടു നവീനാസ്ത്രങ്ങൾ കണ്ടുപിടിച്ചിട്ടുണ്ടു്; വിദേശസാമാനതിരസ്കാരവും, അക്രമരഹിതമായ പ്രതിഷേധവും. അവ സവൎണ്ണപ്രതാപം വിഛിന്നമാക്കിയിരിക്കുന്നു. ചൈനക്കാർ 1926-ൽ നടത്തിയ സാമാനബഹിഷ്കാരംനിമിത്തം ബ്രിട്ടീഷുകാൎക്കു് അനേകലക്ഷം പവൻ നഷ്ടപ്പെട്ടു. ഭാരതീയരുടെ അസ്ത്രപ്രയോഗം തത്തുല്യമായ നഷ്ടം ഇപ്പോഴും അവൎക്കു വരുത്തിവരുന്നു. ആയുധസംഭാരത്തിലൊഴികെ മറെറല്ലാററിലും അവൎണ്ണർ സവൎണ്ണരെ ജയിച്ചതായി പറയാം. ആ സ്ഥിതിക്കു് അമേരിക്കൻ വിദ്വാൻെറ അഭ്യൂഹം അയുക്തമായെണ്ണാമോ?

സൎവോപരി ജനഹിതഭരണത്തിൻെറ ഉത്തമരൂപവും ഭരണസ്ഥാപനങ്ങളെല്ലാം ഒരുമിച്ചൊരു മഹാസഖ്യവും ഭവിഷ്യൽഫലാംശങ്ങളായിരിപ്പാൻ പ്രത്യാശിക്കേണ്ടതാണു്. ഇതേവരെ അനുഭവിപ്പാനിടയായിട്ടി

ല്ലാത്ത ഇക്കാലത്തെ ഭയാനകമായ സാമ്പത്തികാപകൎഷം ശരിയായ ജനാധിപത്യത്തിൻെറ ആവശ്യകത വിളിച്ചറിയിക്കുന്നു. ജനഹിതഭരണം പരമാൎത്ഥമായി രാജ്യങ്ങൾ കൈവരിച്ചാലും, ഒരു രാജ്യത്തിനും അന്യാപേക്ഷയില്ലാതെ ശോഭിപ്പാൻ ശക്യമല്ല. ജീവിതോപകരണങ്ങൾ വൎദ്ധിപ്പിക്കുന്നതിനൊപ്പം പരസ്പരാപേക്ഷയും വൎദ്ധിക്കുന്നതാണ്. അങ്ങിനെ വരുമ്പോൾ ലോകത്തിൻെറ ഏകയോഗക്ഷേമമായ സംസ്ഥിതിക്കു സാപ്തപദീനപാരമ്യം കൂടിയേ കഴിയൂ. പക്ഷേ, അതു ഡിവേലറാ പറയുമ്പോലെ, ഒരു ഗതാഗതനിയമനപ്പോലീസു മാത്രമായ ഇപ്പോഴത്തെ സവ്രാജ്യസഖ്യമായാൽ മതിയാവില്ല. നാളത്തെ പരിഷ്കാരത്തിൻെറ ഘടകങ്ങളെ സംബന്ധിക്കുന്ന ഏതാനും മഹദഭിമതങ്ങൾ മാത്രമാണിവ. അഭിപ്രായങ്ങൾ എങ്ങിനെയായാലും, ഭാവിഭാവിക്കുന്നതേക്കാൾ ധൎമ്മനിരതമാകാനാണ് അവകാശം.

"കാണ്മായിവന്നവ നശ്വരമാണെങ്കിൽ
കാണാതിരിപ്പവ ശാശ്വതങ്ങൾ."

1. സവ്രാജ്യസഖ്യത്തെപ്പററി ഒരു വിവരണമെഴുതുക. (സ്ഥാപനചരിത്രം, ഉദ്ദേശ്യം, പ്രവൎത്തനം, അധുനികനില—ഇവ അടങ്ങിയിരിക്കണം.)

2. ഗവേഷണം, അഭ്യൂഹം, പ്രവൃദ്ധം, കൈവരിക്കുക, അപകൎഷം—ഓരോന്നും ഓരോ വാക്യത്തിൽ ഉപയോഗിക്കുക.

3. എത്രകണ്ട്—അത്രകണ്ട്; എത്രത്തോളം—അത്രത്തോളം; എന്നോ—അന്നേ; ഇവയുപയോഗിച്ച് ഈ പാഠത്തിലെ ഏതെ

ങ്കിലും ആശയത്തെ അടിസ്ഥാനമാക്കി ഈരണ്ടു വാക്യങ്ങൾ രചിക്കുക.

4. വിദേശസാമാനബഹിഷ്കാരം, ശാസനാദശകം—ഇവയെപ്പററി ഓരോ ലഘുവിവരണമെഴുതുക.

5. (1) നാശകരയന്ത്രങ്ങൾ കണ്ടുപിടിക്കാൻ ചില രാജ്യക്കാർ ശ്രമിക്കുന്നതിൻെറ ഉദ്ദേശ്യമെന്തു്? (2) ഈശ്വരവിശ്വാസത്തെ നിരാകരിക്കുവാൻ ചിലർ മുതിരുന്നതെന്തുകൊണ്ടു്? (3) യാന്ത്രികപരിഷ്കാരം ലോകത്തെ എങ്ങോട്ടാണു് നയിക്കുന്നതു്? (4) യഥാത്ഥമായ ലോകാഭ്യുദയത്തിനു എന്താണു് വേണ്ടതു്? (5) ഡിവേലറാ ആർ?

6. "ഭാവി ഇന്നത്തേക്കാൾ ധമ്മനിരതമാകാനാണു് അവകാശം." ഈ അഭിപ്രായത്തിൻെറ അത്ഥം വിശദമാക്കുക.

# 18. സൂര്യോദയം.

അന്നേരമഹോതമസ്സകലും പ്രഭാതശ്രീ
വന്നെത്തുംവിളംബമില്ലിനിയെന്നുദാരമായ്
ചൊന്നീടുമശരീരിവാക്കുപോൽ കേൾക്കാകുന്നു
ഭിന്നമൌനമായ് കാട്ടുപൂങ്കോഴികൂകുംനാദം.

കാണാറാകുന്നിതുടൻ പൂൎവ്വപൎവ്വതത്തിന്മേൽ
ചാണയരത്തിലെറ്റി കൊളുത്തുംദീപംപോലെ
തേജസ്സാൽ വഴിവെളുപ്പിക്കും തുംകതിർനീട്ടി
യോജസ്സുതേടും വെള്ളിയുദിച്ചുപൊങ്ങുന്നതും.

സ്തംഭിച്ചസമാധിയിൽ നിന്നൊരജ്ജഗത്തിൻെറ
ജൃംഭിക്കുംപ്രാണൻപോലെയിളകുമിളംകാററും
ഇമ്പത്തിൽചരാചര ജീവികൾക്കുണൎവ്വേകി
യമ്പോടുമെത്തിവീശിത്തുടങ്ങി മെല്ലെമെല്ലെ.

ഉൽക്കടമായ തമസ്സൊതുങ്ങിമെല്ലെപ്പൂൎവ്വ-
ദിക്കതന്നുപാന്തങ്ങൾ മിനുത്തുമേഘംചിന്നി
ഉൾക്കൊള്ളുമൊളിയോടും ചാരുചമ്പകമൊട്ടിൻ
വക്കുകൾപോലൊട്ടൊട്ടു വിളറിവെളുപ്പായി.

കിളികൾ മരക്കൊമ്പുതോറും കൂടുകൾവിട്ടു
വെളിയിൽവന്നുപാടിയിളകീ വനംകാററിൽ

അളികളുത്സാഹമായ് മുരണ്ടുമുമ്പിൽപൂത്ത-
നളിനീനിരപോലെ ചുവന്നുനഭഃശ്രീയും.

പ്രത്യക്ഷമായൊട്ടൊട്ടു ഗിരിയും വനങ്ങളും
പ്രത്യേകം വ്യക്തശ്യാമരൂപമായെന്നുവേണ്ട
ഇരുട്ടാംവെള്ളപ്പൊക്കം വാൎന്നുവാൎന്നൊക്കെപ്പോയി-
ശ്ശരിയായ് ഭൂഭാഗങ്ങൾ കാണാറായ് മുന്നെപ്പോലെ.

കടുംചോപ്പായി കിഴക്കംബരമതിനുള്ളിൽ
ഝടിതിപിന്നെത്തങ്കപാളിപോൽ പീതമായി
അടിയിലൂടനഹോ പൊൻകതിർച്ചരടവീശും
കൊടിയതേജസ്സിന്റെ കന്ദവും കാണാറായി.

അരുതുവൎണ്ണിക്കവാനന്തരീക്ഷത്തിൻതേജഃ-
പരിധിചരത്വംപൊക്കിക്കനെകോജ്ജ്വലകാന്തി
പരിധാനാഡംബരൻ ഭഗവാൻ പകലിന്റെ
പെരുമാളെഴുന്നള്ളി വെളിയിലെന്നേവേണ്ടു.

ബാലരവികിരണങ്ങൾ തട്ടി, മേഘങ്ങളുടെ അരികുകൾ സ്വൎണ്ണവൎണ്ണാങ്കിതങ്ങളാകുന്നതും, ക്രമേണ വെളുപ്പുനിറമാകുന്നതും, നമ്മളൊക്കെ സാധാരണ കാണുന്ന കാൎയ്യമാണു്. എന്നാൽ കവി അത്യന്തം ഹൃദയാവൎജ്ജകമായ വിധത്തിൽ വാക്കുകൾകൊണ്ടു് അതിനെ ചിത്രീകരിച്ചിരിക്കുന്നതു നോക്കുക.

1. സൂൎയ്യോദയത്തിൽ, ആകാശദേശത്തിൽ പ്രത്യക്ഷമാകുന്ന മനോമോഹനങ്ങളായ മാററങ്ങളെ ഉചിതമായ ഉപമകളും ഉൽപ്രേക്ഷകളും മററുമുപയോഗിച്ചു വൎണ്ണിക്കുക.

2. കാട്ടുപൂങ്കോഴികൂകും നാദത്തെ കവി എന്തായിട്ടുൽപ്രേക്ഷിക്കുന്നു ?

3. ഈ കവിതയിൽ കാണുന്ന 'വെള്ളി', 'ചോപ്പ്', 'ഝടിതി' ഈ പദങ്ങളെപ്പററി ഓരോ കുറിപ്പ് എഴുതുക.

4. 'സ്തംഭിച്ചസമാധിയിൽ നിന്നൊരജ്ജഗത്തിൻെറ' എന്നു തുടങ്ങി 'മെല്ലേമെല്ലേ' എന്നതുവരെയുള്ള നാലു വരികളുടെ അൎത്ഥസാരസ്യങ്ങളെ വിശദമാക്കുക.

5. പ്രസ്തുത വരികളിലടങ്ങിയ വാക്യത്തെ അപോദ്ധരിക്കുക.

6. ഉപമകൊണ്ടുള്ള പ്രയോജനമെന്ത്? നിങ്ങൾ പഠിച്ചിട്ടുള്ളവയിൽ അത്യന്തം ഹൃദ്യമായി തോന്നിയവ ഉദാഹരിച്ചു വിവരിക്കുക.

# 19. പെരുമ്പടപ്പുമൂപ്പിലെ പൊൻകിരീടം.

പന്നിയൂർ ഗ്രാമക്കാർ പണ്ടു വരാഹമൂർത്തിയുടെ ശാപംകൊണ്ടു മുടിഞ്ഞുപോയതോടുകൂടി കേരളത്തിലെ ഗ്രാമക്കെട്ടു വല്ലാതെ അയഞ്ഞുപോയി. പണ്ടേതന്നെ പതിവുള്ള പന്നിയൂർ, ചൊവ്വരം ഗ്രാമക്കാരുടെ കൂറമത്സരമാകട്ടെ, അതിൻെറ 'കിഞ്ചിച്ഛേഷ'മായി നീറിപ്പിടിച്ചുകൊണ്ടിരുന്നു. മടക്കും, പൊട്ടും, കുറിയും, കുറിയോലയും പന്നിയൂർക്കാർക്കു ചതുരത്തിലാണെങ്കിൽ, ചൊവ്വരത്തുകാർക്കു വട്ടത്തിലാണ്. ഓണപ്പുടയും, കൊടിയും, ആപ്പും, വെടിയും ചൊവ്വരത്തുകാർക്കു ഒററയാണെങ്കിൽ പന്നിയൂർക്കാർക്ക് ഇരട്ടയാണ്. ചെരിച്ചു നുറുക്കിക്കറി ചൊവ്വരംകൂറിന്നും, നേരെനുറുക്കിക്കറി പന്നിയൂർകൂറിന്നും പതിവാണ്. ഇങ്ങിനെ നാടായനാട്ടിലൊക്കയും, വീടായവീട്ടിലൊക്കയും വിടാതെ പിടികൂടിയിരുന്ന പന്നിയൂർ ചൊവ്വരം കൂറമത്സരം ഉപ്പുതൊട്ടു കർപ്പൂരംവരെ തൊട്ടതിലും പിടിച്ചതിലുമൊക്കെ ഒരുപോലെ നിഴലിച്ചിരുന്നു. പരിശുദ്ധമായ പരശുരാമക്ഷേത്രത്തിൽ ഒരു കാലത്തു വലിയ രക്തപ്രവാഹത്തിന്നിടയാക്കിയ ഏറാട്ടു പെരുമ്പടപ്പു വിരോധത്തിൻെറ വിത്തു പാവിയതും ഈ കൂറമത്സരമല്ലാതെ മറെറാന്നുമല്ല.

പെരുമാറാംവാഴ്ചയുടെ അവസാനത്തിൽ സർവ്വസംഗപരിത്യാഗംചെയ്തു സിദ്ധനായ ചേരമാൻപെരുമാറാം മരുമക്കറാംക്കും സാമന്തന്മാക്കുമായി കേരളം പകുവെച്ച കൂട്ടത്തിൽ, തൻെറ അടുത്ത മരുമകനായ വന്നേരി പെരുമ്പടപ്പുമൂപ്പാണ്ട കോവിലിലേക്കു പൊൻകിരീടവും, തിരുവാഭരണങ്ങളും അഴിച്ച സമ്മാനിച്ചതിനാൽ ആ രാജവംശത്തിനു മററുള്ളവരൊക്കയും വന്ദിക്കത്തക്ക പേരും പെരുമയും വന്നുകൂടി. പന്തീരാണ്ടു കൂടുമ്പോഴുള്ള തിരുനാവായ മാമാങ്കത്തിൽ പെരുമാളായി മണിത്തറ കയറി നിലവാടു നില്പാനുള്ള അധികാരം ആറങ്ങോട്ടു സ്വരൂപിയായ വള്ളുക്കോനാരിക്കു കല്പിച്ചുകൊടുത്തതിനാൽ ആ രാജവംശവും ഉയന്നുവന്നു. കടിഞ്ഞ വാളും, ഉടഞ്ഞ ശംഖും, ഉള്ളനാടും, ഉളനാടും മാത്രം തൃക്കയ്യിൽനിന്നു കല്പിച്ചു കിട്ടിയ രാജപുത്രന്മാരായ മാനിച്ചൻേറയും, വിക്കിരൻേറയും വംശക്കാർ, ചേരമാൻപെരുമാറാം കല്പിച്ച പ്രകാരം തമ്പ്രാക്കളുടെ അനുഗ്രഹത്താൽ വളരെ രാജ്യം വെട്ടിപ്പിടിച്ച് കുന്നലക്കോന്മാരായും തീന്നു. മക്കളും മരുമക്കളും തമ്മിൽ പൊരുത്തമില്ലായ്മ മരുമക്കത്തായത്തിൻെറ പ്രകൃതമാകയാൽ കുന്നലക്കോനായ സാമൂതിരിയും, പെരുമ്പടപ്പുമൂപ്പായ കൊച്ചിരാജാവും തമ്മിൽ വിരോധമായതിൽ ആശ്ചയ്യപ്പെടാനില്ല. മാമാങ്കത്തിൽ പെരുമാളായി ഒരു നടൻെറമട്ടിൽ നിലവാടു നിന്നിരുന്ന പഴയ പതിവിനെ പാടേ മാററി ആ സ്ഥാനം സാമൂതിരി കയ്യേറി. മഹമ്മദീയരെ ആരാധിച്ചിരുന്ന സാമൂതിരിക്കു നിലവാട്ടുതറ വശപ്പെട്ടതു മണിത്തറ മുതല്ക്കു

നെടുനീളത്തിൽ ഇരുവരിയായി നിരന്നു നില്ക്കുന്ന മുപ്പതിനായിരത്തിൻേറയും, പതിനായിരത്തിൻേറയും കുന്തംകൊണ്ടുള്ള കുത്തു തട്ടിത്തടുത്ത സാക്ഷാൽ 'കോയ'യുടെ സാമത്ഥ്യത്താലായിരുന്നു. വള്ളുക്കോനാരിയുടെ കാൎയ്യത്തിൽ മദ്ധ്യസ്ഥനായിരുന്ന പെരുമ്പടപ്പുമൂപ്പീന്നു സാമൂതിരിക്കു മാമാങ്കാധികാരം കൈവന്നപ്പോഠം വലിയ അസൂയാലുവായിത്തീൎന്നു. എന്തു വിദ്യയെടുത്തിട്ടെങ്കിലും നിലവാടുനില്പു തനിക്കു വശപ്പെടുത്തണമെന്നു പെരുമ്പടപ്പു മൂപ്പിലേയ്ക്കു് വലിയ വാശിയായി. പന്നിയൂർക്കൂറവകാരെ മാററാരായിക്കരുതിപ്പോന്ന ചൊവ്വരം കൂറവകാർ മൂപ്പിലെ വാശിക്കനുസരിച്ചു കുഴലൂതുവാനും തുടങ്ങി.

ഇങ്ങിനെയിരിക്കുന്ന കാലത്താണു് നമ്മുടെ കഥ ആരംഭിക്കുന്നതു്. മാമാങ്കത്തിൻെറ ഒരുക്കങ്ങഠം കേമമായി നടന്നുതുടങ്ങി. തൈപ്പൂയത്തിൻെറ ഘോഷയാത്ര കഴിഞ്ഞതിനുശേഷം ഒരു കൊല്ലം കഴിഞ്ഞതു് ഒരു ദിവസം പോലെയായിരുന്നു. ഈ കാലത്തിന്നിടയിൽ തിരുനാവായപ്പട്ടണത്തിൻെറ മട്ടു് ആകപ്പാടെ ഒന്നു മാറി. സാമൂതിരിക്കു പെരുനില നില്ക്കുവാനുള്ള വാകയൂർ മണിത്തറ, കൂറവാഴ്ചക്കാൎക്കുള്ള കോവിലകങ്ങഠം, സാമന്തന്മാൎക്കും പ്രഭുക്കന്മാൎക്കുമുള്ള കെട്ടിടങ്ങഠം മുതലായി അനവധി കെട്ടിടങ്ങളെക്കൊണ്ടു് തിരുനാവായെ വലിയ ബഹളമായി. തിരുനാവായ ക്ഷേത്രത്തിൻെറ പടിഞ്ഞാറെ ഗോപുരത്തിനു സമീപമുള്ള കൂരിയാൽത്തറ മുതല്ക്കു് പടിഞ്ഞാട്ടു അര നാഴിക നീളത്തിൽ ഭംഗിയേറിയ ഒരു

നിരത്തും, ആ നിരത്തു ചെന്നുചേരുന്നതായ ഉയൎന്ന മൈതാനത്തിൽ നിലവാട്ടു നില്പാനുള്ള തറകളും അവയുടെ ഒരു ഭാഗത്തു് ആയുധപ്പുരയും, അതിനടുത്തുള്ള പറമ്പിൽ ചാവക്കിണറം പണിതീൎത്തു കഴിഞ്ഞു. ചാവർ പണിക്കന്മാർ പൊരുതിച്ചത്താൽ ശവം കൊണ്ടിടുന്നതിനാണു് ഈ കിണർ. നിലവാട്ടു തറമേൽനിന്നു കിഴക്കോട്ടു നോക്കിയാൽ താഴെ വിശാലമായിക്കിടക്കുന്ന വയലുകളും, വലത്തുഭാഗത്തു ധാരാളം വീതിയുള്ള പുഴയും, ചെറുകുന്നുകളും, എടത്തുഭാഗത്തു് ഉയൎന്ന മൈതാനങ്ങളും കാണാം. ഈ മണിത്തറ നില്ക്കുന്ന സ്ഥലത്തെയാണു് മുമ്പു വാകയൂർ എന്നു പറഞ്ഞതു്. ആ മണിത്തറമുതൽ കിഴക്കോട്ടു ക്ഷേത്രംവരെയുള്ള സ്ഥലങ്ങൾക്കുള്ള വൃത്തിയും ഭംഗിയും ഇന്നപ്രകാരമെന്നു പറയുവാൻ പ്രയാസം. പട്ടണം നിറച്ചും പലതരക്കാരായ കച്ചവടക്കാരുടെ പീടികകളും കന്യാകുമാരിമുതൽ ഗോകൎണ്ണംവരെയുള്ള കേരളീയരുടെ പുരുഷാരവും നിറഞ്ഞു. പുഷ്യമാസത്തിലെ പൂയത്തുന്നാൾ മാമാങ്കം ആരംഭിച്ചു. ഒരു ക്രിയയ്ക്കും യാതൊരു വിഘ്നവുമുണ്ടായില്ല. സാമൂതിരിപ്പാടു തമ്പുരാൻ രാവിലെ വയറാട്ടം കഴിഞ്ഞു ചമയം ചാൎത്തി, ഓണപ്പുടയും ചാൎത്തി, തിരുമുടിപ്പട്ടവും കെട്ടി കണ്ണമുത്തുക്കുലയും ചാൎത്തി ഭഗവതിയെ എഴുന്നള്ളിച്ചു് ഗണപതിക്കു നിവേദിച്ചു്, ചേന്നാസ്സു നമ്പൂതിരിപ്പാടു് ജപിച്ച ഭസ്മവും ചാൎത്തി നന്ദാവനത്തിൽ നമ്പി തൃക്കൈ താങ്ങിക്കൊണ്ടു് ആലവട്ടവും വെഞ്ചാമരയും വീയിച്ചു് അകമ്പടിയോടുകൂടി തിരുനാവായത്തേവരെ തൃക്കൺ

പാത്തു. അന്നുമുതൽക്ക ഇരുപത്തു ദിവസം പതിവുപ്രകാരം മാമാങ്കോത്സവം ആഘോഷിക്കപ്പെട്ടു. പിന്നെ, പൊന്നണിഞ്ഞാനക്കഴുത്തിൽ കയറി മുത്തുക്കുട, പച്ചത്തഴ, വെഞ്ചാമരം മുമ്പിൽത്തളി, വാളേറ്, കിണ്ണം തിരിക്കൽ, പമ്പരക്കളി, ഇന്ദ്രജാലക്കളി, കാശിരാമേശ്വരം കാണിക്കൽ ഇത്യാദികളായ പലവക വട്ടങ്ങളാൽ മാമാങ്കോത്സവം ഏവക്കും ആഹ്ലാദകരമായിരുന്നു.

മാഘമാസത്തിലെ മകത്തുന്നാളാണ് മാമാങ്കം അവസാനിക്കുന്നതു്. പോലനാട്ട്, പുഴായി, രാവണാട്ട്, ഏറനാട്ടുകര, ചേറപറമ്പ്, പറവൂർ, തെക്കുംമല, വടക്കുംമല മുതലായ ദിക്കുകളിൽനിന്നു വന്നിട്ടുള്ള മാലോകരുടെ ബഹളം ഇരമ്പുന്നു. പയ്യനാട്ടെ അയ്യായിരം മുതല്ക്കുള്ള ഇരുപത്തിനാലു വാഴുന്നാഥന്മാരും, വയ്യാവനാട്ടു നമ്പിടി, കടന്നമണ്ണ വള്ളോടി, നെടുവിരിപ്പിൽ മൂത്തേറാടി, എടത്രനാട്ടു നമ്പ്യാതിരി മുതലായ അകമ്പടിക്കാരും അവരുടെ ആയിരക്കണക്കായ ആൾക്കാരും മേനോന്മാരും കോഴിക്കോട്, ചാവക്കാട്, ചുനങ്ങാട് തലച്ചന്മാരും മണിത്തറക്കരികെ സന്നദ്ധരായി മണിത്തറമുതൽ ക്ഷേത്രംവരെ നീണ്ടുകിടക്കുന്ന നിരത്തിൻെറ ഇരുവശങ്ങളിലുമുള്ള മൈതാനത്തിൽ ഏറനാട്ടിലെ മുപ്പതിനായിരവും, പോലനാട്ടിലെ പതിനായിരവും നായന്മാരും അടിയാന്മാരും പ്രഭുക്കന്മാരും കുന്തവുമേന്തി നിരന്നുനില്ക്കുന്നു. ഇതു കൂടാതെയും ആയുധപാണികളായ അസംഖ്യം ജനങ്ങൾ തിങ്ങിനില്ക്കുന്നു. ആകാശദേശം മുഴങ്ങുമാറുള്ള വെടികളും ഇടവിടാതെ കേൾക്കുന്നു. മണി

ത്തറയുടെ അരികിൽ പ്രത്യേകം പ്രത്യേകം പണിചെയ്തിട്ടുള്ള സ്ഥലങ്ങളിൽ അനേക രാജാക്കന്മാരുടെ അടിമക്കൊടികഠം നാട്ടിയിരിക്കുന്നു.

ഈ അവസരത്തിൽ തമ്പുരാൻ തിരുമനസ്സിൽനിന്നു പൊന്നിൻകോപ്പിൽക്കുളിച്ച കൊമ്പനാനയുടെ പുറത്തു കമനീയമായ അമ്പാരിയിൽ കയറി ആലവട്ടം, കുട, തഴ, വെഞ്ചാമരം മുതലായവയോടും മുമ്പിൽത്തളി, ചിരുതവിളി മുതലായവയോടുംകൂടി, അമ്പലത്തിലെ തൃക്കൺപാക്കൽ കഴിഞ്ഞു് പടിഞ്ഞാറുള്ള നിരത്തിൽ നടവരമ്പിൽക്കൂടി എഴുന്നള്ളി മഹനീയമായ ആ മണിത്തറയിൽ കയറി കിഴക്കോട്ടു തിരിഞ്ഞു കേരളപ്പെരുമാളായി പെരുനില നില്പാൻ പുറപ്പെട്ടു. അവിടത്തെ അത്യുന്നതമായ വ്യാഘ്രക്കൊടി ഇളംകാറേററു് ആകാശത്തിൽ പറന്നുകളിക്കുന്നു. തമ്പുരാൻ തിരുമനസ്സിൽനിന്നു മാലോകരുടെ ബഹളം തൃക്കൺപാത്തു രസിക്കാനുള്ള വട്ടമാണു്. ഈ അവസരത്തിൽ വള്ളുക്കോനാതിരിയുടെ ആഠംക്കാരായ ചാവർപണിക്കന്മാർ ചാവാനൊരുങ്ങി സർവ്വാംഗം ഭസ്മംപൂശി വാളും പരിചയുമായി ഗോപുരത്തിൽനിന്നു പടിഞ്ഞാട്ടും പുറപ്പെട്ടു.

ഇത്രയുമായപ്പോഠം, അപ്രതീക്ഷിതമായ എന്തോ ഒരു കാഴ്ചയാൽ ആ സഭ ആകപ്പാടെ ഒന്നു മാറിപ്പോയി; രാജാക്കന്മാരും പ്രഭുക്കന്മാരും പടയാളികളും മാലോകരും എല്ലാം കാണുമാറു് ഒരു ദിവ്യതേജസ്സ് ആ സഭയിൽ പ്രത്യക്ഷമായി. ഇതെന്താണു്, മഹാഘമായ ഈ സഭയെ അഭിനന്ദിക്കുവാനായി സാക്ഷാൽ ദേവേന്ദ്രൻതന്നെ ഇറ

ങ്ങിയതായിരിക്കുമോ ? അതല്ല. എന്നാൽ സഭാവാസികൾക്കെല്ലാം ഇത്ര പരിഭ്രമിക്കുവാൻ വഴിയില്ല. എന്നാൽ ഈ വരുന്നതാരായിരിക്കും ? എന്താ സംശയിപ്പാനുള്ളതു് ? പൊന്നിൻപല്ലക്കും, ശംഖും, വിളക്കുമായി മിന്നിത്തിളങ്ങുന്ന ആ കൊടിക്കൂറതന്നെ ഇന്നാളാണ് വരുന്നതു എന്നു തെളിയിക്കുന്നില്ലെ ? പോരെങ്കിൽ അതാ തേരിൽനിന്നു പൊൻകിരീടം ധരിച്ചിട്ടുള്ള ആ പുരുഷശിരോമണി താഴെ ഇറങ്ങി, മന്ത്രിമാരുടേയും മഹാബ്രാഹ്മണരുടേയും അകമ്പടിക്കാരുടേയും ഒരുമിച്ചു നിലവാട്ടു തറയ്ക്കുനേരെ എഴുന്നള്ളുന്നു. ഇതു പെരുമാളുടെ കിരീടമണിഞ്ഞ പെരുമ്പടപ്പുമൂപ്പിന്നല്ലാതെ മററാരുമല്ല.

ആർപ്പും വെടിയുംകൊണ്ടു ദിക്കാകെ മുഴങ്ങിയിരുന്ന ആ മഹാസഭ ഇതാ നിമിഷനേരത്തിനുള്ളിൽ കോളമന്ന കടലെന്നപോലെ പ്രശാന്തമായി. ധർമ്മിഷ്ഠനും നീതിമാനും സത്യസന്ധനുമായ സാമൂതിരിപ്പാട്ടിലെ കല്പനപ്രകാരം കൊട്ടും ആർപ്പും നിറുത്തി. കാററിൽക്കിടന്നാടിയിരുന്ന തിരുമനസ്സിലെ ഉദ്ദണ്ഡമായ വ്യാഘ്രകേതു പെട്ടെന്നു താഴ്ത്തപ്പെട്ടു. അതനുസരിച്ച് എല്ലാ രാജാക്കന്മാരും കൊടികൾ താഴ്ത്തി. കന്യാകുമാരി ഗോകർണ്ണപര്യന്തമുള്ള രാജാക്കന്മാരിൽ വടക്കും തെക്കുമുള്ള കോലനാട്ടും വേണനാട്ടും രാജാക്കന്മാർമാത്രം ദൂരസ്ഥരാകയാൽ വന്നിരുന്നില്ല. എന്നാൽ അവരുടെ പ്രാതിനിദ്ധ്യംവഹിച്ചു എത്തിച്ചേർന്നിരുന്ന ഭടന്മാർ കൊടിക്കൂറ താഴ്ത്തി കേരളപ്പെരുമാളെ അടിവണങ്ങി. സാമൂതിരി തുടങ്ങിയ സകല രാജാക്കന്മാരും പെരുമാളെ വന്ദിച്ചു. അനന്തരം പൊൻ

കിരീടധാരിയായ കേരളപ്പെരുമാറം മണിത്തറ കയറി നിലവാട്ടനിന്നു് കേരളത്തിലെ സകലമാനപേരുടേയും യോഗക്ഷേമം കാത്തുരക്ഷിക്കാനുള്ള സത്യവും, ബ്രാഹ്മണക്കു മററം അഭീഷ്ടദാനവും, എല്ലാവക്കും വിവിധദാനങ്ങളും യഥാവിധി നിവ്വഹിച്ചു. അവിടത്തെ കീഴ്‌രാജാക്കന്മാരിൽ ഓരോരുത്തരുടേയും പേർ മുറക്കു വിളിക്കുകയും അവർ ഓരോരുത്തരായി തിരുമുമ്പിൽ വണങ്ങുകയും വാങ്ങുകയും ചെയ്തു. കൊട്ടും പാട്ടും കോലാഹലമായി. ഒററപ്പെട്ട ആപ്പും വെടിയും ദിക്കെല്ലാം മുഴങ്ങി. ആശ്ചയ്യകരമായ ഈ അവസരത്തിൽ ചൊവ്വരംകൂററുകാരുടെ കളകളവും പന്നിയൂർക്കാരുടെ നിശ്ശബ്ദതയും സാമൂതിരിയുടെ ഒഴിഞ്ഞ നില്പും, മങ്ങാട്ടച്ചന്റെ ആശ്ചയ്യവും, മററം വാഴ്ത്തുവാൻ ആരാലും അസാദ്ധ്യം. "കൊന്നതിനേക്കാറം കോതചിറക്കൽചെന്നു വിളിക്കുന്നതു ബഹുദുഃഖം" എന്ന ദുഃഖം അനുഭവിക്കാതെ ഇത്തവണത്തെ മാമാങ്കം ഭംഗിയായി കഴിഞ്ഞുകൂടി എന്നു മാത്രം ചുരുക്കിപ്പറയാം.

ഒതുങ്ങിക്കിടന്നിരുന്ന പെമ്പടപ്പുമൂപ്പിന്നു് ഉപായത്തിൽ വന്നേരിചിത്രകൂടത്തിൽ (പൂക്കൈതക്കൽ) വച്ചു കിരീടധാരണംചെയ്തു് ഇപ്പറഞ്ഞ വിദ്യകളെല്ലാം ഒപ്പിച്ചതിൽ കേരളാധീശ്വരനായ സാമൂതിരി വല്ലാതെ ചൊടിച്ചു. ഇനി മേലിൽ ഇങ്ങനെ ഒരു സംഭവം നടക്കരുതെന്നു കരുതി, അവിടന്നു വന്നേരിയിൽ തന്റെ നായന്മാരേയും മാപ്പിളമാരേയും കുടിയിരുത്തി. പെരുമ്പടപ്പിലോട്ടു പിണങ്ങിയിട്ടാണെന്നു പുറമെ ഭാവിച്ചില്ലെ

ങ്കിലും വന്നേരിയിലേക്കു കണ്ണു പോരെന്നു കരുതി തമ്പുരാൻ തിരുമനശ്ശേരി നമ്പൂരിക്കു രാജത്വം നൽകി പൊന്നാണി അഴി കഴിച്ചുവാങ്ങി കോവിലകം പണിചെയ്തു് അവിടെ പാപ്പായി. സാമൂതിരിയുടെ ആശ്രക്കാരായ സർപ്പങ്ങൾ പൂക്കൈതയുടെ ചുററും പററി അടുക്കുന്നവരോടു ചീറിത്തുടങ്ങി. ആ കൈതമൂർഖന്മാരെ പേടിച്ചു പെരുമ്പടപ്പു രാജവംശം വന്നേരിയിൽനിന്നു പിൻവാങ്ങുകയും ചെയ്തു. അതിനുശേഷം പെരുമ്പടപ്പു രാജാക്കന്മാർ പൊൻകിരീടം ധരിക്കുകയൊ മാമാങ്കത്തിൽ സംബന്ധിക്കുകയൊ ഒരിക്കലും ഉണ്ടായിട്ടില്ല. കേരളപ്പെരുമാളുടെ സ്ഥാനം കുന്നലക്കോനാതിരിക്കുതന്നെ കൈവന്നു. അക്കാലത്തു് കൊച്ചി കോഴിക്കോട്ടു് രാജാക്കന്മാരുടെ സ്ഥിതി,

എങ്ങാനുംപെരുമാൾക്കിരീടമണിവാ
നിങ്ങോത്തുപോയെങ്കില-
ന്നങ്ങാമൂപ്പിലെമൂപ്പെഴും കരൾപിട
ച്ചേക്കും കിനാവിങ്കലും
ഇങ്ങോട്ടുംമിഴിയൊന്നുചാഞ്ഞു മകുട
ത്തിന്മേൽ പതിഞ്ഞെങ്കിലാ-
ച്ചങ്ങാതിക്കു കടുത്തദൃഷ്ടിയുടവാൾ
ക്കുട്ടിന്മലങ്ങോട്ടമേ.

എന്ന മട്ടിലായിരുന്നു.

ഈ പാഠത്തിൽ, അനുപ്രാസഭംഗിയിൽ, അർത്ഥശക്തിയുള്ള ലളിതമലയാളപദങ്ങൾ ധാരാളം പ്രയോഗിച്ചിട്ടുള്ളതായി കാണാം.

ശൈലികളും സന്ദർഭാനുസരണം നിബന്ധിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ അവയുടെ സാരസ്യത മനസ്സിലാക്കുകയും, അനുകരിക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്.

1. (1) കുന്നലക്കോൻ എന്ന പദത്തിൻെറ അർത്ഥമെന്ത്? (2) പെരുമ്പടപ്പു രാജാവ് നിലവാട്ടു നിന്നപ്പോൾ യാതൊരു കുഴപ്പവുമുണ്ടാകാതിരുന്നതെന്തുകൊണ്ട്? (3) സാമൂതിരിക്കു നിലവാട്ടു നില്ക്കാനുള്ള അവകാശം എങ്ങിനെ സിദ്ധിച്ചു? (4) നിലവാട്ടു നില്ക്കുമ്പോഴത്തെ ചടങ്ങുകളെന്തെല്ലാം?

2. സാമൂതിരിയുടെ പുറപ്പാടിനെ സ്വന്തവാക്യങ്ങളിൽ വർണ്ണിക്കുക.

3. പന്നിയൂക്കാർക്കു വരാഹമൂർത്തിയുടെ ശാപമുണ്ടായ കഥ ചുരുക്കിയെഴുതുക.

4. മാമാങ്കോത്സവം ഏതേതു രാഷ്ട്രീയകാര്യങ്ങളെ സാധിക്കാൻവേണ്ടിയും ഉപയോഗപ്പെടുത്തിയിരുന്നു?

5. താഴെ കാണുന്നവ യഥായോഗ്യം ചേർത്ത് ഒരു സങ്കീർണ്ണകവാക്യമാക്കുക:— ശിവാജി മഹാരാഷ്ട്രത്തിലെ രാജാവായിരുന്നു. അദ്ദേഹം പ്രജാവത്സലനായിരുന്നു. ശിവാജി ബുദ്ധിമാനായിരുന്നു. അദ്ദേഹം സർവ്വസമ്മതനായിരുന്നു. അദ്ദേഹത്തിനു പിൻഗാമികൾ ഉണ്ടായിരുന്നു. അവരുടെ പ്രവൃത്തികൾ അദ്ദേഹത്തിൻെറ പ്രവൃത്തികൾക്കു നേരെ വിപരീതമായിരുന്നു. ദേശാഭിമാനികളായ അനേകം പ്രഭുക്കന്മാർ അവരുടെ വിരോധികളായി തീർന്നു.

# 20. തത്വോപദേശം.

ദൃശ്യമായുള്ളൊരു രാജ്യദേഹാദിയും
വിശ്വവുംനിശ്ശേഷധാന്യധനാദിയും
സത്യമെന്നാകിലേതൽപ്രയാസംതവ
യുക്തമതല്ലായ്കിലെന്തിതിനാൽഫലം ?

ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേനനഷ്ടമാമായുസ്സുമോർക്ക നീ
വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ-
സന്നിഭം മർത്ത്യജന്മംക്ഷണഭംഗുരം.

ചക്ഷുശ്ശ്രവണഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാപരിഗ്രസ്തമാം ലോകവു-
മാലോലചേതസാ ഭോഗങ്ങൾതേടുന്നു.

പുത്രമിത്രാർത്ഥകളത്രാദിസംഗമ-
മെത്രയുമല്പകാലസ്ഥിതമോർക്ക നീ
പാന്ഥർപെരുവഴിയമ്പലംതന്നിലേ-
താന്തരായ്ക്കൂടി വിയോഗംവരുംപോലെ.

നദ്യാമൊഴുകുന്നകാഷ്ഠങ്ങൾപോലെയു-
മെത്രയുംചഞ്ചലമാലയസംഗമം

ലക്ഷ്മിയുമസ്ഥിരയല്ലോമനുഷ്യക്കു
നിൽക്കുമോ യൌവ്വനവുംപുനരധ്രുവം.

സ്വപ്നസമാനം കളത്രസുഖം നൃണാ-
മല്പമാമായുസ്സുംനിരൂപിക്ക ലക്ഷ്മണ !
രാഗാദിസംകുലമായുള്ള സംസാര-
മാകാനിരൂപിക്കിൽ സ്വപ്നതുല്യംസഖേ !

കാക്കഗന്ധർവ്വനഗരസമമതിൽ
മൂഢന്മാർ നിത്യമനുവത്തിച്ചീടുന്നു
ആദിത്യദേവനുദിച്ചിതു വേഗേന
യാദഃപതിയിൽ മറഞ്ഞിതുസത്വരം.

നിദ്രയുംവന്നിതുദയശൈലോപരി
വിദ്രുതംവന്നിതു പിന്നെയും ഭാസ്കരൻ
ഇത്ഥം മതിഭ്രമമുള്ളൊരുജന്തുക്കൾ
ചിത്തേ വിചാരിപ്പതില്ല കാലാന്തരം.

ആയുസ്സുപോകുന്നതേതുമറിവീല
മായാസമുദ്രത്തിൽ മുങ്ങികിടക്കയാൽ
വാദ്ധക്യമോടു ജരാനരയുംപൂണ്ടു
ചീത്തമോദേന മരിക്കുന്നിതു ചിലർ.

നേത്രേന്ദ്രിയംകൊണ്ടു കണ്ടിരിക്കെപ്പുന-
രോത്തറിയുന്നീല മായതൻ വൈഭവം
ഇപ്പോളിതുപകൽ പില്പാടുരാത്രിയും
പില്പാടുപിന്നെപ്പകലുമുണ്ടായ്വരും.

ഇപ്രകാരം നിരൂപിച്ചു മൂഢാത്മാക്കൾ
ചിൽപുരുഷൻഗതിയേതുമറിയാതെ

കാലസ്വരൂപനാമീശ്വരൻതന്നുടെ
ലീലാവിശേഷങ്ങളൊന്നുമോരാസ്ഥയാൽ.

ആമകുംഭാംബുസമാനമായുസ്സുടൻ
പോമതേതും ധരിക്കുന്നതില്ലാരുമേ
രോഗങ്ങളായുള്ള ശത്രുക്കളുംവന്നു
ദേഹം നശിപ്പിക്കുമേവനും നിർണ്ണയം.

മൃത്യുവുംകൂടൊരുനേരം പിരിയാതെ
ഛിദ്രവും പാർത്തുപാർത്തുള്ളിലിരിക്കുന്നു
ദേഹംനിമിത്തമഹംബുദ്ധികൈക്കൊണ്ടു
മോഹംകലൎന്നു ജന്തുക്കൾനിരൂപിക്കും.

ബ്രാഹ്മണോഹം നരേന്ദ്രോഹമാഢ്യോഹമെ-
ന്നാമ്രേഡിതം കലൎന്നീടും ദശാന്തരേ!
ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചുപോകിലാം
വെന്തു വെണ്ണീറായ്ച്ചമഞ്ഞുപോയീടിലാം.

മണ്ണിനുകീഴായ് കൃമികളായ്പോകിലാം
നന്നല്ല ദേഹംനിമിത്തം മഹാമോഹം
ത്വങ്മാംസരക്താസ്ഥിവിൺമൂത്രരേതസാം
സമ്മേളനം പഞ്ചഭൂതകനിൎമ്മിതം.

മായാമയമായ് പരിണാമിയായൊരു
കായം വികാരിയായുള്ളോന്നിതഢ്ധ്രുവം
ദേഹാഭിമാനം നിമിത്തമായുണ്ടായ
മോഹേനലോകംദഹിപ്പിപ്പതിന്നുനീ,

മാനസതാരിൽ നിരൂപിച്ചതും തവ
ജ്ഞാനമില്ലായ്കെന്നറികനീ ലക്ഷ്മണാ !
ദോഷങ്ങളൊക്കവെ ദേഹാഭിമാനിനാം
രോഷേണവന്നു ഭവിക്കുന്നതോക്കനീ.

ദേഹോഹമെന്നുള്ള ബുദ്ധി മനുഷ്യക്കു
മോഹമാതാവാമവിദ്യയാകുന്നതും
ദേഹമല്ലോക്കിൽ ഞാനായതാത്മാവെന്നു
മോഹൈകഹന്ത്രിയായുള്ളതു വിദ്യകേൾ.

സംസാരകാരിണിയായതവിദ്യയും
സംസാരനാശിനിയായതു വിദ്യയും
ആകയാൽ മോക്ഷാത്ഥിയാകിൽ വിദ്യാഭ്യാസ-
മേകാന്തചേതസാ ചെയ്യവേണ്ടുന്നതും.

തത്രകാമക്രോധലോഭമോഹാദികൾ
ശത്രുക്കളാകുന്നതെന്നു മറികനീ
മുക്തിക്കു വിഘ്നംവരുത്തുവാനെത്രയും
ശക്തിയുള്ളോന്നതിൽ ക്രോധമറികനീ.

മാതാപിതൃഭ്രാതൃമിത്രസഖികളെ
ക്രോധംനിമിത്തം ഹനിക്കുന്നിതു പുമാൻ
ക്രോധമൂലം മനസ്താപമുണ്ടായ്വരും
ക്രോധമൂലം നൃണാം സംസാരബന്ധനം.

ക്രോധമല്ലോനിജകർമ്മക്ഷയകരം
ക്രോധംപരിത്യജിക്കേണംബുധജനം
ക്രോധമല്ലോയമനായതുനിൎണ്ണയം
വൈതരണ്യാഖ്യയാകുന്നതുതൃഷ്ണയും.

സന്തോഷമാകുന്നതുനന്ദനംവനം
സന്തതംശാന്തിയേകാമസുരഭികേൾ
ചിന്തിച്ചു ശാന്തിയെത്തന്നെ ഭജിക്കനീ
സന്താപമെന്നാലൊരു ജാതിയുംവരാ.

ദേഹേന്ദ്രിയപ്രാണബുദ്ധ്യാദികൾക്കെല്ലാ-
മാഹന്തമേലെ വസിപ്പതാത്മാവുകേൾ
ശുദ്ധസ്വയംജ്യോതിരാനന്ദപൂൎണ്ണമായ്
തത്വാൎത്ഥമായ് നിരാകാരമായ് നിത്യമായ്.

നിൎവ്വികല്പംപരം നിൎവ്വികാരംഘനം
സൎവ്വൈകകാരണം സാൎവ്വജഗന്മയം
സൎവ്വൈകസാക്ഷിണം സൎവ്വജ്ഞമീശ്വരം
സൎവ്വദാ ചേതസി ഭാവിച്ചുകൊൾകനീ.

സാരജ്ഞനായനീകേൾസുഖദുഃഖദം
പ്രാരബ്ധമെല്ലാമനുഭവിച്ചീടണം
കൎമ്മേന്ദ്രിയങ്ങളാൽ കൎത്തവ്യമൊക്കവെ
നിൎമ്മായമാചരിച്ചീടുകെന്നേവത്രേ.

1. (1) മനുഷ്യജീവിതത്തേയും ഭോഗേച്ഛയേയും എന്തിനോടെല്ലാമാണു് ഉപമിച്ചിരിക്കുന്നതു്? (2) വിദ്യ എന്നും അവിദ്യ എന്നും പറയുന്നതെന്തു്? (3) അസ്ഥിരങ്ങളായവ ഏതെല്ലാം? (4) ക്രോധത്തിനു കാരണമെന്തെന്നാണു് പറഞ്ഞിരിക്കുന്നതു്?

2. കായത്തെപ്പററിയുള്ള വിമൎശനം സ്വവാക്യങ്ങളിൽ എഴുതുക.

3. ക്രോധമൂലം വരാവുന്ന ദോഷങ്ങളെ വിവരിച്ചു് ഒരുപന്യാസമെഴുതുക.

4. ഒരേ ശബ്ദം പ്രയോഗംകൊണ്ടു നാമമായും ഗതിയായും തീരാറുണ്ടല്ലോ.

1. ഇന്നത്തെ നിമിത്തം നന്നായില്ല.

അതു നിമിത്തം ഈ ദുഃഖം നേരിട്ടു.

കീഴ്വരയിട്ട പദങ്ങൾ ഓരോ സ്ഥലത്തും ഏതേതു ജാതിയിൽ പെട്ടതാണെന്നു പറയുക.

5. നഗരവാസം, ഗ്രാമവാസം — ഇവയുടെ ഗുണദോഷങ്ങളെ താരതമ്യപ്പെടുത്തി ഏതാനും ഖണ്ഡികകൾ എഴുതുക.

6. കഴിയുക, ഏറുക, കടക്കുക, മുതിരുക, പിണയുക — ഈ ക്രിയകളുടെ നാനാർത്ഥങ്ങളെ ഉദാഹരിച്ച് പ്രത്യേകം വാക്യങ്ങളെഴുതുക.

# 21. കുഞ്ചൻനമ്പ്യാർ.

കേരളത്തിൽ പണ്ഡിതപാമരന്മാരൊരുപോലെ നിത്യമനുസ്മരിക്കുന്ന മഹാകവി കുഞ്ചൻനമ്പ്യാർ തിരുവിലപാമലസ്സൂട്ടത്ത കിള്ളിക്കുറിശ്ശിമംഗലത്തു കലക്കത്തു കുടുംബത്തിലാണു് ജനിച്ചതെന്ന സംഗതി സർവ്വവിദിതമാണല്ലോ. കൊല്ലവഷം 880-ാമാണ്ടിടയ്ക്കായിരുന്നു അദ്ദേഹത്തിൻെറ ജനനമെന്നും, 940-നുശേഷം 954-നു മുമ്പായി അദ്ദേഹം മരണമടഞ്ഞുവെന്നുമാകുന്നു ചരിത്രകാരകന്മാർ രേഖപ്പെടുത്തിയിരിക്കുന്നതു്. അച്ഛൻനമ്പ്യാർ കിടങ്ങൂർ സ്ഥിരതാമസക്കാരനായിരുന്നതുകൊണ്ടു മാതാവിൻേറയും, പണ്ഡിതവരേണ്യനായിരുന്ന മാതുലൻേറയും സംരക്ഷണത്തിൽ വളന്നുപോന്നു. ആദ്യഗുരു മാതുലൻതന്നെയായിരുന്നു എങ്കിലും, തൃക്കാമ്മൺ നാരായണഭട്ടതിരിയുടെ അടുക്കൽനിന്നാണു് സംസ്കൃതഭാഷാഭ്യസനം പൂർണ്ണമാക്കിയതു്. വിവിധപ്രസ്ഥാനങ്ങളിലായി വിരചിക്കപ്പെട്ട ഒട്ടുമിക്ക കൃതികളിലും നമ്പ്യാർ പ്രസ്തുത ബ്രാഹ്മണഗുരുവിനെ പേരു പറഞ്ഞും, അല്ലാതെയും സ്തുതിച്ചിട്ടുണ്ടു്.

നമ്പ്യാരുടെ കാലത്തും പണ്ഡിതന്മാരും കവികളുമായവർ രാജാക്കന്മാരേയും, പ്രഭുക്കന്മാരേയും ആശ്രയിച്ചായിരുന്നു കാലയാപനം ചെയ്യുവന്നതു്. വിദ്യാഭ്യാ

സാനന്തരം നമ്പ്യാരും പ്രസ്തുതോദ്ദേശ്യത്തോടുകൂടെ ഒരു ദേശസഞ്ചാരം കഴിച്ചു. കോലത്തിരിരാജസ്വരൂപം കവികളേയും മററും പ്രോത്സാഹിപ്പിക്കുന്ന വിഷയത്തിൽ പേരുകേട്ടതായിരുന്നുവെങ്കിലും കുഞ്ചൻനമ്പ്യാർ അവിടെ എത്തിയ കാലം, ആ സ്വരൂപം രാഷ്ട്രീയമായ കുഴപ്പങ്ങളിൽപെട്ടു വിഷമിക്കുകയായിരുന്നു. യുദ്ധത്തിൽ ജേതാവായ കർണ്ണാടകരാജാവിൻെറ നിർദ്ദേശാനുസരണമുള്ള വ്യവസ്ഥകൾക്കു വഴിപ്പെട്ടു് സന്ധിചെയ്യാൻ നിർബ്ബദ്ധനും സ്വദേശീയരുടെ എതിർപ്പിനാൽ അസ്വസ്ഥനും ആയിരുന്ന അന്നത്തെ കോലത്തിരി പണ്ഡിതപ്രോത്സാഹനദീക്ഷനായിരിക്കാൻ തരമില്ലല്ലൊ. കോലത്തുനാട്ടിലെത്തി പട്ടിണി കിടക്കാനിടയായ നമ്പ്യാർ "കോലഭൂപസ്യനഗരേ വാസരാഹരിവാസരാഃ മശകൈർമ്മക്കുണൈശ്ചാപിരാത്രയശ്ശിവരാത്രയഃ" എന്ന ഒരുപദ്യം എഴുതിവച്ചു അവിടം വിട്ടു. പിന്നീടദ്ദേഹം വെട്ടത്തുനാട്ടുരാജാവു്, മുളളൂക്കര മനക്കോട്ടു ബാലരാമനച്ചൻ, പാലിയത്തച്ചൻ മുതലായവരെ ആശ്രയിച്ചു കുറെകാലം കഴിച്ചുകൂട്ടിയശേഷം പിന്നെയും തെക്കോട്ടു തിരിച്ചു. കുമാരനല്ലൂർ, കുടമാളൂർ, കിടങ്ങൂർ മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ചു്, 912-ാമാണ്ടോടുകൂടി ആലപ്പുഴെ താമസമാക്കി. തെക്കേടത്തു ഭട്ടതിരിയുടെ അദ്ധ്യക്ഷതയിൽ ഒരു പണ്ഡിതസദസ്സിനെ പരിരക്ഷിക്കുകയും, കവികളേയും മററും സർവ്വഥാ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്ന ദേവനാരായണ രാജാവിൻെറ ആശ്രിതത്വം സമ്പാദിക്കാൻ നമ്പ്യാക്കു വലിയ വിഷമമുണ്ടായിരുന്നില്ല.

925-ൽ മൎത്താണ്ഡവൎമ്മ മഹാരാജാവു് അമ്പലപ്പുഴ പിടിച്ചടക്കിയതിനുശേഷം അദ്ദേഹത്തിൻെറ ആശ്രിതനായി തിരുവനന്തപുരത്തുചെന്നു താമസിച്ചു. പിന്നീടു കാൎത്തിക തിരുനാൾ രാജാവിൻെറ കാലത്തു് 940-ൽ പ്രായാധിക്യംനിമിത്തം അവിടം വിടുകയുംചെയ്തു.

ചന്ദ്രികാവീഥി, ലീലാവതീവീഥി, മദനകേതുചരിതം, സീതാരാഘവം, വിഷ്ണുവിലാസം, ശ്രീകൃഷ്ണചരിതം മണിപ്രവാളം, വിഷ്ണുഗീത കിളിപ്പാട്ടു്, നളചരിതം കിളിപ്പാട്ടു്, ശിവപുരാണം കിളിപ്പാട്ടു്, ചാണക്യസൂത്രം, പഞ്ചതന്ത്രം, രുഗ്മിണീസ്വയംവരം 10 വൃത്തം, ഭാഗവതം 24 വൃത്തം, ഭഗവദ്ദൂതു് 14 വൃത്തം, മുകുന്ദശതകം, ശിവശതകം, കുമാരപുരേശ്വരീസ്തോത്രം മുതലായി അനവധി കൃതികൾ സംസ്കൃതത്തിലും മലയാളത്തിലുമായി അദ്ദേഹം നിൎമ്മിച്ചിട്ടുണ്ടു്. ഇവയിൽ പലതും അമ്പലപ്പുഴെ ചെന്നു ചേരുംമുമ്പെ രചിച്ചിട്ടുള്ളതാണെന്നുള്ളതും സ്മരണീയമാണു്. എന്നാൽ കുഞ്ചൻനമ്പ്യാർ എന്നു കേൾക്കുന്ന അവസരത്തിൽത്തന്നെ നമ്മുടെ മനസ്സിനെ അധിരോഹണം ചെയ്യുന്നതു തുള്ളൽക്കഥയാണല്ലോ. ഗ്രഹണം, രസാസ്വാദനം എന്നിവയെ സംബന്ധിച്ചേടത്തോളം അധികാരിഭേദചിന്തയ്ക്കു് അവകാശമില്ലാത്ത ആ കൃതികൾ നമ്പ്യാരുടെ കവിത്വത്തിൻെറ വിജയസ്തംഭങ്ങളാണു്. തന്മയത്വം അഥവാ അനുഭവരസം എന്ന മഹനീയഗുണത്തിൻെറ തികവാണു് തൽകവിതകളെ ചിരംജീവികളാക്കിയിരിക്കുന്നതു്. അമ്പലപ്പുഴയിലെ താമസക്കാലത്താണു് നമ്പ്യാരുടെ ലോകപരിചയവും,

നിരീക്ഷണപാടവവും, പരിഹാസരസികതയും പരിപൂ
ൎണ്ണതയെ പ്രാപിച്ചതു്. അതിനുള്ള സകല സാഹചൎയ്യ
ങ്ങളും അവിടെ അനായാസേന അദ്ദേഹത്തിനു ലഭ്യങ്ങ
ളായി. അതു മുഴുവനും തുള്ളക്കഥാമാൎഗ്ഗമായി പ്രകാശി
ച്ചുവെന്നേയുള്ളു. ലോകസ്ഥിതികളെ മനസ്സിലാക്കി,
ജനസാമാന്യത്തിന്റെ രുചിയറിഞ്ഞു് സരസമായൊരു
സാഹിത്യപ്രസ്ഥാനം പ്രതിഷ്ഠാപനം ചെയ്യുകയാണു്
കുഞ്ചൻനമ്പ്യാർ ചെയ്തതു്. ആ വിഷയത്തിൽ അദ്ദേഹം
ചെയ്തിട്ടുള്ള ശ്രമം അത്യന്തം ശ്ലാഘ്യമാണു്. എഴുത്ത
ച്ഛൻ, ചമ്പൂകാരന്മാർ മുതലായവരെ അനുകരിച്ചു്
സാഹിത്യവ്യാപാരം ചെയ്തുനോക്കിയെങ്കിലും, ആ വഴി
തുടരുന്നതുകൊണ്ടു വലിയ പ്രയോജനമൊന്നുമുള്ളതായി
അദ്ദേഹത്തിനു തോന്നിയില്ല.

അന്നത്തെ പ്രധാന ദൃശ്യകലകൾ ചാക്യാർകൂത്തും,
ആട്ടക്കഥയുമായിരുന്നു. കൂത്തിനോടു കുലാചാരമനുസ
രിച്ചുതന്നെ ദൃഢപരിചയമുണ്ടായിരുന്നു. പണ്ഡിതന്മാ
ൎക്കും, കൈകളും മാറവുമറിയുന്നവൎക്കും മാത്രമേ കഥകളി
യുടെ രസം പൂൎണ്ണമായി അനുഭവിക്കുവാൻ കഴികയുള്ളു.
വിനോദമാണെങ്കിൽ അതിൽ വളരെ വിരളവുമാണു്.
ആകെക്കൂടെ ജനസാമാന്യത്തെ രസിപ്പിക്കുവാൻ പോ
രാത്ത ആട്ടക്കഥാപ്രസ്ഥാനത്തോടു് നമ്പ്യാൎക്കു അതൃപ്തി
യാണുണ്ടായിരുന്നതു്. അതിനാൽ സ്വതസ്സിദ്ധമായ
ഫലിതപ്രയോഗത്തിനുകൂടി സൌകൎയ്യമുള്ള ഒരു നവീന
മാൎഗ്ഗമാരായുവാൻ മുതിൎന്നു. സരസമായ വിനോദപ്രക
ടനത്തിനു കൂടുതൽ സൌകൎയ്യമുള്ള ചാക്യാർകൂത്തിനെ

ത്തന്നെ ആസ്വാദ്യതാഗുണമുള്ളതാക്കി, കോലം മാററിയാൽ ഉദ്ദിഷ്ടഫലമുണ്ടാകുമെന്നു അദ്ദേഹം തീച്ചപ്പെട്ടുത്തി. കിളിപ്പാട്ട്, ചമ്പുക്കളിലെ മാത്രാഗദ്യങ്ങഠം, നിരണവൃത്തം, ചില സംസ്കൃത ഛന്ദസ്സുകഠം മുതലായവയെ ദൃശ്യകലയ്ക്കു യോജിച്ച ഗാനരീതിയിൽ പരിഷ്കരിച്ച് ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങനെ തുള്ളൽ കഥാവൃത്തങ്ങഠംക്കു വൈചിത്ര്യം വരുത്തി. ദ്രോണമ്പിള്ളി ആചാൎയ്യൻ നന്ദികാട്ടു ഉണ്ണിരവിക്കുറുപ്പ് എന്നിവരിൽനിന്നു തന്റെ പുതിയ ദൃശ്യകലാപ്രസ്ഥാനത്തിനു ആവശ്യമായ ഉപദേശസഹായങ്ങഠം ലഭിക്കുകയും ചെയ്തു. അങ്ങിനെ ചാക്യാർകൂത്തിലേയും, കഥകളിയിലേയും സരസാംശങ്ങളെ കൂട്ടിയിണക്കിയ തുള്ളൽപ്രസ്ഥാനം, ലളിതമധുരമായ ഭാഷയിൽ അന്നത്തെ ലോകത്തെ പ്രതിബിംബിക്കുകകൂടി ചെയ്യുപ്പോഠം ബഹുജനങ്ങളുടെ സവിശേഷമായ പ്രീതിക്കു പാത്രീഭൂതമായതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. ചാക്യാരോടു പിണങ്ങിയിട്ടാണ് നമ്പ്യാർ തുള്ളൽ ഉണ്ടാക്കിയതെന്ന ഐതിഹ്യത്തെ, അന്നത്തെ ദൃശ്യകലകളിൽ പല വൈകല്യങ്ങഠം കണ്ടു്, നമ്പ്യാർ അവയെ പരിഷ്കരിച്ചു എന്ന സംഗതിയെ സൂചിപ്പിക്കുന്നതായി ഗണിച്ചാലും അപാകമില്ല. കഥകളിക്കാരെ നമ്പ്യാർ

"കേട്ടാലുമിജ്ജനമെന്തുചെയ്യേണ്ടു ?
നാട്ടാക്കു ദാസ്യപ്രവൃത്തികഠംചെയ്കയോ ?
ആട്ടംപഠിച്ചു പലേടംനടക്കയൊ ?
പാട്ടുംപഠിക്കയോ, ചാവോറം ചാകയൊ ?"

"ആട്ടക്കാരുടെ കൂട്ടൊരുകൂട്ടം
കൂട്ടക്കാരൊട്ടു കൂടിവരുന്നൊരു
ചേട്ടക്കാരെ പാടേപിടിച്ചു
ക്കോട്ടക്കാരനു വിറേറപോവൂ."

"ആട്ടങ്ങളാടി നടക്കുന്നിതുപല
കൂട്ടംജനം ധനംമോഹിക്ക കാരണാൽ
പാട്ടുകാരുംപല മദ്ദളക്കാറരും
കൂട്ടുകാരും കുടക്കാരൻ പ്രധാനിയും
പെട്ടിയെടുക്കുമരത്തജനങ്ങളും
കുട്ടിപ്പരദേശിമാരും ശിശുക്കളും
കെട്ടുതപ്പും കുഴൽക്കാരനും തംബുരു
ഘട്ട്യവാദ്യം ചില വില്ലുംവടികളും
ചെപ്പുകൾ ചാണയും മുട്ടിച്ചിരട്ടയും
ശപ്പുചിപ്പും കെട്ടിയേററിപ്പുറപ്പെട്ടു
മുപ്പതും നാല്പതുമാളുകളൊന്നിച്ചു
നാല്ലധനമുള്ളവൻെറ പുരമ്പുക്കു
കെട്ടുമിറക്കി യജമാനനേതെന്നു
കേട്ടറിഞ്ഞങ്ങു കരേറിയകംപുക്കു
ധാർഷ്ട്യംപറഞ്ഞങ്ങിളകിക്കളിക്കാരു-
മൂട്ടുപുരയിൽ സ്ഥലംവച്ചുമൊക്കവെ
പെട്ടിവരുന്നതുകണ്ടാൽ ചിലജനം
കൊട്ടിക്കതകങ്ങടച്ചിതെന്നുംവരും
അഷ്ടിമാത്രം കൊടുത്തങ്ങയയ്ക്കുംചിലർ
കഷ്ടിച്ചു കേളികൊട്ടിച്ചുവെന്നുംവരും."

ഇങ്ങിനെ പലേടത്തും പ്രകടമായി ആക്ഷേപിച്ചിട്ടുണ്ടല്ലോ.

നിരൂപണങ്ങൾക്കും, ആക്ഷേപസമാധാനങ്ങൾക്കും പൊതുമാൎഗ്ഗമായി പത്രങ്ങളും മററുമില്ലാതിരുന്ന ആ കാലത്തു് തന്റെ നവ്യപ്രസ്ഥാനത്തെപ്പററിയുണ്ടായ ആക്ഷേപങ്ങൾക്കു സമാധാനം പറയുവാനും നമ്പ്യാർ രംഗസ്ഥലത്തെത്തന്നെ ഉപയോഗിച്ചു. മിക്ക തുള്ളൽക്കഥകളുടെയും പ്രസ്താവനാഭാഗങ്ങളിൽ ഇത്തരം സമാധാനങ്ങൾ ധാരാളം കാണാം. തുള്ളലിന്റെ വിരോധികൾ ചാക്യാരന്മാർതന്നെയായിരുന്നു. കുററം പറഞ്ഞിരുന്നവരുടെ കൂട്ടത്തിൽ, ഗുണകാംക്ഷികളെന്ന വ്യാജേന പല ദുർഘടനിർദ്ദേശങ്ങളും നൽകി വഴിപിഴപ്പിക്കുവാൻ ശ്രമിച്ചവരുമുണ്ടായിരുന്നുവെന്നു താഴെ കാണുന്ന പ്രസ്താവം കൊണ്ടു സ്പഷ്ടമാകുന്നുണ്ടു്:—

ഭാഷയായിട്ടു ചമയ്ക്കുന്നവാക്കുകൾ
ദോഷമകന്നു വരുത്തുവാൻ ദുർഘടം.
. . . . . . . . . . . . . . . . . . . . . . . .
ഏറെത്തുടങ്ങിയാലൊന്നുംഫലംവരാ
വാറില്ല വാക്കിനെന്നെല്ലാംവരുമിനി-
ക്കുറവുള്ളവൎക്കും മുഷിച്ചിൽതുടങ്ങുമി-
പ്പോറത്തമേറെപ്പറഞ്ഞു തുടങ്ങിയാൽ
ആദരാലെങ്കിലും കോരി വിളമ്പിയാൽ
സ്വാദില്ലയെന്നുവരുമിനി നിൎണ്ണയം.
പഞ്ചസാരപ്പൊടിയേററം ചെലുത്തിയാൽ
നെഞ്ചകത്തങ്ങു രുചിയും കുറഞ്ഞുപോം
ചൊല്ലുന്നകേൾക്കുമിപ്പാമ്പെന്നുറച്ചിട്ടു
പല്ലുകൾതൊട്ടെണ്ണുവാനിച്ഛ തുടങ്ങൊലാ."

ഇതിവൃത്തത്തെ സംബന്ധിച്ചിടത്തോളം, ചാക്യാർ കൂത്തു്, കഥകളി, എന്നിവയെപ്പോലെ തുള്ളലും പുരാണകഥകളെയാണ് ആശ്രയിച്ചതെങ്കിലും, ജനങ്ങളുടെ സ്ഥിതിഗതികളെ നല്ലവണ്ണം മനസ്സിലാക്കി സന്ദർഭോചിതം, സരസവും ഉജ്വലവുമായ ഫലിതം പ്രയോഗിച്ച നവ്യതയും ആകർഷകത്വവും നമ്പ്യാർ ഉളവാക്കുകയുണ്ടായി. ദൃശ്യകാവ്യങ്ങളുടെ ഉദ്ദേശവും മനുഷ്യരെ സന്മാർഗ്ഗബോധമുള്ളവരാക്കുകയാണല്ലോ. എന്നുവച്ചു തത്വപ്രസംഗംതന്നെ തുടങ്ങിയാൽ ഉദ്ദേശം ഫലിക്കയില്ല.

"വാശ്ശതെങ്കിലുമൊന്നുവന്നുസഭാസ്ഥലങ്ങളിലോതിനാ-
ലീശ്വരസ്തുതിയായ്‌വരേണമതെങ്കിലേ ശുഭമായ്‌വരൂ.
വേഗമീശ്വരനോടുചേൎന്നു വസിപ്പതിന്നു മനുഷ്യരെ
യാഗവും പലയോഗവും പലമന്ത്രവും ചിലതന്ത്രവും
ആഗമങ്ങളുപാസനങ്ങളുമാസനങ്ങളുമൊന്നുമേ
രംഗസാഗരവാസികൾക്കു ഫലിക്കയില്ല ധരിക്കണം."

എന്നും

"ചിരിക്കുന്ന കഥകേട്ടാലിരിക്കുമായതല്ലെങ്കിൽ
തിരിക്കുമങ്ങിനെ ഭാവിച്ചിരിക്കുന്ന ഭടന്മാരെ
ചിരിക്കാതെ രസിപ്പിക്കാനൊരിക്കലുമെളുതല്ലെ-
ന്നിരിക്കുന്നെങ്കിലമ്മാത്രമുരസ്ക്കാമെന്നതേവേണ്ടൂ."

എന്നും ഉള്ള മൎമ്മം അറിഞ്ഞിരുന്ന നമ്പ്യാർ ഫലിതത്തിനുതന്നെ പ്രാധാന്യം നൽകി. കൂത്തിലും ഫലിതത്തിനു കുറവുണ്ടായിരുന്നില്ല. എന്നാൽ രസജ്ഞനും സൎവ്വോപരി ഔചിത്യവേദിയുമായിരുന്ന നമ്പ്യാരുടെ ഫലിതം കൂടുതൽ ആകൎഷകവും, തന്മയത്വവിശിഷ്ടവും, നാനാ

കാര്യനിരൂപണദക്ഷവുമായിരുന്നു. കേവലമൊരു ചിരിക്കു വകയുണ്ടാക്കുക മാത്രമായിരുന്നില്ല കുഞ്ചൻനമ്പ്യാരുടെ ഫലിതത്തിൻെറ ഉദ്ദേശ്യം. സരസസംഭാഷണങ്ങളാൽ ലോകരെ വശീകരിച്ച് ആക്കും വിദ്വേഷബുദ്ധിയുളവാകാനിടയാക്കാതെ ഏവരേയും ഏതിനേയും യഥാഹം പരിഹസിച്ചു സദ്ബോധമുദിപ്പിക്കുവാൻ ആ ഫലിതം ശക്തമാണ്.

വർണ്ണനത്തിലും മാതൃകായോഗ്യമായ ഒരു പ്രത്യേകത തുള്ളൽക്കവിതകളിൽ കാണാം. പുരാണകഥകളെയാണു പ്രതിപാദിക്കുന്നതെങ്കിലും, ജനങ്ങളുടെ നിത്യാനുഭവങ്ങൾക്കനുസരിച്ചവിധമാണു വർണ്ണനകൾ നടത്തിയിട്ടുള്ളതു്. ചുരുക്കത്തിൽ തുള്ളൽക്കഥകളിലെവിടെയും, കവിക്കു പരിചിതങ്ങളായ പരിതഃസ്ഥിതികളേ പ്രതിബിംബിച്ചു കാണുകയുള്ളുവെന്നു പറയാം. വർണ്ണ്യവസ്തുവിൻെറ ആകപ്പാടെയുള്ള ഒരു ഭാവം രൂപീകൃതമാകത്തക്കവിധം മർമ്മമറിഞ്ഞു വർണ്ണിക്കാനുള്ള സാമർത്ഥ്യം നമ്പ്യാരുടെ പ്രത്യേകതകളിലൊന്നാണ്. ഉപകഥാപ്രസ്താവം, സംഭാഷണം, പ്രത്യേകതരം ശബ്ദങ്ങൾ മുതലായി പലതുകൊണ്ടുമാണ് കവി അക്കാര്യം സാധിക്കുന്നതു്. അലങ്കാരങ്ങൾ പ്രയോഗിക്കുന്നതിൽ അദ്ദേഹം ഒട്ടും പരാങ്മുഖനല്ല. പക്ഷേ, പാണ്ഡിത്യപ്രകടനത്തിനല്ല, അർത്ഥവൈശദ്യത്തിനാണെന്നേയുള്ളു. അതിനാൽ ശ്രോതാക്കളുടെ നിത്യാനുഭവത്തിൽപ്പെട്ട സംഗതികൾക്കാണ് പ്രാധാന്യം കല്പിച്ചിരിക്കുന്നതു്. ഉപമ, അപ്രസ്തുതപ്രശംസ, നിദർശന മുതലായ അലങ്കാരങ്ങൾ

സാർവ്വത്രികമായി തുള്ളൽക്കഥകളിൽ കാണാം. അവയെല്ലാം സ്വാനുഭവത്തിൽപ്പെട്ട സംഗതികളെ ഉള്ളടക്കുന്നവയായിരിക്കും:—

"കുണ്ടുകുളത്തിൽതവളകുഞ്ഞിനു
കുന്നിനുമീതെപറക്കാൻമോഹം"
"ചൊട്ടച്ചാൺവഴിവട്ടംമാത്രം
കഷ്ടിച്ചങ്ങുപറക്കുംകോഴികൾ
ഗരുഡനുപിറകേചിറകുംവീശി-
ഗ്ഗഗനേഗമനംവാഞ്ഛിക്കുന്നു."
"പട്ടിണിപെട്ടങ്ങുമിങ്ങുംനടക്കുന്ന
പട്ടിക്കുതാടിയുംമീശയുംദംഷ്ട്രയും
കെട്ടിച്ചമയിച്ചു കേസരിമേവുന്ന
കാട്ടിൽഗ്ഗിരിമുകളേററിയിരുത്തിയാൽ
ചേട്ടയ്ക്കു കണ്ഠത്തിൽനിന്നു കണ്ഠീരവ-
ശ്രേഷ്ഠൻെറ ഘോരനാദം വരുത്താവതൊ."
"ഉച്ചണ്ഡമാം ഫണമണ്ഡലമാകവെ
ഉച്ചത്തിലങ്ങുയർത്തിപ്പിടിച്ചങ്ങിനെ
മെച്ചത്തിലോടുന്ന വഞ്ചികണക്കിനെ
കൊച്ചുഗോവിന്ദനെപ്പാഞ്ഞടുത്തീടിനാൻ."
"കനലിൽചുട്ടെടുത്തോരു
കനകച്ചേങ്ങലപോലെ."

ഏതു ഭാഷയിലെ പരിഹാസകവനത്തോടും കിടനില്ക്കത്തക്കവെയാണു നമ്പ്യാരുടെ തുള്ളൽക്കഥകൾ. അദ്ദേഹത്തിൻെറ പരിഹാസത്തിനു വിഷയമായിട്ടില്ലാത്ത ആളുകളും സംഗതികളും നന്നെ ചുരുങ്ങും. ദുരഭിമാനികളേ

യും, ഭീരുക്കളേയും, അധികാരം ഭാവിക്കുന്ന സ്വാത്മികളായ രാജസേവകന്മാരേയുമാണ് അദ്ദേഹത്തിനു തീരെ കണ്ടുകൂടാത്തതു്. രാജസേവ പക്കത്തുണ്ട് മുതലായവയും തൽപരിഹാസത്തിനു പാത്രീഭൂതമായിട്ടുള്ളതാണ്.

"പട്ടിണിയിട്ടു പരവശരാകയാൽ
പട്ടണംതോറുമിരന്നുനടക്കയോ ?
പെട്ടെന്നു രാജസേവയ്ക്കു പുറപ്പെട്ടു
കൊട്ടണച്ചോറും കടിച്ചു കിടക്കയോ ?

എന്നിങ്ങനെ പറഞ്ഞുകാണുന്നു. സമുദായത്തിന്റെയും രാജ്യത്തിന്റെയും മൂലസ്ഥാനം കുടുംബമാണല്ലൊ. ബഹുഭാര്യാത്വം, ശിഥിലമായ വിവാഹബന്ധസമ്പ്രദായം, മദ്യപാനം, ആഡംബരത്തിനു വേണ്ടിയുള്ള കടംകൊള്ളൽ, വിഷയലമ്പടത്വം, ചാപല്യം മുതലായവ കുടുംബത്തെ നിഹനിക്കുന്ന മുറപ്പടപ്പുകളുമാകുന്നു. അതിനാൽ ആവക ദുഷ്ടനടവടികളെ തരംകിട്ടുമ്പോഴെല്ലാം അതിപരുഷമായി പരിഹസിപ്പാൻ നമ്പ്യാർ സന്നദ്ധനായിരുന്നു.

സംസ്കൃതഭാഷയുടെ കയ്യേററത്തിനു കുറവൊന്നുമില്ലാതിരുന്ന അക്കാലത്തും, പണ്ഡിതന്മാരുടെ അഭിനന്ദനത്തിനു സംസ്കൃതകാവ്യരചനതന്നെ വേണ്ടിയിരുന്നു. പക്ഷെ "ഭടജ്ജനങ്ങൾ ധരിച്ചിടാ കടുസംസ്കൃത"മെന്നറിയാമായിരുന്ന നമ്പ്യാർ "ഭാഷയേറിവരുന്ന നല്ല മണിപ്രവാള"ഭാഷയിൽത്തന്നെയാണ തുള്ളൽക്കവിത എഴുതിയതു്. സംസ്കൃതമയമായ വരികളും ഇടയ്ക്കു കണ്ടേയ്ക്കാമെങ്കിലും, അവ സന്ദർഭവിശേഷംകൊണ്ടു കേൾ

വിക്കാരിൽ സ്വയം അർത്ഥബോധം ഉദിപ്പിക്കത്തക്ക വിധം നിബന്ധിച്ചിട്ടുള്ളവയായിരിക്കും. മിക്കവാറും മലയാളത്തോടിണങ്ങിക്കഴിയുന്ന ലളിതസംസ്കൃതപദങ്ങളേ തുള്ളലിൽ കാണുകയുള്ളൂ. സാധാരണജനങ്ങൾ നിത്യമുപയോഗിക്കുന്ന പഴമൊഴികളും ശൈലികളും ഇത്രയേറെ സ്വകൃതികളിൽ ഉപയോഗിച്ചിട്ടുള്ള ഒരു കവി കേരളത്തിൽ വേറെയില്ല. ഒട്ടുമിക്ക നല്ല രീതികൾക്കും തുള്ളൽക്കഥകൾ ഉത്തമമാതൃകകളാണ്. നല്ല ഗദ്യമെഴുതി ശീലിക്കണമെന്നു കരുതുന്നവർക്കും തുള്ളൽക്കഥാപാരായണം അപരിത്യാജ്യമാകുന്നു. നിരർഗ്ഗളമായ ആശയഗതിക്കനുസരിച്ച് ഉചിതപദങ്ങൾ തള്ളിപ്പരന്നു താണ്ഡവം ചെയ്യുന്ന കാഴ്ച, അറിയാതെതന്നെ കവിക്കു നമോവാകം ചെയ്തുപോകുമാറ് ആരേയും വികാരതരളിതരാക്കുന്നതാണ്. സങ്കല്പശക്തിയും, ഭാഷാഭിമാനവും തികഞ്ഞ ഒരു കേരളീയകവിക്ക്, സ്വാനുഭവത്തെ അടിസ്ഥാനമാക്കി സ്വാതന്ത്ര്യമുപയോഗിച്ച്, പുരാണകഥകളെ എത്രത്തോളം നവീനമായ രീതിയിൽ ആഖ്യാനം ചെയ്യാമൊ, അതത്രയും നമ്പ്യാർ തുള്ളക്കഥകളിൽ ചെയ്തിട്ടുണ്ട് എന്നു സമഷ്ടിയായി പറയാനേ ഇവിടെ തരമുള്ളൂ.

1. പരിഹാസം ഫലപ്രദമാണോ ? ഉപപാദിക്കുക.

2. ഓട്ടൻ, ശീതങ്കൻ, പറയൻ എന്ന മട്ടുകളെപ്പററി ഓരോ ചെറുവിവരണമെഴുതുക.

3. നമ്പ്യാരുടെ വർണ്ണനാവൈശിഷ്ട്യത്തെപ്പററി പാഠത്തിൽ പറഞ്ഞിട്ടുള്ളതിനെ സ്വന്തവാക്യങ്ങളിൽ സംഗ്രഹിക്കുക.

4. വിപുലനംചെയ്യുക:— "ഗ്രഹണം, രസാസ്വാദനം എന്നിവയെ സംബന്ധിച്ചിടത്തോളം അധികാരിഭേദചിന്തയ്ക്കവകാശമില്ലാത്ത ആ കൃതികൾ നമ്പ്യാരുടെ കവിത്വത്തിന്റെ വിജയസ്തംഭങ്ങളാണ്."

5. (1) തുള്ളൽക്കഥകളിൽ ഫലിതത്തിനു പ്രാധാന്യം കൊടുത്തതിനു കാരണമെന്ത്? (2) തുള്ളൽ എന്ന പ്രസ്ഥാനത്തിന്റെ പ്രത്യേകതകളെന്തെല്ലാം? (3) ദൃശ്യകാവ്യമെന്നാലെന്ത്? അതിൽ ഏതെല്ലാം ഉൾപ്പെടും? (4) തുള്ളലിനു പ്രചുരപ്രചാരം സിദ്ധിപ്പാൻ കാരണമെന്തായിരുന്നു?

# 22. ഒരു വിലാപം.

തിങ്ങിപ്പൊങ്ങും തമസ്സിൽക്കടലിലൊരുകുടം
പോലെ ഭൂചക്രവാളം
മുങ്ങിപ്പോയീ മുഴക്കെ ;ക്കുളിരിളകുമിളം
കാററു താനേനിലച്ചൂ ;
മങ്ങിക്കാണുന്ന ലോകപ്രകൃതിയുടെ പക-
ച്ചെന്നമട്ടന്നു മൌനം
തങ്ങിക്കൊണ്ടദ്ധരാത്രിക്കൊരു പുരുഷനിരു-
ന്നീടിനാനാടലോടെ. 1

കണ്ണിൽക്കണ്ണീർ നിറച്ചിട്ടകമിടറിവിട്ടും
വീർപ്പുകൊണ്ടാശു മിന്നി-
ട്ടെണ്ണിപ്രാപഞ്ചികക്കോളടിയുടെ നടുവിൽ
പെട്ടു വല്ലാതെമുങ്ങി
മണ്ണിൽ ചൈതന്യമില്ലാപ്പടിപൊടിപുരളും
മട്ടുവാടിക്കിടക്കും
പെണ്ണിൻപൂമേനിതാങ്ങിട്ടയിതനവനിരു-
ന്നീടിനാ;നെന്തുചെയ്യാം ! 2

നാട്ടാരെല്ലാംവിഷൂചീലഹളയിലുതിരും
കാല;മദ്ദീനമായ്തൻ
കൂട്ടാളയ്യോ ! കഴിഞ്ഞീടിനകഥ ; വലുതാ
യുള്ള വർഷാനിശീഥം ;

കേട്ടാലാരുംഭയംകൊണ്ടിളകിമറിയുമീ-
വേളയിൽകഷ്ടമായാൾ
നീട്ടാനുംകൂടി വയ്യാതെരിയുമൊരു വിള-
ക്കിന്റെ നേരിട്ടിരുന്നു. 3

ആമട്ടാളും കഠോരപ്രകൃതിനടനയിൽ
പാട്ടുകാരൻ കണക്കേ-
ക്കൂമൻമൂളുന്നു ; കൂകുന്നിതു ചിറകടിയോ-
ടൊത്തു കൂററിച്ചൂളാനും ;
പ്രേമം,വിഭ്രാന്തി,താപംഭയമിവയിലലി-
ഞ്ഞാകവേരക്തനാഡീ
സ്തോമംസ്തംഭിക്കയാലിക്കഥകളവനറി-
ഞ്ഞി,ല്ലതേനല്ലതായി. 4

പാരംവീർപ്പിട്ടലയ്ക്കൊത്തെരിയുമൊരുമുഖം
മുത്തൊളിബ്ബാഷ്പധാരാ-
സാരംതിങ്ങിക്കലങ്ങീടിനമിഴികൾ,നിറം
മങ്ങിവിങ്ങുംകപോലം
ചാരംപോലെവിളർത്തോരുടലിവയൊട്ടുമ-
പ്പൂരുഷൻഹന്തവിദ്യുൽ-
സാരത്തിൻവിദ്യയാലൊട്ടിളകുമൊരുവെറും
പാവയെപ്പോലിരുന്നു. 5

ഒന്നോരണ്ടോമണിക്കൂറിടമനമറിയാ-
മട്ടിലെന്തൊക്കെയോചെ-
യ്യുന്നോളംതള്ളുമാർത്തിക്കടൽനടുവിലെണീ-
ററായവൻനീന്തിനോക്കീ ;

പൊന്നോമൽച്ചെമ്പകത്തിൻമലരടിപണിയും
കാന്തതൻമെയ്യുമെല്ലെ-
ത്തന്നോടൊപ്പിച്ചമർത്തിത്തഴുകിയൊരുവിധം
ഗൽഗദംപൂണ്ടുരച്ചു. 6

"മാനം,മര്യാദ,മാന്യപ്രണയമധുരമാം
ശീല,മൊക്കുന്നമട്ടിൽ
ദാനംതൊട്ടുള്ളനാനാഗുണവിഭവമിണ-
ങ്ങീടുമെൻപ്രാണനാഥീ !
ജ്ഞാനധ്യാനൈകരൂപാമൃതമണയുവതി-
ന്നുള്ളനിന്നന്ത്യയാത്ര
യ്ക്കാനന്ദംകൈവരട്ടേ ! തവവിമലകഥാ-
വസ്തുശേഷിച്ചിടട്ടെ. 7

സ്വാതന്ത്ര്യത്തോടുകൂടിസ്വയമുയരുമൊരീ
നിന്റെജീവൻ,ക്രമത്തിൽ
കൈതന്നുംവെച്ചവാനോർവനിതകളരുളീ-
ടുന്നൊരഗ്രാസനത്തിൽ
ആതങ്കംവിട്ടുമിന്നി,ക്കിളികളിളകുമാ-
നന്ദനത്തോപ്പിലേന്തും
ഗീതത്തോടൊത്തുപുത്തൻമണമണിയുമിളം
കാററതെല്ലേററിടട്ടെ. 8

ആശാവേശംനിമിത്തം ചിലതിവനുരചെ-
യ്യുന്നതത്രേമരിച്ചാ-
ലേശാൻപോകുംയഥാർത്ഥസ്ഥിതികളറിയുവാ-
നാക്കുമയ്യോഞെരുക്കം ;

ദേശാചാരാനുസാരംസുകൃതഫലമെടു-
ത്തീടുവാൻതത്വചിന്താ-
ലേശാലോലംമനസ്സിന്നനുമതികുറയും ;
തത്വമോഭിന്നഭിന്നം. 9

താരുണ്യത്തള്ളലാലോ,തരുണമനമിള-
ക്കുന്നഗാനങ്ങളാലോ
പേരുണ്ടാക്കാൻതുനിഞ്ഞില്ലിവനിലകമലി-
ഞ്ഞുള്ളനീയെന്നമൂലം
ആരുംവാഴ്ത്തില്ല ; എന്നാകിലുമൊരുസമയ
ത്തത്ഭുതപ്രേമസാരം
ചേരുംനിൻജീവവൃത്തപ്പുതുമപുതിയപാ-
ഠത്തിലൊന്നായിരിക്കും. 10

ഏതായാലുംകൃതാന്തൻനിജകഠിനകരം
നിന്നിൽവെച്ചു,തുഷാര-
ശ്രീതാവുംമഞ്ജുമന്ദസ്മിതമണിയുമിളം
ചുണ്ടനങ്ങാതെയായി ;
വീതായാസംവിലോലായതമിഴിയിലെഴും
കാന്തിമങ്ങി,കടക്കും
വാതാവേശാൽപ്രപഞ്ചത്തിരയടിയിലക-
പ്പെട്ടുനീചോട്ടിലായി. 11

ആകപ്പാടെവിമർശിച്ചറിയുവതിനസാ-
ദ്ധ്യങ്ങളാകുന്നനാനാ-
പാകംതെറ്റുന്നദിവ്യപ്രകൃതിയുടെവികാ-
രങ്ങൾവിശേഷാന്തരങ്ങൾ ;

'ലോകാരംഗം' നരന്മാർനട'രിതുവളരെ
സ്സാരമാംതത്വമെങ്ങോ
പോകട്ടെമാംസമേദോമലകലിതമുടൽ
കെട്ടിതുൽകൃഷ്ടമാണോ ? 12

ധീരശ്രീസർവ്വസൈന്യാധിപനുടെകരവാ-
ളൂഴിവെന്നുള്ളചെങ്കോ-
ലീരണ്ടിനുംനമിക്കാത്തൊരുപഴയമഹാ-
ശക്തിമീതേജയിപ്പൂ ;
സാരജ്ഞേ ! തൽപ്രയുക്തംനിയമമനുസരി-
ച്ചിന്നുലോകങ്ങളോരോ-
നേരത്തോരോവിധത്തിൽത്തിരിയുമതുതടു-
ത്തീടുവാനാവതല്ല. 13

ലാവണ്യംകൊണ്ടിണങ്ങുംപുതുമ,കവിതകൊ-
ണ്ടുള്ളസൽകീർത്തി,വിദ്വൽ-
ബ്ഭാവംകൊണ്ടുള്ളമാന്യസ്ഥിതി,രണപടുതാ-
മൂലമാംവൻപ്രതാപം
ഈവണ്ണംവർണ്ണനീയംഗുണമഖിലമൊരേ-
വാതിലിൽത്തട്ടിമുട്ടി-
ജ്ജീവത്താമാദിമൂലപ്രകൃതിയിലൊടുവിൽ
ചെന്നുചേരുന്നുവല്ലോ. 14

ബാലാദിത്യൻകരത്താലരിമയൊടുതലോ-
ടീടവേപാടലശ്രീ
ലീലാരംഗംപ്രഭാതപ്രകൃതിയുടെമുഗ്ദ്ധ-
സ്നിഗ്ദ്ധകണ്ണുംകണക്കേ

മേലാലെത്തുംവിപത്തിൻവിപുലതയെവിചാ-
രിച്ചുനോക്കുന്നതിന്നും
മേലാതേന്നിന്നൊട്ടുക്കംപെട്ടുചുടലപനീർ-
പ്പൂവുചുംബിച്ചിടുന്നു. 15

പാതിവ്രത്യപ്രതാപക്കൊടിയുടെചരടേ !
ദുർവ്വിധിക്കാററുതട്ടി
പ്പാതിത്യംവന്നനിന്മെയ്യിളകുവതിന്നിവി
സ്സാദ്ധ്യമല്ലെന്നിരിക്കേ
പാതിപ്പെട്ടുംഭവച്ചങ്ങലവലിയിലക-
പ്പെട്ടകാലാലയത്തിൻ
വാതിൽക്കൽപോയിമുട്ടിത്തിരിയെവരുമൊരെൻ-
ജീവിതംഭാരഭൂതം. 16

നീലിക്കാർമൂടിമങ്ങുന്നിതുമതി,കൊടുതാം
മിന്നൽപായുന്നനാഡീ-
ജാലത്തിൽക്കൂടി ; ദീർഘശ്വാസനനിളകവേ
ബാഷ്പവർഷംവരുന്നൂ ;
പാലഞ്ചുംവാണിയാളേ ! തവവിരഹവിചാ-
രാംബുധിക്കോളിളക്കം
കാലത്തിന്നോത്തിരിപ്പൂ ! കണവനുടെകരൾ
ക്കെട്ടിതാപൊട്ടിയല്ലോ ! 17

പ്രാലേയക്കട്ടപോലെപിരിമൃദുലതപൂ
ണ്ടെന്നുമാഡംബരത്തിൽ
ക്കാലേവയ്ക്കാതെ,നൈസർഗ്ഗികമധുരിമയെ
ത്തൻകളിത്തോഴിയാക്കി

മാലേയംമാത്രമായോരണിയലൊട്ടമുഖാ-
ബ്ജത്തിലാത്മപ്രസാദം
മേലേമേലേവളത്തിബ്ഭവതിഭുവനരം-
ഗത്തിൽനന്നായ്വിളങ്ങീ. 18

ഞാനോ നീക്കെട്ടിമൂട്ടുന്നൊരുനയനതടം
വിങ്ങിമങ്ങിക്കുഴങ്ങി-
പ്പീനോല്ലുണ്ഠാപരീതൻവിരഹവിധുരതാ-
ധൂസരാംഗങ്ങളോടേ
മാനോട്ടംകണ്ണി! മുള്ളുംകരട്ടമിടകല-
ന്നുള്ളമാർഗ്ഗംചവിട്ടി-
ത്താനോരോജീവിതായോധനമുറിവുകളേ-
റോടിവാടേണ്ടിവന്നു. 19

പ്രാതഃകാലംവരുമ്പോൾതവചരമകഥാ-
സ്മാരകംപോലെപാട്ടും
ഗീതത്തെക്കൊണ്ടുഘണ്ടാമണിവെളിയിലയ-
ച്ചോരുഞാനൊററയായി
പ്രേതത്തെപ്പോലെമുററത്തണയുകിലൊളിവ-
റേറാമനകാററപുൽകും
കൈതപ്പൂവെന്നെനോക്കിത്രപയൊടപഹസി-
ച്ചീട്ടുമേവാദമില്ല. 20

വാതവ്യാസംഗമൂലംവിറയുടയപുരാ-
രാമവല്ലീകുലത്തെ
സ്റ്റീതസ്നേഹംതലോടിപ്പലപൊഴുതുപയോ-
ധാരതാനേനടത്തി

ആതങ്കംമാററമായ്ഗ്ഗേ ! തവതനുഭവമാ-
യുള്ളവെണ്ണീർകിടക്കെ
പ്രേതക്കാട്ടിൽക്കടെത്തുംകരവുമഫലമ-
ല്ലോഷധീശനുമേലിൽ. 21

സാനന്ദംസുപ്രഭാതോദയമഹിമപുക-
ഴ്ത്തുന്നപക്ഷിവ്രജത്തിൻ-
ഗാനത്താലോഗവാക്ഷംവഴിദിനമണിതൻ
കൈകളാൽപ്പുൽകയാലോ
തേനഞ്ചുംവാണിയാളേ ! ചുടലയൊട്ടുസമീ-
പിച്ചതിൽദീർഘനിദ്ര
യ്ക്കുന്നംപററില്ല ; നിൻകണ്ണുകൾനിയതിനിയോ
ഗത്തിനാൽമുദ്രിതങ്ങൾ. 22

1. ഉത്തമകവികൾ പ്രകൃത്യവസ്ഥകളെ വർണ്ണിക്കുമ്പോൾ കഥാസംഭവത്തിൻെറ അഥവാ കഥാപാത്രത്തിൻെറനേക്കു കർണ്ണയക്കുകയും സന്ദർഭാനുസരണമായവിധം ഉല്ലേഖനംചെയ്തു വർണ്ണനം നിർവ്വഹിക്കുകയും ആണു് ചെയ്യുക. അങ്ങിനെ പരിതഃസ്ഥിതികളുടെ വർണ്ണനം, അടുത്തു നടക്കുവാൻ പോകുന്ന സംഭവത്തിൻെറ ഒരു സാമാന്യഭാവത്തെ അനുഭവഗോചരമാക്കുമെന്നും, രസോൽകർഷമുളവാക്കുമെന്നും പറയേണ്ടതില്ലല്ലോ. ഈ കവിതയിലെ ഒന്നും നാലും പദ്യങ്ങൾ നോക്കുക. പ്രകൃതി ഒട്ടാകെ വൈരൂപ്യം പ്രാപിച്ചു വിഷാദാത്മകമായി തീൎന്നിരിക്കുന്നു. ദയനീയവും ഭയങ്കരവുമായ ആ സംഭവത്തിൽ പ്രകൃതിയും അനുശോചിക്കുന്നതായിട്ടാണു് തോന്നിപ്പോകുന്നതു്. കാവ്യപാരായണാവസരത്തിൽ അത്തരം സംഗതികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതും, വർണ്ണനത്തിൽ സന്ദർഭാനുസരണം പ്രകൃത്യവസ്ഥകളെ പ്രകാശിപ്പിക്കാൻ ശ്രമിക്കേണ്ടതുമാണു്.

2. പ്രസ്തുത രാത്രിയുടേയും, അവസ്ഥയുടേയും ഭയങ്കരതയെ വർണ്ണിക്കുക.

3. ബാലാദിത്യൻ കരത്താൽ എന്നു തുടങ്ങുന്ന പദ്യത്തെ പരാവൎത്തനം ചെയ്യുക.

4. താഴെ പറയുന്നവയെക്കുറിച്ച് ഉപന്യാസമെഴുതുക:—

1. നിങ്ങളുടെ ശൈശവത്തിനുശേഷം ഉണ്ടായിട്ടുള്ളതായി കാണുന്ന പരിഷ്കാരാഭിവൃദ്ധികൾ. 2. സ്കൂളിൽപോയി വിദ്യാഭ്യാസം ചെയ്യണം. (നിങ്ങൾക്കതുകൊണ്ടുണ്ടായ നന്മകളെ വിവരിച്ചു സ്ഥാപിക്കുക.)

---

# 23. തേനീച്ചകൾ.

സംഘംചേൎന്നു വസിക്കാറുള്ള ജന്തുക്കളിൽ ഉൾപ്പെട്ടവയാണ് തേനീച്ചകൾ. എറമ്പിൻകൂട്ടത്തിൽ അവാന്തരജാതികളുള്ളതുപോലെ മക്ഷികാവൎഗ്ഗത്തിലും മൂന്നുവകക്കാരുണ്ട്. പ്രായംതികയാത്ത സ്ത്രീകൾ തൊഴിലാളികളാണ്. രണ്ടാമത്തവർ ആണുങ്ങളാണെങ്കിലും മടിയന്മാരാണ്. 'പക്കത്തുചോറുംതിന്നു കോയിക്കൽപാക്കാ' യാണ് ഇവരുടെ ജോലിയെങ്കിലും ഇക്കൂട്ടരുടെ സാന്നിദ്ധ്യവും അനുപേക്ഷണീയമാണെന്നു വഴിയെ വിശദമാകും. മൂന്നാമത്തവർ പ്രായം തികഞ്ഞ 'അമ്മറാണി' മാരാകുന്നു.

ചില പിപീലികാസമുദായങ്ങളിലെന്നപോലെ സരഘാസംഘത്തിൽ സ്ഥിരലാവണമായ സൈന്യമില്ല. പക്ഷേ, അവരുടെ പട്ടാളനിയമം വളരെ കൎക്കശമാകുന്നു. ആവശ്യംവന്നാൽ എല്ലാവരും യുദ്ധംചെയ്യണം. മടിയന്മാരുടെ വൎഗ്ഗം ഇതിൽനിന്നും ഒഴിവാക്കപ്പെട്ടതാണ്. യവനകഥകളിലെ അമേസോൺകാരെപ്പോലെ അളിരാജ്യത്തിൽ അബലകൾക്കാകുന്നു പ്രാബല്യം. രാജ്ഞിക്കുവേണ്ടി യുദ്ധംചെയ്തു ജീവൻ ത്യജിക്കണമെന്നാണ് ഈ ജാതിയുടെ ഏൎപ്പാട്. ഓരോന്നിനും ബലിഷ്ഠമായ വിഷാ

ണങ്ങളുണ്ട്. ഇതിൻെറ മൂച്ച്യറിയണമെങ്കിൽ ഒന്നു പരീക്ഷിച്ചു നോക്കുകതന്നെ വേണം.

പൎണ്ണസമുദായത്തിലെ തൊഴിലാളികളുടെ കഥയും പൎയ്യാലോചിക്കാം. സാമുദായികബോധവും, സഹകരണജ്ഞാനവും അവൎക്കു യഥാൎത്ഥത്തിൽ ജന്മസിദ്ധമാകുന്നു. ഊണബാധയോ, പണിമുടക്കോ അവരുടെ ഇടയിൽ ഇല്ലതന്നെ. സമുദായോൽക്കഷ്ത്തിനും മററം ആവശ്യമായ കൃത്യങ്ങരം അവർ സദാ നിൎവ്വഹിക്കുന്നു. സോവിയററകാരിൽ ചിലരെപ്പോലെ ജനിച്ച ഉടനെ ശിശുക്കളെ അവർ വൎജ്ജിക്കുന്നില്ല. ശൈശവത്തിലെ പുറന്തോലിൽനിന്നു വേർപെട്ടാൽ ചെറമക്ഷികകരം പുറത്തുപോയി സൈപരവിഹാരത്തിനു അനുവദിക്കപ്പെടാതെ, കൂട്ടിൽത്തന്നെ പരിപാലിക്കപ്പെടുന്നു. തൊഴിലാളിവൎഗ്ഗത്തിൻെറ ആയുഷ്കാലം മൂന്നുമുതൽ ആറവരെ ആഴ്ചവട്ടങ്ങളാണു്. എങ്കിലും ഈ പരിമിതദശയിൽ അവർ നിരന്തരപരിശ്രമക്കാരാണെന്നു ജീവസന്ധാരണപദ്ധതികരം പരിശോധിച്ചാൽ ക്ഷണത്തിൽ മനസ്സിലാക്കാം.

വയഃക്രമാനുസാരം മധുമക്ഷികകളിൽ ഓരോന്നിനും പ്രത്യേകം കൎമ്മാനുഷ്ഠാനമുണ്ട്. ഏതാണ്ടു 21 ദിവസങ്ങരംകൊണ്ടു് അണ്ഡത്തിൽനിന്നു കുഞ്ഞു വിരിയുന്നു. അങ്ങിനെ ഒരു കൂട്ടത്തിൽ 3000, 4000 മുട്ടകളോളം വിരിഞ്ഞെന്നു വരാം. ആ കുഞ്ഞുങ്ങളെ പോററമ്മമാരാണു് തീററിവളൎത്തുന്നതു്. അല്പം വളൎന്ന അളി തന്നിൽ പ്രായംകുറഞ്ഞ ശിശുക്കളെ സംരക്ഷിക്കുന്നു. ബഹിൎഗ്ഗമനം

ചെയ്യു ഒരു പവ്വണത്തിനു രണ്ടുമൂന്നു ദിവസങ്ങൾക്കകം ഇതിനു ശക്തിയുണ്ടാകും. പ്രായം കൂടിയാൽ പ്രവൃത്തിയുടെ ഗൌരവവും കൂടുന്നു. ഉദ്യോഗവൈവിധ്യം പ്രമാണിച്ചു അവരെ പല വൃന്ദങ്ങളാക്കി പരിഗണിക്കാം. സ്വഭവനങ്ങളെ ശത്രുബാധയിൽനിന്നു രക്ഷിക്കുന്ന യൌവ്വനയുക്തരായ യോദ്ധാക്കളാണു് ഒരു സംഘം; ആരോഗ്യശാസ്ത്രാനുസൃതം ഗൃഹങ്ങളിൽ വായുഗമനമുണ്ടാക്കുന്നവരാണു് മററൊരുകൂട്ടർ; ആഹാരസമ്പാദനാത്ഥം അദ്ധ്വാനിക്കുന്ന ഗണമാണു് മൂന്നാമത്തേതു്. അത്യുഷ്ണകാലത്തു പങ്ക വലിക്കുന്നവരും ഇല്ലാതില്ല. അവരുടെ ചിറകുകൾ അടിച്ചുണ്ടാകുന്ന അനിലപ്രവാഹത്തിൽ ഒരു മെഴുകുതിരിപോലും കെട്ടുപോകുമെന്നു പറയപ്പെടുന്നു.

ചില ഘട്ടങ്ങളിൽ, വിശിഷ്യ ഭവനനിമ്മാണകാലത്തു മററു ജാതി വേലക്കാരും പണിയെടുക്കുന്നുണ്ടു്. മക്ഷികാലയശില്പികളുടെ ഗൃഹനിമ്മാണസാമത്ഥ്യം വിസ്മാപകമാണു്. ആദ്യംതന്നെ ഭൂസ്വഭാവംനോക്കി പുരയിടം നിശ്ചയിക്കുവാൻ പാടവമുള്ളവർ സ്ഥാനം ഉറപ്പിക്കുന്നു. അനന്തരം വീടു തീക്കുകയായി. ഭവനങ്ങൾക്കു വേണ്ടുന്നതു ആകൃതിവിശേഷവും, ഭംഗിയും മററും വരുത്തുവാൻ ഇവക്കു് ഒരു പ്രയാസവുമില്ല. മനുഷ്യരുടെ വീടുകൾക്കുപോലും ഒരു ശില്പിക്കു് 'അബദ്ധം' പററാതെ കണക്കുണ്ടാക്കുക വിഷമം. ദൈവത്തിൻെറ സൃഷ്ടിവൈഭവവും, മനുഷ്യരുടെ ബുദ്ധിലഘുത്വവും തമ്മിലുള്ള അന്തരം അതിമാത്രം സ്പഷ്ടമാകുന്നതു് ഈ പരമാണുജീവിയുടെ ചരിത്രത്തിലാകുന്നു.

തേനീച്ചക്കൂട്ടിൽ ഒരു വിരൽ ചതുരത്തിനു 80-90 അറകളുണ്ടായിരിക്കും. ചിലതിൽ മധുരവും, ചിലതിൽ പരാഗവുമാണ് സംഭരിക്കപ്പെട്ടിരിക്കുന്നത്. ശിഷ്ടം അറകളിൽ മക്ഷികാസമുദായം നിവസിക്കുന്നു. മുട്ടയിടുന്നതിനും, കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനും, അമ്മറാണിക്കും, യുവറാണിമാൎക്കും പ്രത്യേകം അറക്കൂട്ടമുണ്ട്. അന്തഃപുരങ്ങൾ സാധാരണയായി സജ്ജീകരിക്കപ്പെടുന്നത് മക്ഷികാമണ്ഡലത്തിലെ സുഖപ്രദമായ അതിൎത്തിപ്രദേശങ്ങളിലാകുന്നു. ഉചിതരീത്യാ പണിചെയ്യപ്പെട്ട അന്തഃപുരങ്ങൾക്കു സാധാരണ ഭവനങ്ങളേക്കാൾ മൂന്നിരട്ടി വലുപ്പം കാണും.

കയ്യും കാലും ഉപയോഗിച്ചാലും ആയുധാപേക്ഷ കൂടാതെ മനുഷ്യൎക്കു ആലയനിൎമ്മാണം ദുസ്സാധം. പക്ഷേ, മക്ഷികകൾക്കു അക്ലിഷ്ടമായി അവയുടെ കൂടുകൾ തീൎക്കുന്നതിനുള്ള സാമഗ്രികൾ സ്വശരീരത്തിൽത്തന്നെയുണ്ട്. കല്ലും കുമ്മായവും സ്വഗാത്രത്തിൽതന്നെ സ്ഥിതിചെയ്യുന്നു. ഭിത്തിക്കും മററും ഉപയോഗിക്കപ്പെടേണ്ട മെഴുക് അവയുടെ ജഡത്തിൽതന്നെ പുടപാകം ചെയ്യപ്പെടുന്നു.

സരഘാനിവഹത്തിലെ പ്രവൃത്തിഘട്ടം പ്രകൃത്യാ വസന്തകാലമാകുന്നു. എറമ്പിനെപ്പോലെ ആഹാരപദാൎത്ഥങ്ങൾ ശേഖരിച്ചു ക്ഷാമകാലത്തേക്കു തൽസന്തതികൾക്കായി സൂക്ഷിക്കുന്ന സമ്പ്രദായം തേനീച്ചക്കുമുണ്ട്. ഉദ്യാനങ്ങളിലും മററുമുള്ള പുഷ്പങ്ങളിലും, വേറെ ചില സാധനങ്ങളിലും ചെന്നു്, അമൃതസമമായ തേൻ കവ

ന്നെടുത്തു അവ ഉണ്ണുന്നു. സുരവർഗ്ഗവും, സരഘാവർഗ്ഗവും സുധാപാനംകൊണ്ടേ തൃപ്തിയടയുന്നുള്ളു. ശേഷിച്ച മധുരവും പുഷ്പരേണുവും പാദസഞ്ചിയിലാക്കി അവർ പ്രത്യാഗമനം ചെയ്യുന്നു. സാധാരണമായി പൂമ്പൊടിയാണു ചെറുമക്ഷികകളുടെ ഭക്ഷ്യം. അല്പം തേനും സ്വല്പം പൂമ്പൊടിയും ചേർത്ത വിശേഷാഹാരമാകുന്നു അങ്കുരപ്രായമായ കീടത്തിൽ ധാത്രിമാർ നൽകുന്നതു്. അദ്ധ്വാനിച്ചു ശേഖരിച്ചിട്ടുള്ള മധുവിൽ മേദുരാംശവും, ഒരു അത്ഭുതപരിണാമത്തിനുശേഷം മെഴുകായി ബഹിർഗ്ഗമിക്കയാണു ചെയ്യുന്നതു്.

വസന്തകാലം കഴിഞ്ഞാൽ പർവ്വണരാജ്യത്തിൽ വിശ്രമകാലമായി. അപ്പോൾ രാജ്യത്തിലെങ്ങും നാട്ടുവാലായ്മപോലെ നിശ്ശബ്ദതതന്നെ. പരാഗാദിസംഭരണവും നാസ്തി. അമ്മറാണി മുട്ടയിടുന്നതുമില്ല. പക്ഷേ, ഏതാദൃശജീവിതദശയിൽ അവർ നിയമാനുവർത്തനത്തിൽ ദത്തശ്രദ്ധരാകുന്നു. ഈ രാജ്യത്തിലെ നിയമസംഹിത ഡ്രാക്കോവിൻെറ കോഡ്പോലെ രക്തലിഖിതമാകുന്നു. അശ്രദ്ധ അല്പകാലത്തേക്കു് ആരിലും ക്ഷന്തവ്യമാണു്. അടിത്തൂണുംപററി ജീവിക്കുന്ന അലസന്മാരും, സ്വല്പകാലത്തേക്കു ഒഴിച്ചുകൂടാത്തവരാകുന്നു. അതിനുള്ള കാരണം ഒരു മക്ഷികാമണ്ഡലത്തിൻെറ രാജ്ഞിക്കു് അന്യഗോത്രങ്ങൾക്കു അന്യഗോത്രജനായ ഭർത്താവുമാത്രം സ്വീകാര്യനായിരിക്കുന്നതിനാൽ പരസ്പരഗോത്രങ്ങൾക്കു ഭർത്തൃസ്ഥാനീയരാകുന്നതിനാണു്, മേൽപ്രസ്താവിച്ച ഉദാസീനർ ജീവിക്കുന്നതു്. തന്മൂലം പ്രവർത്തിക്കാർ സമുദായാ

ഭിവൃദ്ധി മാത്രം കാത്താണ് ഇക്കൂട്ടക്കു ഭക്ഷണപദാൎത്ഥങ്ങൾ ആൎജ്ജിച്ചുകൊടുക്കുന്നതു്.

പക്ഷേ, നിൎദ്ദിഷ്ടാവശ്യം നിവൎത്തിച്ചാൽ മട്ടൊന്നു മാറി. മടിയൻ മല ചുമക്കണം എന്നായി പിന്നത്തെ പ്രമാണം. ഇതനുസരിക്കാത്ത മടിയന്മാരെ തൊഴിലാളികൾ നിൎദ്ദാക്ഷിണ്യം വിപാടനം ചെയ്യുന്നു. ബഹിഷ്കരിക്കപ്പെട്ടവർ പ്രത്യാഗമിക്കുമെന്നു സംശയം തോന്നിയാൽ ശിക്ഷാകൎത്താക്കന്മാർ അവൎക്കു് അംഗവൈകല്യം വരുത്തുന്നു. അതുകൊണ്ടുമായില്ലെങ്കിൽ അവരെ മരണശിക്ഷതന്നെ വിധിക്കും.

മക്ഷികാരാജ്യചരിത്രത്തിലെ പ്രധാനഭാഗംതന്നെയാകുന്നു രാജവംശചരിത്രവും. പ്രജകളിൽനിന്നു രാജ്ഞിയെ തിരിച്ചറിയാൻ തിരുമേനിയുടെ ഭീമാകൃതിയും ധാവള്യവും ധാരാളം മതിയാകും. വിഷാണം കൈവശമുള്ളതിനാൽ രാജ്ഞി സദാപി ആയുധപാണിയായിട്ടാണ് നില്പു്. എന്നാൽ തന്റെ ദംശതന്ത്രം പ്രജകളുടെ നേൎക്കു ഒരിക്കലെങ്കിലും പ്രയോഗിച്ചതായി കേട്ടുകേൾവിപോലുമില്ല. ഭക്തിഹീനരായ ഭരണീയർ എതിൎത്താൽകൂടി പ്രജാക്ഷേമൈകതാനയായ തിരുമേനിയുടെ സ്വാൎത്ഥത്യാഗം മക്ഷികാരാജ്യമെങ്ങും പ്രസിദ്ധമാകുന്നു. അന്യശക്തികൾ ആക്രമിച്ചാൽ രാജ്ഞി തന്റെ വീൎയ്യവും, ശൌൎയ്യവും മുഴുവൻ പ്രയോഗിച്ചു പ്രതിനായികയോടു യുദ്ധംചെയ്യും.

അളിരാജ്യാധിപയുടെ ആയുഷ്കാലം രണ്ടോ, മൂന്നോ വത്സരത്തോളമേയുള്ളു. രാജ്ഞിയുടെ അഭാവത്തിൽ

പ്രജകളെല്ലാം നിരാശരായി, നിരുത്സാഹരായി, ധർമ്മഭ്രഷ്ടരായി ഭവിക്കുന്നു. മറ്റൊരു അമ്മറാണിയെ അവരോധിച്ചിരുത്താൻ സാദ്ധ്യമല്ലെങ്കിൽ സംഘാലോകം നാമാവശേഷമാകും.

അമ്മറാണിക്കു രണ്ടുതരം ശിശുക്കളെ ഉല്പാദിപ്പിപ്പാൻ കഴിയും. ഒന്നു വേലക്കാരും മറേറതു മടിയന്മാരും. എന്നാൽ രാജപദം അലങ്കരിക്കുന്നവരുടെ ഉൽപ്പത്തി എങ്ങിനെ? മക്ഷിക അളിരാജകുമാരികളുടെ ആവിർഭാവാവശ്യം ഒട്ടൊക്കെ മനസ്സിലാക്കിക്കഴിഞ്ഞിട്ടെന്നപോലെ അവക്കുള്ള അന്തഃപുരങ്ങൾ പ്രത്യേകം സജ്ജീകരിക്കുന്നു. സാകൂതമായ ഈ ചിഹ്നം അമ്മറാണിക്കും ദൃഷ്ടിഗോചരമാകുന്നു. അന്തഃപുരങ്ങളിൽ രാജബീജാംശങ്ങൾ നിക്ഷിപ്തമാകുന്നു. അണ്ഡങ്ങളഖിലവും ഏകജാതീഭൂതങ്ങളാകകൊണ്ടു്, നിജസ്ഥാനഭേദങ്ങൾകൊണ്ടാണു് രാജപ്രജാവ്യത്യാസങ്ങൾ വരുത്തുന്നതു്. അന്തഃപുരസ്ഥിതാണ്ഡങ്ങൾ ഇതരാണ്ഡങ്ങളിൽനിന്നു വ്യവച്ഛേദിച്ചു നിർദ്ധാരണം ചെയ്യാൻ അതിസൂക്ഷ്മയന്ത്രത്തിൻെറ സഹായത്താൽപോലും ഒരു ജീവിശാസ്ത്രജ്ഞനു് ആദ്യാപി സാധിച്ചിട്ടില്ല. അണ്ഡം മുതൽ അളിവരെയുള്ള പരിണാമങ്ങൾ രാജവംശത്തിനും, പ്രജാവംശത്തിനും ഉഭയസാധാരണങ്ങളാകുന്നു. പ്രത്യുത ശിശുസംരക്ഷണത്തിൽ ദ്വിവർഗ്ഗങ്ങളും വ്യതിയാനങ്ങളുമുണ്ടു്. അതിവിശേഷമായ അമൃതേത്താണു് ഈ കൊച്ചുതിരുമേനികൾക്കു നൽകപ്പെടുന്നതു്. ക്ഷീരസമമായ ഒരു സാധനവും, തേനും, പൂമ്പൊടിയും ചേർന്നുള്ള വിശിഷ്ടാഹാരമാണു് ഈ അമൃ

ത്തേത്തു്. തന്മൂലം ഭവിഷ്യൽഫലങ്ങഠം എത്രയോ വിഭിന്നങ്ങളായിരിക്കുന്നു. രാജകുടുംബജാതയായ മക്ഷികകുലം, ബലം, ആകൃതിവിശേഷം, അവയവചേഷ്ടകഠം ഇത്യാദിയിൽ അന്യരിൽനിന്നു് അതിമാത്രം വ്യതിരിക്തമായിരിക്കുന്നു. സ്റ്റാട്ടൻരാജാക്കന്മാക്കു രണ്ടിരട്ടി ഭക്ഷ്യം അനുവദിക്കപ്പെട്ടതു് വൃഥാ അല്ലല്ലോ.

രാജശിശു ദിനത്രയങ്ങഠംക്കകം ബീജത്തിൽനിന്നു കീടാകൃതിയിൽ ബഹിർഗ്ഗമനം ചെയ്യുന്നു. വീണ്ടും അന്തഃപുരത്തിലേക്കു അഞ്ചാറുദിവസങ്ങഠം കഴിഞ്ഞു മടങ്ങിപ്പോയാൽ അന്തഃപുരദ്വാരം മെഴുകുകൊണ്ടു മുദ്രവെക്കപ്പെടുന്നു. സപ്തദിനങ്ങഠംക്കുശേഷം രാജകുമാരി ഭവനഭേദനംചെയ്തു ബഹിർഗ്ഗമിച്ചു രംഗപ്രവേശം നടത്തുന്നു.

സാമാന്യമായിട്ടു ആംഗ്ലരാജ്യത്തുള്ളതുപോലെ പരമ്പരാഗതമായ ക്ലിപ്തക രാജാധിപത്യമാണു് അളിരാജ്യത്തിലും കാണപ്പെടുന്നതു്. പിൻതുടച്ചാവകാശവഴിക്കു അമ്മറാണിമാർ രാജ്യം ഭരിക്കുന്നു. തിരുമേനിയോടുള്ള ഭക്തിസ്നേഹബഹുമാനാദികഠം എത്രതന്നെ വർണ്ണിച്ചാലും അതിശയോക്തിയാകുന്നതല്ല. ക്ഷാമകാലത്തു പട്ടിണികിടന്നാലും അവർ തിരുമേനിക്കു് അമൃതേത്തു നൽകുന്നു. സ്വയംഭരണഘടകങ്ങളായ പൌരയോഗവും ഭരണതന്ത്രത്തിൽ അപ്രധാനമല്ല. തൊഴിലാളികഠക്കാണു് ക്രമേണ പ്രാബല്യം. രാജ്ഞിക്കു രക്ഷാഭോഗങ്ങഠം, ഉദാസീനക്കു ഭക്ഷണം ഇത്യാദി പല പല കാര്യങ്ങഠം നടത്തി അവർ ഭരണയന്ത്രം നിയന്ത്രിക്കുന്നു. ജീവിതകൃത്യങ്ങഠം പല പദ്ധതികളായി വിഭജിച്ചു്, ഓരോ

രുത്തനും വയഃക്രമം, ശക്തി, വാസന ഇത്യാദികഠം അനുസരിച്ച് ഉദ്യോഗങ്ങഠം നിശ്ചയിക്കുന്നു. ഇവയ്ക്കു മനുഷ്യപ്രസ്ഥാനങ്ങളോട് എത്ര സാമ്യമാണുള്ളതെന്നു നോക്കുക.

സരഘാകുമാരികളുടെ രംഗപ്രവേശം വിപ്ലവജനകമാകുന്നു. ജനപ്പെരുപ്പം, രാഷ്ട്രീയസന്തുഷ്ടി ഏകാധിപത്യവ്രതാനുഷ്ഠാനം ഇത്യാദി പരിതഃസ്ഥിതികഠം പരിവത്തനത്തിനു ഹേതുഭൂതകങ്ങളാണ്. അമ്മരാജ്ഞിക്കു ഭാവിരാജ്ഞികളുടെ അധികാരഭ്രമം ഒട്ടും ഇഷ്ടമല്ല. ഏതന്മൂലം കൊച്ചുറാണിമാരെ കൊന്നൊടുക്കുവാൻ അമ്മറാണി ഉദ്യുക്തയാകുന്നു; അതിനെ നിരോധിക്കുവാൻ ഒരു കൂട്ടർ ഉദ്യമിക്കുന്നു; നിരോധം രോധമായി പരിണമിക്കുന്നു. എന്തിനേറെ? എല്ലാംകൂടെ ഒരു ബഹളം, അല്പവിപ്ലവംതന്നെ. ചിലർ ഇതികത്തവ്യതാമൂഢരായി അങ്ങുമിങ്ങും പായുന്നു. പ്രതിദ്വന്ദ്വിയെ നിരോധിച്ചതിൽ പിന്നെ പരാജിതയായ അമ്മറാണി ഇഷ്ടപ്രജാസമേതം പറന്നു പൊങ്ങി ദേശഭ്രമണംചെയ്തു്, മറെറാരു മക്ഷികാമണ്ഡലം ഉൽഘാടനം ചെയ്യുകയായി. ഏവംവിധങ്ങളായ ഉപവേശഖണ്ഡമണ്ഡലങ്ങഠം, മഹിഷാസുരയുദ്ധത്തിലെ അസുരശിരസ്സുകളെപ്പോലെ അഞ്ചും, ആറും ദിവസങ്ങഠം കഴിയുമ്പോഠം പിന്നെയും ആവിർഭവിക്കുന്നു. ചിലപ്പോഠം രണ്ടു റാണിമാർ ഉണ്ടായെന്നു വരാം. വീണ്ടും ഒരു വാട്ടർലൂയുദ്ധം കൂടാതെ കഴിയുകയില്ല. അപ്പോഠം കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്നാണ് നിയമം. ജൈത്രിയെ സർവ്വരും ഹൃദയാഹ്ലാദത്തോടെ ജാതീയഗാനം പാടി സ്വീകരിക്കുന്നു.

1. തേനീച്ചയുടെ കൂട്ട്, ശിശുപരിപാലനം എന്നിവയെ വിവരിച്ച് ഓരോ ഖണ്ഡികയെഴുതുക.

2. (1) ഒരു മക്ഷികാമണ്ഡലത്തിൽ ഏതെല്ലാംതരം തേനീച്ചകൾ ഉണ്ടായിരിക്കും? (2) സ്പാർട്ടൻ രാജാക്കന്മാരെപ്പററി എന്തറിയാം? (3) രാജപദം അലങ്കരിക്കുന്നവയുടെ ഉൽപത്തിജീവിതങ്ങൾ എങ്ങിനെ? (4) പണിമുടക്കം എന്നതു് എന്തിനെയാണ് കുറിക്കുന്നതു്?

3. സാകൂതം, വിപ്ലവം, ബഹിഷ്കരണം, സ്ഥിരലാവണം, നാട്ടുവാലായ്മ, ഭരണീയർ ഇവയുടെ അർത്ഥം വിവരിക്കുകയും, ഓരോന്നുമുപയോഗിച്ച് ഈരണ്ടു വാക്യങ്ങളെഴുതുകയും ചെയ്യുക.

4. ഏതെല്ലാംതരം രാജ്യഭരണക്രമം ലോകത്തിലുണ്ടു്? ഏതാണ് ശ്രേഷ്ഠതരം? വിവരിക്കുക.

ഒരേപദം ആവത്തിക്കേണ്ടതായി വന്നപ്പോൾ പയ്യായപദങ്ങൾ ഉപയോഗിച്ച് വൈചിത്ര്യം വരുത്തിയിട്ടുള്ളതായി ഈ പാഠത്തിൽ കാണുന്നുണ്ടല്ലോ. അതു വിദ്യാത്ഥികൾ ഓത്തിരിക്കേണ്ട ഒരു പ്രധാന സംഗതിയാണ്. ആവത്തനം കൂടാതെ കഴിപ്പാൻ പയ്യായപദങ്ങൾക്കു പുറമെ, സവ്വനാമവും, സാമാന്യനാമം സവ്വനാമംപോലെയാക്കിയും ഉപയോഗിക്കണം. ഏതും അടുത്തടുത്തു് അധികം ഉപയോഗിച്ചുപോകരുതു്. ചിലർ പയ്യായപദങ്ങളുടെ കൂട്ടത്തിൽ അസാധാരണപദങ്ങളെ കുത്തിത്തിരുകാറുണ്ടു്. അതും അത്ര നന്നല്ല.

# 24. ഇരുട്ടിലെ വെളിച്ചം.

ശാരദസുധാകരനുദിച്ചുപൊങ്ങാറായി
ക്കൂരിരുൾനീങ്ങാറായോരിരവിൻതുടക്കത്തിൽ,
കാളിഘട്ടത്തിലൊരു കാമിനിമനോജ്ഞമാം
മാളികയ്ക്കുമേലുൽക്കണ്ഠിതയായിരിക്കുന്നു.
അന്നുമഗ്ഗാനമുണ്ടു കേൾക്കുന്നുസുഖസ്വപ്ന-
സുന്ദരംനിശാമുഖമോരോരോ ക്ഷണത്തിലും
മന്ദിരാരാമങ്ങളിലഗ്ഗാനംചുമന്നെത്തും
മന്ദമാരുതനെന്തോ മന്ത്രിച്ചുനടക്കുന്നു.
തെരുവുനിശ്ശബ്ദമായ് തൃഷ്ണയിൽവിവേകംപോ-
ലിരുളിൽ ചെറുദീപമങ്ങിങ്ങുവിളങ്ങുന്നു
ആസന്നദേവാലയത്തിങ്കൽനിന്നൊരുധർമ്മ-
ശാസനംപോലേ ഘണ്ടാനിനദംമുഴങ്ങുന്നു
പാരിലെക്കഥയെന്തോ കാണുവാൻനഭസ്സുണ്ടു
താരനേത്രങ്ങളെല്ലാം തുറന്നുവിലസുന്നു.
രക്തനുംവിരക്തനും ഭിന്നമാംവികാരങ്ങ
ളുൽക്കടമാക്കിത്തീർക്കുവോന്നത്രേ ഗീതാമൃതം
പതിവായന്നേരത്തു കേൾക്കുമഗ്ഗീതത്തിങ്കൽ
പതിയുംമനസ്സോടുമുൽക്കണ്ഠാവിവശയായ്
മേടമേലിരുന്നീടും ദൈവവഞ്ചിതയായ
പേടമാൻമിഴിയവളാശയെ ഫലിപ്പിപ്പാൻ

ഇനിയും വൈകിപ്പതിനാളല്ലെന്നൊരുമ്പെട്ടു-
തനിയേപുറപ്പെട്ടാളസ്സുധാനിധിനോക്കി
പുരുഷാകൃതിപൂണ്ട ശാന്തമാംരസംപോലെ
മരുവുമൊരുയുവഭിക്ഷുവിൻ വസതിയിൽ
എത്തിനാനവളുടനാശങ്കാഭയാദികൾ
തത്തിനകരളോടുമൊട്ടിട നിന്നീടിനാൾ
തുറന്നാൾ കവാടത്തെ, ബ് ഭിക്ഷുവിൻവേഷംപൂണ്ടു
പിറന്നനാദബ്രഹ്മമന്നേരം കാണായ്വന്നു !
മുന്നറിയിപ്പുനൽകും പൂമണമണിക്കാററിൻ
പിന്നാലേപൂവേണിയുമവിടെ പ്രവേശിച്ചു്—
അമ്മേഞാൻ വണങ്ങുന്നേനേതൊരുഭവദാജ്ഞ-
നിന്മകൻനിർവ്വഹിച്ചു നിർവൃതിനേടീടേണ്ടു ?
ഉത്ഥിതനായഭിക്ഷു മതിമാൻകാലോചിതം
കൃത്യമോർത്തുടനേവം ചൊല്ലിനാൻ വിനീതനായ്.
അമ്മന്ത്രംഫലിച്ചുപോയ് കാമബാധകളൊഴി-
ഞ്ഞമ്മതൻമനോഭാവം പൂണ്ടവൾമടങ്ങിനാൾ !
നിഭൃതംചന്ദ്രബിംബമന്നേരം പാരിൻനേക്കു
നഭസ്സിൻനമസ്കാര മുദ്രപോൽപ്രകാശിച്ചു.
അന്നവഭിക്ഷുവിന്നുതെററിയാൽ "നരേന്ദ്രനെ"
യെന്നിയേ "വിവേകാനന്ദനെ" നാംകണ്ടീടുമോ ?

1. ഈ പാഠത്തിലടങ്ങിയിരിക്കുന്ന കഥയെ, ഇടയ്ക്കിടെ മനോഹരമായ പ്രകൃതിവർണ്ണനകളോടുകൂടെ സരസമാക്കിയെഴുതുക.

2. താഴെ കാണുന്നവയും പാഠത്തിലുള്ള വിശേഷണങ്ങളെ തന്നെ സ്വന്തവാചകങ്ങളിലാക്കി ചേക്കുക:— മന്ദമാരുതൻ, പേടമാൻമിഴിയവൾ, യുവഭിക്ഷു, കരൾ.

3. സംഗീതമാഹാത്മ്യത്തെ വിവരിച്ചു് ഏതാനും ഖണ്ഡികകരം എഴുതുക.

4 "ശാരദസുധാകര''നെന്നു തുടങ്ങി "ഉറന്നു വിലസുന്നു'' എന്നതുവരെയുള്ള വരികളുടെ അൎത്ഥസാരസ്യങ്ങളെ വിശദമാക്കുക.

5. കീഴ്വരയിട്ടിട്ടുള്ള ഭാഗത്തു്, അതേ അൎത്ഥത്തെ കുറിക്കുന്ന ഓരോ വാക്കു മാത്രം ഉപയോഗിക്കുക:—

രാമൻ തെററു ചെയ്തുവെന്നു ഏററു പറഞ്ഞു. വണ്ടി തെളിക്കുന്ന മനുഷ്യനെ വിളിക്കുവാൻ കല്പനയായി.

ത്യാഗവും ഭൂതദയയും മനുഷ്യാകൃതിയെടുത്തതുപോലെയിരിക്കുന്ന ആ മഹാനുഭാവൻ.

PRINTED AT THE DECCAN PRINTING HOUSE, CALICUT.